# അമൃതപുളിനം



വില
1 രൂ. 1 ണ.

ശ്രീകൃഷ്ണവിലാസം [illegible]ശാല
മലയിൻ കീഴ്

K. S. Kylas
Form IV B.
Model School

7531
F2030

ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല
മലയിൻകീഴ്.

# അമൃതപുളിനം

ഭാരതീയചരിത്രാഖ്യായിക

പള്ളത്ത്

പ്രകാശകന്മാർ,

ശ്രീരാമവിലാസം പ്രസിദ്ധീകരണശാല,

കൊല്ലം.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

5-ാം പതിപ്പ് കാപ്പി 30,000.

1125.

# അവതാരിക.

പാലക്കാട്ട് ഗവമ്മെൻറ് വിക്ടോറിയാകോളേജിലെ സീനിയർ മലയാളം ലക്ചററായ പള്ളത്തു രാമൻ അവകൾ നിമ്മിച്ച "അമൃതപുളിനം" എന്ന ആഖ്യായിക ഞാൻ ശ്രദ്ധയോടെ വായിച്ചു. രാമനവർകൾ സാഹിത്യവിഷയത്തിൽ പ്രസിദ്ധി സമ്പാദിച്ച ഒരാളാണ്.

'അമൃതപുളിന'ത്തിലെ നായകനായ അജയസിംഹനും നായികയായ ഹിരണ്മയിയും മാതൃകാസൃഷ്ടികളാണു്. രജപുത്രരുടെ പ്രസിദ്ധമായ ധൈയ്യം, സ്ഥിരത, സ്വദേശസ്നേഹം മുതലായ മഹത്ഗുണങ്ങൾ ഈ നായികാനായകന്മാരിൽ ധാരാളമായി ശോഭിക്കുന്നുണ്ട്. മുഗൾ ചക്രവത്തിയായ അക്ബരുടെ മഹാമനസ്കതയും, ഭരണനയവും ഈ ഗ്രന്ഥത്തിൽ വിശദമായി കാണാവുന്നതാണ്. ഉന്മാദിനി, ചാന്ദസുൽത്താന, ഗിരിറാണി മുതലായ അപ്രധാന കഥാപാത്രങ്ങളുടെ സൃഷ്ടിയും നന്നായിരിക്കുന്നു. ഗിരികൾ, നദികൾ മുതലായ സ്വാഭാവികവസ്തുക്കളെ വണ്ണിക്കുന്നതിൽ ഈ ഗ്രന്ഥകത്താവിന് ഒരു വിശേഷവിധി സാമത്ഥ്യം കാണുന്നുണ്ട്.

ഈ പുസ്തകത്തിലെ വാചകങ്ങളുടെ ഒഴുക്കും, പദങ്ങളുടെ ഭംഗിയും ആകപ്പാടെ ഭാഷയുടെ ഗുണവും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഗ്രന്ഥത്തിൽ ഭാഷാശുദ്ധിയും, വാചകഗുണവും ഉണ്ടാക്കിത്തീപ്പാൻ ഗ്രന്ഥകത്താവു് പ്രത്യേകം മനസ്സിരുത്തിയതായി കാണുന്നുണ്ട്. ഈ പുസ്തകത്തെ സ്കൂളുകളിലോ കോളേജുകളിലോ ഒരു പാഠ്യപുസ്തകമായി എടുക്കേണ്ടതു് ആവശ്യമാണെന്നു് എനിക്കു തോന്നുന്നു.

*Palghat,*
*24-11-1923.*

എം. കൃഷ്ണൻനായർ (ഒപ്പു്)

Hon'ble Sir M. Krishnan Nair.

# അമൃതപുളിനം.

## ഉപക്രമം

7531
F2030

മുന്നൂറുവൎഷം മുമ്പു് ഗ്രീഷ്മകാലത്തു് ഒരു ദിവസം ആദിത്യൻ അരാവലിപൎവ്വതത്തിന്റെ പാൎശ്വത്തിൽ ക്രമേണ അന്തൎദ്ധാനം ചെയ്തുതുടങ്ങുന്നു. മലയുടെ അടിവാരത്തിൽകൂടി നിൎമ്മലജലത്താലും ചെറുതിരമാലകളാലും മനോഹരമായ 'വേത്രവതീ'നദി ശാന്തമൃദുലശബ്ദത്തിൽ കളിച്ചുപുളച്ചൊഴുകുന്നുണ്ടു്. അപ്പോഴത്തെ ആ ചെങ്കനൽപ്രഭ തട്ടി, വീരമാതാവായ രാജപുത്താനയുടെ ഗൌരവരക്ഷകനെപ്പോലെ നില്ക്കുന്ന അരാവലി, ഉടലാസകലം തങ്കത്തകിടുപരത്തിയാലുള്ള തെളുതെളുപ്പോടുകൂടി ആ ആററിലെ അലകളിൽ കാൽകഴുകിക്കൊണ്ടിരുന്നു.

ആ സമയം എട്ടുവയസ്സു പ്രായമുള്ള ഒരു ബാലിക പത്തുവയസ്സായ ഒരു ബാലന്റെ തോളിൽ കൈവെച്ചു്, മൗനമായി നിന്നു്, വാടിയ വദനത്തോടുകൂടി നാലുപാടും ഉത്സുകനയനങ്ങളോടിച്ചുകൊണ്ടിരുന്നു. അല്പം കഴിഞ്ഞു് ആ കുമാരൻ "ഹിരണേ! നീ എന്റെ നേരേ കോപിച്ചിരിക്കയാണെന്നു തോന്നുന്നു" എന്നു പറഞ്ഞു.

ആ കോമളകുമാരിയുടെ കവിൾത്തടം തുടുത്തു. കോപകാലുഷ്യത്തോടുകൂടി കണ്ണീർ പൊടിഞ്ഞു് അവന്റെ മുഖത്തു ബദ്ധദൃഷ്ടിയായി നിന്നു്, "നീ എന്റെ മയിലിനെപ്പറപ്പിച്ചുകളഞ്ഞതെന്തിനു്?" എന്നു ചോദിച്ചു.

അവൻ: നിനക്കതിലും അഴകുള്ള മയിലിനെ ഞാൻ കൊണ്ടുവന്നുതരാം.

അവൾ: വേറെയൊന്നിനെ എനിക്കു വേണ്ട; എന്താ എന്റെ മയിലിനെ ഓടിച്ചുകളയുവാൻ?

അവൻ: നിന്റെ മയിലിനേക്കാൾ വളരെ ഭംഗിയുള്ള ഒന്നിനെത്തന്നാലോ?

അവൾ: ഞാൻ അതിനെ വിട്ടുകളയും. എന്റെ മയിലിനെ തന്നെ എനിക്കു കിട്ടിയേ കഴിയൂ.

അവൻ: നിന്റെ മയിലിനെത്തന്നെ തരികയാണെങ്കിലോ?

അവൾ: എവിടെ? തരൂ!

അവൻ മലയുടെ അരികിലേയ്ക്കു ചൂണ്ടിക്കാണിച്ചു് 'അതാ നോക്കൂ!' എന്നു പറഞ്ഞു.

അവളങ്ങോട്ടു നോക്കി. അതേ, അവളുടെ മയിൽതന്നെ ദൂരെ സാനുപ്രദേശത്തിൽ അവളെ നോക്കി കേകാരവം പുറപ്പെടുവിച്ചു പീലിയെല്ലാം വിടർത്തി ആടിക്കൊണ്ടിരുന്നു. ആ കുമാരീകുമാരന്മാർ കൈകോർത്തുപിടിച്ചു് ആററിലെ അലകളിൽ നീന്തിപ്പോകുന്ന കമലയുഗളംപോലെയും ഇളങ്കാററിൽ പറന്നുപോകുന്ന പാരാവതങ്ങളെപ്പോലെയും മയിലിനെപ്പിടിച്ചുകൊണ്ടുവരുവാൻ പാഞ്ഞു പോയി. അടുത്തുചെല്ലുംമുമ്പു് ആ മയൂരം അവിടുന്നു പറന്നു കുന്നിലെങ്ങോ പോയി ഒളിച്ചു. ഹിരണ പ്രേമാർദ്രയായി ആ പക്ഷിയെ പലപ്രാവശ്യവും പേരെടുത്തു വിളിച്ചു; അതു് വന്നതേയില്ല. അവൾ അശ്രുകലുഷിതയായി അവനെ നോക്കി, "അജയ! എന്റെ മയിൽ എന്റെ അരികെ വരുന്നതായി കാണുന്നില്ലല്ലോ?" എന്നു കുണ്ഠിതം ഭാവിച്ചു.

അജയൻ അവളുടെ ഗണ്ഡമണ്ഡലത്തിൽ ഗളിച്ചുകൊണ്ടിരുന്ന കണ്ണീർത്തുള്ളികൾ കൈകൊണ്ടു തുടച്ചു്, "കരയേണ്ട ഹിരണേ! ഞാൻ എന്തു ചെയ്തിട്ടെങ്കിലും നിന്റെ മയിലിനെ പിടിച്ചുകൊണ്ടുവന്നു തരാം. അതു് ഈ കുന്നിന്റെ കൊടുമുടിയിൽ പറന്നിരുന്നാലും, ഞാൻ കയറിപ്പോയി പിടിച്ചുകൊണ്ടു വരും. അവിടെനിന്നു് അതു പുഴയിലേയ്ക്കു പോയാലുംകൂടി ഞാൻ ചാടിപ്പിടിക്കും; എനിക്കു നീന്താനറിയാം. നീ അല്പം ക്ഷമിക്കൂ! ഞാൻ പോയി ഇതാ കൊണ്ടുവരുന്നു" എന്നു ധൈര്യപ്പെടുത്തി.

ഹിരണ അജയന്റെ കൈപിടിച്ചു് കുന്നിന്റെയും പുഴയുടേയും അരികിലേക്കു നോക്കി. ആ പർവ്വതത്തിന്റെ മുടിപ്പരപ്പിലും നദിയുടെ വക്ഷസ്സിലും ഒരു നേരിയ ഇരുട്ടു പടർന്നുപിടിക്കുവാൻ തുടങ്ങി. ആ മൃദുലാന്ധകാരത്തിൽ തരംഗാവലികൾ ഭയങ്കരങ്ങളായി കാണപ്പെട്ടു. അജയൻ ഇരുട്ടത്തു വഴിതെററി വല്ല കുണ്ടിലോ കുന്നിലോ മറിഞ്ഞുവീണുപോയേയ്ക്കാമെന്നു ഭയ

പ്പെട്ടു് ഫിരണ "വേണ്ട, വേണ്ട, അജയ! മയിലിനെപ്പിടിപ്പാൻ പോകേണ്ട" എന്നു കരഞ്ഞു പറഞ്ഞു.

അജയൻ: ഫിരണേ, പേടിക്കേണ്ട. ഞാൻ നിന്റെ മയിലിനെപ്പിടിച്ചുകൊണ്ടുവന്നേ ഇരിക്കൂ.

ഫിരണ: (കരഞ്ഞു്) നീ കുന്നിൽ പോയി മടങ്ങിവരാതിരുന്നാലോ? ഇരുട്ടത്തു വഴി തെററിപ്പോയാലോ! ഈ പുഴയിൽ വീണു മുങ്ങിപ്പോയെങ്കിലോ! എനിക്കു പേടിയാകുന്നു. പ്രിയം ഉണ്ടെങ്കിൽ എന്നെ വിട്ടുപോവരുതേ.

അജയൻ: (ചിരിച്ചു്) എന്നാൽ നാളെപ്പകൽ വന്നു നമുക്കു മയിലിനെത്തിരയാം. അല്ലേ?

ഫിരണ: ഇനി കുറച്ചുകൂടെ ഇവിടെ ഇരുന്നു നോക്കാം. ഇരുട്ടത്തു മയിൽ പേടിച്ചു വരാനുംമതി. വരുന്നുണ്ടെന്നു തോന്നുന്നു. നോക്കൂ എന്നു് ഉൽക്കണ്ഠ പ്രദർശിപ്പിച്ചു.

നദീതീരത്തിൽ ഒരു അനക്കവും അടുത്തടുത്തു വരുന്ന ഒരു ശബ്ദവും കേൾക്കാറായി. മയിൽ മടങ്ങി വരുന്നുണ്ടെന്നു കരുതി ഫിരണ ആനന്ദലഹരിയിൽ ലയിച്ചു് "അജയ! നോക്കൂ നോക്കൂ!" എന്നു് ആശാപൂൎവ്വം പറഞ്ഞു.

ഒരു ഭ്രാന്തത്തി കൈകൊട്ടി പാട്ടുപാടി കുട്ടികളുടെ സമീപത്തു വന്നുനിന്നു. അവൾ ഒരു നാറികീറിയ മുണ്ടുടുത്തു മുഖത്തു വെണ്ണീറു വാരിത്തേച്ചിരുന്നെങ്കിലും, ആ മങ്ങിയ വെളിച്ചത്തിൽ, അവളുടെ നീണ്ടുനിവൎന്ന ശരീരത്തിൽ പൂൎണ്ണതാരുണ്യവും ലാവണ്യവും ഒഴുകിക്കൊണ്ടിരിക്കുന്നതായി തോന്നി; ഉജ്ജ്വലങ്ങളായ നയനസരോജങ്ങളിൽ ഒരു രാജതേജസ്സു കളയാടുന്നുണ്ടായിരുന്നു. ധൂളിപുരണ്ടു ചിന്നിച്ചിതറിക്കിടന്നിരുന്നാലും നീണ്ടു ചുരുണ്ടു നിബിരീസമായിരുന്നു അവളുടെ കുന്തളഭാരം. ആകപ്പാടെ ആ ആകൃതി മങ്ങിമയങ്ങിയ സൌന്ദൎയ്യധോരണിയേയും തേഞ്ഞുമാഞ്ഞ ഗൌരവത്തേയും സൂചിപ്പിക്കുന്ന ഒന്നാണെന്നു പ്രഥമവീക്ഷണത്തിൽത്തന്നെ ആൎക്കും ഊഹിക്കാം.

അവൾ രണ്ടു കുട്ടികളേയും മിഴിച്ചുനോക്കി കൈകൊട്ടിപ്പൊട്ടിച്ചിരിച്ചു്; "ഹാ, ഹാ, നിന്നെ മനസ്സിലായി. നീ ആ പിശാചിന്റെ വയററിൽ പൊട്ടിമുളച്ചവളല്ലേ? നിന്റെ കണ്ണും കലാശവും മുടിയും കണ്ടാലെനിക്കറിഞ്ഞുകൂടെ? എന്താ മിണ്ടാതെ കുററിവാഴപോലെ നിന്നു നോക്കുന്നതു്? ആ രാക്ഷസി

ബാഹ്യസുന്ദരിയാണെന്നു നാട്ടുകാരൊക്കെ വാഴ്ത്തി. 'താരാബായി, താരാബായി' എന്നിങ്ങനെ ഒരു പേരും പ്രസിദ്ധമായിത്തീൎന്നു" എന്നു ഹസിച്ചു.

പേടിച്ച പേടമാൻപോലെ ആ പെൺകുട്ടി ഭ്രാന്തത്തിയുടെ വാക്കും നോക്കും നിമിത്തം വല്ലാതെ പരിഭ്രമിച്ചുവശായി. അജയൻ രണ്ടടി മുന്നോട്ടുവെച്ചു വലംകൈ ചുരുട്ടി ഉയൎത്തിപ്പിടിച്ച് "നീയാരാണ്? എന്താ എന്റെ ഹിരണ്മയെശ്ശകാരിക്കാൻ? വേണ്ട, നിന്റെ കുറുമ്പു നിൎത്തിക്കോ. അല്ലെങ്കിൽ ഒരൊററ ഇടിക്കു നിന്റെ തല തവിട്ടുപൊടിയാവും" എന്നു വീരാഹങ്കാരം വെളിപ്പെടുത്തി.

ഉന്മാദിനി വികലസ്വരത്തിൽ ഉറക്കെച്ചിരിച്ച്, "ബലേ! നീ എന്താ പറഞ്ഞതു കുട്ടി! നിന്റെ ഹിരണ്മയോ? നിനക്ക് ഈ ദുൎബ്ബുദ്ധി തോന്നിയതെന്തേ? നിന്റെ തന്തയുടെ 'കമല മീരാ' ദുൎഗ്ഗത്തേയും, ആ രാക്ഷസി താരാബായിയേയും അവളുടെ വയററിൽ പൊട്ടിമുളച്ച ഈ പെൺകുട്ടിയേയും ഭ്രാന്തത്തിയായ എന്റെ കൈയിൽനിന്നു രക്ഷിക്കുവാൻ വിചാരിക്കുന്നുണ്ടോ? ഞാൻ പറയുന്നതു മനസ്സുവെച്ചു കേൾക്കുക. നീ ഇന്നുമുതൽക്ക് ഈ രാക്ഷസിക്കുട്ടിയുടെ കൂട്ടുകെട്ടു വിടുക. അല്ലെങ്കിൽ നീ അവളൊന്നിച്ചു ചാവും; ഈ കറുത്തിരുണ്ട ജലഗൎത്തിൽവീണു മുങ്ങിപ്പോകും. സൂക്ഷിച്ചിരുന്നോ! അവളുമായുള്ള ബന്ധം വേണ്ടെന്നുവെക്കുക." എന്നുപറഞ്ഞു്, ഉന്മാദിനി കൈകൊട്ടിപ്പാടി കുന്നിന്റെ അരികിലേക്കു പോയി.

കുട്ടികൾ അവിടെത്തന്നെ ഇരുന്നു. രാത്രിയുടെ മുഖം കരിതേച്ചപോലെ, കറുത്തുതുടങ്ങിയിട്ടും മയിൽ വരാതിരുന്നതുകൊണ്ടു് അജയൻ പിറേറദിവസം ചെന്നു് അന്വേഷിക്കാമെന്നു പറഞ്ഞു പുറപ്പെടാൻതുടങ്ങി.

ഹിരണ — അജയ! ഞാൻ വരുന്നില്ല. നിന്റെ കൂടെ ഞാൻ വരില്ല. വന്നാൽ, ആ ഭ്രാന്തത്തി എന്താ പറഞ്ഞതു മനസ്സിലായോ?

അജയൻ — ഭ്രാന്തത്തികൾ പറഞ്ഞാൽ ആരെങ്കിലും ഭയപ്പെടാറുണ്ടോ? അവളോടിപ്പോയല്ലോ. അല്ലെങ്കിൽ ഞാൻ നിശ്ചയമായിട്ടും ഈ പുഴയിൽ അവളെപ്പിടിച്ചു താഴ്ത്തിയിരുന്നേനെ. അപ്പോൾ കാണായിരുന്നു കളി!

---

# ഒന്നാം ഭാഗം.

## ഒന്നാം അദ്ധ്യായം.

### മൃഗയാരംഗം.

ക്രിസ്താബ്ദം പതിനാറാം നൂററാണ്ടും ആര്യന്മാരുടെ ഗൌരവവും ഒന്നിച്ചു കാലകല്ലോലത്തിൽ ലയിച്ചുകഴിഞ്ഞു. അക്ബരാണു ഭാരതസിംഹാസനം അലങ്കരിച്ചിരുന്നതു്. രാജസ്ഥാനരവിയായ റാണാ പ്രതാപസിംഹൻ അസ്തമിതപ്രായനായിരിക്കുന്നു. ഭാരതവർഷത്തിന്റെ അവശ്യംഭാവിയായ ഭാഗ്യക്ഷയകാലത്തിന്നു് അനുരൂപമായി "മന്ത്രംകൊണ്ടീഷൽ തളർന്നുനിന്നീടുമാപ്പന്നഗവീരൻതൻ കോപംപോലെ" വീര്യവും ശൌര്യവും മങ്ങിമയങ്ങിപ്പോയ രജപുത്രപ്രജകളോടുകൂടി പ്രതാപസിംഹൻ മൊഗളരോടെതിർത്തുപോരാടി ഫലോദയമുണ്ടാകാതെ നിരാശനായിരിക്കയാണു്. വീരന്മാരുടെ വിഹാരരംഗമായ രാജസ്ഥാനം കാലദണ്ഡത്തിന്റെ കരാളമായ പ്രഹാരമേററു നിണംവററി നിർജ്ജീവമായി കിടക്കുന്നു. അരാവലിപർവ്വതം മഹാരഥന്മാരുടെ പദഭരത്താൽ കമ്പിതപ്രായമാകാറുള്ളതു നിന്നു; അർദ്ധരാത്രി ചമ്പലനദിയുടെ ചെറുതിരമാലകളിൽ ഉറയൂരിയ ഉടവാളുകളുടെ ഝംഝനദ്ധ്വനി മാററൊലിക്കൊള്ളുന്നതും കേൾക്കാതായി. മൊഗളരുടെ മോഹനമന്ത്രംകൊണ്ടു് എല്ലാം സ്തബ്ധമായിത്തീർന്നു.

അങ്ങനെയിരിക്കെ, ഇന്നു് എന്താണു് ഉദയപുരത്തു് ഇത്ര ആനന്ദകോലാഹലം? രാജധാനി പൂമാലകൾകൊണ്ടു് അലങ്കരിച്ചിരിക്കുന്നതെന്തിനു്? ഇന്നു വിജയദശമിയാണു്. പ്രതാപസിംഹനുമായി സന്ധിയായശേഷം അക്ബർ ഉദയപുരത്തേക്കുവരുന്നുണ്ടു്. ചക്രവർത്തിയെ എതിരേററു പ്രീതിപ്പെടുത്തുവാനാണു് രാജപുത്രരാജധാനിയിൽ ഇത്ര തിക്കും തിരക്കും. കുറച്ചുകാലംമുമ്പു മിവാരരാജ്യലക്ഷ്മി അലാവുദീന്റെ ക്രൂരകര

ത്തിൽനിന്നു തെററിപ്പോന്ന അവസരത്തിൽ ഇങ്ങനെയുള്ള മഹോത്സവങ്ങൾ നടത്തി വിജയഭേരി മുഴക്കിയതു കേട്ടിട്ടുണ്ട്; ചിതോർരാജധാനി ഇപ്രകാരം പൂമാലകളാൽ പരിശോഭിതമായിരുന്നതും കണ്ടിട്ടുണ്ട്. ഹിന്ദുകുലാലങ്കാരമായ ബപ്പാരായർ മീവാരസിംഹാസനം ആരോഹണം ചെയ്തദിവസം ചിതോരദുർഗ്ഗത്തിൻെറ ഉന്നതശിഖരങ്ങളിൽ പഞ്ചവർണ്ണപതാകകൾ ഇങ്ങനെ പാറിക്കൊണ്ടിരുന്നു. ഇന്നു രജപുത്രരെ സന്തോഷപ്പെടുത്തുവാൻ വേണ്ടി ലഹരിപദാർത്ഥങ്ങൾ സംഖ്യയില്ലാതോളം സംഭരിക്കപ്പെട്ടിട്ടുണ്ട്. ഹേ! രജപുത്രവീരരേ! അവയേ വയറുനിറയോളം ചെലുത്തി വികൃതമായ തലച്ചോറിൽ അല്പാക്രടി അവശേഷിച്ചു വിവേകശക്തിയെ നശിപ്പിക്കുവിൻ! അല്ലെങ്കിൽ ഈ മൊഗൾ ചക്രവർത്തിയുടെ പാദമൂലത്തിൽ തല താഴ്ത്തുവാൻ നിങ്ങൾക്കെങ്ങനെ കരളുറപ്പുവരും? അതാ മൊഗൾസേനയുടെ ആർപ്പും വിളിയും കേൾക്കുന്നു!

അന്നു വൈകുന്നേരം ഉദയപുരത്തിൻെറ പടിഞ്ഞാറു പരന്നു കിടക്കുന്ന വനപ്രദേശത്തിൽ, അരാവലിമലയുടെ അടിവാരത്തിൽ, ആയിരത്തിലധികം ആയുധപാണികളായ യോദ്ധാക്കൾ ക്രടിയിരുന്നു. അവരിൽ അർദ്ധഭാഗം ചക്രവർത്തിയുടെ അനുചരരും ബാക്കിയുള്ളവർ രജപുത്രരുമാണ്. ആനകളുടേയും കുതിരകളുടേയും ശബ്ദകോലാഹലങ്ങൾകൊണ്ടു് അരണ്യമെങ്ങും മുഴങ്ങി. എല്ലാരുടെ മുഖമണ്ഡലത്തിലും ആനന്ദഭാവം സ്ഫുരിച്ചിരുന്നു. ഇന്നു രാജസ്ഥാനത്തു ചിരകാലമായി നടന്നുവരുന്ന വിജയദശമി ഉത്സവമാണല്ലൊ. ഡില്ലിചക്രവർത്തി മീവാരറാണാവിനോടുക്രടി വേട്ടയാടുവാൻ പുറപ്പെട്ടിരിക്കുന്നു.

ഇന്നു നടക്കാൻപോകുന്ന നായാട്ടിൽ താന്താങ്ങളുടെ ശൗര്യവീര്യങ്ങളെ പ്രത്യക്ഷപ്പെടുത്തുവാൻ എല്ലാവരും ഉൽസുകരായിരിക്കയാണു്. എന്നാൽ ഒരു യുവാവുമാത്രം മ്ലാനവദനത്തോടെ നയനങ്ങൾ നാലുപാടും പായിച്ചു് എല്ലാക്കും പിമ്പ അശ്വാരൂഢനായി മെല്ലെമെല്ലെ പൊയ്ക്കൊണ്ടിരുന്നു. കുതിരയാകട്ടെ ഗർവംകൊണ്ടു കഴുത്താട്ടിയും മുൻകാലുകൾ പൊക്കിപ്പിടിച്ചും അക്ഷമതയോടെ മുമ്പെത്തണമെന്നു തൻെറ യജമാനനെ അറിയിച്ചുകൊണ്ടിരുന്നു. യുവാവും കടിഞ്ഞാൺ മുറുകെപ്പിടിച്ചുവലിച്ചു മുമ്പിട്ടുപോകുന്ന സൈന്യങ്ങളുടെ എല്ലാം പിന്നിലായി സാവധാനം സവാരിചെയ്തു. കുതിരയും കുതിച്ചു

ചാടി മുമ്പെത്തുവാനുള്ള ഉത്സാഹം കണ്ടു് യജമാനൻ അതിന്റെ കഴുത്തിൽ കൈകൊണ്ടു തട്ടി, "ഹേ, ദാനവദമന! ഇന്നു നീ യവനന്റെ പാദസേവ ചെയ്യാൻ തിടുക്കപ്പെടുകയാണോ! അച്ഛൻ കല്പിക്കാതിരുന്നാൽ, ഈ വിഷാദകരമായ മൃഗയാരംഗത്തിലേയ്ക്കു നിന്നെ ഒരിക്കലും കൊണ്ടുവരുമായിരുന്നോ!" എന്നു ചോദിച്ചു

യഥാക്രമം എല്ലാവരും കാട്ടിൻനടുവിൽ പ്രവേശിച്ചു. മുമ്പിൽ അക്ബരും അദ്ദേഹത്തിന്റെ വലത്തുഭാഗത്തു പ്രതാപസിംഹനുമാണു് പൊയ്ക്കൊണ്ടിരുന്നതു്. റാണാ ദീർഘമായി ഒന്നു നിശ്വസിച്ചു്, ചക്രവർത്തിയോടു്, "പ്രഭോ! ഇങ്ങോട്ടു നോക്കിയാലും! ആ ആററിന്നരികെക്കാണുന്ന ധവളശിലാസ്തംഭങ്ങൾക്കു സമീപം രാജപുത്താനയുടെ വീരസന്താനങ്ങൾ സംഗ്രാമസിംഹന്റെ പ്രാണരക്ഷണത്തിനുവേണ്ടി അവരുടെ പിതാമഹനായ ബേബരോടുകൂടി പോരാടി സ്വർഗ്ഗംപ്രാപിച്ചു. അതാ! അവിടെ ആ കുന്നിൻമുകളിൽ പകുതി വീണുപോയ കൊട്ടാരമാളികയുടെ മേൽനിലയിലിരുന്നു് ദേവി മീരാബായി ചില വീരാംഗനകളോടുകൂടിച്ചേൎന്നു് മനോമോഹനമായി ഗാനംചെയ്തു്, മോഗളരുമായുള്ള പോരാട്ടത്തിൽ രജപുത്രരെ പ്രോത്സാഹിപ്പിക്കുകയുണ്ടായി" എന്നു പറഞ്ഞു.

അക്ബർ: രജപുത്രരുടെ ഈ രംഗഭൂമിയിൽ നിങ്ങൾ പറയുന്നതിലധികം കീർത്തിചിഹ്നങ്ങൾ ഞാൻ കാട്ടിത്തരാം. അതാ നോക്കു! ആ ശിലാസ്തംഭങ്ങൾക്കരികേവെച്ചു വീരനായ പ്രതാപസിംഹൻ ഇരുനൂറു ഭടന്മാർമാത്രമുള്ള ഒരു സൈന്യംകൊണ്ടു സഹസ്രാധികമായ മൊഗൾപ്പടയെ ഒരു നിമിഷത്തിൽ തോല്പിച്ചുകളഞ്ഞു. ആ കുന്നിന്റെ അരികെ വേഷച്ഛന്നനായിവന്ന അക്ബരുടെ വീരാഹങ്കാരം മീവാരാധിപന്റെ മുമ്പിൽ ചാമ്പലായിപ്പോയി. ഈ നിർജ്ജനകാനനത്തിൽ എവിടെ നോക്കിയാലും വിക്രമിയായ പ്രതാപസിംഹന്റെ പേരും പെരുമയും ഓർമ്മപ്പെടുത്തുന്ന ലക്ഷ്യങ്ങൾ പലതുമുണ്ടു്. പ്രതാപസിംഹനെപ്പോലെയുള്ള വീരപുരുഷന്മാർ ഈ ലോകത്തിൽ ഇല്ലെന്നുതന്നെ പറയാം.

പ്രതാപസിംഹൻ പുരികം ചുളിച്ചു്, "പ്രഭോ, മററാരെങ്കിലുമാണു് ഇങ്ങനെ പറഞ്ഞിരുന്നതെങ്കിൽ മുഖസ്തുതിയെ

ന്നോ പരിഹാസമെന്നോ ഞാൻ കരുതുമായിരുന്നു. പ്രതാപസിംഹൻ ഒരു ഭോഷനല്ലായിരുന്നുവെങ്കിൽ, സൂര്യകുലാംഗാരമായ് ജനിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ദില്ലിചക്രവത്തിക്കു തന്റെ സ്വാതന്ത്ര്യം ഒരിക്കലും വിൽക്കുകയില്ലായിരുന്നു. അമരലോകതുല്യമായ ഈ മീവാരദേശം ഇന്നു മൊഗൾസേനകളുടെ പാദധൂളിയാൽ വ്യാപ്തമായി, കാറും കറുപ്പും ബാധിച്ചുപോകയില്ലായിരുന്നു."

അക്ബർ: നിങ്ങൾ തീരെ ആലോചനകൂടാതെയാണു് സംസാരിക്കുന്നതെന്നു തോന്നുന്നു. ഈ കേളികേട്ട രാജവംശത്തിന്റെ സ്വാതന്ത്ര്യം അക്ബറിനു് അപഹരിക്കണമെന്നുള്ള ഉദ്ദേശം ലേശമില്ല. നിങ്ങളുടെ സ്നേഹിതനായ അക്ബറെ അങ്ങനെയുള്ള നീചബുദ്ധിയാണെന്നു കരുതിപ്പോകരുതു്. രണ്ടുകൂട്ടരും മത്സരബുദ്ധിയും ജാതിസംബന്ധമായ നിബന്ധനകളും ഉപേക്ഷിച്ചു തമ്മിൽ ചേൎന്നു നടന്നാൽ ഭാരതസാമ്രാജ്യത്തിന്റെ അസ്ഥിവാരം ദൃഢസ്ഥാപിതമായിത്തീരുമെന്നാണു് എന്റെ ആശയും ആശംസയും.

പ്രതാപസിംഹൻ ദീർഘനിശ്വാസം ചെയ്തു്, "മാതൃഭൂമിയുടെ നിലനില്പിന്നു രജപുത്രർ യവനസഹായം യാചിക്കണമെന്നാണു് ഹിന്ദുക്കളുടെ ലലാടലിഖിതമെങ്കിൽ അക്ബരുടെ കാലംമുതൽക്കു് ആ പദ്ധതി ഏർപ്പെട്ടുമെന്നുള്ളതിന്നു സന്ദേഹമില്ല." എന്നുപറഞ്ഞു തൽക്ഷണം ദൂരത്തുള്ള പർവതപ്രാന്തത്തിലേക്കുനോക്കി ഉച്ചസ്വരത്തിൽ ഇങ്ങനെ തുടൎന്നു: "പ്രഭോ! ഇന്നു ഭാരതവർഷത്തിന്റെ ഭാഗ്യപരീക്ഷാഘട്ടമാണു്. അതാ! ആ കാട്ടിൽ ദൂരെ കാണുന്ന തടിച്ച കാട്ടുപോത്തിനാൽ ഇന്നു യവനരുടെ തലയിലെഴുത്തും ഹിന്ദുക്കളുടെ തലയിലെഴുത്തും നിൎണ്ണയിക്കപ്പെട്ടുപോകട്ടെ. ഈ വിജയദശമിദിവസം ഭഗവതി സിംഹവാഹിനി ദൈത്യരെ ജയിച്ചതിന്റെ സ്മാരകമായി ഇങ്ങനെ വിജയോത്സവം നടക്കുക പതിവുണ്ടു്. ഇപ്പോൾ ഇവിടെക്കൂടിയിരിക്കുന്ന ൫൦൦ ഹിന്ദുവീരരിൽ ഒരുവൻ അസ്തമയത്തിനുമുമ്പു് ആ കാട്ടുപോത്തിനോടെതിൎത്തു ജയിക്കയാണെങ്കിൽ ഹിന്ദുക്കളുടെ ഭാഗ്യക്ഷയത്തിന്നു് ഇനിയും കാലതാമസമുണ്ടെന്നാണു് കരുതേണ്ടതു്. അതല്ലാ, അഞ്ഞൂറുമൊഗളരിൽ ഒരുത്തനാണു് അതിനോടു മല്ലിട്ടു ജയിച്ചുവരുന്നതെങ്കിൽ രാജപുത്താനയിലെ മഹാലക്ഷ്മി മീവാരദുൎഗ്ഗം വിട്ടുപോയിരിക്കുന്നുവെന്നു വിചാരിക്കണം."

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നതിന്മദ്ധ്യേ പ്രതാപസിംഹൻെറ മുഖമണ്ഡലത്തിൽ ആശയും അഭിമാനവും ഉത്സാഹവും കൂടികലൎന്ന ഒരു കാന്തിവിശേഷം കാണാറായി; കണ്ണു രണ്ടും കനൽക്കട്ടപോലെ ജ്വലിച്ചു; ഹിന്ദുക്കളുടെ നേരെ തീക്ഷ്ണദൃഷ്ടിയോടെ തിരിഞ്ഞുനോക്കി. അക്ബറും തൻെറ അനുചരന്മാരോട് ആ മൃഗത്തെ അന്വേഷിക്കാൻ ആംഗ്യം കാണിച്ചു. അവർ 'ലായില്ലാഇല്ലള്ള' എന്ന ജയഘോഷണത്താൽ ആകാശദേശം പ്രതിധ്വനിപ്പിച്ചു പുറപ്പെട്ടു. രജപുത്രന്മാർ 'ജയ ജയ മഹാറാണാ പ്രതാപസിംഹ!' എന്നു ഉദ്ഘോഷിച്ചു കുതിരകളെ വേഗത്തിലോടിച്ചു. പ്രതാപൻെറ വജ്രഗംഭീരധ്വനി എല്ലാവൎക്കും പിമ്പെ വിഷണ്ണമുഖനായി മെല്ലെമെല്ലെ പൊയ്ക്കൊണ്ടിരുന്ന യുവാവിൻെറ കൎണ്ണപുടത്തിൽ പതിച്ചു. ആയാൾ ഉടനേതന്നെ കുതിരയുടെ കടിഞ്ഞാണഴിച്ചുവിട്ടു. കുതിര ഉൽക്കടമായ വേഗത്തിൽ കുതിച്ചുപാഞ്ഞു. അസംഖ്യം കുതിരപ്പടയാളികൾ പിന്നിട്ടു പാഞ്ഞുവരുന്നതുകണ്ടു് ആ കാട്ടുപോത്തു പേടിച്ചു് എവിടെയോ പോയി ഒളിച്ചു.

7531

അന്തരീക്ഷത്തിൽ അങ്ങുമിങ്ങും അന്തിച്ചുകപ്പു തൊട്ടുപുരട്ടുവാൻ തുടങ്ങി. ആ കാട്ടിലൊരുഭാഗം നിൎജ്ജനമായും നിശ്ശബ്ദമായും കിടക്കുന്നു. ആ യുവാവുമാത്രം വ്യാകുലഭാവത്തിൽ നാലുപാടും നോക്കിയും ക്രമേണ ഓരോപടി താണുവരുന്ന ആദിത്യനെ അവലോകനംചെയ്തും കുതിരയുടെ കഴുത്തിൽ തട്ടിക്കൊണ്ടു്, "ദാനവദമന, നാം എങ്ങനെയാണു് ഇനി ഉദയപുരത്തേയ്ക്കു മടങ്ങിച്ചെല്ലുന്നതു്? ഒരു കാട്ടുമൃഗത്തെ എതിൎത്തു വീഴ്ത്തണമെന്നുള്ള സങ്കല്പം സഫലമാക്കുവാൻ ഈശ്വരനിഷ്ടമില്ല. ഞാൻ ഇതുവരെ ഇടവിടാതെ ഈമൃഗത്തെ ഓടിച്ചുകൊണ്ടുവന്നു. ഒടുക്കം ഒരുനിമിഷത്തിന്നുള്ളിൽ അതു് എവിടെയോ പോയൊളിച്ചു" എന്നു നൈരാശ്യപ്പെട്ടു.

പെട്ടെന്നു കുറച്ചുകലെ തരുലതകൾ ഇടതൂൎന്നു വളൎന്നു് ഇരുളടഞ്ഞ ഒരു സ്ഥലത്തുനിന്നു്, ആരോ ഓടിച്ചോടിച്ചു ഒടുക്കം മുമ്പിൽ ചാടിവീണ ആ കാട്ടുപോത്തു ഗംഭീരമായി അലറുന്ന ശബ്ദംകേട്ടു. അതോടുകൂടി ഒരു യോദ്ധാവിൻെറ സിംഹനാദവും മുഴങ്ങി. യുവാവു് ഉത്കലികയോടെ കുതിരയെ അങ്ങോട്ടുവിട്ടു. കണ്ടകമയമായ ആ കാട്ടിൽക്കൂടി അതിവേഗം ഓടിച്ചപ്പോൾ ആയാളുടെ ദേഹംമുറിയുക മാത്രമല്ല ദാനവദമ

നൻെറ വെളുത്ത ഉടലാസകലം ചോരപൊടിഞ്ഞു ചമയുകയും ചെയ്തു. അല്പം മുമ്പോട്ടുചെന്നു നോക്കിയപ്പോൾ ആ തടിച്ച ജന്തു കഴുത്തുതാഴ്ത്തി കൊമ്പു നേരെപിടിച്ചു് അശ്വാരൂഢനായ ഒരാളെ ആക്രമിപ്പാൻ പാഞ്ഞെടുത്തുകൊണ്ടിരിക്കുന്നതുകണ്ടു. അദ്ദേഹമാകട്ടെ, മന്ദസ്മേരമുഖനായി വാളോങ്ങിപ്പിടിച്ചു അതിൻെറ വരവുംകാത്തുകൊണ്ടിരിക്കയാണു്. ആ സാദി മററാരുമല്ല. അക്ബറായിരുന്നു. യുവാവിനു് താൻ ഓടിത്തേടി നടന്നതെല്ലാം വിഫലമായെന്നുതോന്നി. ഭാരതചക്രവർത്തിതന്നെ മഹിഷത്തെ സമ്മുഖയുദ്ധത്തിൽ സംഹരിക്കുവാൻ ഭവിക്കയാണു്. അതു അടുത്തെത്തിയെന്നു കണ്ടഉടനെ അക്ബർ അതിൻെറ മസ്തകത്തെ ലാക്കാക്കി ഒരു വെട്ടുവെട്ടി. പക്ഷേ, കുതിര പേടിച്ചുചാടി. വെട്ടു കുറിക്കുകൊള്ളാതെ അടുത്ത മരക്കൊമ്പിൽതട്ടി വാൾ രണ്ടുതുണ്ടായി മുറിഞ്ഞു. കാട്ടുപോത്തിൻെറ ഭീഷണമായ വിഷാണങ്ങൾ കുതിരയുടെ വയർ പിളന്നു. അക്ബറുടെ മുഖം വല്ലാതെ വിളറി; കുതിരപ്പുറത്തുനിന്നു ചാടി അടുത്തുള്ള മരക്കൊമ്പു് ഒടിച്ചു കൈയിൽപിടിച്ചു നില്പായി. മഹിഷമാകട്ടെ, ജയോല്ലാസത്തോടുകൂടി കഴുത്തുതിരിച്ചു തിളപ്പൊരിപാറുന്ന കണ്ണുകളുരുട്ടി അദ്ദേഹത്തിൻെറനേരെ തിരിഞ്ഞു. നമ്മുടെ യുവാവു് കുതിരപ്പുറത്തുനിന്നു ചാടി തൽക്ഷണം അക്ബറുടെമുമ്പിൽ ചെന്നുനിന്നു. ആ ഉഗ്രജന്തു പുതിയ പ്രതിയോഗിയെ ലക്ഷ്യമാക്കി എതിർത്തു. യുവാവു ചിരിച്ചു് "പ്രഭോ! ഒരു രജപുത്രൻ മഹിഷത്തോടു മല്ലിടുന്ന സമ്പ്രദായം കണ്ടാലും" എന്നുപറഞ്ഞു.

അനന്തരം യുവാവു് വീരദർപ്പത്താൽ കാട്ടുപോത്തിനെ കാൽകൊണ്ടു ഒന്നു ചവുട്ടി; ഖഡ്ഗം ഉറയിലിട്ടു ഓടിച്ചെന്നു് അതിൻെറ പൃഷ്ഠത്തിൽകയറി വലത്തുകൈകൊണ്ടു മുങ്കാൽ പൊക്കി, ആ കൊമ്പിൽ പിണച്ചുവെച്ചു് രണ്ടു മുഷ്ടികൊണ്ടും മുറുക്കിപ്പിടിച്ചു വലംകൈ ഓങ്ങി "പ്രഭോ! നോക്കിയാലും ഈ മുഷ്ടിപ്രഹാരത്താൽ ഞാൻ ഇജ്ജന്തുവെക്കൊല്ലും. പക്ഷേ, സന്ധ്യയാവാറായി. റാണാ പ്രതാപസിംഹൻ അസ്തമയത്തിനുമുമ്പു മഹിഷസംഹാരംചെയ്യണമെന്നു കല്പിച്ചിരിക്കയാൽ ഈ പവിത്രമായ ഖഡ്ഗം മൃഗരക്തംകൊണ്ടു മലിനമാക്കേണ്ടിയിരിക്കുന്നു."

ഇങ്ങനെപറഞ്ഞു് യുവാവു വാൾ വീണ്ടും ഉറയിൽനിന്നൂരി ആ തടിച്ച കാട്ടുപോത്തിനെ വെട്ടിവീഴ്ത്തി. അക്ബർ

ആശ്ചര്യാധീനനായി നിന്നുപോയി. കുറേനേരം ആ വീരയുവാവിന്റെ സുകുമാരശരീരം കണ്ണുപറിക്കാതെ നോക്കി, കൈയിലുണ്ടായിരുന്ന കാഹളംവിളിച്ച് ആ സ്ഥലത്തെത്തിച്ചേരുവാൻ അനുചരരെ അറിയിച്ചു. ഹിന്ദു-മുസൽമാൻ കുതിരച്ചേവകരെല്ലാം അവിടേയ്ക്കു പാഞ്ഞു. റാണാ പ്രതാപസിംഹൻ എല്ലാവർക്കും മുമ്പെ മിന്നൽവേഗത്തിൽ കുതിരയോടിച്ചുവന്നു. റാണാവിന്റെ മുഖം ചുവന്നു. കണ്ണുകൾ കനൽക്കട്ടകളെ വമിച്ചു. അദ്ദേഹം പുരികംചുളിച്ച് "പ്രഭോ! മീവാരരാജ്യലക്ഷ്മി രജപുത്രന്മാരെ വിട്ടുപൊയ്ക്കളഞ്ഞുവെന്നു ഞാൻ ആദ്യംതന്നെ പറഞ്ഞില്ലേ? ഈ കാട്ടുപോത്തു അങ്ങയുടെ വാളിന്നിരയായിത്തീർന്നു, അല്ലേ?"

അക്ബർ (ചിരിച്ച്) "രാജൻ! നിങ്ങൾ രാജസ്ഥാനത്തിന്റെ ഭാവിശുഭത്തിൽ അകാരണമായി അന്ധകാരം കല്പിക്കുകയാണ്. ഈ വീരയുവാവത്രേ ഇതിനെ സംഹരിച്ചതു്. ഇന്നു് ഈ യുവാവിന്റെ വീരത്വംകണ്ടു ഞാൻ അമ്പരന്നുനിന്നുപോയി. ക്ഷത്രിയകുലത്തിന്നു തിലകനായ ഈ തരുണൻ ഏതാണ്?"

പ്രതാപസിംഹൻ അഭിമാനത്തോടെ, "ആ കുട്ടി എന്റെ മകൻ അജയസിംഹനാണ്" എന്നുത്തരം പറഞ്ഞു.

---

## രണ്ടാം അദ്ധ്യായം.

---

### മാല്യോപഹാരം

ഉദയപുരം രാജധാനി ദീപമാലകളാൽ പ്രശോഭിതമായിരിക്കുന്നു. മാളികമുകളിൽ രണ്ടു രമണീമണികൾ വേട്ടയാടുവാൻ പോയ യോദ്ധാക്കളുടെ വരവുംപാർത്തു ഔൽസുക്യത്തോടെ അഭിമുഖമായിരിക്കുന്നുണ്ടു്. ഒരുത്തി റാണാപ്രതാപസിംഹന്റെ പുത്രി കമലാവതി; മറെറാരുത്തി അവളുടെ സഖി ഗ്വാളിയർ രാജകുമാരി ഹിരണ്മയി. യവനയുദ്ധത്തിൽ പ്രതാപസിംഹന്റെ

ദക്ഷിണബാഹുവായിരുന്ന ഗ്വാളിയർരാജാവു്. ആ പോരാട്ട ത്തിൽ അദ്ദേഹം വീരസ്വർഗ്ഗംപ്രാപിച്ചശേഷം, ഏകപുത്രിയായ ഹിരണ്മയി പ്രതാപൻെറ അന്തഃപുരത്തിൽ സവാദരതയായി വള ൎന്നുവരികയാണു്. കമലാവതിയും ഹിരണ്മയിയും ചെറുപ്പംമുത ല്ക്കേ ഉയിരൊന്നു് ഉടൽ രണ്ടു് എന്ന നിലയിലാണു പെരുമാറി യിരുന്നതു്. അസംഖ്യം ദീപാവലികളിൽനിന്നു് പുറപ്പെടുന്ന ആ തേജഃപുഞ്ജം പ്രതിഫലിച്ചു പൂൎവാധികം ഉജ്ജ്വലിച്ചുകൊ ണ്ടിരുന്ന ഇവരുടെ മുഖമണ്ഡലം നക്ഷത്രമാലാമദ്ധ്യത്തിൽ ഉദി ച്ചുയൎന്ന ചന്ദ്രയുഗളംപോലെ പ്രിയദൎശനമായിരുന്നു.

കമലാവതി—ഹിരണ്മയി! ഇന്നു മുഴുവൻ നീ എവിടെയായി രുന്നു? ഒരു നേരമെങ്കിലും നിന്നെപ്പുറത്തു കണ്ടില്ലല്ലോ. എന്താ സംഗതി?

ഹിര—ഞാൻ ഈ പൂമാല കെട്ടിക്കൊണ്ടിരിക്കയായിരുന്നു.

കമലാ - (ചിരിച്ചു്) ആരുടെ കഴുത്തിലിടാൻ?

ഹിര—ഇന്നു വേട്ടയിൽ അധികം വീരത്വം കാട്ടിയ പുരു ഷൻെറ ഗളത്തിലൎപ്പിക്കുവാനാണു് ഈ മാല.

കമലാ—നിനക്കു നല്ല ഉറപ്പുണ്ടോ? വേട്ടയ്ക്കു ക്ഷത്രിയരും മുസൽമാൻമാരും പോയിട്ടുണ്ടല്ലോ. അതിലാരാണു് ജയിച്ചു വരുന്നതെന്നു് എങ്ങനെ അറിയാം? ഒരു സമയം ഒരു മുസൽമാൻ എല്ലാരെക്കാളും അധികം പരാക്രമം കാണി ച്ചാലോ?

ഹിര—അങ്ങനെ വരുന്നപക്ഷം കുററിക്കാട്ടിൽനിന്നു് ഒരു കുറു നരിയെപ്പിടിച്ചുകൊണ്ടുവന്നു് അതിൻെറ കഴുത്തിൽ ഈ മാലയിടും. ഒരു കുറുനരിക്കു സിംഹത്തേക്കാൾ ശൌൎയ്യം കൂടുകയോ? മീവാരത്തിലെ അധിദേവതയായ ഗൌരി സത്യ സ്വരൂപിണിയാണെങ്കിൽ, ഈ മാലയിൽ ആരുടെ നാമം അങ്കിതമായിരിക്കുന്നുവോ ആ വീരന്നു് ഇതു ഞാൻ ഉപ ഹാരമായി കൊടുക്കും.

കമലാവതി ഹിരണ്മയിയുടെ കരതലത്തിൽനിന്നു് ആ പുഷ്പമാല്യം വാങ്ങി നോക്കി. "ഇതിൽ എൻെറ സോദരൻെറ പേരു കാണുന്നുണ്ടല്ലോ. എല്ലാരെക്കാളും ഇന്നു് എൻെറ സോദരനാണു് അധികം പരാക്രമം കാണിക്കുക എന്നു നി എങ്ങനെ മനസ്സിലാക്കി?" എന്നു ചോദിച്ചു.

ഹിരണ്മയി കുറേനേരം കമലാവതിയുടെ മുഖത്തു് ഉററു നോക്കി ഇങ്ങനെ പറഞ്ഞു: "കേൾക്കൂ! അതെങ്ങനെയാണെന്നു പറയാം. ദേവി സിംഹവാഹിനി ഇന്നലെ രാത്രി നിദ്രയിൽ എനിക്കു പ്രത്യക്ഷയായി; പ്രസന്നവദനയായി ദേവി എന്നെ കുളുക്കെ നോക്കി, എൻെറ മക്കളായ ക്ഷത്രിയവീരരിൽ എനിക്കു് ആരിലാണു് അധികം പ്രിയം, അറിയാമോ? എന്നു ചോദിച്ചു. ഞാൻ 'അജയസിംഹനിൽ' എന്നുണർത്തിച്ചു. ഭഗവതി ചിരിച്ചു്, 'നീ പറഞ്ഞതു ശരിയാണു്; അജയസിംഹൻ എല്ലാവരെക്കാളും വീരനാണു്. ഇന്നു് യവനചക്രവർത്തി ആ കുമാരൻെറ വിക്രമം നോക്കി ആശ്ചര്യപ്പെടണമെന്നു കരുതി ഈ തടിച്ച കാട്ടുപോത്തിനെ ഞാൻ കൂട്ടിക്കൊണ്ടു വന്നിരിക്കുന്നു. അവിടെക്കൂടുന്ന അനേകം വീരരിൽവച്ചു് അജയസിംഹൻ മാത്രമേ നിരായുധനായി ഈ ജന്തുവെ സംഹരിക്കുവാൻ ശക്തനാകയുള്ളു' എന്നു് അരുളിച്ചെയ്തു.

ഞാൻ ആ ഗംഭീരജന്തുവെ നോക്കി കിടുകിടെ വിറച്ചു കണ്ണീർതൂകി കൈകൂപ്പി 'അമ്മേ, ഈ ഘോരമൃഗത്തോടുകൂടി പ്പോരാടുവാൻ അജയനെ അയയ്ക്കേണ്ട; അതിൻെറ ഭയങ്കരമായ കൊമ്പുകൾകൊണ്ടു് ആ സുകുമാരശരീരം മുറിപ്പെട്ടുപോകും' എന്നു വീണ്ടും ഉണർത്തിച്ചു. ഭഗവതി രോഷവിഷാദങ്ങളാൽ പുരികം ചുളിച്ചു് ആദ്യം എന്നെ നോക്കി. പിന്നെ അജയൻെറ നേരെ തിരിഞ്ഞു വേട്ടയ്ക്കു പുറപ്പെടുവാൻ സംജ്ഞ കാണിച്ചു. അജയൻ പുഞ്ചിരിയിട്ടു് അവിടെനിന്നു പോയി ആ മൃഗത്തെ സലീലം സംഹരിക്കയും ചെയ്തു. ആശ്ചര്യവും ആനന്ദവും ഇടകലൻ്നു് അജയനെ ഒരു പൂമാലയണിയിക്കുവാൻ ഞാൻ ചെന്നു. സിംഹവാഹിനി വീണ്ടും കോപാകുലയായി പുരികം ചുളിച്ചു് എന്നെ നോക്കി ഗംഭീരസ്വരത്തിൽ, 'ഹിരണ്മയി! വീരനായ അജയസിംഹനെ സ്പർശിക്കേണ്ട. നീ ഒരു ക്ഷത്രിയനാരിയായിരുന്നിട്ടു് ഒരു രാജപുത്രൻെറ രണോദ്യമത്തെത്തടയുകയോ? അജയസിംഹൻെറ അംഗസ്പർശം ചെയ്വാൻ നീ യോഗ്യതയുള്ളവളല്ല. സൂക്ഷിച്ചിരുന്നുകൊൾക' എന്നു ഭഗവതിയുടെ അരുളപ്പാടുണ്ടായി. ഞാൻ അടിമുതൽ മുടിവരെ അരയാലിലപോലെ വിറച്ചു. എനിക്കു ലജ്ജയും അവമാനവും കൊണ്ടു ദേഹമാസകലം മുള്ളുതറച്ചതുപോലെ തോന്നി. ഞാൻ പോയി ദൂരെനിന്നു മാല അജയനു് എറിഞ്ഞുകൊടുത്തു. അജ

യൻ ചിരിച്ചു് അതു് അംഗീകരിച്ചു കഴുത്തിലിടുന്ന സമയം വാൾ തട്ടി അതു മുറിഞ്ഞുപോയി. ദേവി എന്നെ നോക്കിച്ചിരിച്ചു് അന്തർദ്ധാനം ചെയ്തു" എന്നു പറഞ്ഞു.

കമലാവതി ഒന്നു നടുങ്ങി. "ഇതു വെറും സ്വപ്നം. പക്ഷേ 'സ്വപ്നം ചിലർക്കു ചില കാലമൊത്തിടും' എന്നുണ്ടല്ലോ. ദേവി ആദ്യം പ്രസാദിച്ചു ദർശനം നൽകിയിട്ടു ഒടുവിൽ തിരുവുള്ളക്കേടോടുകൂടി സോദരനെത്തൊടേണ്ടെന്നു ശാസിക്കുവാൻ എന്താണു സംഗതി?" എന്നു ചോദിച്ചു.

ഹിരണ്മയി (നെടുവീർപ്പിട്ടു്) നിന്റെ സോദരനെത്തൊടാനുള്ള യോഗ്യത എനിക്കില്ലാഞ്ഞിട്ടുതന്നെ. ഉണ്ടായിരുന്നെങ്കിൽ സാക്ഷാൽ മഹാദേവിതന്നെ പാടില്ലെന്നു് അരുളിച്ചെയ്യുമോ? അതിരിക്കട്ടെ. സ്വപ്നം ശരിയോ അല്ലയോ എന്നു് ഇപ്പോഴറിയാം. അജയനെ വീരാഗ്രഗണ്യനെന്നു് എല്ലാവരും അഭിനന്ദിച്ചാൽ എന്റെ ആഗ്രഹം സഫലമായി. എന്നാൽ ഞാൻ ആദരപൂർവ്വം കെട്ടിയ ആ മാല ഒരു കുറുനരിയുടെ കഴുത്തിലിടാൻ ഇടവരില്ലല്ലോ. അതാ നോക്ക്രൂ! നായാട്ടുകാർ തിരിച്ചുവരുന്നുണ്ടു്.

കമലാ—ഇതെന്താശ്ചര്യമായിരിക്കുന്നു. സോദരൻ, അജയൻ ജയപതാകയും പിടിച്ചു മുസൽമാൻമാരുടെ മദ്ധ്യത്തിൽ മന്ദസ്മേരമുഖനായി ഇതാ വരുന്നു. മുന്നണിയിൽ അക്ബറുടെ വലത്തുഭാഗത്തുനിന്നു്, അച്ഛൻ അഭിമാനവും വാത്സല്യവും വഴിയുന്ന മിഴികളാൽ വംശപ്രദീപമായ മകനെ കൂടക്കൂടെ കുളുർക്കെ നോക്കിക്കൊണ്ടിരിക്കുന്നു.

ആളും വാളും ആർപ്പും വിളിയുംകൊണ്ടു കൊട്ടാരമെങ്ങും മുഴങ്ങി. എല്ലാവരുംവന്നു് അണിനിരന്നുനിന്നു. ഹിരണ്മയി കമ്പിതകരത്താൽ മാലയെടുത്തു് അജയന്റെ ശിരസ്സിനെ ലക്ഷ്യമാക്കി മാളികമുകളിൽ നിന്നെറിഞ്ഞു. ആ മാല അജയന്റെ തലയിൽചെന്നു വീഴാതെ ഭുജത്തിൽതട്ടി പാർശ്വത്തിൽ നിന്നിരുന്ന നീണ്ട താടിക്കാരനും കള്ളനും ഒററക്കണ്ണനുമായ ഒരു മുസൽമാൻ സൈനികന്റെ തലയിലാണു വീണതു്. അവൻ തലപൊക്കി മേല്പോട്ടു നോക്കിച്ചിരിച്ചു രണ്ടു കൈകൊണ്ടും സലാംചെയ്തു് ആ മാല ധരിക്കയും ചെയ്തു.

കമലാവതി നടുങ്ങി, 'ഹാ! ഇതെന്തുകഥ! മാല ആരുടെ കഴുത്തിലാണു കൊണ്ടിട്ടതു ?' എന്നു ചോദിച്ചു.

---

## മൂന്നാം അദ്ധ്യായം

---

### ചക്രവർത്തിയുടെ അഭ്യർത്ഥന

രജപുത്രമുസൽമാൻപടയാളികൾ കുതിരപ്പുറത്തുനിന്നു് ഇറങ്ങി രാജധാനിയിൽ പ്രവേശിച്ചു പ്രതാപസിംഹനും അക്ബറും ഓരോന്നു സംസാരിച്ചുകൊണ്ടു മെല്ലെമെല്ലെ ഉദയപുരാഭിമുഖമായി നടന്നുപോയി അക്ബർ ഇങ്ങനെ സംഭാഷണമാരംഭിച്ചു: "രാജൻ! ഞാൻ പറയുന്നകാര്യത്തിൽ നിങ്ങൾ അനുകൂലിക്കാതിരിക്കാൻ കാരണമൊന്നും കാണുന്നില്ലല്ലോ"

"അങ്ങു പറയുന്നതു നടക്കാവുന്ന വിഷയമല്ല. എന്റെ വാർദ്ധക്യത്തിൽ, അന്ത്യദശയിൽ, എനിക്കു് ആധാരയഷ്ടിയും എന്റെ കണ്ണിലുണ്ണിയുമായ മകനെ കണ്ണെത്താത്ത ദിക്കിലേക്കു കൂട്ടിക്കൊണ്ടുപോകണമെന്നു പറയുവാൻ അങ്ങയ്ക്കു തോന്നിയല്ലോ."

"നിങ്ങൾ ആലോചിച്ചുനോക്കണം. ഞാൻ പറഞ്ഞ സംഗതി നമുക്കു് ഇരുവർക്കും മംഗളകരമായതാണു്. ഇന്നു നിങ്ങളുടെ പുത്രന്റെ വീര്യവും ശൗര്യവും ഞാൻ കണ്ണുകൊണ്ടു തന്നെ കണ്ടല്ലോ; ആ യുവാവു ദില്ലി ദർബ്ബാറിൽ ഇരുന്നാൽ, ആയാളിൽ കുടികൊള്ളുന്ന അന്യദുർല്ലഭങ്ങളായ സദ്ഗുണങ്ങൾ വികസിച്ചു നാലുപാടും പരിമളം പരത്തി പ്രകാശിക്കുവാനവകാശമുണ്ടു്."

"ബപ്പരായരുടെ വംശത്തിൽ പിറന്നവർ വീര്യശൗര്യങ്ങൾ യവനരിൽനിന്നു പഠിച്ചു എന്നു കേൾക്കുവാൻ ഇടവന്നാൽ എന്റെ മർമ്മംതോറും ശൂലം തറച്ചപോലെ ആയിത്തീരുമെന്നുള്ളതു് അങ്ങു വിസ്മരിച്ചുപോയതായിത്തോന്നുന്നു."

അക്ബറുടെ ലലാടം മുഹൂർത്തമാത്രം അരുണവർണ്ണമായി. പക്ഷെ ആ ഭാവമൊന്നും സ്ഫുരിപ്പിക്കാതെ ഉള്ളിലൊതുക്കിപ്പിടിച്ച് പുഞ്ചിരിയിട്ട്, "രാജൻ, നിങ്ങളുടെ മകൻ എൻെറ അരികെ പെരുമാറിയാൽ മുസൽമാൻ ആചാരമൊന്നും പരിശീലിക്കുവാൻ ഇടവരില്ല. അക്ബർ രജപുത്രപക്ഷപാതിയാണെന്ന് അറിയാത്തവരില്ല. പ്രതാപസിംഹൻെറ വീരകുമാരൻ ക്ഷാത്രവൃത്തികളെ, സഗൗരവം സംരക്ഷിച്ചുപോരുന്നതിന്നു വേണ്ടത്തക്ക എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്യുന്നതാണ്. അതിനെപ്പററി ശങ്കിക്കുയേ വേണ്ട" എന്നു പറഞ്ഞു.

ഈ ഘട്ടത്തിൽ പിന്നിൽനിന്ന് ആരോ "രാജൻ! ചക്രവർത്തി യഥാർത്ഥമാണ് പറഞ്ഞത്. ആകാശദേശഗമനത്തിന്നു മുമ്പ് കോകിലവും കാകാലയത്തിൽകിടന്നു വളരേണ്ടിയിരിക്കുന്നു" എന്നു പറഞ്ഞതുകേട്ടു.

പ്രതാപസിംഹൻ ആഗതൻെറ നേരെ തിരിഞ്ഞു കോപാനലജ്വാല കലന്ന കണ്ണുകളുരുട്ടി 'നീയാരാണ്?' എന്നു ചോദിച്ചു. സന്ന്യാസിവേഷം പൂണ്ട ആഗതൻ അടുത്തു വന്നു പ്രതാപസിംഹനെ ആശീർവദിച്ച് "രാജൻ, അല്പനേരം ഈ സംസാരപരിത്യാഗിയുടെ വാക്കു ശ്രദ്ധിച്ചു കേട്ടാലും! ഇന്നു വൈകുന്നേരം ഉദയസാഗരപാർശ്വത്തിലുള്ള ഉപാസനാമന്ദിരത്തിൽ ഞാൻ ഭവാനീപതിയുടെ ധ്യാനത്തിൽ മഗ്നനായിരിക്കയായിരുന്നു. ആ സമയം ആകസ്മികമായി ഗഗനപടത്തിൽ ത്രിശൂലധാരിയായ ദിഗംബരമൂർത്തിയുടെ ഛായ ചിത്രിതമായി. ഗംഭീരസ്വരത്തിൽ "വീരവൃന്ദങ്ങളുടെ വിഹാരരംഗമായ ഈ പുണ്യഭൂമി ശ്മശാനമായി പരിണമിക്കുംപോലെ തോന്നുന്നു. വൃദ്ധനായ പ്രതാപൻ ഗ്വാളിയർരാജകുമാരി ഹിരണ്മയിയെ സ്വപുത്രന് വിവാഹംചെയ്തുകൊടുക്കണമെന്നു കരുതിക്കൊണ്ടിരിക്കയാണ്. ഈ നിമിഷത്തിൽതന്നെ ചെന്നു ആ വിവാഹബന്ധം നടത്തരുതെന്നു പ്രതാപനെ അറിയിക്കൂ" എന്നിങ്ങനെ ആകാശവാണി ഉണ്ടായി എന്നു പറഞ്ഞു.

പ്രതാ:— ഇയ്യാളൊരു ഭ്രാന്തൻ, അല്ലെങ്കിൽ കപടവേഷധാരിയായ ഒരു കള്ളൻ. മഹാരഥനായ എൻെറ സുഹൃത്തിൻെറ സന്താനവല്ലി എൻെറ സ്നുഷയായിത്തീരുന്നതു ഭവാനീപതിക്കു് അനിഷ്ടമാണെങ്കിലും. ഇതെന്തു അസംബന്ധം?

സന്ന്യാസി:—(എള്ളോളം കലുങ്ങാതെ) ദേവാധിദേവൻെറ അരുളപ്പാട്ട് അങ്ങനെതന്നെ ഉത്തരക്ഷണത്തിൽ ഞാൻ അങ്ങയെ വന്ന് അറിയിച്ചിരിക്കുന്നു. ഇനി യഥേഷ്ടം. പക്ഷേ, ഒരു കാൎയ്യം സൂക്ഷിക്കണം. ഭവാനീപതിയുടെ കല്പനയെ അതിലംഘിച്ച് മീവാരദേശത്തിന്ന് നാശം വരുത്തിക്കൂട്ടാതിരിക്കണേ.

ഇങ്ങനെ പറഞ്ഞ് ആഗതൻ പ്രത്യുത്തരം നിരീക്ഷിക്കാതെ അവിടെനിന്നു പോയി. പ്രതാപസിംഹൻ അല്പനേരം മൌനമായിരുന്ന് ആലോചിച്ചശേഷം, "പ്രഭോ! ഈ അപരിചിതനായ താപസവേഷധാരിയുടെ വാക്കൊട്ടും പ്രമാണിക്കത്തക്കതല്ല. അങ്ങു പറഞ്ഞതുപ്രകാരം ഞാൻ സമ്മതിച്ചിരിക്കുന്നു. ഇപ്പോൾ വിശ്രമശാലയിൽപോയി അല്പം ആശ്വസിച്ചാലും. നാളെ വെളുപ്പാൻകാലത്ത് അങ്ങയോടൊന്നിച്ച ദില്ലിക്കു പോകേണ്ട വൎത്തമാനമൊന്നും അജയനെ അറിയിച്ചിട്ടില്ലല്ലോ. അവനോട്ട് അതിനെക്കുറിച്ചെല്ലാം സംസാരിക്കേണ്ടിയിരിക്കുന്നു" എന്നു പറഞ്ഞു.

പ്രതാപസിംഹൻ അക്ബറൊന്നിച്ച് വിശ്രമമന്ദിരത്തിൽചെന്ന് അജയസിംഹനെ വിളിപ്പാനാളയച്ചു. അജയൻ പിതൃസന്നിധിയിൽ അതിവിനീതനായി വന്നുനിന്നു.

പ്രതാപൻ:-വത്സ! ചക്രവൎത്തിതിരുമനസ്സിലെ ഇന്നു നിൻെറ വീരത്വംകണ്ടു പ്രീതനായിരിക്കുകയാണ്. അവിടുന്ന് ആവശ്യപ്പെട്ടപ്രകാരം നീ തത്സന്നിധിയിലിരുന്ന് ഭാരതവൎഷത്തിൻെറ ഭാവിമംഗളത്തിന്നു വേണ്ട സകല സഹായവും ചെയ്യണം.

അക്ബർ:—വീരകുമാര! നിങ്ങൾ ഇന്ന് എൻെറ പ്രാണരക്ഷണംചെയ്തിരിക്കുന്നു. നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം സഫലമാക്കേണ്ടതു് എൻെറ കടമയാണ്.

അജയസിംഹൻ ആശ്ചൎയ്യഭാവത്തിൽ അച്ഛനെ നോക്കി അക്ബറോട്ട്, "പ്രഭോ! എനിക്കിഷ്ടമല്ലായിരുന്നുവെങ്കിലും, പിതൃനിയോഗം അലംഘ്യമാണല്ലോ എന്നു കരുതി നായാട്ടിന്നു പുറപ്പെട്ടതാണ്. കാട്ടുപോത്തിനെ സംഹരിച്ചതു് മൃഗയാധൎമ്മമെന്നല്ലാതെ അങ്ങയുടെ പ്രാണപരിത്രാണം ചെയ്തതായി ഞാൻ വിചാരിക്കുന്നില്ല" എന്നു പറഞ്ഞശേഷം പ്രതാപനോട്ട്, "അച്ഛ! ഞാൻ ഇക്കാലംവരെ അച്ഛൻെറ അരികെത്തന്നെ

ന്നെ ഇരുന്നു്, ക്ഷത്രിയയോഗ്യമായ ശൌൎയ്യാദിഗുണങ്ങളെല്ലാം പരിശീലിച്ചു. അതിന്റെ പരിണാമം ഇങ്ങനെയോ?" എന്നു ചോദിച്ചു.

പ്രതാപസിംഹൻ: അജയ! നിന്റെ അന്തൎഗ്ഗതം എനിക്കു നല്ലപോലെ മനസ്സിലായി. "അലംഘനീയാ കമലാസനാജ്ഞാ." അക്ബർഷാ ഉദാരഹൃദയനാണു്. അദ്ദേഹം ക്ഷത്രിയകുലകളങ്കമായ മാനസിംഹനെ ദാസ്യത്തിൽ ഇരുത്തീട്ടില്ല; സിംഹത്തിന്റെ കുട്ടിയെ സ്വൎണ്ണശൃംഖലകൊണ്ടു അദ്ദേഹം കെട്ടിയിടുകയുമില്ല. അതുകൊണ്ടു ഞാനും ഭാരതഭൂമിയുടെ ഭാവിയായ ശുഭാശുഭങ്ങളെക്കുറിച്ചു് അഗാധമായി ആലോചനചെയ്തു് അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം നിന്നെ ഒന്നിച്ചു് അയയ്ക്കാമെന്നു സമ്മതിച്ചുകഴിഞ്ഞു.

അജയൻ തല കുനിച്ചു് അച്ഛന്റെ ആജ്ഞാനുസരണം നടന്നുകൊള്ളാമെന്നു സൂചിപ്പിച്ചു. പ്രതാപൻ വീണ്ടും "നിന്റെ അമ്മയുടെ അഭിലാഷപ്രകാരം ഗ്വാളിയർ രാജകുമാരിയെ നിനക്കു വിവാഹംചെയ്തു തരുവാൻ ഒരുങ്ങിയിരിക്കയായിരുന്നു. തല്ക്കാലം കുറേദിവസത്തേയ്ക്കു് അതു നീട്ടിവെച്ചിരിക്കുന്നു. ഈശ്വരകാരുണ്യത്താൽ മുടക്കമൊന്നുംഉണ്ടാകാത്തപക്ഷം വിവാഹം നിശ്ചയിച്ചുകഴിഞ്ഞാൽ ഉടനെ നിന്നെ കൂട്ടിക്കൊണ്ടുവരുവാൻ ഇവിടെനിന്നു ആളെ അയയ്ക്കുന്നതായിരിക്കും" എന്നു പറഞ്ഞു. ഹൎഷവികസിതമായ അജയന്റെ മുഖാംബുജം ആകസ്മികമായി വീണ്ടും വാടിക്കരിഞ്ഞുപോയി. രാജകുമാരൻ പുറത്തേയ്ക്കു പോവുകയായിരുന്നു. റാണാ വീണ്ടും വിളിച്ചു് അടുത്തുചെന്നു് വാത്സല്യമസൃണവും ശാന്തഗംഭീരവുമായ ഭാവത്തിൽ "അജയ! നി നാളെക്കാലത്തു ചക്രവൎത്തി ഒന്നിച്ചു പുറപ്പെടുന്നതാണല്ലോ. ഇനി കുറേനാൾ കഴിഞ്ഞല്ലേ കാണാൻകഴിയൂ. അദ്ദേഹത്തെ ഒരിക്കലും മറന്നു പ്രവൎത്തിക്കരുതു്. ഒന്നാമതു്, യവനസാഹായ്യത്താൽ ഒരിക്കലും ഹിന്ദുക്കളോടു് പോരാടുവാൻ പുറപ്പെടരുതു്. രണ്ടാമതു് വാളില്ലാതെ ഒരിക്കലും ഏതു യവനന്റെയും അംഗസ്പൎശം ചെയ്യരുതു്. ഇതു രണ്ടും നല്ലപോലെ ഓൎമ്മയിരിക്കട്ടെ."

അജയസിംഹൻ എല്ലാം ശിരസാവഹിച്ചു് മ്ലാനവദനനായി ശയനഗൃഹത്തിലേയ്ക്കു പോയി.

# നാലാം അദ്ധ്യായം.

## സ്വപ്നമയജീവിതം

അർദ്ധരാത്രി. അജയൻ കിടപ്പുമുറിയിലെ കിളിവാതിൽ തുറന്നുവെച്ചു മേല്പോട്ടു നോക്കിക്കൊണ്ടിരിക്കുന്നു. കാർമേഘപടലമില്ലെങ്കിലും ആകാശമണ്ഡലം കരിതേച്ചപോലെ കറുത്തിരുണ്ടിരുന്നു. എങ്ങും നിശ്ശബ്ദം. ഇടയ്ക്കിടെ അമംഗളശങ്ക ജനിപ്പിക്കുമാറുള്ള കൂമന്റെ മൂളൽ ആ ഏകാന്തശാന്തതയ്ക്കു ഭംഗം വരുത്തുന്നുണ്ടു്. അജയൻ അതേ ജാലകത്തിൽക്കൂടി, അതേസമയത്തു്, ഇരുട്ടു പടർന്നുപിടിച്ച ആ നൈശാകാശം അനേകംകുറി നോക്കിനിന്നിട്ടുണ്ടു്. എന്നാൽ നിർമ്മേഘമായ നഭസ്സിൽ ഇത്ര ഭയാനകമായ ഇരുട്ടു് ഇതിനുമുമ്പു കണ്ടിട്ടില്ലായിരുന്നു. ഭയമോ വിഷാദമോ രണ്ടിലൊന്നു് അജയന്റെ മനോരംഗത്തിൽ പ്രവേശിച്ചു. ആ ഭയങ്കരപ്രകൃതിയുടെ പൂർണ്ണപ്രതിബിംബം യുവാവിന്റെ ഹൃദയാന്തരത്തിൽ പതിച്ചുവോ എന്നു തോന്നും. ദീർഘനിശ്വാസംവിട്ടു് അജയൻ തന്നെത്താൻ "ഞാനൊരു ക്ഷത്രിയൻ! ക്ഷത്രിയകുലാലങ്കാരമായ പ്രതാപസിംഹന്റെ മകനായിത്തന്നെ ഇരിക്കണം! കഷ്ടം! കേവലം ബാലനെപ്പോലെ കല്പിതമായ പ്രകൃതിയുടെ ഭീഷണവേഷം കണ്ടു കമ്പിതനാകുകയോ?" എന്നു് ആത്മനിന്ദനംചെയ്തു്, ജാലകമടച്ചു കിടക്കയിൽ ചെന്നുകിടന്നു. കിടന്നുവെങ്കിലും കറുത്തിരുണ്ട ഗഗനതലം കണ്ണിന്നു മുമ്പാകെ വീണ്ടും കണ്ടുകൊണ്ടിരുന്നു. ഈ ബ്രഹ്മാണ്ഡകടാഹത്തിൽ മററു യാതൊന്നുമില്ല, ദിഗന്തവ്യാപിയായ അന്ധകാരത്താൽ ആവൃതമായ ആകാശം ഒന്നുമാത്രമേയുള്ളുവെന്നു തോന്നിപ്പോയി. അടിയിൽ, മുകളിൽ, പാർശ്വത്തിൽ — എല്ലാ ദിക്കിലും കരാളമായ കാളാംബരം! അജയൻ കണ്ണടച്ചു കമിഴ്ന്നുകിടന്നു; കൂരിരുട്ടു കൂടിക്കൂടി വന്നു. അങ്ങനെയിരിക്കെ, ഗഗനപടത്തിൽ മോഹനമായ ഒരു മൂർത്തി ചിത്രിതമായിക്കണ്ടു. തന്റെ ബാല്യസഹചാരിണിയായ ഹിരണ്മയിയുടെ മൂർത്തിയായിരുന്നു അതു്. ആ കനകസമാനമായ കാന്തികല്ലോലമാല ക്രമേണ മായുവാൻതുടങ്ങി.

തമോദേവതതന്നെ വായ്തുറന്നു് ആ സൗന്ദര്യരാശിയെ ഗ്രസിക്കുന്നതായി തോന്നി. നോക്കിക്കൊണ്ടിരിക്കെ, പെട്ടെന്നു ആ തേജഃപുഞ്ജം ഗാഢാന്ധകാരത്തിൽ നിശ്ശേഷം ലയിച്ചു പോയി. അജയൻ അമ്പരന്നു തട്ടിപ്പിടഞ്ഞെഴുന്നേററു ചഞ്ചലചരണനായി മുറിക്കുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി. ആകസ്മികമായ ഈ ചേതോവികാരത്തിനു കാരണമെന്തു്? താനൊരിക്കലും ഭവിഷ്യത്തുകളെക്കുറിച്ചു ഭയപ്പെടാറില്ല. വീരോചിതമായ വിധത്തിൽ വിപത്തുകളെ വരിച്ചു് അവയെ ജയിക്കുകയാണു പതിവു്. താൻ ഇവിടെനിന്നു പോയശേഷം ഒരു സമയം ഹിരണ്മയിക്കു വല്ല ആപത്തും വന്നുകൂടുമായിരിക്കുമോ? അരികെത്തന്നെ ഇരിക്കുന്നപക്ഷം, അങ്ങനെയുള്ള അനർത്ഥത്തിൽനിന്നു അവരെ മോചിപ്പിക്കുവാൻ സാധിച്ചെന്നു വരാമല്ലോ. അങ്ങനെയാണെങ്കിൽ ചക്രവർത്തിയോടുകൂടി പുറപ്പെടാമെന്നുസമ്മതിച്ചതു ശരിയായില്ല. ഛേ! അങ്ങനെ പറഞ്ഞുകൂടാത്തതാണു്. ഒരു ക്ഷത്രിയകുമാരൻ പിതൃശാസനത്തെ ഉല്ലംഘിക്കുകയോ? സമ്മതിച്ചശേഷം പോകാതിരിക്കുകയോ? ഇങ്ങനെ പലതും പറഞ്ഞും ആലോചിച്ചും രണ്ടാമതും പോയിക്കിടന്നു. ഉറക്കത്തിൽ പത്തുവർഷംമുമ്പു കണ്ട ആ ഉന്മാദിനി തന്റെ മുമ്പാകെ ചിരിച്ചുകൊണ്ടുനില്ക്കുന്നതായും, "ഇനി നീ എന്താണു പറയാൻ വിചാരിക്കുന്നതു്? ഹിരണ്മയിയെ ഈ ഭ്രാന്തത്തിയുടെ കൈയിൽനിന്നു രക്ഷിക്കാൻ. ഹേ! വിരുത! നീ ഇനി എവിടെ? ഒന്നു കാണട്ടെ" എന്നു പരിഹസിച്ചു് ആകാശത്തേയ്ക്കു ചൂണ്ടിക്കാണിച്ചു്, "അങ്ങോട്ടു നോക്കു്, നിന്റെ ഹിരണ്മയി ആ ക്രൂരാക്രൂരിരുട്ടിൽ കുടുങ്ങിപ്പോയി" എന്നു പറയുന്നതു കേട്ടതായും തോന്നി. മുറിക്കുള്ളിൽ ആരെയും കണ്ടില്ല. എന്നാൽ ഇതു വെറും സ്വപ്നമോ? വീണ്ടും ചെന്നുകിടന്നു. ആ സമയം തന്റെ കിടപ്പുമുറിയുടെ കുറെ തെക്കുഭാഗത്തുള്ള മുറിയിൽനിന്നു ഒരു സ്ത്രീരോദനം കേട്ടു. അവിടെക്കിടന്നിരുന്നതു ഹിരണ്മയിയും സോദരി കമലാവതിയും ആണു്. ഹിരണ്മയിയാണു് കരഞ്ഞിരുന്നതു്. ആ കരച്ചിലോടുകൂടി മറേറതോ ഒരുത്തി പൊട്ടിച്ചിരിച്ച കലകലശബ്ദവും കേട്ടു. ചിരിച്ചതു ഭ്രാന്തത്തി. ആശ്ചര്യത്തോടാശ്ചര്യം!

അജയൻ ആ മുറിയുടെ വാതിലിന്നരികെ ചെന്നുനിന്നു, 'കമലാവതി! എന്താ പേടിച്ചോ?' എന്നു ചോദിച്ചു.

കമലാവതി—ജ്യേഷ്ഠ! വേഗം വരൂ! ഹിരണ്മയി സ്വപ്നംകണ്ടു പേടിച്ചു വിറയ്ക്കുന്നു.

അജയൻ അകത്തുകടന്നു നോക്കി. ഹിരണ്മയി കമലാവതിയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു തല അവളുടെ മാറോടണച്ചു കരഞ്ഞുകൊണ്ടിരിക്കുന്നു. അവളുടെ നീണ്ടുനിവർന്ന ലളിതകളേബരം ഇളംകാറേററ മാധവീലതപോലെ കുറഞ്ഞൊന്നു കമ്പിതമായിക്കൊണ്ടിരുന്നു.

അജയൻ "ഹിരണ്മേ! ഇതെന്തുകഥ?" എന്നു ചോദിച്ചു. ഹിരണ്മയി നനഞ്ഞ നീലകമലംപോലെയുള്ള നീണ്ട നേത്രംകൊണ്ടു പ്രണയപേശലമായൊന്നു നോക്കി. അതുകൊണ്ടുതന്നെ പൂർണ്ണസുഖാനുഭൂതിയായതുപോലെ "അജയ! വാസ്തവത്തിൽ നിങ്ങൾ അക്ബർഷായോടുകൂടി ആഗ്രായിലേയ്ക്കു പുറപ്പെടുവാൻ സമ്മതിച്ചുവോ?" എന്നു ചോദിച്ചു.

അജയൻ നൈരാശ്യവും വിഷാദവുംഇടകലൎന്നു് ഇളകിപ്പുറപ്പെട്ട ഹിരണ്മയിയുടെ സ്വരം ഇങ്ങനെ സമ്മോഹനമായി മറെറാരിക്കലും കേട്ടിട്ടില്ലായിരുന്നു; ഭാവനാമയമായിരുന്നെങ്കിലും പ്രേമകോമളമായും, വിഷാദകലുഷിതമായിരുന്നെങ്കിലും അമൃതകലിതമായും ഇരുന്ന ഇങ്ങനെയുള്ള കടാക്ഷങ്ങൾ ഇതിനുമുമ്പു കണ്ടിട്ടില്ലായിരുന്നു. ഹിരണ്മയിയുടെ ചോദ്യത്തിനു്, 'ഹിരണ്മേ! നിന്നോടാരാണിതു പറഞ്ഞതു്?' എന്നുമാത്രമായിരുന്നു അജയന്റെ ഉത്തരം.

ഹിരണ്മയി അതേ കണ്ഠത്തോടും അതേ കടാക്ഷത്തോടുംകൂടി ഇങ്ങനെ തുടൎന്നു:—നാമിരുവരും പത്തുവർഷംമുമ്പു് ഒരു ദിവസം വൈകുന്നേരം നദീതീരത്തുവെച്ചു് ഒരു ഭ്രാന്തത്തിയെ ക്കാണുകയുണ്ടായല്ലോ. ഞാൻ കിടന്നുറങ്ങുമ്പോൾ അവൾ മുറിയ്ക്കുള്ളിൽവന്നു് എന്റെ ചെവിട്ടിൽ 'നിന്നെ ഇനി ആരുണ്ടു് രക്ഷിക്കാൻ? നിന്റെ ഗതി എന്തു്? നാളെക്കാലത്തു നിന്റെ അജയൻ അക്ബർഷാ ഒന്നിച്ചു് ഉദയപുരം വിട്ടുപോകും; തിരിച്ചുവരില്ല. ഇനി നിന്നെ നോക്കുന്നതാരാണു്?" എന്നു പറഞ്ഞു. ഞാൻ പേടിച്ചു് നിലവിളിച്ചു; ഭ്രാന്തത്തി ഉറക്കെച്ചിരിച്ചു് ഇരുട്ടത്തു എവിടേയ്ക്കോ ഓടിപ്പോയി.

അജയൻ ഒന്നു നടുങ്ങി. എങ്ങനെയാണു്, എന്തുപറഞ്ഞാണു് സമാധാനപ്പെടുത്തേണ്ടതെന്നു തോന്നാതെ അയാൾ

നിർന്നിമേഷനായി ആ മോഹനവിഗ്രഹത്തെ നോക്കിക്കൊണ്ടു തന്നെ നിന്നു. കണ്ണീർനിറഞ്ഞു കാഴ്ച മങ്ങി. അജയൻ മുഖം തിരിച്ചു് "കമലാവതി! ഹിരണ്മയിയെ നീതന്നെ സമാധാനപ്പെടുത്തു! ഭയപ്പെടാനൊന്നുമില്ല. ഞാൻ ആഗ്രായിൽനിന്നു് ഉടനേ തിരിച്ചുവരും" എന്നുപറഞ്ഞു ഹിരണ്മയിയെ "കണ്ണീർവീഴ്ത്തു മുടൻ നിറഞ്ഞിട്ടുമതിൻ മദ്ധ്യത്തിലീക്ഷിച്ചു്" അജയൻ അവിടെനിന്നു് ഒരുവിധം തെററി കിടപ്പുമുറിയിൽ പ്രവേശിച്ചു തന്നെത്താൻ ഇതെന്തു്, വെറും സ്വപ്നമോ? ഈശ്വര! ഈ മനുഷ്യജീവിതംതന്നെ ഒരു ദീർഘസ്വപ്നമല്ലേ? എന്നു് ആശ്ചര്യപ്പെട്ടു.

---

## അഞ്ചാം അദ്ധ്യായം

---

### മായാപടം

ദില്ലിയിൽ സെലിംയുവരാജാവു് ഉദ്യാനഗൃഹത്തിലെ ഒരു മുറിയിൽ അബുൾഫാസലിൻെറ അനൌരസപുത്രനായ സഖായതാലി എന്ന സ്നേഹിതനോടുകൂടിച്ചേർന്നു മദ്യപാനംചെയ്തുകൊണ്ടിരിക്കുന്നു. പാത്രം നിറയേ ഉണ്ടായിരുന്ന മദ്യം മുഴുവൻ ഒരൊററവലിക്കു കുടിച്ചുതീർത്തു് സെലിം "സഖായത്തു്! ഇനിയും കാലവിളംബം ചെയ്യുന്നതു ശരിയല്ല. അച്ഛൻെറ അവിവേകത്താൽ ദില്ലീസിംഹാസനം അധികം താമസിയാതെ ഹിന്ദുക്കളുടെ അധികാരത്തിലാവും" എന്നു വിഷാദിച്ചു.

മദ്യപാനത്തിൽ സഖായതനു് തഴക്കവും പഴക്കവുംകിട്ടീട്ടില്ലായിരുന്നു. ഇന്നത്തെ കുടികൊണ്ടു് അവനു തലയ്ക്കു് നല്ല ലഹരി പിടിച്ചു. അവൻ, എന്തു്? അങ്ങനെ വരുമോ? ദില്ലിസിംഹാസനത്തിൽ ഒരു കാഫർ കയറി ഇരിക്കുന്നതു ജീവനുള്ള കാലത്തോളം കണ്ടു സഹിക്കുമോ? എന്നു വീര്യമിളക്കി.

സെലിം:—എന്താ അങ്ങനെ വന്നുകൂടാൻ പാടില്ലെന്നുണ്ടോ? കാഫർ മാനസിംഹനു വൈരം വർദ്ധിച്ചിരിക്കയാണെന്നു് അറിയില്ലേ? അവർ അവൻെറ ഉടപ്പിറന്നവളുടെ മകനായ നിർബ്ബോധചന്ദ്രുവിനെ സിംഹാസനത്തിൽ ഇരുത്തുവാൻ വേണ്ടി പല അടിക്കൈകളും അഴിമതികളും ചെയ്തുവരികയാണു്.

സഹായതൻ:— അങ്ങു് ഒന്നു കല്പിച്ചാൽ മതി. ആ പാപിയുടെ തല ഞാൻ കൊണ്ടുവന്നു കാല്ക്കൽ കാഴ്ചവെയ്ക്കാം.

സെലിം:—കേൾക്കു, കഴിഞ്ഞില്ല. എന്തു വിസ്മയം? അഹമ്മദു നഗരത്തിലെ പടയ്ക്കു് ഒന്നും തിരിയാത്ത മീശയുംകൂടി മുളച്ചിട്ടില്ലാത്ത—ഒരു രജപുത്രച്ചെറുക്കനെ പടനായകനായി അയച്ചിരിക്കുന്നു! എനിക്കു് ആ പടയ്ക്കു പോകണമെന്നു വളരെ താല്പര്യമുണ്ടായിരുന്നു. അച്ഛനു് അതു സമ്മതമായില്ലപോലും!

സഹാ:—അതു വളരെ നന്നായി എന്നാണു് എനിക്കു തോന്നുന്നതു്. കാട്ടുമൃഗത്തോടു മല്ലിടുന്നതിന്നും മനുഷ്യനോടു പോരാടുന്നതിന്നും വളരെ അന്തരമുണ്ടെന്നു് ആ കാഫർകുട്ടിക്കു മനസ്സിലായ്ക്കൊള്ളും.

സെലിം:—നിൻെറ വാക്കിൻെറ സാരം മനസ്സിലാവുന്നില്ല. രണ്ടു പാത്രം കുടിക്കുമ്പോഴയ്ക്കും ഇങ്ങനെ മത്തുപിടിച്ചാലോ?

സഹാ:—അങ്ങു കേട്ടില്ലെന്നുണ്ടോ? ആ ചെറുക്കൻ പ്രതാപൻെറ മകനാണു്; ഒരു കാട്ടുപോത്തിനോടുകൂടിപ്പോരാടുന്നതുകണ്ടു ചക്രവർത്തി അവൻെറനേരെ വളരെ സന്തോഷപ്പെട്ടിരിക്കയാണു്.

സെലിം:—എന്തു? അവിവേകം! പ്രതാപനോടുകൂടി സന്ധിയായതുകൊണ്ടു് എന്തു പ്രയോജനമാണുണ്ടായതു്? അതു വിവേകമായെന്നു ആരാണു പറയുക? അവസാനം ഗർവ്വിഷ്ഠനായ റാണാ പറയുംപോലെ എല്ലാം സമ്മതിക്കുന്നതായിരുന്നാൽ ഇത്ര പണച്ചെലവും രക്തപാതവും പർവ്വതപ്രദേശത്തിൽ അന്നപാനീയങ്ങളില്ലാതെയുള്ള ദേഹശ്രമവും എന്തിനുവേണ്ടിയായിരുന്നു? എല്ലാം വെറുതെ.

സഖാ: — അതിനെന്തു സന്ദേഹം? അങ്ങ് കാലവിളംബം കൂടാതെ വീണ്ടും മീവാരദേശത്തോട്ടു പോരിനു് പുറപ്പെട്ടുവാൻ വേണ്ടതത്രക്ക ഉപായമൊക്കെ പ്രവത്തിക്കണം. അതിനുവേണ്ടി എന്നാൽ കഴിയുന്ന സഹായം ഞാനും ചെയ്യാം. പ്രത്യുപകാരമായി ഈ സേവകൻ മറെറാന്നും ആവശ്യപ്പെടുന്നില്ല. ഒരേ ഒരു അപേക്ഷ.

പ്രകൃത്യാതന്നെ ഒരു ചപലൻ, പോരെങ്കിൽ മദ്യപാനം കൊണ്ടു മത്തുപിടിച്ച തലച്ചോറു്, 'വാനരസ്യ സുരാപാനം' എന്ന നിലതന്നെ. സഖായതാലിഖാൻ സെലിമിൻെറ കാല്ക്കൽവീണു കാൽ രണ്ടും പിടിച്ചു് * ജഹാംഫാന! അങ്ങു മനസ്സുവെച്ചാൽ മീവാരയുദ്ധത്തിൽ പ്രയാസംകൂടാതെ ജയിച്ചുവരാം. ഞാൻ ജീവനിൽ കൊതികൂടാതെ യഥാശക്തി ശ്രമിക്കും. അതിനു പ്രത്യുപകാരമായി അങ്ങ് ഒരുകാര്യം ദയചെയ്തു സാധിപ്പിച്ചുതരണം. കല്പിച്ചാൽ അതു് ഉണത്തിക്കാം.

സെലിം: — സംഗതി എന്താണു്? പറഞ്ഞുകൂടെ? ഇത്ര മുഖവുരയും ചൊല്ലിയാട്ടവും വേണോ?

സഖായ: — ഇതു് ശ്രദ്ധിച്ചുകേൾക്കണം. അങ്ങയുടെ ഈ സേവകനു പണ്ടത്തെപ്പോലെ ആരോഗ്യമില്ല. അത്ര ബലമില്ല, ചൊടിയില്ല, ദേഹം ദിവസംതോറും കൃശമായ്ക്കൊണ്ടുവരുന്നു. ജീവിതംതന്നെ ഒരു മഹാഭാരമായ്ത്തീന്നിരിക്കുന്നു. കാരണം മറെറാന്നുമല്ല. ചിന്ത! അഗാധമായ ചിന്ത! ചിന്തയും ചിതയും ഒരുപോലെയാണല്ലോ ദേഹം ദഹിക്കുവാൻ.

സെലിം: — എന്തു ചിന്ത?

സഖാ: എന്തു ചിന്തയാണെന്നോ? ഹാ പ്രേമചിന്ത ആ ഉഡുരാജമുഖിയുടെ, ആ മൃഗരാജകടിയുടെ ചിന്ത! എന്തിനു മറച്ചുവെയ്ക്കുന്നു; തുറന്നു പറയാം. കേൾക്കണം. ഇന്നേക്കു രണ്ടുമാസത്തോളമായി, ചക്രവത്തി ഒന്നിച്ചു ഞാൻ ഉദയപുരത്തേക്കു പോയിരുന്നു. നായാട്ടിനുപോയി രാത്രി ഞങ്ങളൊക്കെ തിരിച്ചുവന്നു. കൊട്ടാരത്തിൻെറ അരികെ വന്നു

* ചക്രവത്തി.

നിന്ന ഉടനെ—ഹാ! ഹാ, ഞാൻ എങ്ങനെ പറയട്ടെ, മാളികമുകളിൽനിന്ന് ആ സുന്ദരി—ആ സുരസുന്ദരി ഒരു പൂമാല എൻെറ കഴുത്തിലേക്കായിട്ടു. അന്നുമുതൽക്കു് ഒരു ചിന്ത തീരാവ്യാധിപോലെ പിടികൂടി. രണ്ടുമാസത്തിനുള്ളിൽ അതു ജ്വലിച്ചു് ശരീരമെല്ലാം ദഹിച്ചു. അങ്ങനെ ഒരു മനോമോഹിനി ഈ ഭുവനത്തിലുള്ളതായി ഞാൻ സ്വപ്നത്തിൽകൂടി കണ്ടിട്ടില്ല. ഞാൻ മഹാ അധമൻ, വെറും തൃണം! അല്ലെങ്കിൽ ഈ രത്നം ഇതുവരെ എനിക്കു കിട്ടാതിരിക്കുമോ? ലഭിക്കാൻ പ്രയാസമാണെങ്കിൽ, അതിനു വേണ്ടി പ്രാണപരിത്യാഗം ചെയ്യാതിരിക്കുമോ? രണ്ടുമാസമായി എനിക്കു യാതൊരു പ്രവൃത്തിയും ചെയ്യാൻ വയ്യാതെയായിരിക്കുന്നു. എൻെറ വാൾ കൊണ്ടുപോയി ചുട്ടുകളയണം. എൻെറ ജന്മംതന്നെ വ്യർത്ഥം!

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നതിന്മദ്ധ്യേ മധുമത്തനായ സഹായതൻ സെലിമിൻെറ കാൽപിടിച്ചു കരയാൻ തുടങ്ങി. സെലിം പൊട്ടിച്ചിരിച്ചു് "ആ സുന്ദരി ഏതാണെടോ!" എന്നായി.

സഹാ:—ഹാ! ഞാനെങ്ങനെപറയട്ടെ? അങ്ങു് പ്രതാപസിംഹനോടുകൂടി അങ്കത്തിന് ആരംഭിച്ചാൽ എല്ലാം സ്പഷ്ടമായി അറിയാറാവും. ഞാൻ ചന്ദ്രമുഖിയെ, കനകലതയെ, ഒരൊററനോക്കുകൊണ്ടു മനസ്സിലാക്കി. യുവരാജാവേ, യുദ്ധം തുടങ്ങിയാൽ ഞാൻ ജീവിതാശ വിട്ടു സഹായിക്കാം. അങ്ങു് ജയിക്കുമെന്നുള്ളതിന്നു സംശയമേയില്ല. 'പ്രാണനേക്കാൾ മാനം വലുതു്.' ആ സുന്ദരിയെ എനിക്കു് അങ്ങു് കല്യാണം കഴിപ്പിച്ചുതരണം. കല്പിച്ചാൽ ഇനി ഒരു പാത്രം കൂടി ആവാം.

സന്ധ്യയിലെ മൃദുവായ അന്ധകാരത്തിൽ ജന്നലിന്നരികെ കീറിയ മുണ്ടും പാറിയ മുടിയും മേലാസകലം വെണ്ണീറും ഇങ്ങനെ വേഷംപൂണ്ട ഒരു ഭ്രാന്തസ്ത്രീ അവരുടെ സംഭാഷണം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നു.

സെലിം:—സഹായത! നീ ബഹു വഷളൻ, നെഞ്ഞൂക്കില്ലാത്തവൻ, വിഡ്ഢി. അല്ലെങ്കിൽ ഒരു കാഫർ. കാമിനിമൂലം

കലഹത്തിന്നു പുറപ്പെട്ടുവാൻ ഉത്സാഹിപ്പിക്കുമോ?' എന്നു ചോദിച്ചു. സഹായതൻ കുപ്പി നിലത്തെറിഞ്ഞു കരഞ്ഞുകൊണ്ടു് "യുവരാജാവേ, അങ്ങു് എന്താണു് അരുളിച്ചെയ്തതു്? സാധാരണ ഒരു കാപ്പർസ്ത്രീയോ? കഷ്ടം! എന്റെ നിർഭാഗ്യം. ആ ഭുവനമോഹിനിയെ സാധാരണ ഒരു കാപ്പർസ്ത്രീയെന്നാണോ അങ്ങു പറഞ്ഞതു്? രണ്ടുമാസത്തോളമായി എന്റെ മനസ്സിൽ കത്തിയെരിയുന്ന ഈ താപം തുറന്നു പറഞ്ഞതിൽ അങ്ങു് സഹതപിക്കാതെ സാധാരണ ഒരു കാപ്പർസ്ത്രീ എന്നാണോ പറഞ്ഞതു്; ഇങ്ങനെ ജീവിച്ചിരുന്നിട്ടു പ്രയോജനമൊന്നുമില്ല. ഇതാ ഞാൻ പോകുന്നു അങ്ങയുടെ പാനപാത്രം — അങ്ങയുടെ സ്വർണ്ണക്കുപ്പി ഇതാ അങ്ങയുടെ കൈയിൽതന്നെ ഇരിക്കട്ടെ. ഇന്നുമുതൽക്കു് ഞാൻ ഒറ്റയ്ക്കിരുന്നു് ഇഷ്ടംപോലെ കുടിച്ചു മദിച്ചോളാം. ഈ ഗുലാം അവിടുത്തെ കാണുന്നതു് ഇതോടുകൂടി അവസാനിച്ചു" എന്നു പറഞ്ഞു് പ്രകൃത്യാ നീചാശയനായ സഹായതൻ നീരസത്തോടെ അവിടെനിന്നു് എഴുന്നേറ്റു് തിട്ടുക്കപ്പെട്ടു നടന്നു പോകുന്നവഴിക്കു ജന്നലിന്നരികേ നില്ക്കുന്ന ഉന്മാദിനിയെക്കണ്ടു ഉടനെ കിടുകിട വിറച്ചു് ഉറക്കെ നിലവിളിച്ചു് "യുവരാജാവേ, ഇവിടെ എന്തോ ഒന്നു്, വരണേ! ഒരു പിശാചോ, പ്രേതമോ നില്ക്കുന്നു" എന്നു പറഞ്ഞു.

ഉന്മാദിനി മെല്ലെമെല്ലെ അടുത്തടുത്തുവരുന്നതുകണ്ടു സഹായതൻ ആപാദചൂഡം അരയാലിലപോലെ വിറച്ചു സെലിമിന്റെ അടുക്കലേക്കു് ഓടി 'തിരുമനസ്സുകൊണ്ടു് എന്റെ പ്രാണനെ രക്ഷിക്കണേ! എന്നെ ആ ഭൂതം ഇതാ പിടിക്കാൻ വരുന്നു' എന്നു നിലവിളിച്ചു.

സെലിം:—'പേടിക്കേണ്ട! വഷള! അതു പിശാചല്ല. പ്രേതവും അല്ല.'

ഉന്മാദിനി:—ശരി! പിശാചുമല്ല, പ്രേതവുമല്ല! ഭ്രാന്തത്തി! പ്രേതവും ഭൂതവും ഇരുട്ടത്തു് ഒളിച്ചുനിന്നു നിങ്ങളുടെ പ്രേമസല്ലാപം കേൾക്കുമോ? പ്രേതം ഉണ്ടോ ഈ ദേവകന്യകയുടെ പടം ഉടുപ്പിനുള്ളിൽവെച്ചു ദേശദേശാന്തരം അലഞ്ഞു നടക്കുന്നു? ഇതു നോക്കു! പ്രേതം ഒരു സുന്ദരിയുടെ പടം ഇത്ര ചന്തത്തിൽ വരയ്ക്കുമോ? ഈ ചിത്രം ആരുടെയാണു്, നോക്കു! ഇങ്ങനെ പറഞ്ഞു് ഉന്മാദിനി മടിയിൽനിന്നു് ഒരു ചി

ത്രപടം എടുത്തു സെലിമിൻെറ മുമ്പിലേക്കിട്ടു. സെലിം, അതെടുത്തു വിസ്മിതനേത്രനായി നോക്കി. അസാധാരണ സൌന്ദൎയ്യധോരണിയുള്ള ഒരു രമണിയുടെ ചിത്രമായിരുന്നു അതു്. സഖായതൻ അതു സെലിമിൻെറ കയ്യിൽനിന്നു വലിച്ചെടുത്തു നോക്കി. "ഇതെന്തു കഥ! യുവരാജാവേ! ഇതുതന്നെ ആ സുമുഖി. ഏതു സൗന്ദൎയ്യവഹ്നിയിൽ എൻെറ ഹൃദയം ചുട്ടപാമ്പലായിക്കൊണ്ടിരിക്കുന്നു, അതേ സൌന്ദൎയ്യരാശിയാണു് ഇതു്. അതേ കവിൾത്തടങ്ങൾ, അതേ കണ്ണുകൾ — ഹേ പ്രേതമേ, നിനക്കു് ഇതെവിടുന്നു കിട്ടി?" എന്നു ചോദിച്ചു. യുവരാജാവു് ഗംഭീരസ്വരത്തിൽ, "എന്നോടു് നേരു പറക, ഇതാരുടെ പട ?"

ഉന്മാ:—അതേ, ആ രാക്ഷസി താരാബായിയുടെ മകൾ ഹിരണ്മയിയുടെ പടം. അവളുടെ പാൎശ്വത്തിൽ കാണുന്നതു പ്രതാപസിംഹൻെറ മകൻ അജയസിംഹൻ അവൾ അവൻെറ ഭാൎയ്യയാകുവാൻ പോകുന്നുപോലും! ഹാ! അതു് ആലോചിക്കുമ്പോൾ എൻെറ ഹൃദയം പിളരുന്നു. അവൾ അതു തീൎച്ചപ്പെടുത്തിക്കൊണ്ടിരിക്കയാണു്. അവളുടെ ഇഷ്ടം സാധിക്കുമെന്നുവരുമോ?

7531

സെലിം:—ഒരിക്കലും സാധിക്കയില്ല. നീ ആക്കാൎയ്യത്തെക്കുറിച്ചു ചിന്തിച്ചു ക്ലേശിക്കേണ്ട. ഈ ചിത്രത്തിൽ വരച്ചിരിക്കുന്നതുപോലെ അത്ര ജഗന്മോഹിനിയാണവളെങ്കിൽ, ആ ക്ഷത്രിയബാലനെ ഒരിക്കലും വരിക്കാനിടവരില്ല. ആ യുവതി ഒരിക്കൽ സെലിമിൻെറ അങ്കത്തിന്നു് അലങ്കാരമായിത്തീരും.

ഉന്മാദിനി:—കാണാമല്ലോ, അവളുടെ ഇഷ്ടമോ ഈ പ്രതിജ്ഞയോ ഏതാണു് നിറവേറുക എന്നു പിന്നീടു് അറിയാം. ഞാൻ ഇനിയൊരിക്കൽ വന്നു കണ്ടുകൊള്ളാം.

ഇപ്രകാരം ജല്പിച്ചു് ഉന്മാദിനി അവിടെനിന്നു് തിരിച്ചു. സെലിം ഒരു പരിചാരകനോടു്, "നീ ഈ ഭ്രാന്തത്തിയുടെ പിന്നാലെ പോ. അവൾ പോകുന്ന വഴിയും പാൎക്കുന്ന ഇടവും എല്ലാം അറിഞ്ഞു വാ. നാളെ നീ അവളെ ഈ സമയത്തു് ഇവിടെ കൂട്ടിക്കൊണ്ടുവരികയും വേണം. എല്ലാം ജാഗ്രതയായി

രിക്കണം" എന്നു കല്പിച്ചയച്ചു. ചങ്ങാതിയോടു്, "സഹായത! ഒരു പാത്രംകൂടി നിറച്ചു് ഒഴിച്ചുതരൂ" എന്നു് ആവശ്യപ്പെട്ടു.

ഉന്മാദിനി മെല്ലെ ആടിപ്പാടി ദില്ലിയുടെ ദക്ഷിണപാർശ്വത്തിൽ പ്രവഹിക്കുന്ന യമുനാനദിയുടെ തീരത്തിലുള്ള വിജനകാനനത്തിൽ പ്രവേശിച്ചു. അവിടെ നൂറു പെൺകിടാങ്ങൾ ഒന്നിച്ചുകൂടി ഇരിക്കുന്നുണ്ടായിരുന്നു. അവരെല്ലാം സൗന്ദര്യവതികളായ യുവതികൾ. ഉന്മാദിനിയെക്കണ്ടു ഉടനെ നൂറുപേരും പെട്ടെന്നു് എഴുന്നേററുനിന്നു.

ജനശൂന്യമായ ആ വനപ്രദേശത്തു് രത്നഖചിതമായ ഒരു വിചിത്രസിംഹാസനം ഇട്ടിരുന്നു. അതിന്റെ ഉപരിഭാഗത്തു് വൃക്ഷശാഖകളിൽ പട്ടുമേലാപ്പു കെട്ടിയിരുന്നു. അവരിൽ ചിലർ ഉന്മാദിനീവേഷം ധരിച്ചിരുന്ന ആ യുവതിയുടെ സുന്ദരശരീരത്തിൽ വേറെ ഉടുപ്പു ധരിപ്പിച്ചു് അലങ്കാരങ്ങളണിയിച്ചു് മോടിപിടിപ്പിച്ചു. രണ്ടുപേർ പൊൻപിടിയുള്ള വെൺചാമരം പിടിച്ചു് വീശി. ഉന്മാദിനി കുറച്ചുനേരം സിംഹാസനത്തിലിരുന്നു വിശ്രമിച്ചശേഷം പാർശ്വവർത്തിനിയായ ഒരു യുവതിയോടു് "സഖീ ആ രാക്ഷസിയുടെ മകളുടെ മനോമോഹനമായ രൂപത്തിൽ മദ്യപാനമത്തനായ സെലിമിനു് മനമിളകിത്തീർന്നിട്ടാണു ഞാൻ വരുന്നതു്. നീ വീണ്ടും ഈ ഉടുപ്പു ധരിപ്പിച്ചതെന്തിനു്? എന്റെ മനസ്സിലെ വൈരജ്വാല കെട്ടുവെണ്ണീറാവുന്നതുവരെ ഈ മോടിയും ധാടിയും ഒന്നും എനിക്കു വേണ്ട. എന്റെ കാര്യസ്ഥിതിക്കു യോജിച്ച ഉന്മാദിനിയുടെ ഉടുപ്പും നടപ്പുംതന്നെമതി" എന്നുപറഞ്ഞു് ഒന്നു ചിരിച്ചു.

---

## ആറാം അദ്ധ്യായം

### നവസേനാപതി

ആഗ്രായിൽ നവരത്നത്തിലെ ആസ്ഥാനമണ്ഡപത്തിൽ ചക്രവത്തിയുടെ മുമ്പിൽ അജയസിംഹൻമാത്രം ഇരിക്കുന്നുണ്ടു്. അക്ബർ അല്പനേരം ആലോചിച്ച്, "അജയ! അതു് എങ്ങനെയെങ്കിലും ആകട്ടെ, ഈ വത്തമാനം വാസ്തവമെന്നു് വിശ്വസിക്കാമോ? ദക്ഷിണദേശത്തിൽ അത്രമാത്രം സൈന്യങ്ങൾ—സഹസ്രാധികം വീരയോദ്ധാക്കൾ ഉണ്ടായിട്ടും യുദ്ധഭാരമെല്ലാം ഒരു അന്തഃപുരനാരി ഒടുവിൽ വഹിച്ചുവെന്നു് വരാവുന്നതാണോ?" എന്നു ചോദിച്ചു.

അജയൻ:—അങ്ങു് അതു് അസംഭാവ്യമെന്നും അസ്വാഭാവികമെന്നും ധരിച്ചിരിക്കുന്നതു് കാണുമ്പോൾ എനിക്കു് ആശ്ചര്യം തോന്നുന്നു. ഭാരതീയസ്ത്രീകളുടെ അളവററ ദേശാഭിമാനവും അന്യാദൃശമായ വീരത്വവും അങ്ങു് അറിയില്ലേ? രാജസ്ഥാനത്തിലെ ഓരോ അന്തഃപുരത്തിലും ഓരോ ഹിന്ദുസ്ത്രീകളുടെ മുഖമണ്ഡലത്തിലും ക്ഷാത്രലക്ഷ്മിയുടെ സജീവമായ ഛായ അങ്കിതമായിരിക്കുന്നതു് അങ്ങയുടെ ദൃഷ്ടിയിൽ പെട്ടിട്ടില്ലേ? ഹിന്ദുവനിതകളുടെ വിസ്മയകരമായ വീര്യശൌര്യങ്ങൾ ഭാരതഭൂമിയുടെ ചരിത്രത്തിൽ കനകലിപിയിൽ രേഖപ്പെടുത്തിവെച്ചിട്ടില്ലേ?

അക്ബർ:—(ചിരിച്ചു്) എന്നാൽ, ഈ യുദ്ധഭാരം വഹിച്ചിരിക്കുന്നതു് ഒരു മുസൽമാൻസ്ത്രീയാണെന്നറിയുന്നു; ഹിന്ദുസ്ത്രീയല്ല!

അജയൻ:—മുസൽമാൻസ്ത്രീതന്നെയാകട്ടെ! എങ്കിലും ഭാരതഭൂമിയുടെ സന്താനമാണല്ലോ. ചന്ദനവനത്തിൽ ദേവദാരു മുളച്ചുവളന്നാലും അതിനു് ചന്ദനത്തിൻെറ വാസന ഉണ്ടാകും!

അക്ബർ:—അങ്ങിനെയാണെങ്കിൽ നിങ്ങളുടെ അഭിപ്രായത്തിൽ മുസൽമാൻസ്ത്രീകൾ ഒരുപോലെഗുണങ്ങളിലും ഹിന്ദുസ്ത്രീക

ളോട്ട കിടപിടിക്കത്തക്കവരാണെന്നു തോന്നുന്നു. ഇതു നിങ്ങളുടെ മുഖത്തുനിന്നു കേൾക്കുവാൻതന്നെയാണ് ഞാൻ ഈ സംഗതി പ്രസ്താവിച്ചതു്. ഹിന്ദുക്കളും മുസൽമാന്മാരും പരസ്പരവിവാഹബന്ധംകൊണ്ടു് സങ്കലിതരാകാതെ ഇരിക്കുന്നകാലംവരെ, ഇരുജാതികളും ഐക്യം ഉണ്ടായിത്തീരുന്നതല്ലെന്നു് ഭാരതമംഗളകാംക്ഷികളായ ആരും സമ്മതിക്കുന്ന സംഗതിയാണ്. രണ്ടുക്കൂട്ടരും ഇങ്ങനെ കലന്നു് ഒരു മാല്യത്തിൽ തൊടുത്ത പുഷ്പങ്ങളായിത്തീരാതിരുന്നാൽ ഇന്ത്യാസാമ്രാജ്യത്തിൻെറ അടിസ്ഥാനം ഒരിക്കലും ഉറക്കും ഉറപ്പും ഉള്ളതായിത്തീരുകയില്ല.

അജയൻ: പക്ഷേ, എതുകാലംവരെ മൊഗൾചക്രവത്തി മാത്രം ഭാരതസിംഹാസനത്തിൽ സ്ഥിതിചെയ്തു് വിസ്തീർണ്ണമായ ഈ സാമ്രാജ്യം ഏകച്ഛത്രാധിപത്യത്തിൽ ഭരിക്കുന്നവോ, അതുവരെ മുസൽമാന്മാരെ പരദ്രവ്യാപഹാരികളെന്നു് ഹിന്ദുക്കൾ പിറുപിറുപ്പോടുകൂടി ആക്ഷേപിക്കാതിരിക്കയില്ല.

അക്ബർ:—ഭാരതഖണ്ഡത്തിൽ മുസൽമാൻമാത്രം ഏകാധിപത്യം നടത്തണമെന്നു് എനിക്കാഗ്രഹമില്ല. അതു കരുതിയാണ്, നിങ്ങളുടെ അച്ഛൻെറ അനുമതിപ്രകാരം മൊഗൾചക്രവത്തിയുടെ മകളെ ക്ഷത്രിയവീരനായ അജയസിംഹന് വിവാഹം ചെയ്തുകൊടുത്തു്, ഹിന്ദുക്കളോടോ മുസൽമാൻമാരോടോ അക്ബർ പക്ഷപാതരഹിതനാണെന്നു് പ്രത്യക്ഷപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നതു്.

അജയൻ: – പ്രഭോ! അച്ഛൻ അനുവദിച്ചാലും അങ്ങയുടെ ഈ അഭിലാഷം സാധിക്കാവുന്ന ഒന്നല്ല.

അക്ബർ: – നിങ്ങളും ഹിരണ്മയിയും തമ്മിലുള്ള വിവാഹബന്ധത്തിന്നു് പ്രതാപസിംഹൻ അനുകൂലിക്കാതിരുന്നാലോ?

അക്ബർ നോക്കിക്കൊണ്ടിരിക്കെ, അജയസിംഹൻെറ മുഖം ചുവന്നു; അനന്തരം പാണ്ഡുരവൎണ്ണമായി; ദേഹമാസകലം സൂചികുത്തിയപോലെ ഒന്നു നടുങ്ങി. അജയൻ അക്ബറെ വിമൂഢദൃഷ്ടിയാൽ നോക്കി, രണ്ടു കൈകൊണ്ടും മുഖംപൊത്തി. അക്ബറുടെ നിസർഗ്ഗഗംഭീരമായ മുഖത്തു് പതിന്മടങ്ങു ഗാംഭീ

സ്ത്രം സ്ഫുരിച്ചു. ചക്രവത്തി, "അജയ! നിങ്ങളെ ഞാൻ മകനെപ്പോലെയാണ ഭാവിച്ചുവരുന്നതെന്ന വിസ്മരിച്ചുപോയതായി തോന്നുന്നു. കേവലം സ്വാത്ഥപരനായി എന്റെ ആഗ്രഹനിവൃത്തിക്കുവേണ്ടി നിങ്ങളുടെ ഭാവിസുഖം ഇല്ലായ്മചെയ്യുന്ന ഒരുവനാണ ഞാനെന്നു വിചാരിച്ചുപോകരുതു്. ഞാനും നിങ്ങളെപ്പോലെ ഒരുകാലത്തു യുവാവുതന്നെയായിരുന്നു. അക്ബറുടെ ഗംഭീരഹൃദയത്തിലും പ്രേമം തടുക്കാൻപാടില്ലാത്തവിധത്തിൽ പാഞ്ഞൊഴുകിക്കൊണ്ടിരുന്നു. നിങ്ങളുടെ അന്തഗ്ഗതം എനിക്കു നല്ലപോലെ മനസ്സിലായി; പറഞ്ഞറിയിക്കണമെന്നില്ല. ഞാൻ—"എന്തോ ഡില്ലിയിൽനിന്നു് ഒരു ദൂതൻ വരുന്നുണ്ടു്" എന്നു പറഞ്ഞു് എഴുന്നേററു് അടുത്തടുത്തു വന്നുകൊണ്ടിരിക്കുന്ന ആ അശ്വാരൂഢനെ നോക്കി മുൻകൂട്ടി പറഞ്ഞു:— "ആ അവിവേകി, സെലിം ഡില്ലിദുഗ്ഗം ചുട്ടു വെണ്ണീറാക്കിക്കളഞ്ഞെന്നു തോന്നുന്നു. അഥവാ മാനസിംഹന്റെ വെള്ളത്താടി"—പറഞ്ഞുതീരുന്നതിനുമുമ്പു് ആ ദൂതൻ അടുത്തുവന്നു് നിലംതൊട്ടു സലാംചെയ്തു വണങ്ങിനിന്നു. ചക്രവത്തി, "എന്താണ വിശേഷം? വേഗം പറയൂ!" എന്നു കല്പിച്ചു.

ദൂതൻ വീണ്ടും നിലംതൊട്ടു സലാംചെയ്തു ചക്രവത്തിയുടെ പാദസന്നിധിയിൽ ഒരെഴുത്തു വെച്ചുകൊടുത്തു് കല്പനയുംകാത്തുകൊണ്ടുനിന്നു. അക്ബർ കത്തു് മറിച്ചും തിരിച്ചും കുറച്ചുനേരം നോക്കി, പിന്നെ പൊട്ടിച്ചു് വായിച്ചു. അജയൻ നോക്കിക്കൊണ്ടിരിക്കെ, അക്ബറുടെ വിശാലമായ ഫാലാടം വിഷാദരേഖകളാൽ കുഞ്ചിതമായി; കണ്ണടച്ചു് തന്നെത്താൻ, "രജപുത്രസ്ത്രീ—സഹായതാലീ ഉദയപുരത്തെ സന്ധി" എന്നു പറഞ്ഞുകൊണ്ടു് അജയനെ ഒന്നു് ഉററുനോക്കി. എഴുത്തു തുണ്ടുതുണ്ടാക്കിക്കീറി, "ആലംഷേർ" എന്നു് ഉറക്കെ വിളിച്ചു. അശ്വരക്ഷകനായ ആലംഷേർ ഓടിവന്നു് വണങ്ങിനിന്നു. ചക്രവത്തി: "കൂട്ടത്തിൽ വേഗമേറിയ കുതിരയെ ക്ഷണത്തിൽ കോപ്പിട്ടുകൊണ്ടുവാ" എന്നു് ആജ്ഞാപിച്ചു് ആ സന്ദേശഹാരിയോടും, "നിന്റെ ജോലികഴിഞ്ഞാൽ പൊയ്ക്കൊൾക" എന്നു കല്പിക്കുകയുംചെയ്തു.

ആലംഷേരും ദൂതനും അവിടെനിന്നു പോയി. അക്ബർ അജയസിംഹന്റെ കൈപിടിച്ചു്, "പ്രിയ അജയസിംഹ! അഹമ്മദനഗരത്തിലെ യുദ്ധഭാരം നിങ്ങളുടെ കയ്യിൽ സമപ്പി

ച്ചിരിക്കുന്ന ജാഗരൂകനായിരിക്കണം രജപുത്രവീരനെപ്പോലെ, പ്രതാപസിംഹൻെറ മകനെപ്പോലെ അക്ബറുടെ പ്രീതിഭാജനമായ സേനാപതിയായി ഈ ഗൌരവമേറിയ കാര്യം നിർവ്വഹിച്ചുവരണം. ഞാനെപ്പോഴാണു തിരിച്ചുവരികയെന്നു തീർച്ചപറയാൻ തരമില്ല. നിങ്ങൾ നാളെക്കാലത്തു സൈന്യസമേതം പുറപ്പെടുക. സശ്രദ്ധനായിരിക്കണം. നാരീസൈന്യനായികയുടെ പ്രൗഢഗംഭീരഭാവം കണ്ടു് ഒട്ടും ചലിച്ചുപോകരുതു്. അവളുടെ ദീപ്തിമത്തായ ദൃഷ്ടികൾകണ്ടു് പരിഭ്രമിക്കയും വേണ്ട അതിന്നു സംഭാവനയായി ഞാൻ മുമ്പു പറഞ്ഞിരുന്നതുപോലെ, "മീവാരസുന്ദരി ഹിരണ്മയി" എന്നു പറഞ്ഞു സിദ്ധമായി നിന്നിരുന്ന കുതിരപ്പുറത്തു ചാടിക്കയറി ഓടിച്ചുപോയി. പിന്നാലെ കുതിരച്ചേവകരും പുറപ്പെട്ടു. അവരോടു തിരികെപ്പോകുവാൻ കല്പിച്ചു്, ഏകാകിയായി അക്ബർ വായുവേഗത്തിൽ ഉദയപുരത്തിന്നു നേരേ തിരിച്ചു.

---

## ഏഴാം അദ്ധ്യായം.

---

### ഒരു സാഹസകൃത്യം.

വൈശാഖത്തിലെ രാത്രി കഴിയാറായി. നിശാനാഥൻെറ പ്രേമനാടകത്തിലെ ചരമാങ്കവും അഭിനയിച്ചു് അവസാനിക്കാൻ പോകുന്നു. രംഗഭൂമിയിലെ രമണീയങ്ങളായ ദീപമാലകൾ ഓരോന്നോരോന്നായി മങ്ങിത്തുടങ്ങി. ഹിരണ്മയി ഏകാകിനിയായി പതുക്കെപ്പതുക്കെ ഉദയപുരരാജധാനിയുടെ പാർശ്വത്തിലുള്ള പൂങ്കാവനത്തിൽ വന്നുനില്ക്കുന്നു. അവൾ പ്രതിദിനം അതേസമയത്തു പൂത്തും തളിർത്തും നില്ക്കുന്ന തരുലതകളാൽ പ്രകൃതിസുന്ദരമായ ആ പുഷ്പോദ്യാനത്തിൽ ചെന്നു് പൂവിറുത്തുകൊണ്ടിരിക്കാറുണ്ടു്. അപ്പോഴത്തെ അവളുടെ മുഖമണ്ഡലം വളരെ മലിനമായിരുന്നു. ഇണപിരിഞ്ഞ കപോതിയുടെ സ്ഥി

തിയിലായിരുന്നു ആ സുകുമാരി. അവളുടെ ഹൃദയാകാശത്തിൽ ഉദയാസ്തമയങ്ങൾ കൂടാതെ എപ്പോഴും 'കതിർവീശി വിളങ്ങി നിന്ന വെണ്മതിതാനും സ്മൃതിദൎപ്പണത്തിലായി'ത്തീൎന്നു; ജീവിതം നൈരാശ്യമയമായി തോന്നി. അനന്തരം ഉത്തരീയംകൊണ്ടു് ബാഷ്പകണം തുടച്ചു് ഉന്മുഖിയായി കണ്ണടച്ചു്, "ദേവ! ഭവാനീപതേ! ഞാൻ കണ്ട സ്വപ്നം യഥാൎത്ഥമാണെങ്കിൽ, ഞാൻ എന്തു് വ്രതം അനുഷ്ഠിച്ചാലാണു് അജയനു് ആപത്തിൽനിന്നു് മോചനം ലഭിക്കുക. ഈ അശരണയുടെ നേരേ അവിടുന്നു പ്രസാദിക്കേണമേ" എന്നു പ്രാൎത്ഥിച്ചു.

ആകസ്മികമായി ആകാശം 'ഹര! ഹര!' എന്ന ശബ്ദത്താൽ മുഖരിതമായി. ഹിരണ്മയി കണ്ണുതുറന്നു നോക്കിയപ്പോൾ മുമ്പിൽ കണ്ട ജടാധാരിയും ഭൂതിഭൂഷിതനുമായ യുവയോഗിയുടെ കളേബരം പൂനിലാവോടിടകലൎന്ന പുലർകാലകാന്തിയിൽ പ്രിയദൎശനമായിരുന്നു. ശ്മശ്രുക്കളാലും ജടാജൂടത്താലും ആവൃതമായിരുന്ന ആയാളുടെ മുഖബിംബത്തിൽനിന്നു് അവൎണ്ണ്യമായ ലാവണ്യധോരണി കുതിച്ചുചാടിക്കൊണ്ടിരുന്നു. ജടയുടെ ഇടയിൽക്കൂടി ആ നയനയുഗളം ചണ്ടിയിൽ വിടൎന്ന താമരപ്പൂപോലെ പ്രകാശിച്ചു. സന്യാസി കരുണസ്വരത്തിൽ "വത്സേ! നിന്റെ ഭവിഷ്യത്പതിയായ അജയസിംഹനു് അമംഗളം ഉണ്ടാകുമെന്നുള്ള ആശങ്കകൊണ്ടു ഭയപ്പെട്ടിരിക്കയാണല്ലേ? ഒട്ടും ഭയം വേണ്ട. ദേവാധിദേവനായ ഭവാനീപതി അനൎത്ഥങ്ങളെല്ലാം നിവാരണംചെയ്യും" എന്നു പറഞ്ഞു.

ഹിരണ്മയി നമസ്കരിച്ചു് അഞ്ജലിബന്ധംചെയ്തു്, 'പൂജ്യപാദരേ, അതേ; അജയനു് അമംഗളം ഭവിക്കാൻപോകുന്നുവെന്നു് ഞാൻ ഒരു സ്വപ്നംകണ്ടിരിക്കുന്നു. സ്വപ്നം യഥാൎത്ഥമാകുന്നപക്ഷം, ഞാൻ എന്തു വ്രതം ആചരിച്ചാലാണു് അജയനു് ആപന്മോചനം ഉണ്ടാകുക, അതു് ഉപദേശിച്ചുതരുവാൻ തിരുവുള്ളമുണ്ടാകണേ" എന്നു് അൎത്ഥിച്ചു.

സന്യാസി കുറച്ചുനേരം കണ്ണടച്ചു ധ്യാനമഗ്നനായി നിന്നശേഷം, "വത്സേ! നിന്റെ സ്വപ്നം ശരിയാണു്. എന്നാലും നിനക്കു് പരിഭ്രമിക്കാനവകാശമില്ല. ഇവിടെ സമീപത്തുള്ള ഭവാനീപതിയുടെ പുതിയ ദേവാലയത്തിലേയ്ക്കു നമ്മുടെ കൂടെപ്പോന്നു ദേവാരാധനചെയ്യൂ" എന്നു് ഉപദേശിച്ചു.

ഹിരണ്മയി സന്ന്യാസിയുടെ മുഖത്തു സൂക്ഷിച്ചുനോക്കി. അദ്ദേഹം മധുരസ്വരത്തിൽ, "വത്സേ! നിനക്കു നമ്മുടെകൂടെ വരുവാൻ സങ്കോചമുണ്ടോ? ആ ദേവാലയം ഇവിടെ അടുത്താണു്. ദേവനോടു് നിന്റെ അഭീഷ്ടപ്രാപ്തിക്കായി പ്രാർത്ഥിച്ചു് ഇപ്പോൾതന്നെ മടങ്ങിവരാമല്ലോ" എന്നു ഉടൻ.

ഹിരണ്മയി ആ യുവയോഗിയോടൊന്നിച്ചുപോയി. ഇരുവരും സ്വല്പം ദൂരെച്ചെന്നു് ഒരു ചെറിയ മന്ദിരത്തിനു സമീപം നിന്നു സന്ന്യാസി:—"മുമ്പിൽ കാണുന്നതു മഹാദേവക്ഷേത്രം. ഉള്ളിൽ പ്രവേശിച്ചു ഭവാനീപതിയുടെ സന്നിധിയിൽ നിന്റെ അഭീഷ്ടസിദ്ധിക്കുവേണ്ടി പ്രാർത്ഥിക്കു" എന്നു് അറിയിച്ചു.

സന്ന്യാസിയോടൊന്നിച്ചു യുവതി അകത്തേയ്ക്കു കടന്നു. ഉടനെ പുറത്തുനിന്നു് ആരോ വാതിലടച്ചു. ഹിരണ്മയി ഭക്തിപാരവശ്യത്തോടുകൂടി ദേവബിംബം ദർശിക്കുവാൻ നാലുദിക്കിലേക്കും ഉൽസുകനയനങ്ങളോടിച്ചു. അതു് ഒരു ശ്രീകോവിലാണെന്നു തോന്നിയില്ല. മുസൽമാന്മാരുടെ മസ്ജിദ് ആയിരുന്നു അതു്! ആ സുകുമാരി പേടിച്ചു വിറച്ചു. ഒരു മൂക്കിൽ ശിലാനിർമ്മിതമായ ഒരു മേശ കിടക്കുന്നുണ്ടു്. അതിന്മേൽ ഒരു ചുവന്ന വിരിപ്പും ചില പുഷ്പാധാരങ്ങളും വെച്ചിരിക്കുന്നു. ഒരു ദീർഘകായനായ മുസൽമാൻവയോധികൻ അതിന്റെ പാർശ്വത്തിൽ ഇരിക്കുന്നുണ്ടു്. തത്സമീപം രണ്ടു തരുണന്മാരും ഉണ്ടു്. അവരിലൊരുവൻ വളരെ വിലപിടിച്ച ഉടുപ്പും രാജകീയമായ കിരീടവും ധരിച്ചിരിക്കുന്നു. കാഴ്ചയിൽ അതി കോമളൻ. മററവനോ? – ഹാ! ഹിരണ്മയി നഖശിഖാന്തം ഇതാ വിറയ്ക്കുന്നു; വിയർക്കുന്നു! ഹിരണ്മയിക്കു് ഇവനെ മുമ്പു് കണ്ട മുഖപരിചയം തോന്നി. വിജയദശമിദിവസം വേട്ടയാടി—ജയാഭിമാനഭരിതനായി എല്ലാവരുടേയും പുരോഭാഗത്തു് പുഞ്ചിരിതൂകിക്കൊണ്ടുവന്ന അജയസിംഹനു് താൻ പൂമാലയിട്ടുകൊടുത്ത അവസരത്തിൽ, കള്ളനും ഒററക്കണ്ണനും, നീണ്ട താടിക്കാരനും ആയ ഒരു മുസൽമാനെ കണ്ടിരുന്നുവല്ലോ ആ മാല അജയന്റെ ഭുജത്തിൽ തട്ടിത്തടഞ്ഞു് ഇവന്റെ തലയിലാണു് ചെന്നു വീണതു്. ആ മർമ്മഭേദകമായ സംഭവം—ആ കരാളസ്സ്വപ്നം—മറന്നുപോകത്തക്കതോ? ഹിരണ്മയി "ഹരിണരിപുവരസഹിത

ദരിയിലിഹ ഭോഗമൊരു—ഹരിണിയുടെ വിവശത കലനു” നോക്കിക്കൊണ്ടിരിക്കെ, ആ വാമനരൂപി ചിരിച്ചു് അവളുടെ മുമ്പിലേക്കു വന്നു. അവൾ വിഹ്വലഹൃദയത്തോടും വിസ്മിതനേത്രത്തോടുംകൂടി ആ സന്യാസി നിന്നിരുന്നിടത്തേയ്ക്കു നോക്കി. ഇതെന്താശ്ചര്യം! ഇതെന്തുമാരീചമായ! താൻ ഭയങ്കരമായ ആപദ്ദേവതയുടെ ദംഷ്ട്രയിൽപെട്ടതുപോലെ തോന്നി. സന്യാസിയോ? ആ സ്ഥാനത്തു് വികൃതവേഷത്തിൽ ചിരിച്ചുകൊണ്ടു് ഒരുസ്ത്രീ നില്ക്കുന്നു! ഹിരണ്മയി ചെറുപ്പകാലത്തു് അജയനോടൊന്നിച്ചു് മയിലിനെപ്പിടിക്കുവാൻ പോയപ്പോൾ, അരാവലിമലയുടെയടിവാരത്തിൽവച്ചു പേടിപ്പിച്ചതാരു്? അജയൻ അക്ബറോടുകൂടി ഉദയപുരത്തുനിന്നു പുറപ്പെടുവാൻ ഒരുങ്ങിയതിന്റെ തലേന്നാൾ രാത്രി കിടന്നുറങ്ങിയിരുന്ന ഹിരണ്മയിയെ ഹസ്തതാഡനത്താലും വികടസ്വരത്താലും മററും ഭയപ്പെടുത്തി അന്തർദ്ധാനംചെയ്ത മൂർത്തി ഏതു്? ആരു് ബാല്യംമുതല്ക്കു് - പ്രഥമദർശനംമുതല്ക്കു് പല ഉടുപ്പിലും നടപ്പിലും ഹിരണ്മയിയെ പേടിപ്പിച്ചും പീഡിപ്പിച്ചും വന്നിരുന്നു? നമുക്കു ചിരപരിചിതയായ ആ ഉന്മാദിനിയായിരുന്നു ഇവൾ! ഹിരണ്മയി ഇപ്പോൾ നോക്കിയപ്പോഴും ഇവൾ പണ്ടത്തെപ്പോലെ കൈകൊട്ടിപ്പൊട്ടിച്ചിരിച്ചു. ഹിരണ്മയിക്കു് തല തിരിഞ്ഞുതുടങ്ങി, കണ്ണു മങ്ങി, നാലുപാടും അന്ധകാരം പടർന്നുപിടിച്ചതുപോലെ തോന്നി. കാമുകനായ സഖായതാലി മുമ്പോട്ടുചെന്നു് കൈപിടിച്ചു ചുംബിച്ചു് പാർശ്വസ്ഥനായ സെലിമിനോടു്, “യുജരാജാവേ! ഇനി കാജിസാഹേബ്ബ് വിവാഹച്ചടങ്ങുകളെല്ലാം നടത്തുവാൻ വൈകുന്നതെന്തിനാണു്? അങ്ങെന്താണു് ഒന്നും മിണ്ടാതിരിക്കുന്നതു്?” എന്നു ചോദിച്ചു.

സെലിം ആ അമൃതരാശിയെ ദൃഷ്ടിപറിക്കാതെ നോക്കി, “അകൃത്രിമദ്യുതിരനവദ്യേയം—അടുത്തുചെന്നിനി അനുപശ്യേയം—ആകൃതികണ്ടാലതിരംഭേയം” എന്നമട്ടിൽ പലതും മനോരംഗത്തിൽ ചൊല്ലിയാട്ടംകഴിച്ചു് തലകുലുക്കിക്കൊണ്ടു് നില്ക്കുകയായിരുന്നു. സഖായതൻ ‘ഇജ്ജാബും കബൂലും’(കല്യാണത്തിനു വധൂവരന്മാരന്യോന്യം നടത്താറുള്ള ചോദ്യവും സമ്മതവും) രണ്ടും കഴിഞ്ഞിരിക്കുന്നു. ഈ വിവാഹത്തിന് എന്റെ പ്രേമഭാജനത്തിന് ആക്ഷേപമൊന്നുമില്ല. കാജിസാഹേബ്ബ് ഇനി താമസിക്കുന്നതെന്തിനാണു്? എന്നു ചോദിച്ചു.

സാഹെബ്ബ് എഴുന്നേററുനിന്നു് വെള്ളത്താടി തടവിക്കൊണ്ടു്, "ഇജൂബിന്നും കബൂലിന്നും സാക്ഷികളാരു്?" എന്നു ചോദിച്ചു.

സഹായതൻ: സാക്ഷികൾ, സാക്ഷാൽ യുവരാജാവു്—പിന്നെ ഈ ഉന്മാദിനി.

കാജി കൊറാൻപുസ്തകം തുറന്നു് ഗംഭീരസ്വരത്തിൽ വിവാഹപ്രകരണം എടുത്തു വായിക്കുവാൻ തുടങ്ങി. ആ സമയം പെട്ടെന്നാരോ മസ്ജിദിൻെറ വാതില്ക്കൽ ഉറക്കെ മുട്ടി, ഇടിവെട്ടുംപോലെ "അകത്താരു്? വേഗം വാതിൽ തുറക്കു്. അല്ലെങ്കിൽ, ചവിട്ടിപ്പൊളിച്ചു് മുസൽമാൻ മസ്ജിദിനു് ഗൌരവക്ഷയം വരുത്താനും മടക്കില്ല" എന്നിങ്ങനെ അതിഗംഭീരമായി ശബ്ദിക്കുന്നതുകേട്ടു്, കൊറാൻ കാജിയുടെ കൈയിൽനിന്നു വീണുപോയി. യുവരാജാവിൻെറ ഉഷ്ണീഷം തലയിൽനിന്നു താഴെ വീണുരുണ്ടു. സഹായതൻ വിയൎത്തു വിറച്ചു് സംഭ്രമത്തോടുകൂടി നിലത്തുപതിച്ചു. ഉന്മാദിനിയുടെ മൂടുപടം തലയിൽനിന്നു നീങ്ങി മണ്ണിൽക്കിടന്നിഴഞ്ഞു. സാലഭഞ്ജികപോലെ നിന്നിരുന്ന ഹിരണ്മയി ആകാശവാണിയോടൊത്ത ആ സാന്ദ്രമധുരസ്വരം കേട്ടു് ദിവാസ്വപ്നത്തിൽനിന്നുണൎന്നു് നാലുദിക്കിലേക്കും അമ്പരന്നു നോക്കി. അകത്തുള്ളവരാരും തുറന്നുകൊടുക്കാഞ്ഞതുകൊണ്ടു് പുറത്തുനിന്നു കതകു് കാൽകൊണ്ടു് ഉറക്കെ ചവിട്ടി. ആ ചവിട്ടിൻെറ ഊക്കു് താങ്ങാൻവയ്യാതെ മരക്കതകു് മുറിഞ്ഞു പടപടശബ്ദത്തോടെ താഴെ മറിഞ്ഞുവീണു. ആഗതൻ അകത്തേയ്ക്കു കടന്നു. "വെയിലിലകമുലഞ്ഞുവാനിൽനോക്കും മയിലിനുമുന്നിൽവലാഹകംകണക്കെ" ഹിരണ്മയി കണ്ടതു് ഭാരതചക്രവൎത്തിയായ അക്ബറെയാണു്.

---

# എട്ടാം അദ്ധ്യായം

---

ചക്രവത്തി അകത്തു പ്രവേശിച്ച് രോഷകലുഷങ്ങളായ കണ്ണുകളാൽ സെലിമിനെ നോക്കി. ഗംഭീരമായ ആ വിലോകനം ഭാരതഭൂമിയുടെ ഭാവിനാഥൻെറ മമ്മങ്ങളിൽ ശരംപോലെ ചെന്നുതറച്ചു. അയാൾ കിടുകിടെ വിറച്ചു. കൈയിലുണ്ടായിരുന്ന ഖഡ്ഗം നിലത്തൂന്നി നമ്രമുഖനായി നിന്നു അക്ബർ പുരികം ചുളിച്ച് കാജിയേയും സഹായതനേയും തീക്ഷ്ണമായി നോക്കി. അനന്തരം ഹിരണ്മയിയെ കുളുക്കെ ഒന്നു കടാക്ഷിച്ച്, ഉന്മാദിനിയുടെ നേരേ തിരിഞ്ഞു, "നീയാരു്?" എന്നു ചോദിച്ചു. അവൾ നീലോല്പലംപോലെയുള്ള നീണ്ട കണ്ണുകളുരുട്ടി, കുറനിര കൈകൊണ്ടു വേർപെടുത്തി, ചുണ്ടു കടിച്ച് കൈകൊട്ടി പൊട്ടിച്ചിരിച്ചുകൊണ്ടു നിന്നു. അക്ബർ വീണ്ടും "ഇവളൊരു ഭ്രാന്തത്തിയായിരിക്കുമോ?" എന്നു സശങ്കം പറഞ്ഞു.

ഉന്മാദിനി:—(വീണ്ടും ചിരിച്ച്)ഞാനാരാണെന്നോ, തിരുമേനി! എൻെറ വിവരമെല്ലാം വഴിയേ മനസ്സിലായിക്കൊള്ളും. അതു പറഞ്ഞറിയിക്കാനുള്ള അവസരമല്ലാ ഇതു്. അതൊക്കെ ഇരിക്കട്ടെ. വളരെ നാളായി എൻെറ മനസ്സിൽ ഉണ്ടായിരുന്ന് ആശ ഇന്നു സാധിച്ചു ഇതു നോക്കൂ. നിഷ്ഠുരനായ ഗ്വാളിയർരാജാവിൻെറയും രാക്ഷസി താരാബായിയുടേയും മകൾ ഇന്നു് നീചകുലജാതനായ ഒരു മുസൽമാൻെറ ധമ്മപത്നിയായിത്തീൎന്നു. അതിനു് യുവരാജാ സെലിമും ഈ കാജിയും ഞാനും സാക്ഷികളാണു്.

ഇങ്ങനെ ജല്പിച്ച് ഉന്മാദിനി ഹിരണ്മയിയുടെ പുരോഭാഗത്തുവന്നു് കൈകൊട്ടി അട്ടഹസിച്ചു. അവിടെനിന്നു ശീഘ്രം തിരിച്ചു. അതുവരെ വിസ്മയാകുലയായി നിന്നിരുന്ന ഹിരണ്മയിയുടെ ഹൃദയത്തിൽ അപ്പോൾ നടന്ന കഥയെല്ലാം ഒന്നായി നിഴലിച്ചു. സന്യാസവേഷം പൂണ്ട ഉന്മാദിനിയുടെ വഞ്ചന—കല്പിതമായ മഹാദേവവിഗ്രഹം—കാജിയുടെ കൊറാൻവായന—സഹായതൻെറ കരസ്പർശം ഇവയോരോന്നും ആ കുമാരിയുടെ സ്മരണസരണിയിൽ അണിയണിയായി നിരന്നു. ഹിര

ണമയി 'പരിതാപപരിഭൂത'യായി മോഹാലസ്യപ്പെട്ടു തൽക്ഷണം നിലത്തുപതിച്ചു! സഹായതൻ സാഹസികമായി എണീററുനിന്നു. ഹിരണ്മയിയെ താങ്ങുവാൻ കൈനീട്ടി മുമ്പിലേക്കു ചെന്നു. ചക്രവർത്തി വജ്രഗംഭീരസ്വരത്തിൽ, "ഗുലാം സൂക്ഷിച്ചോ. ഈ യുവതിയെ തൊട്ടുപോകരുതു്" എന്നു ശാസിച്ചു.

സഹായതൻ ഭയപ്പെട്ടു പിന്നോക്കം മാറി കൈകൂപ്പി "ജഹാപനാ! അടിയൻ വിവാഹംകഴിച്ചവളാണു് ഈ സ്ത്രീയെന്നു് തിരുമനസ്സുകൊണ്ടു ധരിച്ചിട്ടില്ലെന്നു തോന്നുന്നു അവിടുന്നു് യുവരാജാവിനോടു് കല്പിച്ചു ചോദിച്ചാൽ എല്ലാം വിശദമാകും" എന്നു് ഉണർത്തിച്ചു.

സഹായതന്റെ സംസാരം ശ്രദ്ധിക്കാതെ അക്ബർ സെലിമിന്റെ നേരേ തിരിഞ്ഞു്, "സെലിം, മൊഗൾവംശത്തിനു ധൂമകേതുവായ ധൂർത്ത, ഞാൻ അനേകം തവണ നിന്റെ ദുർവൃത്തികളെ ക്ഷമിച്ചിരിക്കുന്നു. എന്നാൽ നിന്റെ ഇന്നത്തെ ഈ ഘോരാപരാധത്തിനു കഠോരമായശിക്ഷ നിനക്കു നൽകേണ്ടിയിരിക്കുന്നു. ആ ശിക്ഷ ഏതുതരത്തിലാണു വേണ്ടതെന്നു് ഞാനിനിയും നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല" എന്നു കോപതാപങ്ങളെ വെളിപ്പെടുത്തി ശകാരിച്ചു.

സെലിം ഉറക്കെ "കുററംചെയ്തവക്കു് ശിക്ഷ കല്പിക്കേണ്ടതു് ആവശ്യംതന്നെ; ഇന്നത്തെ അപരാധത്തിനെല്ലാം ഉത്തരവാദി ഈ നില്ക്കുന്ന പാപാത്മാവായ സഹായതനത്രെ; ഞാൻ അതിനു സാക്ഷിയാണു്. അങ്ങു കല്പിച്ചിട്ടില്ലെങ്കിലുംകൂടി, ഞാൻ തന്നെ അവനു തക്ക ശിക്ഷ കൊടുക്കാതിരിക്കയില്ല" ഇങ്ങനെ പറഞ്ഞു സെലിം മിന്നൽവേഗത്തിൽ വാൾ ഉറയിൽനിന്നൂരി സഹായതന്റെ മാറിടത്തെ ലക്ഷ്യമാക്കി ഒരൊററവെട്ടു്. സഹായതൻ ഭയങ്കരമായി ശബ്ദിച്ചു നിലത്തുവീണു് അന്ത്യശ്വാസംവലിച്ചു. സാധു സഹായതനു്, "ഗന്ധർവനഗരത്തിലാകാശത്തൊരു കോട്ട ഗന്ധമാദനത്തോളംപൊക്കത്തിൽ കെട്ടേണം പോൽ."

അക്ബറുടെ മുഖം ചെങ്കനൽക്കട്ടപോലെ ജ്വലിച്ചു. വാളൂരിപ്പിടിച്ചു സെലിമിന്റെനേർക്കു തിരിഞ്ഞു പക്ഷേ തൽക്ഷണം ആ ഭാവം അടക്കി. "വികാരഹേതൌ സതി വിക്രിയന്തേ യേഷാം ന ചേതാംസി ത ഏവ ധീരാഃ" ഗംഭീരസ്വര

ത്തിൽ അദ്ദേഹം മെല്ലെമെല്ലെപ്പറഞ്ഞു:—"പാപത്തിന്മേലേ, പാപം! ദുഷ്ടതയ്ക്കുമേലേ ദുഷ്ടത! നിന്റെ ദുരിതമയമായ ദുരഭിലാഷം ഞാൻ ധരിച്ചിട്ടില്ലെന്നാണോ കരുതിയതു്? അതിരിക്കട്ടെ!—ഞാനിപ്പറയാൻപോകുന്നതു് ശ്രദ്ധിച്ചുകേൾക്കുക. അപ്രകാരം നീ നടക്കുന്നപക്ഷം നിന്റെ ശതാപരാധത്തോടുകൂടി ഇന്നത്തെ പൈശാചികകൃത്യവും ഞാൻ ക്ഷമിക്കാം. മനസ്സിലായോ? ഞാനീ രജപുത്രരമണിയെ അരമനയിലേക്കു കൂട്ടിക്കൊണ്ടുപോയി എന്റെ മകളെപ്പോലെ പാലിച്ചുപോരുവാൻ വിചാരിക്കുന്നു. ആ കുട്ടി ലൌകികാചാരപ്രകാരം ഒരു മുസൽമാനു പരിണീതയായിരിക്കുന്നു; അതുകാരണം ഇനി ഹിന്ദുരാജധാനിയിൽ പ്രവേശം ലഭിക്കില്ല. നീ ആ ബാലികയെ നന്റെ ദുരാഗ്രഹത്തിനു വശംവദയാക്കുവാൻ ശ്രമിക്കുന്നപക്ഷം, ആ ശതാപരാധങ്ങൾക്കും ഏകകാലത്തിൽത്തന്നെ തക്ക ശിക്ഷ നൽകുന്നതാണെന്നു ഖണ്ഡിതമായി ധരിച്ചോളൂ! ഇക്ഷണം നീ എന്റെ അരികത്തുനിന്നു പോ" എന്നു കല്പിച്ചു. അക്ബർ "തനയന്റെ ടശീലം മദചപലമേററം മനസിനിരൂപിച്ചും—ഹൃദയപരിതാപം മുഹുരപി ജനിച്ചും" നിശ്ചേഷ്ടനായി നിന്നുപോയി.

സെലിം, മൂർച്ഛിതയായി വീണുകിടക്കുന്ന ഹിമബെയിയുടെ അലൌകികലാവണ്യവിഭ്രുതിയെ കൂടെക്കൂടെ നോക്കി അവിടെ നിന്നു് ഒരുവിധത്തിൽ തെററി കുതിരമേലേറി തനിയെ ആഗ്രാഭിമുഖമായി പുറപ്പെട്ടു.

F20 30

## ഒൻപതാം അദ്ധ്യായം

### മനുഷ്യനാരിയോ കിന്നരിയോ?

അക്ബറുടെ പ്രശാന്തരമണീയമായ ഭരണകാലത്തു്, ദക്ഷിണദേശസിംഹാസനം അലങ്കരിച്ചിരുന്നതു ചാന്ദുസുൽത്താനയായിരുന്നു. ഈ മഹിളാമണി എല്ലാ സംഗതികളിലും അക്ബറോടു സദൃശയായിരുന്നുവെന്നു ചരിത്രലേഖകന്മാർ സന്ദേഹം

കൂടാതെ സമ്മതിക്കുന്നുണ്ടു്. ഒരു നൂററമ്പതു വർഷത്തോളം നടന്ന ഭീഷണമായ രാഷ്ട്രീയവിപ്ലവഘട്ടത്തിൽ, കാളാന്ധകാരത്തിൽ കനകദീപംപോലെയും മരുഭൂമിയിൽ മന്ദാകിനിപോലെയും ആവിർഭവിച്ച സർവ്വഗുണസമ്പന്നയായ ആ വീരാംഗന മൂലം ദാക്ഷിണാത്യക്കു കുറേക്കാലം ശാന്തിയും സമാധാനവും ഉണ്ടായിക്കൊണ്ടിരുന്നു. പക്ഷേ ചാന്ദ്സുൽത്താനയ്ക്കു് ആ ക്ഷേമൈശ്വര്യങ്ങൾ അധികകാലം അനുഭവിക്കുവാൻ സംഗതിയായില്ല. അവർ അഹമ്മദ്നഗരാധികാരം സ്വീകരിച്ചു് അധികംനാൾ കഴിയുന്നതിന്നുമുമ്പു്, വിപുലവിക്രമിയായ മൊംഗൾചക്രവർത്തിയുടെ സൈന്യപ്രവാഹം പ്രബലവേഗത്തിൽ ദക്ഷിണദേശാഭിമുഖമായി തള്ളിയലച്ചുവന്നു. ചാന്ദ്സുൽത്താനയ്ക്കു് ഒരു നിമിഷംപോലും വെറുതെയിരിക്കാൻ കഴിഞ്ഞില്ല; ഊണും ഉറക്കവുംകൂടി ശരിക്കില്ലായിരുന്നു. ആ മഹതി സേനാപതികൾക്കുംമററും യഥോചിതം ഉപദേശങ്ങൾ കൊടുത്തിരുന്നതിന്നുപുറമെ, അഹമ്മദ്നഗരത്തിലെ മഹാദുർഗ്ഗത്തിന്റെ ഓരോമുക്കും മൂലയും പരിശോധിച്ചു താൻതന്നെ ആയുധങ്ങളെല്ലാം പരീക്ഷിച്ചുനോക്കി, സ്വഭടന്മാർക്കു സരസസുപ്രൗഢഗംഭീരമായ വാഗ്ധോരണികൊണ്ടു് ഉയിരും ഉണർച്ചയും ഉണ്ടാക്കിയിരുന്നു.

ഒരുദിവസം 'പകലെല്ലാം പണിപ്പെട്ടു്' അന്തിയായപ്പോൾ ആയാസപരിഹാരത്തിന്നുവേണ്ടി രാജമന്ദിരത്തിന്റെ പാർശ്വത്തിലുള്ള നദീതീരത്തു കുറേ സഖിമാരോടൊന്നിച്ചു ചാന്ദ്സുൽത്താന സരസസല്ലാപം ചെയ്തുകൊണ്ടിരിക്കുന്നു. രാജ്ഞി അവരിലൊരുത്തിയോടു് ജൂലേഖേ! ഇന്നു് എന്തുഷ്ണം! സൂര്യൻ അസ്തമിച്ചെങ്കിലും ഈ ചൂടു് അസഹ്യമായിരിക്കുന്നു. ദേഹമെല്ലാം വല്ലാതെ തപിക്കുന്നു. മല്ലാരരാഗം ആലാപിച്ചാൽ മഴ പെയ്യുമെന്നുണ്ടു്. ഈ രാഗത്തിൽ ഒരു കൃതി പാടൂ. നിന്റെ മധുരസ്വരത്താൽ ആകാശത്തുനിന്നു് കുറച്ചു മഴയെങ്കിലും ചാറട്ടെ"

ജൂലേഖ:—അവിടുന്നു് ആജ്ഞാപിക്കുംപ്രകാരം നടക്കുന്നതിന്നു് ഇവൾ വല്ലപ്പോഴും വിസമ്മതം ഭാവിച്ചിട്ടുണ്ടോ? എന്തിനാണു് ഇവളെപ്പരിഹസിക്കുന്നതു്?

ജൂലേഖ തംബുരുവെടുത്തു പാടുവാൻ തുടങ്ങി. സംഗീതകലാകുശലയായ ആ സഖിയുടെ കർണ്ണാനന്ദകരമായ ഗാനാമൃതം ആസ്വദിക്കുവാൻ ചാന്ദ്സുൽത്താന ഒരുങ്ങിയിരുന്നു.

കൃതി പാടിക്കഴിഞ്ഞുകൂടമ്പോഴയ്ക്കും രാജ്ഞി ആകാശത്തേക്കു നോക്കി പുഞ്ചിരിയിട്ടു്, "സഖീ, നീ പാടിയകൃതിയുടെ മാധുര്യം കൊണ്ടും താളലയങ്ങളുടെ വിശുദ്ധികൊണ്ടും ആകാശത്തിൽ വാസ്തവമായും ഒരു മേഘശകലം തലകാട്ടിയിരിക്കുന്നു. ഇതേ രീതിയിൽ ഒരു കൃതികൂടി പാടിയാൽ നിശ്ചയമായും മഴപെയ്യും" എന്നു പറഞ്ഞു.

"അവിടുന്നു കല്പിച്ചാൽ ഒന്നല്ല നൂറു കൃതിവേണമെങ്കിലും പാടാനൊരുക്കമാണു്. പക്ഷേ ഇങ്ങനെ പരിഹസിക്കാതിരിക്കണമെന്നു് അപേക്ഷയുണ്ടു്. വേനലിന്റെ ഒടുവിൽ കാറു പിടിച്ചു മഴയുണ്ടാകാറുള്ളതു പ്രകൃതിനിയമമാണു്. അതിരിക്കട്ടെ; ജഡജഗത്തിനെ കണ്ഠസ്വരംകൊണ്ടു വശീകരിപ്പാൻ മനുഷ്യനാൽ സാധ്യമോ?"

ജൂലേഖ വീണ്ടും തംബുരുവെടുത്തു മുമ്പിലത്തേപ്പോലെ മധുരമായി പാട്ടുവാൻതുടങ്ങി. എന്തോ ഏതോ, യുവതിസമൂഹം പരിഭ്രമത്തോടെ പിടഞ്ഞെഴുന്നേററു. പെട്ടെന്നു കമ്പിപൊട്ടിയ വീണപോലെ ജൂലേഖയുടെ കളകണ്ഠം നിന്നുപോയി. കയ്യിലുണ്ടായിരുന്ന തംബുരു നദീതടത്തിൽ പതിച്ചു; തരംഗിണിയുടെ കലകലധ്വനിയും മരങ്ങളുടെ മർമ്മരവും മാരുതന്റെ ഫൽകാരവും നിലച്ചു. ദൂരത്തു നദീതീരത്തുള്ള വനമദ്ധ്യത്തിൽനിന്നു് വീണാനിനാദത്തോടു മേളിച്ച മല്ലാരരാഗത്തിലുള്ള ഒരു ഗീതം കേട്ടുതുടങ്ങി. പ്രകൃതിദേവി നിസ്തബ്ധയായി ചിത്രാർപ്പിതയായതുപോലെ കാണപ്പെട്ടു. ചാന്ദസുൽത്താന ജൂലേഖയെ കളിയാക്കിക്കൊണ്ടിരിക്കെ പൂർവ്വാകാശദേശത്തു് അവ്യക്തമായി ഒരു മഷിഗുളികപോലെ കണ്ടിരുന്ന കാർമേഘശകലം പെട്ടെന്നു മദിച്ചു് അനേകം ആനകളുടെ ആകാരം ധരിച്ചു തുമ്പിക്കൈക്കുളടിച്ചും ഗംഭീരഗർജ്ജിതം പുറപ്പെടുവിച്ചും നഭോമാർഗ്ഗത്തിൽ പുളച്ചുപാഞ്ഞും വാരിധാര വർഷിച്ചു. ആപാദമധുരമായ ആ ഗീതം ക്രമേണ അത്യുച്ചത്തിൽ മുഴങ്ങി

യുവതീസമൂഹം ജലപ്രവാഹമദ്ധ്യത്തിൽ പകച്ചുനിന്നുപോയി. സംഗീതശബ്ദവും ക്രമേണ അടുത്തുതുടങ്ങി. കുറേ കഴിഞ്ഞപ്പോൾ ഒരു സ്ത്രീ കൈയിൽ വീണയുംപിടിച്ചു് പാടിക്കൊണ്ടു മെല്ലമെല്ലെ ചാന്ദയുടെ സമീപത്തു വന്നുനിന്നു. അവൾ പാട്ടു നിർത്തി വീണയെ ചുംബിച്ചു മാറോടണച്ചു. എല്ലാവർക്കും പരിഭ്രമം പതിന്മടങ്ങു വർദ്ധിച്ചു.

ജൂലേഖ ആശ്ചര്യവും ഭയവും ഇടകലർന്ന് 'ആരാണതു്? ഒരു മനുഷ്യനാരിയോ കിന്നരിയോ?' എന്നു ചോദിച്ചു. ഗായിക ജൂലേഖയുടെ മുമ്പിലേക്കു ചെന്നു. ആ സമയം ഒരു മിന്നൽ പിണർ പായുകയാൽ ആ പ്രഭാപ്രസരത്തിൽ അവളെ മലിന വസ്ത്രമുടുത്ത ഒരു യാചകിയായിട്ടാണു കണ്ടതു്. നീ ഒരു ഭിക്ഷക്കാരത്തിയാണെന്നു തോന്നുന്നുവല്ലോ. എവിടെനിന്നാണു വരുന്നതു്? എന്നുള്ള ചോദ്യത്തിനു 'ഞാൻ ഭിക്ഷക്കാരത്തിയല്ല, ഭ്രാന്തത്തി' എന്നായിരുന്നു മൃദുസ്വരത്തിലുള്ള ഉത്തരം.

ചാന്ദ:—ഈ അപരിചിതയോടു് ഒന്നുംതന്നെ ചോദിക്കേണ്ട. അന്തഃപുരത്തിലേക്കു് ആദരപൂർവ്വം കൂട്ടിക്കൊണ്ടുപോയി ഉപചരിക്കുക.

ചാന്ദ കോവിലകത്തുചെന്നു് ആർദ്രവസനം മാററിയുടുത്തു. പരിചാരികയെ വിളിച്ചു് "എന്റെ മുറിയിൽനിന്നു് ഈ ഗായികയ്ക്കു വിലയേറിയ ഉടുപ്പുകൾ കൊണ്ടുവന്നുകൊടുക്കു" എന്നു കല്പിച്ചു.

പരിചാരിക അപ്രകാരം ചെയ്തു. ആ ഗായിക "കൊള്ളാം. ഈ മോടികൂടിയ വസ്ത്രധാരണം എനിക്കു യോഗ്യമോ?" എന്നു പറഞ്ഞു് ഒന്നു ചിരിച്ചു.

ചാന്ദ:—തോഴിമാരോടു്, "ഗായികയുമായി എനിക്കു പലതും സംസാരിക്കുവാനുണ്ടു്. നിങ്ങളാരും എന്റെ അരികിൽ വരാതിരുന്നാൽ കൊള്ളാം."

രാജ്ഞി ആ സ്ത്രീയെ ശയനഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി കവാടം അടച്ചു.

---

# പത്താം അദ്ധ്യായം

## ഉന്മാദിനിയുടെ പൂർവ്വവൃത്താന്തം

ശ്രീകൃഷ്ണവർമ്മ ... വായനശാല ... കീഴ്

ചാന്ദസുൽത്താനയുടെ ശയ്യാഗൃഹത്തിൽ ദീപമാലകൾ പ്രകാശിച്ചുകൊണ്ടിരുന്നു. മനോഹരമായ ചിത്രാലങ്കാരങ്ങൾ കണ്ണിനും കരളിനും ആഹ്ലാദം ജനിപ്പിച്ചുകൊണ്ടു് ആ മുറിയിൽ ഒരു സ്വർഗ്ഗീയകാന്തിയെ വിതരണം ചെയ്യുന്നുണ്ടു്. പരിമളധോരണി നാലുപാടും പ്രസരിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ആകർഷകമായ ആ സ്ഥലത്തു് ചാന്ദയും ഉന്മാദിനിയും കുറേനേരം മൌനമായി നിന്നു അനന്തരം ഉന്മാദിനി "അവിടുന്നു് ഒരു മഹാറാണി; ഈ സാധുവിനോടു് അവിടേയ്ക്കു് എന്തു രഹസ്യമാണു് അരുളിച്ചെയ്യാനുള്ളതു്?" എന്നു ചോദിച്ചു.

7531

ചാന്ദ:—(നെടുവീർപ്പിട്ടു്) മുംതാജ്! ഞാൻ നിന്നെത്തിരിച്ചറിയില്ലെന്നാണോ വിചാരിച്ചതു്? ഇന്നു് നിന്നെക്കണ്ട സന്താപവും സന്തോഷവും അത്ഭുതവും കൌതുകവുംകൊണ്ടു് എൻെറ മനസ്സു് ഇളകിമറിഞ്ഞിരിക്കുന്നു. എനിക്കു് ഒരക്ഷരവും പറയാൻ തോന്നുന്നില്ല.

ഉന്മാ:—നിങ്ങളൊന്നും പറയേണ്ട. എല്ലാം ഞാൻതന്നെ പറഞ്ഞോളാം. ഇരിക്കു. ഞാനിവിടെനിന്നുതന്നെ എല്ലാം അറിയിച്ചോളാം. ഇന്നയ്ക്കു് ഇരുപതു വർഷമായി, ബാല്യകാലത്തു് ഞാൻ ചരിത്രകഥകൾ പറയുമ്പോൾ മനസ്സിരുത്തി അതൊക്കെ നിങ്ങൾ കേൾക്കാറുണ്ടായിരുന്നില്ലേ? ഒരിക്കൽ ഇങ്ങനെ ദീപശോഭിതമായ ഈ മുറിയിൽ ഇതേമാതിരി തന്നെ നിങ്ങളിരുന്നു ഞാൻപറഞ്ഞ ഒരുചരിത്ര സംഭവം—ബഹമിനിവംശത്തിലെ ക്രൂരന്മാരായ മുസൽമാന്മാർ രാജകുമാരനെ അന്യായമായിവധിച്ച കഥ - കേട്ടു കണ്ണീർചൊരിഞ്ഞില്ലേ? അതിപ്പോൾ സ്മരിക്കുന്നുണ്ടോ? ഇന്നും അങ്ങനെതന്നെ ഇരുന്നു് മന്ദഭാഗ്യയായ ഈ മുംതാജിയുടെ ദയനീയമായ വൃത്താന്തം കേൾക്കു, പറയാം. ഞാൻ ഇഹലോകത്തിൽ ഇല്ലെന്നാണു നിങ്ങളൊക്കെ വിചാരിച്ചിരിക്കുന്നതു്; അല്ലേ? അതുകൊണ്ടാണു നമ്പീതീർത്ഥ പടി

കൊണ്ടുവന്ന ഇവളെക്കണ്ടു് പ്രേതമോ ഭൂതമോ മനുഷ്യനാരിയോ കിന്നരിയോ എന്നും മററും ശങ്കിച്ചതു്. ഇതുവരെ ഒന്നും മിണ്ടാതെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നതും അതുകൊണ്ടുതന്നെയായിരിക്കാമെന്നു തോന്നുന്നു.

“മിണ്ടാതെ നിന്നതു ശരിതന്നെ. ഭയപ്പെട്ടിട്ടല്ല. വ്യസനാധീനയായി ശബ്ദമൊന്നും പുറപ്പെടാതെ നിന്നുപോയതാണു്. ജനങ്ങളൊക്കെ നീ ഈ ലോകത്തില്ലെന്നാണു ധരിച്ചിരിക്കുന്നതു്. പക്ഷേ, ഞാനാകട്ടെ നീ ജീവിച്ചിരിക്കുന്നുണ്ടെന്നു തന്നെയാണു കരുതിയിട്ടുള്ളതു്. ഇത്രകാലം കഴിഞ്ഞശേഷം നിന്നെ ഈ അവസ്ഥയിൽ കണ്ടപ്പോൾ ഒന്നുംതന്നെ പറയുവാൻ നാവു പൊന്തിയില്ല.”

“എന്നാൽ കേൾക്കു പറയാം. നിങ്ങളുടെ വിവാഹാനന്തരം അഹമ്മദുനഗരത്തിലേക്കു നിങ്ങൾ പോന്നു. ഈ പ്രിയസോദരി—നിങ്ങളുടെ വലിയച്ഛന്റെ മകളായ മുംതാജ്—അച്ഛന്റെ കാലശേഷം ബാല്യത്തിൽതന്നെ വിപുലൈശ്വര്യത്തിന്നു് അധികാരിണിയായി അവിടെത്തന്നെ താമസിച്ചു. അല്പകാലാനന്തരം കാമകോമളനായ ഒരു ഹിന്ദുയുവാവു് നിങ്ങളുടെ സോദരിയായ ഈ പാപിഷ്ഠയുടെ കണ്ണിൽപെട്ടു. ഗ്വാളിയറിലെ ക്ഷത്രിയരാജകുമാരനായിരുന്നു ആ യുവാവു്. അയാളുടെ വീരകൗമാരകാന്തികണ്ടു് അന്നു പതിനഞ്ചുവയസ്സുമാത്രം പ്രായം ചെന്ന ഇവളുടെ ഹൃദയം അനുരാഗപരവശമായി. ഇവൾ രഹസ്യമായി ആ രാജകുമാരനോടു് ഈ പ്രേമവൃത്താന്തം പ്രസ്താവിച്ചു. എന്തിനേറെ പറയുന്നു? മഹമ്മദീയദ്വേഷിയായ ആ ഹിന്ദുരാജകുമാരൻ ഗൂഢമായി എന്നെ പരിഗ്രഹിച്ചുകൊള്ളാമെന്നു സമ്മതിച്ചു. അക്കാലം ആയാളുടെ പട്ടമഹിഷിയും രണ്ടുവയസ്സായ മകളും മിവാർരാജധാനിയിൽ പ്രതാപസിംഹന്റെ രക്ഷയിലായിരുന്നു. അതങ്ങനെയിരിക്കട്ടെ! ഒടുവിൽ ഇവളുടെ ദുരഭിലാഷം ഫലിച്ചു. അല്പകാലത്തിന്നുള്ളിൽ മുസൽമാൻയുവതിയുടെ ഗർഭത്തിൽ ഹിന്ദുരാജകുമാരനു ലാവണ്യവതിയായ ഒരു പുത്രി ജാതയായി. ഗത്യന്തരമില്ലാതെ ഇവൾ ഹിന്ദുരാജാവിന്റെ ചരണയുഗളത്തിൽ വീണു രോദനംചെയ്തു. വീരനായ ആ ക്ഷത്രിയന്റെ ഉദാരമായ ഹൃദയം ഉരുകി. ആയാളുടെ പ്രഥമപത്നി ഈ വിവരമെല്ലാം അറിഞ്ഞു് പ്രതികൂലാചരണത്തിൽ പ്രവൃത്തയായി. 'അവളുടെ ഗൂഢതന്ത്രത്താൽ ആ

പ്രാണധനം എന്റെ കൈയിൽനിന്നു് അപഹൃതമായി; അദ്ദേഹം ഏതോ ഒരു ദൂരദിക്കിലേക്കു് അജ്ഞാതവാസത്തിന്നു പോകുവാൻ പ്രേരിതനായിത്തീൎന്നു. അനന്തരം ഈ ദുൎഗ്ഗബീറാർരാജവംശത്തിലേക്കു പരിണീതയായ വൃത്താന്തമെല്ലാം നിങ്ങൾക്കുതന്നെ അറിയാവുന്നതാണല്ലൊ. കുറേക്കഴിഞ്ഞതശേഷം നിങ്ങളുടെ ദുരിതനിധിയായ ഈ സോദരിയുടെ ഭൎത്താവു് പ്രാണത്യാഗം – ”

പറഞ്ഞുതീരുന്നതിന്നുമുമ്പു് ചാന്ദ എഴുന്നേററു്, രോഷകാലുഷ്യത്തോടെ "മിണ്ടാതിരിക്കൂ പാപിഷ്ഠേ! പാപകരമായ ആ വൃത്താന്തം എടുത്തു പറയാതിരിക്കൂ" എന്നു തടഞ്ഞു.

ഉന്മാദിനി വീണ്ടും ആരംഭിച്ചു—ബഹുജനപ്രസ്താവം കേട്ടു് അതു വാസ്തവമാണെന്നു നിങ്ങൾ വിശ്വസിക്കുന്നപോലെ തോന്നുന്നു. ശുദ്ധമേ അബദ്ധം! ഞാൻതന്നെ എന്റെ ഭൎത്താവിനെ വിഷംകൊടുത്തു കൊന്നു് നാടുവിട്ടുപോയെന്നാണല്ലോ ജനശ്രുതി! അതു വെറും പൊളി. എന്റെ ദോഷംകൊണ്ടുതന്നെ—എന്റെ ഘോരപാപംകൊണ്ടുതന്നെ—എന്റെ വല്ലഭനു മൃത്യു അകപ്പെട്ടതു്. ശരി, പക്ഷേ എന്റെ കൈകൊണ്ടല്ല മൃതനായതു്. എന്നു് എന്റെ പ്രാണപ്രിയനെ എന്നിൽനിന്നു് അകററി അന്യദിക്കിലേക്കു പോകുവാൻ ഇടവരുത്തിയോ, അന്നുതുടങ്ങി എന്റെ ഹൃദയത്തിൽ തീക്ഷ്ണമായ തീജ്വാല പിടിപെട്ടു. അതു് അടക്കിഒതുക്കി വെച്ചുകൊണ്ടിരുന്നു; ഒരാളെയൊട്ടറിയിച്ചതുമില്ല. രാപ്പകൽ വ്യസനംകൊണ്ടു വാടിയ എന്റെ മുഖം കണ്ടു ചിന്താകുലനായി അതിന്നു സംഗതിയെന്തെന്നു് അദ്ദേഹം പലപ്പോഴും ചോദിച്ചു് എന്നെ ബുദ്ധിമുട്ടിക്കാറുണ്ടു്. എങ്ങനെയാണു്, എന്താണു് ഉത്തരംപറയേണ്ടതെന്നു തോന്നാതെ ഞാൻ വല്ലാതെ കുഴങ്ങി. അദ്ദേഹം സമാധാനകരവും മധുരവുമായ വചനാമൃതംകൊണ്ടും മററും എന്നെ മയക്കി വളരെ താണപേക്ഷിച്ചു. ഞാൻ ആദ്യന്തം എല്ലാം വിവരിച്ചു പറയുവാൻ നിർബദ്ധയായി. മൌനമായി അദ്ദേഹം എല്ലാം മനസ്സിരുത്തിക്കേട്ടു. അന്നുരാത്രി എന്റെ പ്രിയൻ എന്റെ അറിവിൽപെടാത്ത വിധത്തിൽ വിഷപാനംകൊണ്ടു ജീവത്യാഗം ചെയ്തു. എന്റെ മനസ്സിലെ അഗ്നി അധികം ജ്വലിച്ചുതുടങ്ങി. കോവിലകത്തെ വിലപിടിച്ച രത്നങ്ങളും കനകക്കട്ടികളും മററുമെടുത്തു്, ആറു യുവതികളെയുംകൂട്ടി കുതിരപ്പുറത്തും

കാൽനടയുമായി ദേശദേശാന്തരം സഞ്ചരിക്കുവാൻ ഞാൻ ആരംഭിച്ചു സിന്ധുനദിതീരത്തിലും, അരാവലിപർവ്വതനിരകളിലും, ബികാനിർമരുഭൂമിയിലും തേടിനടന്നു വേഷപ്രച്ഛന്നയായി മിവാരാജധാനിയിലും ചെന്നു. അവിടെനിന്നു ഗ്വാളിയർരാജാവു് യവനയുദ്ധത്തിൽ പരേതനായെന്നും അദ്ദേഹത്തിന്റെ പാപിഷ്ഠയായ പത്നി അനുമൃതയായെന്നും കേട്ടു. ആ രാക്ഷസിയുടെ നേരെയുള്ള പക വീട്ടണമെന്നു കരുതിക്കൊണ്ടിരിക്കയായിരുന്നു. ആ ആശ നിർമ്മൂലമായിപ്പോയി. മനസ്സിന്റെ ആ വികൃതാവസ്ഥയിൽ ഞാൻ ഉന്മാദിനിയെപ്പോലെ ആയി. അനന്തരം സംഗീതവും ചിത്രമെഴുത്തും പരിശീലിച്ചു. മനുഷ്യരുണ്ടോ മറ്റുള്ളവരുടെ മനോവേദന അറിയുന്നു? പക്ഷേ, പ്രേമമയിയായ പ്രകൃതിദേവിയുടെ ഹൃദയം പരപരിതാപത്തിൽ അലിയാതിരിക്കയില്ല ഇതുകരുതി നിർജ്ജനകാനനത്തിലും, പ്രാണിശൂന്യമായ ഗിരിഗുഹകളിലും, ഏകാന്തസുന്ദരമായ പല നദീതീരങ്ങളിലും വീണവായിച്ചും പാടിയും മനോവ്യഥ സങ്കോചംകൂടാതെ തുറന്നുപറഞ്ഞു് സഞ്ചരിച്ചുകൊണ്ടിരുന്നു. വൃക്ഷലതാദികൾ ദീർഘനിശ്വാസം പുറപ്പെടുവിച്ചു കരുണസ്വരത്തിൽ മർമ്മഭേദകമായ എന്റെ ഗാനത്തോടൊന്നിച്ചു പാടിക്കൊണ്ടിരുന്നു. പുളച്ചൊഴുകുന്ന പുഴകളാകട്ടെ ശാന്തമുഗ്ദ്ധശബ്ദത്താൽ സഹതാപം സൂചിപ്പിക്കുന്നു.

“ഇന്നു നിങ്ങൾ എന്റെ ഗാനരീതി ഒരുവിധം മനസ്സിലാക്കിയല്ലോ. എന്നാൽ, സ്വകപോലകല്പിതമായ ഈ ചിത്രപടം കണ്ടാൽ നിങ്ങൾ വിസ്മയപ്പെടും. പതിനാറുവർഷം മുമ്പേ എന്റെ മടിയിൽ കിടന്നു സ്തന്യപാനംചെയ്ത ആ പൊന്നോമനക്കുട്ടി ശൈശവംവിട്ടു് നവയൌവ്വനാവസ്ഥയിൽ പ്രശോഭിക്കുന്നവിധത്തിൽ ഒരു ചിത്രം ഞാൻ വരച്ചിരിക്കുന്നു. ഈ പതിനാറുവർഷം പ്രതിദിനവും പ്രതിമുഹൂർത്തവും ആ പൂങ്കോലവല്ലിയെ ഞാൻ എന്റെ മനോദൃഷ്ടിയാൽ കണ്ടുകൊണ്ടിരിക്കുന്നു. ഇതുവരെ ആ വിവരമെല്ലാം നിങ്ങളോടല്ലാതെ മററാരോടും പറഞ്ഞിട്ടില്ല. ഇപ്പോൾ നിങ്ങൾ ഒരു രാജരാജേശ്വരി! നിങ്ങളുടെ വിസ്തൃതരാജ്യത്തിൽ എവിടെയോ ഒരു ഏകാന്തസ്ഥലത്തു് എന്റെ ആ പ്രിയപുത്രി ജീവിച്ചിരുപ്പുണ്ടായിരിക്കും. ഏതുവിധേനയെങ്കിലും അവളെ ഒരു നിമിഷനേരം എനിക്കു കാട്ടിത്തരുമോ? ഒരു നിമിഷമാത്രം അവളെ ചുംബിച്ചു മാറോട

ണച്ചു് ഉന്മത്തമായ എൻെറ ഹൃദയത്തെ ഞാൻ ഒന്നു ശീതളമാക്കട്ടെ." ഇങ്ങനെപറഞ്ഞു് മുംതാജ് ചാന്ദയുടെ ഉത്തരീയംകൊണ്ടു കണ്ണീർ തുടച്ചു. വീണ്ടും ഒരു ഭ്രാന്തത്തിയെപ്പോലെ ചിരിച്ചു് പറയുവാൻതുടങ്ങി:—'ഹാ ഹാ! ഒരു കാൎയ്യം പറയാൻ വിട്ടുപോയി. ആ രാക്ഷസി താരാബായിയുടെ നേരെയുള്ള പ്രതികാരേച്ഛ അപ്പോൾതന്നെ സാധിച്ചു. അവളുടെ മകളായ ഹിരണ്മയിയെ നീചകുലത്തിൽ ജനിച്ച ഒരു മുസൽമാനെക്കൊണ്ടു വിവാഹം കഴിപ്പിച്ചു. എന്നാലിനി ഒരു പ്രതിക്രിയയും കൂടി ബാക്കിയുണ്ടു്. അതിനുവേണ്ടിയാണു ഞാനിപ്പോൾ നിങ്ങളുടെ അരികെ വന്നതു്. അതുംകൂടി കഴിഞ്ഞാൽ ജീവനുള്ള കാലംവരെ ഇനി ഞാൻ നിങ്ങളുടെ അരികെവന്നു ഒന്നും അപേക്ഷിക്കുന്നതേയില്ല. ആഗ്രായിലിരിക്കുമ്പോൾ, മൊഗൾചക്രവൎത്തി നിങ്ങളോടുകൂടി യുദ്ധംചെയ്യുന്നതിനു ഹിരണ്മയിയുടെ ഭവിഷ്യത്ഭർത്താവിനെ സേനാനായകനായി നിയമിച്ചു് ഒരു സൈന്യത്തെ അയച്ചിരിക്കുന്നുവെന്നുള്ള വൎത്തമാനം കേൾക്കുകയുണ്ടായി. നിങ്ങൾ ദയചെയ്തു് ആ യുവാവിനോടു് എതിരിടുന്നതിനു എനിക്കു് ഇടയുണ്ടാക്കിത്തരണം.'

സുൽത്താന ഉന്മാദിനിയുടെ കൈപിടിച്ചു ദയാർദ്രഹൃദയയായി "പ്രിയസോദരി, സമാധാനപ്പെടൂ. പ്രതിക്രിയയ്ക്കുള്ള അഭിലാഷം വിട്ടേയ്ക്കു. മനുഷ്യസാദ്ധ്യമാണെങ്കിൽ, നഷ്ടപ്രായയായ ആ പുത്രി വന്നു നിങ്ങളുടെ മടിയിൽ ഇരിക്കും. ദേശദേശാന്തരം ജനങ്ങളെ അയച്ചു് അന്വേഷിപ്പിക്കാം. ഇപ്പോൾ ഇവിടെത്തന്നെ വിശ്രമിക്കുക. നിങ്ങളുടെ നാരീസേനയും എൻെറ കൊട്ടാരത്തിൽ താമസിക്കട്ടെ" എന്നു് ആശ്വസിപ്പിച്ചു.

# പതിനൊന്നാം അദ്ധ്യായം

## മോഹനവീണ

നേരം പാതിരയായി. അഹമ്മദനഗരത്തിൽ മൊഗളരുടെ പാളയത്തിൽ നവീനസേനാപതിയായ അജയസിംഹൻ ഏകാകിയായി തന്റെ മുറിയിൽ കിടക്കുകയാണു്. രജനി തമോരാശികൊണ്ടു് അംഗലേപനം ചെയ്തതുപോലെ ഇരിക്കുന്നു. പടൎന്നുപിടിച്ച ആ അന്ധകാരത്തിൽ ആകാശവും, ഭൂമിയും, നിശ്ചലമായും നിശ്ശബ്ദമായും കാണപ്പെട്ടു. മൊഗളരുടെ കൂടാരത്തിലെങ്ങും യാതൊരനക്കവുമില്ല. നിദ്രാദേവിയുടെ പരിരംഭണസുഖത്തിൽ എല്ലാവരും ലയിച്ചിരിക്കയാണു്. അജയസിംഹൻ ഉറങ്ങിയിട്ടില്ല. ആയാളാകട്ടെ, തുറന്നുവെച്ച വാതായനത്തിൽകൂടെ കറുത്തിരുണ്ട ഗഗനമണ്ഡലത്തിലേക്കു നോക്കി വിചാരവീചിയിൽ വിഹരിക്കയായിരുന്നു. ഉദയപുരംവിട്ടു ചക്രവൎത്തിയൊന്നിച്ചു പോന്നതിന്റെ തലേന്നാൾ "കാമൽക്കണ്ണീറ്റെന്നീരണിഞ്ഞ വദനപ്പൂവോടു" കൂടിയ ഹിരണ്മയിയോടു പ്രയാസപ്പെട്ടു യാത്രപറഞ്ഞു പിരിഞ്ഞ രാത്രിയും ഇതുപോലെതന്നെ ആകാശം അന്ധകാരപരിപൂൎണ്ണമായിരുന്നു. താൻ പോന്നശേഷം ഹിരണ്മയിക്കു് എന്തോ വിപത്തു സംഭവിച്ചിരിക്കുന്നുവെന്നുള്ള ഒരു വിചാരം കൂടക്കൂടെ മനസ്സിനെ പീഡിപ്പിച്ചു. ഉദയപുരത്തുനിന്നു പോന്നതു വലിയ അവിവേകമായെന്നും, തന്റെ പ്രാണസൎവ്വസ്വത്തിനു് മൎമ്മഭേദകമായ ഒരു മഹാപരാധമാണു താൻ ചെയ്തതെന്നും, അതുകൊണ്ടാണു് ഹിരണ്മയിക്കു് അനൎത്ഥം വന്നുകൂടിയിരിക്കുകയെന്നും മററുമുള്ള വിചാരവിഹ്വലതകൾ മനോരംഗത്തിൽകൂടി ശക്തിയായി പാഞ്ഞു. "അതീതകാൎയ്യാനുശയേന കിം സ്യാത്?" സമരസമാപ്തിക്കു മുമ്പു് തിരിച്ചുപോകുന്നതായാൽ ചക്രവൎത്തിക്കു ഒരു വലിയ വിശ്വാസഘാതകനായിത്തീരും, എന്നുതന്നെയല്ല, ക്ഷത്രിയധൎമ്മത്തിൽനിന്നു ഭ്രഷ്ടനായെന്ന ലോകാപവാദത്തിനും ഇടയുണ്ടു്. പുറപ്പെട്ടുപോരുമ്പോൾ താൻകണ്ട പ്രേമകല്ലോലിതമാലാകടാക്ഷവും, ശ്രുതിപുടത്തിൽ സുധാബിന്ദു തളിക്കുന്ന ആവേഗമയമായ കണ്ഠസ്വരവും സ്മൃതിപഥത്തിൽ പലപ്രാവശ്യവും പ്രവേശിച്ചു. 'ഹിരണേ!' എന്നു ഞാനിനി

നിന്റെ പുഞ്ചിരിക്കുളൂർനിലാവിന്നൊരു കുമുദമായ് സംഭവിക്കുന്നു?' 'ബാലേ-എന്നു നിന്നനുരാഗമാം ഭൃംഗമണ്ഡലിക്കൊരു-പുണ്ഡരീകമാസ്സുരുമെന്നുടെവദനവും' എന്നിങ്ങനെ വിരഹവിധുരീഭാവത്തിൽ ഒരു മൂളിപ്പാട്ടുപാടി ഊഷ്മളമായ ഒരു ദീർഘനിശ്വാസംവിട്ടു കണ്ണീർ തുടച്ചു.

ആ സമയം ആകസ്മികമായി അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു തീജ്ജ്വാല തള്ളിയപോലെയുള്ള ഘോരശബ്ദത്താൽ ആകാശദേശം മുഖരിതമായി, മൊഗളരുടെ കൂടാരം കിടുകിടെ വിറച്ചു. അപ്പോഴാകട്ടെ, മൊഗൾസേനകൾ സമരശങ്കകൂടാതെ നിശ്ചിന്തരായ് നിദ്രയിൽപെട്ടിരിക്കയായിരുന്നു. ഭടന്മാർ അടക്കുവാൻ വയ്യാത്ത ആശ്ചര്യത്തോടുകൂടി തൽക്ഷണം പിടഞ്ഞെഴുന്നേററു പുറത്തേക്കു പാഞ്ഞുവന്നു കോട്ടയുടെ നേരെ നോക്കി. അപ്പോൾ കണ്ടകാഴ്ച എന്തായിരുന്നു? ദ്വാദശാദിത്യന്മാർ ഉദിച്ചുയന്നാപോലെയുള്ള ഒരു പ്രഭാപ്രളയം! അതോടുകൂടി നാലുദിക്കും നടുങ്ങുമാറുള്ള ഗംഭീരഗർജ്ജിതം! ആകപ്പാടെ ഒരു കോലാഹലം! അഹമ്മദനഗരം ഒന്നായിച്ചുട്ടു വെണ്ണീറാക്കണമെന്നു കരുതി മൊഗൾപട്ടാളം കോട്ടയുടെ സമീപം ഗൂഢമായി ഖനികളുണ്ടാക്കി അവയിൽ കരിമരുന്നു നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. അജയസിംഹൻ വന്നുനോക്കിയപ്പോൾ തന്റെ കൌശലമെല്ലാം ശിഥിലമായെന്നു തോന്നി. ശത്രുപക്ഷക്കാർ പ്രതികൂലമായി ഖനികൾ കുഴിച്ചു മരുന്നുനിറച്ചു രണ്ടുപാർശ്വത്തിലും തീ കൊളുത്തിയിരിക്കുന്നു. ജയോല്ലാസഭരിതരായ പരിപന്ഥികൾ മൊഗളരുടെ നേരെ ഉണ്ടകൾ ഊക്കിൽ വർഷിച്ചു. ഈ പോരാട്ടത്തിൽ അപജയം നിശ്ചയമെന്നു് അജയസിംഹനു തോന്നി, എന്നാലും തൽക്ഷണം മനസ്സിൽ, ഒരു മൂന്നാമത്തെ ഖനിക്കു തീവെച്ചാൽ ദുർഗ്ഗത്തിന്റെ ഒരുഭാഗമെങ്കിലും പൊളിഞ്ഞു വീഴുമെന്നുറച്ചു സൈന്യത്തോട് അതിഗംഭീരസ്വരത്തിൽ ഇങ്ങനെ പറഞ്ഞു: "ഈ ഇരുപതിനായിരം ഭടന്മാരിൽ വല്ലവരും ശത്രുക്കൾ ചൊരിയുന്ന വെടിയുണ്ടകളെ അഗണ്യമാക്കി, തീജ്വാലയുടെ ഇടയിൽകൂടി സധൈര്യം കടന്നു കോട്ടയുടെ പൂർവ്വഭാഗത്തുള്ള ഖനിക്കു തീവെച്ചു പ്രാണത്യാഗം ചെയ്യുന്നതിന്നു സന്നദ്ധരാണെങ്കിൽ, ഇരുപതിനായിരം വീരന്മാരും യുദ്ധത്തിൽ പരാജിതരായെന്നുള്ള അപവാദംകൂടാതെ കഴിക്കാം. നിങ്ങളിൽ അങ്ങനെയുള്ള ശൂരന്മാരുണ്ടെങ്കിൽ ഒരുഇരുപതുപേരെങ്കിലും മുന്നിട്ടുവന്നു പറഞ്ഞുപോയി ഈവിധം പ്രവർത്തിക്കുന്നതു കാണട്ടെ."

ആരും മുന്നോട്ടു വരികയോ പ്രത്യുത്തരം പറയുകയോ ചെയ്യാഞ്ഞതുകൊണ്ടു് അജയസിംഹൻ അടുത്തുനിന്നിരുന്ന ചക്രവർത്തികുമാരനായ മുറാദിനോടു്, “യുവരാജൻ! ഡില്ലിചക്രവർത്തി ചൊടിയും ചുണയും ഇല്ലാത്ത പടജനങ്ങളെ വെച്ചുകൊണ്ടാണു യുദ്ധം ചെയ്യുന്നതു്. നിങ്ങൾ സേനാനായകത്വം വഹിച്ചാലും! ഞാൻ തന്നെ പോയി ആ ഖനിക്കു തീകൊളുത്തി ആ തീയ്യിൽ ആത്മപരിത്യാഗം ചെയ്യുന്നുണ്ടു്. അല്ലെങ്കിൽ ഇന്നു ജയം ലഭിക്കുവാൻ യാതൊരു മാർഗ്ഗവും ഇല്ല.”

ഇങ്ങനെ പറഞ്ഞുകൊണ്ടു് അരനിമിഷത്തിനുള്ളിൽ അശ്വാരോഹണംചെയ്തു് അജയൻ അവിടെനിന്നു പാഞ്ഞു. പക്ഷേ, ദൈവഗത്യാ ആയാൾക്കു് അഗ്നിയിൽ ആത്മവിസർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായില്ല. അടുത്തെത്തുംമുമ്പേ തീപ്പൊരി പാറി മൂന്നാമത്തെ ഖനിക്കു തീപിടിച്ചു് അതിഭയങ്കരമായി കത്തിജ്ജ്വലിച്ചുകൊണ്ടിരുന്നു. നോക്കിക്കൊണ്ടിരിക്കെ ഇടിയും കൊടുങ്കാറ്റും ഇടചേർന്നു് മുഴങ്ങിയപോലെയുള്ള ബ്രഹ്മാണ്ഡഭേദിയായ ശബ്ദകോലാഹലത്തോടുകൂടി കോട്ടയുടെ ഒരു ഭാഗം ഇടിഞ്ഞു പൊളിഞ്ഞുവീണു. അതോടുകൂടി സഹസ്രാധികം ശത്രുസേനയും ആ അഗ്നിയിൽ പതിച്ചു. മൊഗൾസേന പുതുതായി ഉണർന്ന ഉൾക്കോട്ടം ഉയിരോട്ടംകൂടി ശത്രുദുർഗ്ഗത്തെ ആക്രമിച്ചു. വൈരികൾ അവിചാരിതമായി കോട്ട ഇടിഞ്ഞു പൊളിഞ്ഞു വീണതുകണ്ടു് മനസ്സുമടുത്തു പിന്മാറി. അസംഖ്യം അലകൾ അടിച്ചുകയറുന്നതുപോലെ മൊഗൾസൈന്യം ഏകകാലത്തിൽത്തന്നെ കോട്ടയെ ആക്രമിച്ചതുകൊണ്ടു് അവരെ എതിർക്കുന്നതു് ശത്രുക്കൾക്കു് അത്ര എളുപ്പമല്ലായിരുന്നു. ഒരു കൂട്ടം പടയാളികൾ ആയുധങ്ങളിട്ടു് ഓടിക്കളഞ്ഞു; കുറേപ്പേർ അഭയം യാചിച്ചു് അടിമകളായി. ആ വലിയ ശത്രുസൈന്യം കുറേനേരം പോരാടി. അധികഭാഗവും മരിച്ചും മുറിവേറ്റും പതിച്ചു. മൊഗൾപ്പടയുടെ ജയശബ്ദം ആകാശമെങ്ങും മാറ്റൊലിക്കൊണ്ടു.

പെട്ടെന്നു്, ഈ ശ്രവണഭേദിയായ രണകോലാഹലത്തെ അതിക്രമിച്ചു് ഒരു വീണാനാദം കേൾക്കാറായി. ആദ്യം മൃദുമധുര—അസ്പഷ്ടസ്വരം—അനന്തരം താളലയപൂർണ്ണമായ ലളിതഗീതം—വീണാനാദത്തോടു് സമ്മിളിതമായ ആ സ്വർഗ്ഗീയഗീതാമൃതം ക്രമത്തിൽ ഉയർന്നുയർന്നു ദിഗന്തമെങ്ങും വ്യാപിച്ചു.

പീരങ്കികളുടെ ഗൎജ്ജനവും, ഖഡ്ഗങ്ങളുടെ ഝണഝണശബ്ദവും, മൊഗൾസേനയുടെ വിജയകോലാഹലവും, ആഹതരുടെ ആൎത്തനാദവും എല്ലാം ഒരേനേരത്തു നിന്നുപോയി. എല്ലാ ശബ്ദപ്രപഞ്ചവും സൎവ്വാകർഷകമായ ആ ഒരേ ശബ്ദധാരയിൽ വിലീനമായതുപോലെ തോന്നി. ആ വീണയുടെ തന്ത്രികളിൽ എന്തൊരു മോഹനമന്ത്രശക്തിയാണുള്ളതെന്നു് ആൎക്കറിയാം? ഉഭയപക്ഷക്കാരും നിശ്ചേഷ്ടരായി നിന്നേടത്തുതന്നെ നില്പായി. മൊഗൾസേനകളുടെ ഓങ്ങിയ വാളുകൾ ശത്രുക്കളുടെ ഗളത്തിൽ പതിക്കാതെ ആ നിലയിൽത്തന്നെ നിന്നു. ഇങ്ങനെ എല്ലാവരും സ്തബ്ധരായി നാലുപാടും നോക്കിക്കൊണ്ടിരിക്കെ, ചാന്ദസുൽത്താന കുതിരപ്പുറത്തുകയറി പ്രളയകാലത്തെ മേഘമാലകളുടെ മദ്ധ്യത്തിൽ സൌദാമിനിപോലെ വന്നുനിന്നു്, അംഗുലീസംജ്ഞകൊണ്ടു് ഭടന്മാരെ ഓടിപ്പോകരുതെന്നു് വിലക്കുന്നു. കൂടെയുള്ള ഈ സ്ത്രീ ഏതാണു്? വീണാനാദത്തോടിടകലൎന്ന ഹൃദയംഗമമായ പാട്ടുപാടി ചാന്ദയുടെ പാൎശ്വത്തിൽ അശ്വാരൂഢയായി ഒരു രമണി രണാങ്കണത്തിലേക്കു് വന്നുകൊണ്ടിരിക്കുന്നു. അവൾ ആപാദചൂഡം രത്നഖചിതമായ ഉടുപ്പാണു് ധരിച്ചിരിക്കുന്നതു്. കാളഭുജംഗംപോലെ നീണ്ടിരുണ്ട വേണീഭാരംമാത്രം പുറത്തു് കാണാനുണ്ടു്. കടിബന്ധത്തിൽ ഒരു വാൾ കിടന്നു് ആടിക്കളിക്കുന്നു. ഓടിപ്പോയിരുന്നവരെല്ലാം കൂട്ടംകൂട്ടമായി തിരിച്ചുവന്നുതുടങ്ങി. അജയസിംഹൻ സ്വസേനയെ ഉത്സാഹപ്പെടുത്തി മുന്നണിയിൽ വന്നുനിന്നു. ആ സമയം അവൾ വീണ നിലത്തെറിഞ്ഞു് അജയസിംഹന്റെ മുമ്പിലേക്കു പാഞ്ഞുവന്നു് വാളൂരി ഓങ്ങിപ്പിടിച്ചുകൊണ്ടു് 'അജയസിംഹാ!' എന്നു് ഉറക്കെ ഉദീരണംചെയ്തു. അജയന്റെ ദേഹമാസകലം മുള്ളുതറച്ചതുപോലെയായി; തെല്ലൊന്നു പരിഭ്രമിച്ചു. തൽക്ഷണം ചക്രവൎത്തി അന്നൊരുദിവസം, "സൂക്ഷിച്ചോളൂ. നാരീസൈന്യനായികയുടെ പ്രൌഢഗംഭീരഭാവം കണ്ടു ഒട്ടും ചലിച്ചുപോകരുതു്. അവളുടെ ദീപ്തിമത്തായ ദൃഷ്ടികൾ കണ്ടു പരിഭ്രമിക്കയുംവേണ്ട" എന്നുപറഞ്ഞ മൊഴികൾ ഓൎമ്മയിൽവന്നു. ചേതോവികാരം തടഞ്ഞുകൊണ്ടു് അജയൻ വാളോങ്ങിപ്പിടിച്ചു. ആ സ്ത്രീ, "ഒരു അബലയുടെ നേരേ ഈ ശൌൎയ്യമെല്ലാം കാണിച്ചിട്ടു് എന്താണു് പ്രയോജനം? ഇതാ നോക്കൂ! നിങ്ങളുടെ സൈന്യമെല്ലാം യുദ്ധരംഗംവിട്ടോടിപ്പോകുന്നതു നോക്കൂ" ഇങ്ങനെ പറഞ്ഞു ചിരിച്ചു. അവളുടെ ആ

വികടമായ ചിരി അജയസിംഹന്റെ മർമ്മത്തെ ബലമായി സ്പർശിച്ചു. മന്ത്രബദ്ധനായതുപോലെ ക്ഷത്രിയരാജകുമാരൻ ആ സ്ത്രീയെ ഉററുനോക്കിക്കൊണ്ടു തന്നെ നിന്നുപോയി! വീണ്ടും ചിരിച്ചു് അവർ മുഖത്തുനിന്നു മൂടുപടം നീക്കി. അജയൻ നടുങ്ങി "ഇതെന്തു കഥ! ഇവർ ആ ഉന്മാദിനി!" എന്നു് ആശ്ചര്യപ്പെട്ടു

---

## പന്ത്രണ്ടാം അദ്ധ്യായം

### ഒരു ആശാഭംഗം

യുദ്ധം കുറേക്കാലം നടന്നു. ഒടുവിൽ ചാന്ദസുൽത്താന മൊഗളരുമായി സന്ധിചെയ്തു. ആ രണശൂരയുടെ അസാമാന്യ സാമർത്ഥ്യം കണ്ടു് ആശ്ചര്യപ്പെട്ട മൊഗളർ ഭഗ്നോത്സാഹരായിത്തീർന്നു. ഒരു വീരാംഗനയാണു് ചാന്ദബീബി എന്നുള്ളതിനു പുറമേ ഏതോ ഒരു ദേവതോപാസനകൊണ്ടു് ആ മഹതിക്കു പല ദുർഘടസംഗതികളും സുസാധ്യമായിരുന്നു എന്നും നിർജ്ജീവമായ സേനയെ സജീവമാക്കിത്തീർക്കുവാനുള്ള ശക്തി അവൾക്കുണ്ടായിരുന്നുവെന്നും, മനോമോഹനമായ വീണാപ്രയോഗം കൊണ്ടു ശത്രുക്കളെ സ്തംഭനം ചെയ്യുവാൻ സാധിച്ചിരുന്നുവെന്നുമാണു് മൊഗളർ വിചാരിച്ചിരുന്നതു്. മഹാറാണി സ്വജനങ്ങളിൽ ഐകമത്യവും ദൃഢചിത്തതയും കുറവാണെന്നു കണ്ടു ചക്രവർത്തിയുമായി വളരെനാൾ എതിർത്തുനില്ക്കുന്നതിനു് സൈന്യബലം പോരെന്നുകരുതി സന്ധിയാണു സമുചിതമെന്നു നിശ്ചയിച്ചു. ഈ വിവരം ചരിത്രം വായിച്ചിട്ടുള്ളവർക്കൊക്കെ അറിയാവുന്നതാണല്ലോ. അജയസിംഹൻ സന്ധിക്കു സമ്മതിക്കയും ചെയ്തു.

ഉഷ്ണകാലത്തിലൊരുദിവസം മദ്ധ്യാഹ്നശേഷം അജയൻ ഏകാകിയായി ഉദയപുരം കൊട്ടാരത്തിന്റെ മുമ്പിൽ തന്റെ ഓമനയെന്ന കുതിരമേൽ നിന്നിറങ്ങി. "ഉഷ്ണതകൊണ്ടു വരട്ടിച്ചുമച്ചുള്ള ഗ്രീഷ്മകാലത്തിന്റെ" കഠോരപ്രഹാരമേററു വിശാലമായ ആ രാജധാനി നിശ്ചലമായി നിരവമായി കിടന്നി

രുന്നു. ദ്വാരപാലകന്മാരിൽ ചിലർ നിലത്തുകിടന്നു നിദ്രാദേവിയെ ഉപാസിക്കുന്നു. മററു ചിലർ മതിലുംചാരി തോക്കു മാറോടണച്ചും കണ്ണടച്ചും അവിൻ പൂർണ്ണമാത്ര സേവിച്ചതുകൊണ്ടുള്ള സുഖം അനുഭവിക്കുന്നു. കുതിരയുടെ കൊളമ്പടിനാദം കേട്ടു കണ്ണുമിഴിച്ച് എല്ലാവരും എഴുന്നേററു യഥാക്രമം അജയനെ അഭിവന്ദിച്ചു "അച്ഛൻ എവിടെ" എന്നു് അജയൻ ചോദിച്ചു.

കാവൽക്കാരിൽ ഒരു വയസ്സൻ "തിരുമനസ്സുകൊണ്ടു രണ്ടുദിവസംമുമ്പു പാദുഷായെ സന്ദർശിക്കുവാൻ എഴുന്നള്ളിയിരിക്കുന്നു. വീണ്ടും അക്ബർഷായുമായി യുദ്ധം തുടങ്ങുവാൻ ഭാവമുണ്ടെന്നു തോന്നുന്നു" എന്നു് അറിയിച്ചു.

"എന്തിനു്?"

"അധികവിവരം അന്തഃപുരത്തിൽ എഴുന്നള്ളിയാൽ അറിയാം".

അജയസിംഹൻെറ ഹൃദയം അതിശക്തിയോടെ അടിക്കുവാൻ തുടങ്ങി. അന്തഃപുരത്തിൽ ചെന്നാൽ ഹിരണ്മയിയെ കാണുമോ? അജയൻ വേറെ യാതൊന്നും ചോദിക്കാതെ മന്ദഗതിയായി അങ്ങോട്ടുചെന്നു. എങ്ങും നിശ്ശബ്ദം! വിശറിക്കൊണ്ടിരുന്നവർ അങ്ങനെതന്നെ വിശറിയുംപിടിച്ചു വീണുകിടക്കുന്നു. അദ്ധ്യശയിതരായ ചിലർ താണസ്വരത്തിൽ പകുതി വിഴുങ്ങി എന്തോ ചിലതു സംസാരിക്കുന്നുണ്ടു്. അവിടെ വളർത്തിവരുന്ന മാങ്കുട്ടി ചുമരരികെക്കിടന്നു ശൂന്യദൃഷ്ടിയോടെ ആകാശത്തേക്കു നോക്കിക്കൊണ്ടിരിക്കുന്നു പ്രിയഹിരണ്മയി അവിടെയെങ്ങും കാണുന്നില്ല. ആനന്ദകോലാഹലങ്ങളോടുകൂടിയിരുന്ന ആ അന്തഃപുരം ഇതുപോലെ ശൂന്യമായും ചൈതന്യരഹിതമായും ഇതേവരെ കണ്ടിട്ടില്ല. അജയൻ പരിഭ്രമിച്ചു പതുക്കെപ്പതുക്കെ പാദന്യാസംചെയ്തു ഹിരണ്മയിയുടെ ശയ്യാഗൃഹത്തിനടുത്തുചെന്നു ഗദ്ഗദസ്വരത്തിൽ "ഹിരണ്മേ," എന്നുവിളിച്ചു. നിശ്ശബ്ദമായ ആ മുറിയുടെ ഉള്ളിൽ "ഹിരണ്മേ" എന്നു വികടമായി പ്രതിധ്വനിച്ചു. അജയൻ അവിടെനിന്നു പിന്തിരിഞ്ഞപ്പോൾ കമലാവതി ഓടിവന്നതുകണ്ടു. അജയൻ ഉൽകണ്ഠാപൂർവ്വം "കമലാവതീ 'ഹിരണ്മ' എവിടെ?" എന്നു ചോദിച്ചു.

കമലാവതി ഉത്തരീയംകൊണ്ടു് കണ്ണീർതുടച്ചു്, "ജ്യേഷ്ഠ!" എന്നു പറഞ്ഞപ്പോഴേക്കും തൊണ്ടയിടറി.

അജയൻ വീണ്ടും – കമലാവതീ! ഹിരണ്മ ഇഹലോകത്തി ലില്ലേ?

കമലാ: — (അശ്രുധാര ചൊരിഞ്ഞു) ജ്യേഷ്ഠ! ഹിരണ്മയി മരിച്ചി ട്ടില്ല; മരിച്ചെങ്കിൽകൂടി ഇത്ര ദുഃഖത്തിന്ന് ഇടവരില്ലായി രുന്നു.

അജയ: (കോപത്തോടെ) എന്തായാലും വേഗം പറയൂ! ഹി രണ്മ എവിടെ?

കമലാ: — ഹിരണ്മയി ഇപ്പോൾ ഡില്ലി പാദുഷായുടെ അന്തഃപുര ത്തിൽ! ഹിരണ്മയിയെ ബലാല്ക്കാരമായി ഒരു മുസൽമാൻ വിവാഹംചെയ്തുവെന്നാണ ജനശ്രുതി.

അജയന്റെ മുഖം വിളൎത്തു, തൽക്ഷണം അരുണവ ൎണ്ണോജ്ജ്വലമായി സാവധാനം പുറത്തേക്കു പോന്നു. കമലാ വതി ബാഷ്പപൎയ്യാകുലയായി ജ്യേഷ്ഠനോട്ട് അല്പം ഇരുന്നു വിശ്ര മിക്കുവാൻ അപേക്ഷിച്ചു. അജയൻ യാതൊന്നും ഉത്തരം പറ യാതെ ആംഗ്യംകൊണ്ടു് അതെല്ലാം നിഷേധിച്ചു്, ആരോടും ഒന്നും ചോദിക്കാതേയും, ആരുടെവാക്കും ശ്രദ്ധിക്കാതേയും ആശാ ഭംഗത്തോടുകൂടി കുതിരമേൽ ചാടിക്കയറി. ദാനവദമനൻ യജ മാനന്റെ ഇംഗിതമറിഞ്ഞു് വായുവേഗത്തിൽ പാഞ്ഞു.

---

# പതിമൂന്നാം അദ്ധ്യായം.

## ഒരു മറായാപടം.

അക്ബർചക്രവൎത്തി ആഗ്രാദുൎഗ്ഗത്തിലെ ഒരു ഏകാന്ത മായ മുറിയിലിരുന്നു് ഒരെഴുത്തു വായിക്കുന്നു. അഹമ്മദനഗര ത്തിൽനിന്നു് ഒരു ദൂതിയാണു് ആ കത്തു കൊണ്ടുവന്നു കൊടു ത്തതു്. പാർസിഭാഷയിൽ എഴുതിയിരുന്ന അതിലെ സംഗതി ഇതാണു്:—

രാജരാജൻ, ജനങ്ങളെല്ലാം അങ്ങയെ ഔദാൎയ്യത്തിന്റെ അവതാരമാണെന്നു സ്തുതിക്കുന്നു. അതുകൊണ്ടു് ലജ്ജാകരമായ ഒരു രഹസ്യസംഗതി, ഒരു സ്ത്രീയാണെങ്കിലുംകൂടി, അങ്ങയെ അറിയിക്കണമെന്നുതന്നെ നിശ്ചയിച്ചിരിക്കുന്നു. മഹിളാമണി യായ ചാന്ദ്സുൽത്താനയുടെ മുഖത്തുനിന്നു്, അങ്ങു് ശത്രുക്കളെ

ക്കൂടി തിരസ്കരിക്കുന്ന ആളല്ലെന്നു ഞാൻ കേട്ടിരിക്കുന്നു. ഇതു ശരിയോ അല്ലയോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ, ഞാൻ അങ്ങയുടെ ശത്രുവല്ല – കാരണം, ചാന്ദസുൽത്താന അങ്ങയോടു കൂടി സന്ധിയായല്ലോ – സന്ധിയിലെ നിശ്ചയപ്രകാരം റാണി ബീറാർദേശം അങ്ങയ്ക്കു വിട്ടുതന്നു. ഹാ! സന്ധികാര്യത്തെപ്പററി ഞാനെന്താണു പറയേണ്ടതു്? സുൽത്താന പ്രാണഭയം കൊണ്ടു സന്ധിക്കു സമ്മതിച്ചതാണെന്നു് അങ്ങു വിചാരിച്ചിട്ടുണ്ടായിരിക്കും. അവർക്കു യുദ്ധത്തിൽ അനവധി ജീവനാശം ഉണ്ടായിട്ടുണ്ടെന്നുള്ളതു ശരി. എന്നാലും അവരുടെ വശം അസംഖ്യം ആഭരണങ്ങളുണ്ടു്, അനവധി അമൂല്യരത്നങ്ങളുണ്ടു്. അവയെ തൊട്ടിട്ടില്ല. വളരെ സൈന്യങ്ങളെ മൊഗളർ ധൂളിപ്പിച്ചെങ്കിലും, എന്റെ പ്രിയപ്പെട്ട മൂലബലം അങ്ങയുടെ സേനയോടു് എതിർക്കുന്നതിനു് രണരംഗത്തിൽ വന്നിട്ടില്ല. എനിക്കു നൂറുപേർ നാരിമാരടങ്ങിയ കാലാൾപ്പടയുണ്ടു്. ഞാൻതന്നെ അവരെ യുദ്ധമുറകളും ഖഡ്ഗപ്രയോഗവും വീണാവാദനവും അഭ്യസിപ്പിച്ചു. അങ്ങയുടെ അയ്യായിരം മൊഗൾപ്പട്ടാളവും എന്റെ ഈ നൂറു നാരീസൈന്യത്തോടു കിടപിടിക്കുന്നതല്ല. പുറമെ, എന്റെ സ്വന്തം സഞ്ജീവനീവീണ, ശത്രുസംഹാരകമായ ഖഡ്ഗം, എല്ലാത്തിലുംമേലെ, ആരേയും കൂട്ടാക്കാത്ത എന്റെ വജ്രകഠിനമായ ഹൃദയം! അങ്ങയുടെ പുതിയ സേനാപതിയോടു ചോദിച്ചാൽ മുംതാജ്ബീഗം വെറുതെ വീരാഹങ്കാരം പറയുന്നവളല്ലെന്നു മനസ്സിലാവും. എന്നാൽ സുൽത്താന ഇങ്ങനെ ഒരു സന്ധിചെയ്തതു് എന്തിനു്? എന്റെ പ്രേരണ പ്രകാരം മാത്രമാണു്. ഈ ഭാഗ്യഹീനയായ മുംതാജയുടെ മനോവേദന കണ്ടു് അനുകമ്പതോന്നി അവളുടെ അഭീഷ്ടസിദ്ധിക്കു വേണ്ടിയാണു് ഈ സന്ധിക്കു സമ്മതിച്ചതു്. എനിക്കു് അങ്ങയെ ഒരു കാര്യം പറഞ്ഞുകേൾപ്പിക്കാനുണ്ടു്. അതു ഞാനെങ്ങനെ പറഞ്ഞറിയിക്കട്ടെ! പറയാൻ ഭാവിച്ചാൽ മനസ്സു സമ്മതിക്കുന്നില്ല. നാവു പൊന്തുന്നില്ല. എഴുതുന്നതിനു തൂലികയും നീങ്ങുന്നില്ല. തിരുമേനി ക്ഷമിക്കണം. സംഗതികളൊക്കെ ഒരു പ്രാവശ്യംകൊണ്ടു പറഞ്ഞുകഴിയില്ല—എല്ലാം അറിഞ്ഞിട്ടു പ്രയോജനവുമില്ല. അതു് ഒരു ദീർഘകഥ – മറെറാരു അവസരത്തിൽ അതൊക്കെ അറിയിച്ചുകൊള്ളാം.

ഗ്വാളിയർ രാജാവിനും താരാബായിക്കും മകളായി പിറന്ന ഹിരണ്മയിയെ നീചകുലജാതനായ ഒരു മുസൽമാൻ കല്യാ

ണംകഴിച്ച ആ ദിനം — ഹാ! അതു് എന്തു സുദിനം— ഒരു ഉന്മാദിനി വന്നു ചില വർത്തമാനമെല്ലാം അങ്ങയോട്ടു് പറഞ്ഞതു് ഓക്കുന്നുണ്ടോ? ആ ഉന്മാദിനി ആരാണെന്നു് ഇപ്പോഠം മനസ്സിലായിരിക്കും. ഇനിയൊരിക്കൽ എൻെറ പൂൎണ്ണവ്ധരം ധരിപ്പിച്ചുകൊള്ളാം. ഒന്നായി എല്ലാം അറിയിക്കാൻ അസാദ്ധ്യമായതുകൊണ്ടു പ്രകൃതലേഖനത്തിൽ ഒരു ഛായാപടം അടക്കംചെയ്തിട്ടുണ്ടു്. അങ്ങയുടെ ഇഷ്ടപ്രകാരം ബിറാർ രാജ്യം വിട്ടുതന്നു യുദ്ധം നിറുത്തി അങ്ങയുമായി സന്ധിചെയ്തു് അങ്ങയുടെ പുതിയ സേനാപതിയുടെ ശരീരത്തിലെ രക്തപാനംകൊണ്ടു് എൻെറ വാളിൻെറ ദാഹം ശമിപ്പിക്കാതെ ഞാൻ അയാളെ വിട്ടു. അതിന്നു പകരം എനിക്കു് ഒരപേക്ഷയുണ്ടു്. വേറൊന്നുമല്ല, ഈ ഛായാപടത്തിൽ കാണുന്ന ആ കുമാരിയെ എനിക്കു തേടിപ്പിടിച്ചു തരണം. അവളെവിടെയാണെന്നു് അങ്ങു് ചോദിക്കുമായിരിക്കാം. അതിനെപ്പററി എനിക്കു് ഒന്നുംതന്നെ അറിയില്ല. യാതൊരു സന്താപനംകൊണ്ടും എനിക്കു് ശാന്തിലഭിക്കയുമില്ല. എൻെറ ഹൃദയം അങ്ങയോട്ടു തുറന്നു പറഞ്ഞാൽ കായ്യം സാധിക്കുമെന്നു് എൻെറ ചെവിയിൽ ആരോ മന്ത്രിച്ചതായിത്തോന്നി. ആയ്യാവൎത്തം ഒട്ടുക്കും അങ്ങയുടെ നഖദപ്പണത്തിൽ നിഴലിച്ചിരിക്കുന്നു. ഹിമാലയശിഖരം തുടങ്ങി വംഗോപസാഗരതീരംവരെയുള്ള ഓരോ കുടിലും കൊട്ടാരവും അങ്ങേയ്ക്കു് കരതലാമലകം ആണു്. ദില്ലീചക്രവൎത്തി ഇന്നു രത്നസിംഹാസനത്തിൽ വാണരുളുന്നു; നാളെ അദ്ദേഹത്തെ ഗോദാവരീപുളിനത്തിലെ ഒരു തപോവനത്തിൽ വേഷച്ഛന്നനായി കാണാം. അതുകൊണ്ടു്, ആ കുമാരി അങ്ങയുടെ ദൃഷ്ടിയിൽപെട്ടുവെന്നും വരാം. ഒരു വ്യാഴവട്ടത്തിലധികമായി ആ ഓമനയെ തേടിപ്പിടിപ്പാൻ വേണ്ടി ഞാൻ ഉന്മാദിനിവേഷത്തിൽ ഗിരിഗുഹകളിലും നിജ്ജനവനങ്ങളിലും അലഞ്ഞു നടക്കുകയാണു്. സന്ന്യാസിവേഷം ധരിച്ചു് വിന്ധ്യഗിരിയുടെ ശീതശിലാതലത്തിൽ ഞാൻ എത്രരാത്രി കഴിച്ചുകൂട്ടിയിരിക്കുന്നു! എന്നിട്ടും എൻെറ അനുഗ്രഹം ഫലിച്ചില്ല. ഭാരതസാൎവഭൗമ! അങ്ങു് എൻെറ അഭീഷ്ടം സാധിപ്പിച്ചുതരികയില്ലേ! ഈ ഭാഗ്യംകെട്ട ഭ്രാന്തത്തിയുടെ ദുഃഖവൃത്താന്തംകേട്ടു് അങ്ങേയ്ക്കു ചിരിയോ അനുതാപമോ കോപമോ ഉണ്ടാകുന്നതെന്നു് എനിക്കറിഞ്ഞുകൂടാ.

എന്നു് ''മുംതാജു് ബീഗം''

അക്ബർ എഴുത്തുവായിച്ചു്. അതിലുള്ള ഛായാപടം നോക്കി “മുംതാജ് ബീഗം—ഇതെന്താശ്ചര്യം!” എന്നു പറഞ്ഞു. ആ സമയം ഒരു ദ്വാരപാലകൻ വന്നു് “സേനാപതി അജയസിംഹൻ വന്നു് അവസരംകാത്തു നില്ക്കുന്നുണ്ടു്” എന്നു ണർത്തിച്ചു. അതിനിടയ്ക്കുതന്നെ അജയൻ പ്രവേശിച്ചു. അയാളുടെ മുഖം വിവർണ്ണത കലർന്നും ഉടലാസകലവും വിയർപ്പുപൊടിഞ്ഞും വളരെ ക്ഷീണിച്ചിരുന്നു. അക്ബർ അയാളെ നോക്കി “അജയസിംഹകുമാര! മാർഗ്ഗശ്രമംകൊണ്ടു വളരെ തളർന്നിരിക്കുന്നതായിത്തോന്നുന്നു. അല്പം വിശ്രമിക്കൂ. നിങ്ങളോടു വളരെയൊക്കെ സംസാരിപ്പാനുണ്ടു്. എല്ലാം പിന്നീടാവട്ടെ. അഹമ്മദനഗരത്തിലെ യുദ്ധത്തിൽ നിങ്ങൾ വീരസേനാപതിയെപ്പോലെതന്നെ കാര്യം നിർവ്വഹിച്ചിരിക്കുന്നു. അതിന്നു സംഭാവനയായി —

പറഞ്ഞുതീരുന്നതിനിടയ്ക്കു് അജയസിംഹൻ ഇടച്ചേർന്നു കൂട്ടിച്ചേർത്തു, “അതിന്നു സംഭാവനയായി-രാജന്യരമണിയായ ഹിരണ്മയിയെ മൊഗളരുടെ അങ്കത്തിന്നു് അലങ്കാരമാക്കി! ക്ഷത്രിയകുലാംഗാരമായ അജയസിംഹൻെറ ഈ സ്വർഗ്ഗീയഖഡ്ഗത്തിന്നു യവനരക്തത്തിലുള്ള പിപാസ ഇനിയും ശമിച്ചിട്ടില്ല”

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കെ, അജയസിംഹൻ അക്ബരുടെ സ്വർണ്ണസിംഹാസനത്തിൻെറ താഴെ തലതിരിഞ്ഞു വീണുപോയി.

---

## പതിനാലാം അദ്ധ്യായം

### അംബരകുമാരി

ഹിരണ്മയി ആഗ്രാദുർഗ്ഗത്തിൽ അക്ബരുടെ അന്തഃപുരത്തിലാണു്. അവളെ പുത്രീനിർവ്വിശേഷമായ വാത്സല്യത്തോടുകൂടിയാണു് അക്ബർ സംരക്ഷിച്ചുവരുന്നതു്. ഒരു പ്രത്യേകസ്ഥലം ആ യുവതിക്കായി ഒഴിച്ചുകൊടുത്തു് ശുശ്രൂഷയ്ക്കു ഹിന്ദു

പരിചാരികമാരെ നിയമിച്ചിട്ടുണ്ടു്; അവക്കല്ലാതെ മററാക്കും അവിടെ പ്രവേശവും അനുവദിച്ചിട്ടില്ല. ഇതു നാട്ടിലൊക്കെ പ്രസിദ്ധസംഗതിയാണു്.

ഒരുദിവസം വൈകുന്നേരം ഹിരണ്മയി ഏകാകിനിയായി ചിന്താസാഗരത്തിൽ മുഴുകിയിരിക്കയായിരുന്നു. ആ സമയം ജനലിന്റെ പുറത്തുനിന്നു് ആഭരണങ്ങളുടെ കിലുകിലുക്കം കേൾക്കാറായി. അതോടുകൂടി സ്ത്രീസഹജമായ മൃദുലസ്വരത്തിൽ "ഹിരണ്മയിഅമ്മേ!" എന്നു വിളിക്കുന്നതു കേട്ടു. അവളങ്ങോട്ടു തിരിഞ്ഞുനോക്കി. ആ ദുർഗ്ഗത്തിൽ ചെന്നുചേർന്നശേഷം ആരും അവളെ പേരെടുത്തു വിളിച്ചിട്ടില്ല. വീണ്ടും പുറത്തുനിന്നു് ആ കാമിനീകണ്ഠം ശുദ്ധരാജപുത്താനഭാഷയിൽ "ഹിരണ്മയിഅമ്മേ! നിങ്ങളോടൊരപേക്ഷയുണ്ടു്. അങ്ങോട്ടു കടന്നു വരാൻ ഒന്നനുവദിക്കു. നിങ്ങൾ ഇവിടെ വന്നിട്ടു കുറേനാളായല്ലൊ. നിങ്ങളെക്കണ്ടു രണ്ടുവാക്കു പറയുന്നതിനു് ഇതുവരെ എനിക്കു ഭാഗ്യമുണ്ടായില്ല. വരുമ്പോഴൊക്കെ, പാദുഷായുടെ കല്പനയില്ലെന്നുപറഞ്ഞു് കാവൽക്കാർ അകത്തേക്കു വിടുന്നില്ല. നിങ്ങളുടെ അനുവാദമുണ്ടെങ്കിൽ, പാദുഷായ്ക്കു് എന്റെ നേരെ നീരസമുണ്ടാകാൻ വഴിയില്ല. മുസൽമാൻസ്ത്രീയോടൊന്നിച്ചു സംസാരിച്ചതുകൊണ്ടൊന്നും ജാതി പോകയില്ല. ഞാനകത്തേക്കു വരട്ടേയോ?" എന്നു ചോദിച്ചു.

ഹിരണ്മയി, 'ആരാണെന്നു മനസ്സിലായില്ല. അകത്തേക്കു വരൂ!' അവൾ ഉള്ളിലേക്കു കടന്നുവന്നു. അതിസൗന്ദര്യവതിയായ ഒരു യുവതി! "ലാവണ്യക്കടലിൽ കളങ്കമിയലാതുണ്ടായ വാർതിങ്കൾ"തന്നെ. കേവലം ബാലികാസഹജമായ സരളചഞ്ചലദൃഷ്ടി. അകസ്മാദുന്മീലന്മൃദുഹസിതംകൊണ്ടു് വികസിതമായ മുഖസരോജം. കല്ലുംകൂടി അലിയുന്ന കണ്ഠസ്വരം. വസ്ത്രധാരണംകൊണ്ടു് ഒരു യവനവനിതയാണെന്നു് ഊഹിക്കാം. രത്നരാജിയാൽ വിരാജിതമായ ഉടുപ്പാണു് ധരിച്ചിരിക്കുന്നതു്. കണ്ഠഹാരത്തിലും, കനകവലയത്തിലും, നൂപുരത്തിലും രത്നങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു. വിരലുകളിൽ വിലയേറിയ വജ്രമോതിരം. മുഖത്തു ചിന്നിച്ചിതറിക്കിടക്കുന്ന അളിശ്യാമളമായ അളകങ്ങളെ കരപല്ലവംകൊണ്ടു പതുക്കെ ഒതുക്കി അവൾ "എന്റെ ഉടുപ്പുകണ്ടു് ആശ്ചര്യപ്പെടുന്നുണ്ടായിരിക്കാം. നിങ്ങളെപ്പോലെതന്നെ ഈ മുസൽമാൻഉടുപ്പിൽ എനിക്കും വെറുപ്പു

തോന്നിയിരുന്നു. ഈ മൂടുപടവും ഉത്തരീയവും നോക്കി എനിക്കു ചിരിവരാറുണ്ടായിരുന്നു. ഇപ്പോഴാകട്ടെ മുസൽമാന്മാരുടെ വസ്ത്രധാരണമാണു് രജപുത്രരുടേതിനേക്കാൾ ഭംഗിയേറിയതെന്നു തോന്നിത്തുടങ്ങി" എന്നു പറഞ്ഞു. ഹിരണ്മയി അവളെ നോക്കി ആശ്ചര്യപ്പെട്ടു്, "ഒരു രജപുത്രരമണിയായ നിങ്ങൾ എന്നാൽ യുവരാജ സെലിമിൻെറ പത്നി അംബർ കുമാരിതന്നെയായിരിക്കണം."

അംബര:—(ചിരിച്ചു്) അതെ. ഞാൻതന്നെ ആ നിർഭാഗ്യവതി. നിങ്ങളുടെ മോഹനമുഖം ഒന്നു് അടുത്തുകാണണമെന്നു് എനിക്കു് ആശയുണ്ടായിരുന്നു. പാദുഷായുടെ അന്തഃപുരത്തിലുള്ളവരെപ്പോലെ രൂപവതികൾ ഈ പ്രപഞ്ചത്തിലില്ലെന്നാണു് അവരുടെ അഭിമാനം. അതു നിങ്ങൾ നിശ്ശേഷം നീക്കികളഞ്ഞിരിക്കുന്നു. ആ യുവതിമണ്ഡലമദ്ധ്യത്തിൽ നിങ്ങളെ ഇരുത്തി അവരെ ഒന്നു ലജ്ജിപ്പിക്കണമെന്നു് എനിക്കു ഒരു ആഗ്രഹമുണ്ടു്. കഷ്ടം! മുടി മുഷിഞ്ഞു ചിന്നിച്ചിതറിക്കിടക്കുന്നു. എന്താണു് ഇങ്ങനെ ഇട്ടിരിക്കുന്നതു്? അടുത്തിരിക്കു. ഞാൻ മുടി മെടഞ്ഞുകെട്ടട്ടെ.

ഹിരണ്മയി: - (വിരസഭാവത്തിൽ) മുടി മിനുക്കിക്കെട്ടാനും മററും ഇതു നല്ല അവസരം! നിനക്കു മനസ്സിനു നല്ല സുഖവും സമാധാനവുമുണ്ടു്. അതില്ലാത്തവർക്കു് എന്തു സൌന്ദര്യചിന്ത?

അംബര:—അതിരിക്കട്ടെ. കാർമ്മേഘംപോലെ ഇരുണ്ട ചുരുണ്ട ഈ കുന്തളഭാരം ഇങ്ങനെ പൊടിപുരണ്ടു കിടക്കുന്നതുകാണുമ്പോൾ മനസ്സിനു വല്ലാത്ത വല്ലായ്മതോന്നുന്നു. മുസൽമാൻജാതി തൊട്ടുകൂട്ടുമ്പോഴയ്ക്കും ഭ്രഷ്ടുവരില്ല.

ഇങ്ങനെ പറഞ്ഞു് അംബരകുമാരി ചിരിച്ചു് രണ്ടുകൈകൊണ്ടും ഹിരണ്മയിയുടെ ചികുരഭാരം പിടിച്ചു് മെടഞ്ഞുകെട്ടുവാൻ തുടങ്ങി. അവൾ ഹിരണ്മയിയുടെ കൈപിടിച്ചു്, "ഞാനൊരു കാര്യം പറയാൻപോകുന്നു. കേൾക്കു. എന്നെ നിങ്ങളുടെ സോദരിയാണെന്നു കരുതണം. കപടംകൂടാതെ എന്നോടു എല്ലാം തുറന്നു പറഞ്ഞാലൊന്നുമില്ല. എൻെറ പ്രിയൻ യുവരാജസെലിം നിങ്ങൾമൂലം അസ്വാസ്ഥനായിത്തീൎന്നിരിക്കുന്നു.

അദ്ദേഹമൊന്നിച്ചു ഡില്ലീസിംഹാസനം അലങ്കരിക്കുവാൻ നിങ്ങൾക്കു സമ്മതമില്ലെന്നു കേട്ടു. അതു വാസ്തവമാണോ?" എന്നു ചോദിച്ചു.

അംബരകുമാരി വീണ്ടും പറയാൻതുടങ്ങി. "നല്ലപോലെ ആലോചിച്ചുനോക്കൂ. ഞാനൊരുകാലം ഇങ്ങനെയൊക്കെ വിചാരിച്ചിരുന്നു. വിവാഹത്തിന്നുമുമ്പ് എത്രമാത്രം ചിന്തിച്ചു ക്ലേശിച്ചു. യവനരോടുകൂടി ചിരകാലവാസം ചെയ്യുന്നതെങ്ങനെ? യവനശയ്യയിൽ സഹശയിക്കുന്നതെങ്ങനെ? എങ്ങനെ യവനന്റെ ഉച്ഛിഷ്ടം ഭുജിക്കും? ഇപ്രകാരമോരോന്ന് ആലോചിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അതൊക്കെപ്പോയി. മുസൽമാൻമതത്തേക്കാൾ പരിശുദ്ധതരമായ മതം പ്രപഞ്ചത്തിലില്ലെന്നു ബോധപ്പെട്ടിരിക്കുന്നു. യുവരാജസെലിമിനെപ്പോലെ കാമകോമളനായ ഒരു പുരുഷനെ ആൎക്കു ലഭിക്കും? ആയിരം ദുർഗ്ഗുണമുണ്ടെങ്കിലും എന്തു വില? ഒരു സംഗതികൂടി ആലോചിച്ചുനോക്കൂ. പാദുഷായ്ക്കു വാൎദ്ധക്യമായി. ഭാരതസിംഹാസനം വൈകാതെ സെലിമിന്റെ കൈയിലാകുമെന്നുള്ളതിനു സന്ദേഹമില്ല. ഭഗിനി! ഭാരതനാഥയാകുവാൻ ആൎക്കാണു മോഹമില്ലാതിരിക്കുക?"

ഹിര:— ഛി! അംബരകുമാരി! ഇങ്ങനെയുള്ള വാക്ക് എന്നോടു പറയുന്നതിനു നിനക്കു നാണമില്ലല്ലോ? ഒരു സപത്നി വേണമെന്നു നിനക്ക് അത്ര ആശയുണ്ടെങ്കിൽ നിന്നെപ്പോലെ "നീചകൎമ്മനിരതയായ മറെറാരു രജപുത്രസ്ത്രീയോട് ഇങ്ങനെയെല്ലാം പോയ്പറഞ്ഞോളൂ."

അംബര:—(ചിരിച്ച്) കഷ്ടം! ഇവിടെയുണ്ടോ സപത്നികൾക്കു ക്ഷാമം? നിങ്ങളിവിടെ ഇരിക്കുന്നപക്ഷം സോദരികളായ നമുക്കിരുവൎക്കും പരമാനന്ദമാണ്. ഒരു യവനസ്ത്രീ ഭാരതചക്രവൎത്തിനിയാകാതെ നിങ്ങൾ ആ സ്ഥാനം അലങ്കരിക്കുകയാണെങ്കിൽ എനിക്ക് അതിലധികം സന്തോഷകരമായ സംഗതിയുണ്ടോ?

ഹിര:—(കണ്ണീർതുടച്ച്) ഈ ചുടുന്ന മനസ്സിനെ പുണ്ണിൽ അമ്പുതറച്ചതുപോലെ ആക്കിത്തീൎക്കാതിരിക്കൂ.

അംബര:—അങ്ങനെയാണെങ്കിൽ ഞാനെന്തു പറയാനാണ്! നിങ്ങൾക്കു പ്രതിനിമിഷം അനൎത്ഥത്തെ പ്രതീക്ഷിക്കേണ്ടിവരുമെന്നാണു തോന്നുന്നതു്. എന്തുചെയ്യട്ടെ!

ഹിര: എൻെറ പ്രാണൻ എൻെറ കൈവശംതന്നെയാണ് ഇരിക്കുന്നതു്.

അംബരകുമാരി എഴുന്നേററു. ബാലയെപ്പോലെ ലീലാശാലയായിരുന്ന അംബര പെട്ടെന്നു ഭാരതാധീശ്വരിയെപ്പോലെ ഘനഗംഭീരഭാവം അവലംബിച്ചു്, "കേൾക്കൂ നിങ്ങൾക്കു സുഖത്തിനുള്ള വഴി കാട്ടിത്തരുവാനാണു് ഇത്രയൊക്കെ സംസാരിച്ചതു്. നിങ്ങളുടെ വാക്കു കേൾക്കുമ്പോൾ രജപുത്രസ്ഥാനത്തിൻെറ പൂർവ്വഗൌരവം ലോപപ്പെടുവാൻ ഇനിയും വളരെ കാലവിളംബം വേണ്ടിവരുമെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. നിങ്ങളെപ്പോലെയുള്ള ധീരനാരിമാർ അധിവസിക്കുന്ന രാജ്യമുണ്ടോ പരജാതിക്കു പദാനതമായിത്തീരുന്നു? നിങ്ങളുടെ ഭാവിസുഖത്തിനു വേണ്ടി ഭാരതസിംഹാസനംകൂടി വിട്ടുതരുവാൻ ഞാൻ സന്നദ്ധയായിരുന്നു. അതു പോകട്ടെ, ഇനി ഞാൻ മറെറാരുപ്രകാരത്തിൽ സഹായിക്കാം. നിങ്ങൾക്കു് ഒരു ആഭരണം ഞാൻ കൊണ്ടുവന്നിട്ടുണ്ടു്.

"ആഭരണമോ?"

"അതേ. നോക്കൂ! ഈ ആഭരണം! ഒരു രജപുത്രനാരിയുടെ ദൃഷ്ടിയിൽ വിപൽകാലത്തു് ഇതിലും പ്രിയതരമായ മറെറാരലങ്കാരം ഇല്ല."

ഇങ്ങനെ പറഞ്ഞു് അംബരകുമാരി ഉടുപ്പിനുള്ളിൽനിന്നു മൂർച്ചയുള്ള ഒരു വാളെടുത്തു കാണിച്ചു. ദീപപ്രഭയിൽ അതിൻെറ ശ്യാമളമായ അലകു് തെളുതെളെ ശോഭിച്ചു. അംബരകുമാരി "ഇതു നോക്കൂ! നിങ്ങൾക്കു് ഈ ആഭരണം യോജിച്ചതോ അല്ലയോ? എല്ലാ ആശയും എല്ലാ വിശ്വാസവും നിർമ്മൂലമാകുമ്പോൾ ഈ അലങ്കാരത്തിൻെറവില അറിയും. എന്നാൽ എൻെറ ഒരു അപേക്ഷ പ്രത്യേകം ശ്രദ്ധിക്കണേ! ഈ ഭൂഷണം എൻെറ പ്രിയൻേറതാണു്. ഇതു് അദ്ദേഹത്തിൻെറ അംഗത്തെ സ്പർശിക്കാനിടവരാതെ സൂക്ഷിക്കണം!" എന്നു പറഞ്ഞു

അവർ വീണ്ടും, "എപ്പോഴെങ്കിലും വല്ല സഹായവും വേണ്ടിവന്നാൽ പറഞ്ഞയയ്ക്കൂ, യഥാശക്തി ശ്രമിക്കാം" എന്നു പറഞ്ഞു് വാൾ കൊടുത്തു് അംബരകുമാരി അവിടെനിന്നു തിരിച്ചു. ഹിരണ്മയി അതെടുത്തു ചുംബിച്ചു മാറോടണച്ചു.

മറെറാരു വ്യക്തി ആ ഭിത്തിയുടെ പാർശ്വത്തിൽ ഇരുട്ടത്ത് ഇതെല്ലാം കണ്ടും കേട്ടും നിന്നിരുന്നു. ആ രൂപത്തെ അംബരകുമാരിയാകട്ടെ ഹിരണ്മയിയാകട്ടെ കണ്ടതുമില്ല. അതു് സെലിം ആയിരുന്നു.

---

## പതിനഞ്ചാം അദ്ധ്യായം

---

### ഒരു ഗൂഢസന്ദർശനം

പൌർണ്ണമിരാത്രി. ഹിരണ്മയി ഒരു പരിചാരികയോടുകൂടി സമീപത്തുള്ള പൂങ്കാവനത്തിലേക്കു വന്നിരിക്കുന്നു. 'നാഴി പാൽകൊണ്ടു നാടെല്ലാം കല്യാണം' ആയ ആ സമയം പുഷ്പവാടി പുളകിതമായും ശീതളമായും ശോഭിച്ചു. പുഞ്ചിരി പൊഴിക്കുന്ന പൂക്കളെച്ചുംബിച്ചും തരുലതകളെ നർത്തനംചെയ്യിച്ചും മന്ദമാരുതൻ സഞ്ചരിച്ചുകൊണ്ടിരുന്നു. അപ്പോഴാകട്ടെ, 'ആലസ്യമാണ്ടമുഖമൊട്ടുകുനിച്ചു വേർത്തഫാലസ്ഥലം മൃദുകരത്തളിരാലെതാങ്ങി' ഹിരണ്മയി ചിന്താസന്തപ്തയായി ഇരുന്നുപോയി. ശൈശവകാലത്തെ സ്മരണ മനോമദ്ധ്യത്തിൽ കൂടക്കൂടെ ഉദിച്ചുകൊണ്ടിരുന്നു. ബാല്യസുഹൃത്തായ അജയൻെറ പ്രേമപ്രഫുല്ലമായ മുഖസരോജം ചിത്തപടത്തിൽ തെളിഞ്ഞു ചിത്രിതമായി കണ്ടു. ആ തരുണീഹൃദയം ഭേദിച്ചു പുറപ്പെട്ട ഒരു ദീർഘനിശ്വാസത്തോടുകൂടി പരിചാരികയെ നോക്കി, "എവിടെ അംബരകുമാരി എവിടെ? അവളിവിടെ ഉണ്ടെന്നല്ലേ പറഞ്ഞതു്?" എന്നു ചോദിച്ചു.

പരിചാരിക ഒന്നും പറയാതെ അവിടെനിന്നു മാറി. ആ സമയം പിൻവശത്തുനിന്നു് ആരോ ഒരാൾ ഇടറിയ സ്വരത്തിൽ 'ഹിരണേ!' എന്നു വിളിച്ചതു കേട്ടു.

ഹിരണ്മയി വല്ലാതെ പരിഭ്രമിച്ചു. 'അജയ' എന്നു ഒരു ശബ്ദം അറിയാതെ ആ മോഹനമുഖത്തുനിന്നു താനേ

ഉദ്ഗളിച്ചു. അജയൻതന്നെ—ആ ചിത്രിതമൂർത്തിതന്നെ—ഹിരണ്മയിയുടെ മുമ്പിൽ ആവിർഭവിച്ചു. ആ യുവമിഥുനം പരസ്പരം കടാക്ഷവിനിമയംചെയ്തു് അല്പനേരം മൌനംഅവലംബിച്ചു നിന്നു. അനന്തരം ഹിരണ്മയി ചേലാഞ്ചലംകൊണ്ടു നയനജലം തുടച്ചു, "നിങ്ങളെന്തിനാണു ഇവിടേക്കു വന്നതു്?" എന്നു ഗൽഗദസ്വരത്തിൽ ചോദിച്ചു.

ഹിരണ്മയിയുടെ വാക്കിന്റെ അർത്ഥം മനസ്സിലാകാതെ അജയൻ, 'എന്താണു പറഞ്ഞതു ഹിരണേ! ഞാൻ ഇവിടെ വന്നതു് എന്തിനാണെന്നോ?'

ഹിര—ഇതു മൊഗൾചക്രവർത്തിയുടെ അന്തഃപുരം; ഇവിടെ പ്രതിനിമിഷം പ്രാണഭയം!

അജയ—പ്രാണഭയമോ? ഹിരണേ! നിന്റെ മുഖത്തുനിന്നു് ഒടുവിൽ ഇങ്ങനെയുള്ള വാക്കാണോ കേൾക്കാൻ ഇടയായതു്? ഹിരണ മൊഗളരുടെ അന്തഃപുരത്തിൽ ബന്ധനസ്ഥയായിരിക്കെ, അജയസിംഹൻ പ്രാണഭയത്തോടുകൂടി ജീവിച്ചിരിക്കയോ?

ഹിരൺമയി—(തേങ്ങിക്കരഞ്ഞു്) തലയിലെഴുത്തു തലോടിയാൽ പോകുമോ? എനിക്കുവേണ്ടി അങ്ങു് അകാരണമായി എന്തിനു് ഇത്രയൊക്കെ സാഹസപ്പെട്ടു? ജീവനുംകൂടി ഉപേക്ഷിക്കുവാൻ ഉറച്ചു പുറപ്പെട്ടിരിക്കുന്നു? എന്റെ ദൌർഭാഗ്യശക്തികൊണ്ടു് ഇങ്ങനെയൊക്കെ ആയി!

അജയൻ തലതിരിഞ്ഞു മെല്ലെ മെല്ലെ നിലത്തിരുന്നുപോയി. പൂർണ്ണചന്ദ്രന്റെ കിരണപ്രവാഹത്തിൽ മുഴുകിക്കിടന്നിരുന്ന ഭൂതലം പെട്ടെന്നു ഘോരാന്ധകാരത്തിൽ വിലീനമായതുപോലെതോന്നി! കണ്ണുപൊത്തി അജയൻ ഇടറിയ സ്വരത്തിൽ 'ജഗദീശ്വര! അക്ബർഷാ മിഥ്യാവാദി! എന്റെ ഹൃദയകലശത്തിലെ പ്രേമപീയൂഷമായ ഹിരണ്മ! ഹാ! കഷ്ടമേ! വാസ്തവമായും യവനപത്നി!' എന്നു വിഷാദിച്ചു.

ഹിരണ്മയി: ശാന്തം പാപം! അജയ! അങ്ങയ്ക്കു വല്ല ബുദ്ധിഭ്രമവുമുണ്ടോ? ഈ അസംബന്ധപ്രലാപം പരമാർത്ഥമാണെന്നു കരുതിയിരിക്കയാണോ? എന്നു ചോദിച്ചു.

അജയൻ കണ്ണുമിഴിച്ചു കൈ മാറത്തു വെച്ചു്, "അങ്ങനെയാണെങ്കിൽ ആ കനകപാരിജാതം യവനസ്പർശംകൊണ്ടു കളങ്കിതമായിട്ടില്ലെന്നു പറയൂ. എന്റെ ഹൃദയം കത്തിക്കാളുന്നു, സഹിക്കാൻ വയ്യ."

ഹിരണ്മയി: യവനസ്പർശംകൊണ്ടു കളങ്കിതയായെങ്കിൽ, തൽക്ഷണം പ്രാണത്യാഗം ചെയ്യാതിരിക്കത്തക്ക നീചശീലയാണു് ഈ ഹിരണ്മയിയെന്നോ ധരിച്ചിരിക്കുന്നതു്? ഛീ!

അജയൻ എഴുന്നേററു. ക്രമേണ അയാളുടെ മുഖം ആശയാലും ഉത്സാഹത്താലും വികസിതമായി. "എന്നാൽ എന്റെ സുരസുന്ദരി ഈ ദാനവഭവനത്തിൽ ഇരിക്കുന്നതെന്തിനു്? പുറത്തുവരൂ! ഹിരണ്മേ! ഞാൻ നിന്നെ വക്ഷസ്സിൽ വഹിച്ചു് ഈ ഖഡ്ഗത്തിന്റെ ഏകസഹായത്താൽ സഹസ്രയവനന്മാരുടെ നിരോധത്തേയും പുല്ലുപോലെ അതിക്രമിച്ചു് ഉദയപുരത്തുകൊണ്ടുചെന്നാക്കുന്നുണ്ടു്" എന്നു പറഞ്ഞു കൈ നീട്ടി.

ഹിരണ്മയി അല്പം പിന്നോക്കം മാറി. "അജയ! അങ്ങയോട്ടു് ഒരപേക്ഷയുണ്ടു്. എന്നെത്തേടേണ്ട! അങ്ങയുടെ പവിത്രമായ രസനാഗ്രംകൊണ്ടു് ഈ ദുരിതചരിതയുടെ നാമം ഉച്ചരിക്കയും വേണ്ട" എന്നു തടഞ്ഞു. മുഴുത്തിങ്കളിന്റെ തിളക്കത്തിൽ അജയന്റെ കണ്ണുകളിൽനിന്നു വാരിധാര പുറപ്പെടുന്നതു് അവൾ കണ്ടു. അതുവരെ അയാളുടെ കണ്ണിൽ ബാഷ്പകണം പൊടിഞ്ഞു് അവൾ കണ്ടിട്ടില്ലായിരുന്നു. ഹിരണ്മയിയുടെ ഇടനെഞ്ചു കലങ്ങി; ഉടനേ മുന്നോട്ടു ചെന്നു മൃണാളമൃദുലമായ ബാഹുയുഗളംകൊണ്ടു് അജയനെ കണ്ഠാലിംഗനം ചെയ്തു് "അങ്ങു് ആരെക്കുറിച്ചു് എന്തിനു കരയുന്നു? ഞാൻ മൂലമോ? അങ്ങയ്ക്കു് ഇവൾ തൃണത്തിലും തുച്ഛമായ പദാർത്ഥം! അങ്ങയുടെ കണ്ണുകൾ അശ്രുകലുഷിതങ്ങളായ്കണ്ടു് എന്റെ മനസ്സു് ഉരുകുന്നു."

അജയ.—നിന്റെ വാക്കും പോക്കും എനിക്കു മനസ്സിലാവുന്നില്ല ഹിരണ്മേ!

ഹിരണ്മയി:—(വീണ്ടും പിന്നോക്കം നീങ്ങി) കേൾക്കൂ. അജയ, അങ്ങു വീരനായ പ്രതാപസിംഹരാജാവിന്റെ പുത്രൻ! ഒരു നിർഭാഗ്യവതിയായ പെണ്ണിനുവേണ്ടി മീവാരഭൂമിയുടെ പാവനമായ നാമത്തിൽ കളങ്കാരോപണംചെയ്യുകയോ?

അങ്ങയുടെ വൃദ്ധനായ പിതാവിൻെറ ആശയെ നിർമ്മൂലമാക്കുകയോ? അരുതു്! പ്രാണനുള്ളിടത്തോളം ഹിരണ്മയിയെ യവനൻ സ്പർശിക്കയില്ല; തീർച്ചതന്നെ. എന്നാൽ ഞാനിപ്പോൾ പാദ്ഷായുടെ അന്തഃപുരത്തിലാണല്ലോ. ലൌകികാചാരപ്രകാരം ഞാൻ ഇപ്പോൾ ഒരു യവനനു പരണീതയായവളാണു്. ഇനി അങ്ങു്, ഇവളെ വിവാഹം ചെയ്യുകയെന്നതു് അസംഭാവ്യം. അതുകൊണ്ടു് എന്നെ മറന്നുകളയണമെന്നു് അപേക്ഷിക്കുന്നു. അങ്ങയുടെ ഹിരണ ഇഹലോകത്തിലില്ലെന്നു കരുതിക്കോള്ളു എനിക്കു ഗതി എന്തെന്നു ചോദിക്കുകയാണെങ്കിൽ, ഇതാ നോക്കു (എന്നു പറഞ്ഞു് അരക്കെട്ടിൽനിന്നു വാളെടുത്തു)ഭാഗ്യവശാൽ ഈ ഘോരമായ വിപത്തിൽ ഈശ്വരൻ എനിക്കു ഒരു ബന്ധുവെത്തന്നിരിക്കുന്നു.

അജയ: ഹാ! ഹിരണേ, ഇതു കൊള്ളാം! നിന്നെ മറന്നു ഞാൻ കാൽനിമിഷമെങ്കിലും ജീവിച്ചിരിക്കുമെന്നു കരുതുന്നുണ്ടോ? പ്രാണൻപോയാലും ഹൃദയം നൂറുഖണ്ഡമായിത്തകർന്നാലും പ്രാണപ്രിയയായ ഹിരണയുടെ സ്മരണയുണ്ടോ വിട്ടുപോകുന്നു? നീ പാദ്ഷായുടെ അന്തഃപുരത്തിലാണെന്നു കേട്ടതുമുതല്ക്കു ഞാനനുഭവിക്കുന്ന മനോവേദന നീ എങ്ങനെ അറിയും? ഹൃദയം വ്രണപ്പെട്ടിരിക്കുന്നു. തുറന്നു കാണിക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ ഈ ഹൃദയത്തിൽ എങ്ങനെയുള്ള രക്തമാണു പ്രവഹിക്കുന്നതെന്നു് അറിയാമായിരുന്നു.

ഹിരണ്മയി: (കണ്ണീർചൊരിഞ്ഞു് ഒച്ച ഇടറി) ക്ഷേമിക്കു, അജയ! അങ്ങു മിവാരരാജവംശത്തിലെ രത്നദീപം! അങ്ങനെയിരിക്കുന്ന അജയസിംഹൻ ഭാഗ്യഹീനയായ ഹിരണ്മയിയെ വിവാഹം ചെയ്യുന്നതു കുലദേവതയായ സിംഹവാഹിനിക്കു ഇഷ്ടമല്ല ഉദയപുരത്തുനിന്നു് അങ്ങു പുറപ്പെട്ട പിറേറദിവസം ഭഗവതി നിദ്രയിൽ പ്രത്യക്ഷയായി, സൂക്ഷിച്ചോ! ഹിരണ്മയീ, നീ അജയസിംഹനു യോജിച്ചവളല്ല എന്നു് അരുളിച്ചെയ്തു. അപ്പോൾ അതു കേവലം സ്വപ്നമെന്നാണു ഞാൻ കരുതിയതു്. അതു വെറും ഒരു കിനാവല്ല. എന്നോടു ക്രുദ്ധിച്ചെന്നാൽ അങ്ങയ്ക്കു് അതിരററ അനത്ഥമുണ്ടാകുമെന്നുള്ളതിനു സംശയമില്ല.

അജയ: ഹിരണ്മേ, യവനൻ സ്പർശിച്ചിട്ടില്ലാതിരിക്കെ, ഞാൻ നിന്നെ പാണിഗ്രഹണംചെയ്യുന്നപക്ഷം, എന്നെ ഒരു രജപുത്രനും പതിതനെന്നു കരുതുകയില്ല. വരൂ, ഓമന വരൂ. നിന്നെ അച്ഛന്റെ അരികെക്കൊണ്ടുചെന്നാക്കട്ടെ! അച്ഛന്റെ അഭിപ്രായംപോലെ പ്രവൎത്തിക്കാം.

അജയൻ അവളെ പരിരംഭണംചെയ്യുന്നതിനു് കൈ നീട്ടി. തത്സമയം പിന്നിൽനിന്നും "ഏതൊരു ചോരനാണു് ഇന്ത്യാചക്രവൎത്തിയുടെ അന്തഃപുരം പ്രവേശിക്കുവാൻ ധൈൎയ്യപ്പെട്ടതു്, അവന്റെ ശിരസ്സ് ഇതാ ഇക്ഷണം സെലിമിന്റെ വാളിന്നിരയായിത്തീരും" എന്നു് ഒരു ഗംഭീരശബ്ദം പുറപ്പെട്ടതോടുകൂടി അജയന്റെ തലയ്ക്കുമീതെ ഒരു നീണ്ട വാൾ ചന്ദ്രകിരണത്തിൽ തെളുതെളെ പ്രകാശിച്ചു! പക്ഷേ ആ ഖഡ്ഗം അജയന്റെ ശിരസ്സിനെ സ്പർശിക്കാനിടകിട്ടിയില്ല; അപ്പോഴയ്ക്കും ആരോ ആ വാൾ മറെറാരു വാൾകൊണ്ടു പ്രചണ്ഡവേഗത്തിൽ വെട്ടിവീഴ്ത്തി; ഝനഝനശബ്ദത്തോടുകൂടി അതു് നിലത്തുപതിച്ചു. സെലിം ഇങ്ങനെ ഭഗ്നമനോരഥനായി, "രാജാവുതന്നെ കള്ളനു് അഭയംനൽകുന്ന രാജ്യം അധികം വൈകാതെ അധഃപതിക്കാതിരിക്കില്ല" എന്നു ജല്പിച്ചു് അവിടെനിന്നു തൽക്ഷണം മാറി അജയസിംഹൻ നോക്കിയപ്പോൾ വാൾ വെട്ടിവീഴ്ത്തിയതു് അക്ബർചക്രവൎത്തിയാണെന്നു കണ്ടു! അക്ബർ, "അജയസിംഹ, എന്റെകൂടെ വരൂ" എന്നു് സസ്നേഹം പറഞ്ഞു.

അജയസിംഹൻ മന്ത്രബദ്ധനെപ്പോലെ അക്ബറൊന്നിച്ചു പോയി. പുറത്തുവന്നു് അക്ബർ "എന്റെ കല്പനപ്രകാരംതന്നെയാണു് പരിചാരിക നിങ്ങളെ ഹിരണ്മയിയുടെ അടുക്കലേക്കു് കൂട്ടിക്കൊണ്ടുപോയതു്. മുസൽമാൻ ഹിരണ്മയിയെ സ്പർശിച്ചിട്ടില്ലെന്നു ഞാൻ നിങ്ങളോടു് പറഞ്ഞില്ലെ? അതിന്റെ പരമാൎത്ഥം ആ രൂപവതിയുടെ മുഖത്തുനിന്നുതന്നെ കേട്ടു് നിങ്ങൾക്കു സന്തോഷമായില്ലേ?" എന്നു ചോദിച്ചു.

അജയസിംഹൻ ഉത്തരമൊന്നും പറഞ്ഞില്ല. അക്ബർ സംഭാഷണം തുടൎന്നു. "റാണാപ്രതാപസിംഹൻ രാജ്യകാൎയ്യാൎത്ഥം ഇവിടെ എത്തുന്നുണ്ടു്. നാളെ എന്നെവന്നു കാണുന്നതാണു്. അദ്ദേഹത്തിന്റെ അഭിപ്രായമറിഞ്ഞു് നിങ്ങൾക്കു

ഹിരണ്മയിക്കും തമ്മിലുള്ള വിവാഹമഹോത്സവം അടുത്തദിവസം നടത്തണമെന്നു് നിശ്ചയിച്ചിരിക്കുന്നു.

അജയൻ ഉന്മുഖനായി ആകാശത്തേക്കു് നോക്കി വിയർപ്പുതുള്ളികൾ പൊടിഞ്ഞ കപോലതലം തുടച്ചു്, "ഇന്നു ചന്ദ്രകിരണങ്ങൾക്കു് ഇത്ര പ്രചണ്ഡമായ താപം എന്താണു്?" എന്നു് തന്നത്താൻ പറഞ്ഞു.

---

## പതിനാറാം അദ്ധ്യായം

---

### ഒരു ശപഥം

അക്ബർ വിശ്രമമന്ദിരത്തിൽ ഇരിക്കയാണു്. അരികെ ഒരു കനകാസനത്തിൽ വൃദ്ധനായ റാണാ പ്രതാപസിംഹനും ഇരിക്കുന്നുണ്ടു്. ഇരുവർക്കും മൗനാവലംബം. ഇവരുടെ മുഖമണ്ഡലത്തിലും ഗംഭീരമായ ചിന്താരേഖ പ്രകടമായി കാണുന്നു. ഒടുവിൽ അക്ബർ പ്രതാപസിംഹനെ സംബോധനംചെയ്തു്, "നമുക്കു് ഗൌരവമേറിയ ഒരു കാര്യത്തെക്കുറിച്ചു് ആലോചിക്കേണ്ടതായിട്ടുണ്ടു്. ഞാൻ പറയാൻ പോകുന്നതു് സാധാരണമായ ഒരു സംഗതിയാണെന്നു കരുതി ഉപേക്ഷ കാണിക്കരുതേ" എന്നു പറഞ്ഞു.

റാണാ:—(ഉൽക്കണ്ഠയോടെ) കേൾക്കട്ടെ!

എന്താണു് എങ്ങനെയാണു് പറയേണ്ടതെന്നു തോന്നാതെ, ചക്രവർത്തി അല്പനേരം ഗംഭീരഭാവത്തിൽ പ്രതാപനെ നോക്കി. അനന്തരം "ഗ്വാളിയർരാജകുമാരി ഇപ്പോൾ എന്റെ അന്തഃപുരത്തിലാണെന്നുള്ള വിവരം നിങ്ങൾക്കു നിശ്ചയമുണ്ടല്ലോ" എന്നു് ആരംഭിച്ചു.

റാണാ രോഷകലുഷിതനായി വെളുത്ത മീശ പിരിച്ചു് "ഉണ്ടു്, നിശ്ചയമുണ്ടു്. കുറുനരി ഉറങ്ങിക്കിടക്കുന്ന സിംഹത്തിന്റെ ഗുഹയിൽ കടന്നു പ്രിയപ്പെട്ട കുട്ടിയെ അപഹരിച്ചുകൊ

ണ്ടുപോയി! മൃതപ്രായനായ പ്രതാപസിംഹൻ അതുകണ്ടു സ ഹിച്ചുകൊണ്ടിരിക്കുന്നു! ഇനി എന്താണുള്ളതു്? കേൾക്കട്ടെ"

അക്ബർ:—ഞാൻ ഹിരണ്മയിയെ എന്റെ മകളെപ്പോലെയാണു സംരക്ഷിച്ചുവരുന്നതെന്നു നിങ്ങൾ അറിഞ്ഞിരിക്കും. ആ കുട്ടി ഇപ്പോൾ എന്റെ അന്തഃപുരത്തിൽ കളങ്കരഹിതയായ ഒരു രജപുത്രകന്യകയായിത്തന്നെ ഇരിക്കുന്നു.

റാണാ വിഷാദത്തോടെ, "നിസ്സഹായയായ ആ രജപുത്രകുമാരിയുടെ നേരെ കാണിക്കുന്ന കൃപാകടാക്ഷത്തിനു ഞാൻ അങ്ങയ്ക്കു വളരെ കടപ്പെട്ടിരിക്കുന്നു. ഇനി എന്താണുള്ളതു്?" എന്നുചോദിച്ചു.

അക്ബർ: ഇപ്പോൾ എനിക്കുള്ള ആഗ്രഹം ഹിരണ്മയിയെ ഒരു ഉൽകൃഷ്ടകുലജാതനായ രജപുത്രയുവാവിനു വിവാഹം ചെയ്തുകൊടുക്കണമെന്നാണു്.

പ്രതാപ: (പതുക്കെച്ചിരിച്ചു്, പരിഹാസമായി) അങ്ങയുടെ സഭാമണ്ഡലത്തിൽ ആഭിജാത്യമുള്ള രജപുത്രന്മാർക്കുണ്ടോ ക്ഷാമം? അങ്ങയുടെ പ്രിയമാനസിംഹൻ, ഭഗവാൻദാസൻ, വീരബലൻ മുതലായ സദസ്യന്മാർ സദ്വംശജാതന്മാരെന്നു ഗണിക്കപ്പെട്ടവരല്ലേ? അങ്ങയ്ക്കു് ഇഷ്ടമുണ്ടെങ്കിൽ, അവരുടെ ഏതെങ്കിലും ഒരു വംശത്തിലേയ്ക്കു ഹിരണ്മയിയെ വിവാഹംചെയ്തുകൊടുക്കാമല്ലോ.

അക്ബർ: ഹിരണ്മയി ഒരു ഉത്തമകുലജാതയാണെന്നുള്ളതിനു നിങ്ങൾക്കു സംശയമില്ല. അതുകൊണ്ടു് ആ കുമാരിയെ മീവാരരാജവംശത്തിലേയ്ക്കു വിവാഹംചെയ്തുകൊടുക്കുന്നതായാൽ ആ രാജവംശത്തിന്റെ ഗൌരവത്തിനു യാതൊരു ലാഘവവും ഉണ്ടാവാൻ തരമില്ലല്ലോ.

പ്രതാപ: മതി. മതി. നീചാശയനായ യവനൻ ചോരനെപ്പോലെ എന്റെ അന്തഃപുരത്തിൽ പ്രവേശിച്ചു്, വീരസ്ഥലസ്ഥാപിച്ച എന്റെ സുഹൃത്തിന്റെ സന്താനവല്ലിയെ അപഹരിച്ചുകൊണ്ടുപോയി. നന്ദനവനത്തിലെ പാവനമായ പാരിജാതം നരകത്തിൽ പതിച്ചാൽ പിന്നെ ദേവാരാധനത്തിനു അയോഗ്യമായിത്തീരുമല്ലോ. പ്രതാപസിംഹന്റെ പാഷാണപ്രായമായ പ്രാണൻ ആ കഷ്ടംകൈയും സ

ഹിച്ചു. അങ്ങു ക്ഷമിക്കണം, മൃതശരീരത്തെ വാൾകൊണ്ടു വീണ്ടും വെട്ടുന്നതെന്തിനാണ്?

അക്ബർ: നിങ്ങൾ ഇങ്ങനെ വിവേകം വിടരുതു്. സ്ഥിരചിത്തനായി ഒന്നു ചിന്തിച്ചുനോക്കു. കേവലം ആവശ്യമില്ലാത്ത ഒരു വിഷയമായിരുന്നെങ്കിൽ ഇത്രയൊക്കെ പ്രസ്താവിക്കുകയില്ലായിരുന്നു. ദൃഷ്ടാന്തമായി പറയാം: ഒരുസമയം, മീവാരരാജവംശത്തിലെ ഒരു യുവാവിനും ഈ യുവതിക്കും പരസ്പരം പ്രണയം ബലപ്പെട്ടുവന്നു പരിണയത്തിന്നു് ഇടയാകാതെ അവരുടെ ഭാവി ദുഃഖഭൂയിഷ്ഠമായി പരിണമിക്കാവുന്ന സന്ദർഭത്തിൽ, നിങ്ങൾ പറയുന്ന സാമാന്യമായ ആക്ഷേപം ഉണ്ടായിരുന്നാലും, അവർക്കു ദാമ്പത്യബന്ധം അപേക്ഷണീയമല്ലയോ?

പ്രതാപ: മീവാരരാജവംശത്തിൽ അങ്ങനെയുള്ള ഭാഗ്യശാലി യാരാണ്? കേൾക്കട്ടെ.

അക്ബർ: ആ യുവാവു രാജസ്ഥാനത്തിലെ ബാലരവിയായ അജയസിംഹൻ. ഈ വിഷയത്തിൽ നൈരാശ്യത്തിന്നാണു സംഗതിയെങ്കിൽ ആ കുമാരനു ചിത്തഭ്രമം ബാധിച്ചേക്കും.

ഉടനെ വൃദ്ധറാണാവിന്റെ മുഖമണ്ഡലം രണോന്മത്തനായ സേനാപതിയുടെ എന്നപോലെ ഭയങ്കരാകാരം ധരിച്ചു! ദൃഷ്ടികൾ ചെമ്പരത്തിപ്പൂപോലെ ശോണവർണ്ണമായി. നെററിത്തടത്തിൽ ഞരമ്പുകൾ പിടച്ചു. കിരീടം നിലത്തുപതിച്ചു. എണീററു് ഉറയിൽനിന്നു വാളൂരി വജ്രമുഷ്ടിപിടിച്ചു ചക്രവർത്തിയുടെനേരെ പുരികംചുളിച്ചു തീവ്രമായി ഒന്നു നോക്കി.

"യവനരാജൻ, ഉറങ്ങിക്കിടക്കുന്നസിംഹത്തെ വീണ്ടും വീണ്ടും ചവിട്ടി ഉണർത്തുകയാണു്. അവന്റെ പരാക്രമം ഇപ്പോഴൊന്നു പരീക്ഷിച്ചുനോക്കിയാലും" എന്നു ഗർജ്ജിച്ചു.

അക്ബർ അമാനുഷികസഹിഷ്ണുതയും, അളവില്ലാത്ത മാനസികശക്തിയുമുള്ള മഹാപുരുഷനെന്നു സുപ്രസിദ്ധമാണു്. "അഗ്നിശമനത്തിന്നഗ്നിനന്നല്ലല്ലോ മഗ്നമാക്കേണം ജലത്തിലതേ നല്ലൂ" എന്നു് അദ്ദേഹം ധരിച്ചിരുന്നു. മീവാരരാജാവിന്റെ ക്രോധം ശമിക്കുന്നതുവരെ അക്ബർ നേരേ നോക്കിക്കൊണ്ടു് അനങ്ങാതെ നിന്നു. പ്രതാപസിംഹൻ ചക്രവർത്തി

യുടെ കലക്കവും കലുക്കവുമില്ലാത്ത മുഖഭാവ കണ്ടു വീണ്ടും ആസനംസ്വീകരിച്ചു സംഭാഷണംതുടൎന്നു: "എന്താണുപറഞ്ഞതു്? എന്റെ കണ്ണിലുണ്ണിയായ മകൻ; മീവാരരാജ്യത്തിന്റെ ആധാരഭൃത്തൻ, ആയുൎവത്തത്തിൽ അവശേഷിച്ച വീരനായ അജയസിംഹൻ യവനകരസ്പൃഷ്ടയും, കളങ്കിതയും, മൊഗൾചക്രവത്തിയുടെ അന്തഃപുരനിവാസിനിയുമായ ആ കുട്ടിയെ പാണിഗ്രഹണം ചെയ്തില്ലെങ്കിൽ ഉന്മത്തനായിത്തീരുമെന്നോ? അസംബന്ധം! ഞാൻ അങ്ങയുടെ ഈവാക്കു വിശ്വസിക്കുകയില്ല; എനിക്കു അതിനുതക്ക ലക്ഷ്യം കാണിച്ചുതരണം."

അക്ബർ സുസ്ഥിരഭാവത്തിൽ,"എന്റെ വാക്കു വിശ്വാസയോഗ്യമായി തോന്നാത്തപക്ഷം നിങ്ങൾതന്നെ അജയസിംഹനോടു ചോദിച്ചുനോക്കു!"

ഇങ്ങനെ പറഞ്ഞു് അക്ബർ ദ്വാരപാലകനോടു അജയസിംഹനെ വിളിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. പ്രതാപസിംഹൻ അപ്പോൾ ഇങ്ങനെ ആത്മഗതം ചെയ്തു: "അസംബന്ധമോ? അങ്ങനെ വന്നുചേരാൻ പാടില്ലെന്നുണ്ടോ? പ്രതാപസിംഹനു് എങ്ങനെയുള്ള ദുരദൃഷ്ടമാണു സംഭവിച്ചുകൂടാത്തതു്? പ്രപഞ്ചമെല്ലാം വഞ്ചനയാലും വിശ്വാസഘാതകതയാലും നിറയപ്പെട്ടിരിക്കുന്നു. ഹാ! അക്ബർഷാ! നിങ്ങൾ ഉദാരഹൃദയനെന്നാണു ഞാൻ ധരിച്ചിരുന്നതു് നിങ്ങൾ ഭാരതേശനാണെങ്കിലും ജാതിയിൽ യവനനാണെന്നു മനസ്സിലായിരുന്നിട്ടുകൂടി, എന്റെ പ്രിയപുത്രനെ വാൎദ്ധക്യത്തിൽ ഏകാവലംബമായ അജയനെ നിങ്ങളുടെവശം ഭരമേല്പിച്ചു. ഇന്നു് അതിനുതക്ക പ്രതിഫലം എനിക്കു സിദ്ധിച്ചു."

ഇങ്ങനെയുള്ള മനോഗതങ്ങൾക്കു മദ്ധ്യേ അജയസിംഹൻ വന്നുചേൎന്നു പ്രതാപൻ കരൾ കരിഞ്ഞു് കലുഷങ്ങളായ കണ്ണുകളോടുകൂടി അജയന്റെ മോഹനമുഖത്തേക്കു നോക്കി ഉച്ചസ്വരത്തിൽ, "വത്സ! ഇന്നു ചക്രവത്തി നിന്റെമേൽ ഘോരമായ ഒരു കളങ്കം ആരോപിച്ചിരിക്കുന്നു. അതു നേരോ? പറയൂ! ശരിയോ അല്ലയോ എന്നു വേഗം പറയൂ!"

അജയൻ: എന്തു സംഗതിയാണെന്നറിഞ്ഞില്ല.

പ്രതാപസിംഹൻ: ഹാ! വത്സ! ഇതിൽ വാസ്തവം ലേശമില്ലെന്നു് എനിക്കറിയാം യഥാൎത്ഥമാണെങ്കിൽ സംഗതി നിന

ക്കറിയുമായിരുന്നു. അക്ബർഷായുടെ വാക്കിൽനിന്നു്, യവനാധീനയായ ആ് കളങ്കിതയുവതിയെ നീ പാണിഗ്രഹണംചെയ്യുവാൻ ഭ്രാന്തുപിടിച്ചുനടക്കുന്നുവെന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

അജയൻ ബാഷ്പകണം നിറഞ്ഞ കണ്ണുകളോടുകൂടി പ്രതാപനെ നോക്കി വികൃതസ്വരത്തിൽ "അച്ഛ! അക്ബർഷാ പറഞ്ഞതു ശരിയാണു്! ഹിരണ്മയി മൊഗളന്തഃപുരത്തിലാണെന്നുകേട്ടതുമുതല്ക്കു് ആ വിചാരം ഞാൻ തള്ളിക്കളയുവാൻ ശ്രമിച്ചു; എന്നിട്ടും മനസ്സു സമ്മതിക്കുന്നില്ല" എന്നു് അറിയിച്ചു

പ്രതാപസിംഹന്റെ ചുവന്ന മുഖം വിളർത്തു; സ്വേദബിന്ദുക്കൾ പൊടിഞ്ഞു; നേത്രങ്ങൾ നിമീലിതങ്ങളായി. ക്രമേണ തലതിരിഞ്ഞു് സുവർണ്ണപീഠത്തിൽനിന്നു് താഴെ പതിച്ചു. അജയൻ ആ സംജ്ഞാശൂന്യമായ ശരീരം താങ്ങി മടിയിൽ കിടത്തി വെള്ളം തളിച്ചു് ഉപചരിച്ചു. ചക്രവത്തിതന്നെ വിശറിയെടുത്തുവീശി. പ്രതാപൻ ബോധക്ഷയാവസ്ഥയിൽ ഇങ്ങനെ ജല്പിച്ചു: "ദേവി അംബികേ! നീയെവിടെ? ഹാ! ജനനി! ഇക്കാലംവരെ ഈ അധമന്റെനേരേ നീ ദയാദൃഷ്ടി കാണിച്ചു. നിന്റെ ആ ഭുവനമോഹനമൂത്തിയെവിടെ? നിന്റെ കണ്ഠത്തിലെ കപാലമാലയും രക്തധാരചൊരിയുന്ന രസനയും എവിടെ? രക്തബീജകുലധ്വംസിനി! ദാനവരുധിരംപുരണ്ടു് ചുവന്ന ആ കരാളകരവാളം ഈ ദുർദ്ദിനത്തിൽ എന്നെ ആശ്വസിപ്പിക്കുമോ? ഈ വിപൽക്കാലത്തിൽ, എന്റെ ആ ഉപാസനാരൂപം ഒന്നു പ്രത്യക്ഷപ്പെടുത്തുമോ? ഈ ദാനവയുദ്ധത്തിൽ, ഈ അന്ധകാരത്തിൽ ആ അട്ടഹാസം എന്റെ കണ്ണുപുടങ്ങളിൽ അമൃതധാര വഷിക്കുമോ? ഈ വയസ്സുകാലത്തും പ്രതാപന്റെ ബാഹുക്കൾക്കു ബലമുണ്ടെന്നു കാണട്ടെ!"

അല്പംകഴിഞ്ഞു പ്രതാപനു് ബോധം വീണപ്പോൾ തീപ്പൊരിപാറുന്ന തീവ്രദൃഷ്ടികളെ അജയന്റെനേരേ എറിഞ്ഞു് എഴുന്നേററുനിന്നു്, "ഹാ! മീവാരരാജവംശത്തിനു് കളങ്കഭൂത! നിന്റെ സ്പർശംകൊണ്ടുണ്ടാകുന്ന മഹാപാപം തീയിലിട്ടു ചുട്ടാലും വിട്ടുപോകയില്ല. പോ,-ദൂരെ, തൊടരുതു്. ശരി ഇതെല്ലാം യഥാർത്ഥമായിരിക്കണം. ദില്ലീശ്വര! ഞാൻചെയ്ത അപരാധം ക്ഷമിക്കണേ! അകാരണമായി അങ്ങയെ മിഥ്യാവാദിയെന്നു ഞാൻ പറഞ്ഞുപോയി. അജയ! നീ എന്താണു പറഞ്ഞതു്?

യവനാന്തഃപുരത്തിൽ ഇരിക്കുന്ന ഹിരണ്മയിയെ നിനക്കു വിവാഹംചെയ്യണമെന്നോ? കൊള്ളാം. ഹാ! പ്രതാപൻെറ പ്രാണധനമേ! മീവാരരാജകുലത്തിലെ ഭദ്രദീപമേ! ഉണ്ണീ! അട്ടത്തുവാ!" എന്നിങ്ങനെ പറയുമ്പോഴെയ്ക്കും കോപാനലജ്വാല അദമ്യമായി ആക്രമിച്ച ഭാവപ്പകച്ചയോടുകൂടി, "നിൻെറ ആ പാപഭരിതമായ ഹൃദയം ഈ വാൾകൊണ്ടു് ഞാൻ രണ്ടുതുണ്ടാക്കി വെട്ടിവീഴ്ത്തുന്നുണ്ടു്" എന്നു ഗജ്ജിച്ചു

അജയൻ മുന്നോട്ടുവന്നു ലേശം അധൈര്യപ്പെടാതെ അതിവിനീതനായി വിരിഞ്ഞ മാറിടം അച്ഛൻെറ അസിപ്രഹാരത്തിനു ലാക്കാക്കിനിന്നു. പ്രതാപൻ കൈവിറയലോടെ നീണ്ടിരുണ്ട കൃപാണി ഉറയിൽനിന്നൂരി ഓങ്ങിപ്പിടിച്ചു. അക്ബർ മിന്നൽവേഗത്തിൽ അടുത്തെത്തി, ആ പൊക്കിയ കൈപിടിച്ചു്, "പ്രതാപസിംഹ! ഞാൻ ഇതുവരെ നിങ്ങളെ ഒരു വീരപുരുഷനെന്നാണു വിചാരിച്ചതു്. എന്നാൽ ഇന്നത്തെ ഈ പ്രവൃത്തി വീരത്വമല്ല; പൈശാചികമായ നിഷ്ഠുരത!" എന്നു ഭർത്സിച്ചു.

പ്രതാപൻ അസഹ്യകോപത്താൽ പല്ലു കടിച്ചു് വാൾ നിലത്തൂന്നി മതിമറന്നവനെപ്പോലെ ആസനത്തിൽ ഇരുന്നു്, "ഹാ! അക്ബർഷാ! അങ്ങു് പ്രതാപൻെറ ജാതകത്തിലെ പാപഗ്രഹം! അടിക്കടി അങ്ങയുടെ പ്രതിബന്ധം?" എന്നു പറഞ്ഞു് ഒന്നു നെടുവീർപ്പിട്ടു.

പ്രതാപൻ കുറച്ചുനേരം രണ്ടുകൈകൊണ്ടും കണ്ണുപൊത്തി, പിന്നീടു് അജയനെ മിഴിച്ചുനോക്കി, "ഇന്നു് എൻെറ ഈ ഖഡ്ഗപ്രഹാരംകൊണ്ടു് നിൻെറ പാപപരിപൂൎണ്ണമായ ഹൃത്തടം രണ്ടുതുണ്ടമായി മുറിഞ്ഞുപോയിരുന്നെങ്കിൽ, ഈ കളങ്കം നീങ്ങുമായിരുന്നു—മീവാരഗൌരവം തേഞ്ഞുമാഞ്ഞുപോകാതെ സുരക്ഷിതമാകുമായിരുന്നു. എന്നാൽ ഈശ്വരേച്ഛ അങ്ങനെയല്ല! നീ എൻെറ കല്പന മനസ്സിരുത്തിക്കേൾക്കുക. ഹിരണ്മയിയെ മറന്നുകളയുന്നതാണു നല്ലതു്. ഞാൻ നിനക്കു് ഇനി രണ്ടുവഷത്തെ ഇട തന്നിരിക്കുന്നു. മീവാരരാജവംശത്തിൽ പിറന്നവനാണു് നീ; ദേവനായ സംഗ്രാമസിംഹൻെറ രക്തമാണു് നിൻെറ ധമനികളിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്.

ഈ രണ്ടുവർഷം കഴിഞ്ഞിട്ടും നിൻെറ ഹൃദയം നേർവഴിക്കു വരാത്തപക്ഷം ആ ഉറയിൽ കിടക്കുന്ന പവിത്രമായ

ഖഡ്ഗത്താൽ നിൻെറഹൃദയം ഭേദിച്ച് യമുന, ഗംഗാ, ഗോദാവരി, അഥവാ നമ്മദ ഈ നദികളിലേതിലെങ്കിലും നിക്ഷേപിക്കുക. എൻെറ ഈ ആജ്ഞപ്രകാരം നടന്നുകൊള്ളാമെന്നു ശപഥംചെയ്യണം" എന്നു ശാസിച്ചു.

അജയസിംഹൻ (തൊണ്ടയിടറി) ഈ വാൾതൊട്ടു ശപഥംചെയ്യുന്നു. 'അച്ഛൻെറ ഇഷ്ടപ്രകാരം ആ വിഷയത്തിൽനിന്നു വിരമിക്കുവാൻ ഞാൻ രണ്ടുവർഷം സവ്വപ്രയത്നവും ചെയ്യുന്നുണ്ടു്. എന്നിട്ടും ഹൃദയം സ്വാധീനമാകാത്തപക്ഷം ഈ വാൾകൊണ്ടു് ഈ ദുരിതപൂരിതമായ ഹൃദയം കീറിപ്പറിച്ചു് യമുന, ഗംഗ, ഗോദാവരി അഥവാ നമ്മദ ഇതിലേതിലെങ്കിലും ഇട്ടുകൊള്ളാം.'

"ഹാ! രാഗമാം പുഴയൊഴുകെയെങ്ങു തടസ്ഥമാമ
നേരം വഴിയ്ക്കൊഴുകുവാൻ വിധി സമ്മതിപ്പു":—ഉള്ളൂർ.

---

# പതിമ്നേഴാം അദ്ധ്യായം.

---

## യമുനാതരണം

അർദ്ധരാത്രി. യമുനാനദിയുടെ വക്ഷസ്സിൽ ഒരു തോണി അതിവേഗം പൊയ്ക്കൊണ്ടിരിക്കുന്നു. അതിൽ അജയസിംഹൻ തനിച്ചു കണ്ണടച്ചുകൊണ്ടിരിക്കുന്നുണ്ടു്. ആററിലെ നീലസലിലത്തിൽ നക്ഷത്രമാലകളാൽ അലംകൃതമായ നീലാകാശം നിമ്മലമായി കാണപ്പെട്ടു. ചന്ദ്രകിരണങ്ങൾ ജലോപരി ചാഞ്ചാടിക്കൊണ്ടിരിക്കുന്നു. നീലദുക്രലധാരിണിയായി വജ്രഹാരമണിഞ്ഞ യമുനാദേവി പ്രേമലഹരിയിൽ ലയിച്ചു പുളകിതയായി ഒഴുകുന്നുണ്ടു്. അജയസിംഹൻ തോണിക്കാരെ ഉറക്കെ വിളിച്ചു്, "തോണി അതിവേഗത്തിൽ എത്തിക്കാമെന്നുണ്ടെങ്കിൽ നിങ്ങൾക്കു നല്ല സമ്മാനം തരാം" എന്നു പറഞ്ഞു.

തോണിക്കാരൻ—എജമാനനേ! തോണി എവിടേക്കാണു് എത്തിക്കേണ്ടതാവോ?

അജയൻ—വളരെ ദൂരത്തേക്കു്. ആ ക്രൂരിരുട്ടുള്ള സ്ഥലത്തേക്കു്. വേഗമാകട്ടെ!

ഹാ! കുമാര! അജയസിംഹ! പാപപരിപൂർണ്ണമായ ഈ ലോകത്തു്, ധമനികളിൽ രക്തം തിളച്ചൊഴുകിക്കൊണ്ടിരിക്കുന്ന കാലത്തു്, ഏതു വീരപുരുഷനാണു് ഹൃദയത്തോടു പോരാടി ജയിക്കുന്നതു്?

അവർ തോണി വളരെ വേഗത്തിൽ തുഴഞ്ഞുതുടങ്ങി. ആ സമയം, അടുത്തു പുഴക്കരയിൽനിന്നു് ആരോ ഉറക്കെ ഇങ്ങനെ പാടുന്നതായി കേട്ടു:

മോഹനമുഖവും മിഴിയും
സ്നേഹസുധാബിന്ദു പൊഴിയുമൊരു മൊഴിയും
ആഹന്ത! കാന്തിഭരിതം
ദേഹവുമെൻദേവ! തീക്കുമോ ദുരിതം?

ഇതെന്തു്? സ്വപ്നമോ? വളരെക്കാലം മുമ്പു്, കേവലം ബാല്യകാലത്തു്—ഈ പദ്യം ഇതേ മധുരസ്വരത്തിൽ ഇതേ താളത്തിൽ അനേകം പ്രാവശ്യം കേട്ടു് പരിചയിച്ചിട്ടുള്ളതായി തോന്നി. ബാല്യകാലത്തു് ഹിരണ്മയി ഈ പാട്ടുതന്നെ പാടി അജയൻെറമേൽ പൂവെറിഞ്ഞു് ഓടിപ്പോകാറുണ്ടായിരുന്നു. ഹിരണ്മയി ഇവിടെ വരികയോ? അജയൻ സ്വപ്നംകാണുകയോ? നാലുഭാഗത്തേക്കും തിരിഞ്ഞുനോക്കി. യമുനയുടെ തരളവക്ഷസ്സിൽ നിശാകരൻ കളിയാടിക്കൊണ്ടിരിക്കുന്നു. അജയൻെറ കൈവശം ഉള്ള വജ്രഹാരം പൂനിലാവിൽ പ്രോജ്ജ്വലിക്കുന്നുണ്ടു്. നദീതീരത്തു് വീണ്ടും അതേ സംഗീതംതന്നെ കേൾക്കുന്നു. അജയൻ എണീറ്റുനിന്നു് ഭ്രാന്തനെപ്പോലെ ഉച്ചസ്വരത്തിൽ 'ഹിരണേ!' എന്നു വിളിച്ചു. നാലുദിക്കിലും ആ വികടശബ്ദം മാറ്റൊലിക്കൊണ്ടു. യമുനയുടെ ചെറുതിരമാലകളിലും ആകാശദേശത്തിലും 'ഹിരണേ!' എന്ന ശബ്ദം പ്രതിധ്വനിതമായി. അജയൻ ഒരു കൈ മാറത്തുവെച്ചു് മറേറ കൈകൊണ്ടു കണ്ണുപൊത്തി അവിടെത്തന്നെ ഇരുന്നു യമുനാദേവി തരംഗരംഗത്തിൽ നടനംതുടങ്ങി. അതോടുകൂടി തോണിയും നൃത്തംചെയ്തു് ഓടിക്കൊണ്ടിരുന്നു.

---

# രണ്ടാം ഭാഗം.

## ഒന്നാം അദ്ധ്യായം.

### വിന്ധ്യഗിരി

അജയസിംഹൻ ആ സുഗ്രീവാജ്ഞയെ നിർവ്വഹിക്കുവാൻ ഉദയപുരത്തിന്നും ആഗ്രാനഗരത്തിന്നും വളരെ ദൂരെ കിടക്കുന്ന ഒരു ദേശാന്തരത്തിലേക്കാണു തിരിച്ചതു്. പ്രസന്നസലിലയായ യമുനയുടെ പ്രകൃതികോമളമായ ലീലാതടത്തിലാകട്ടെ, ജിതേന്ദ്രിയന്മാരായ മാമുനിമാർ വസിക്കുന്ന ശാന്താശ്രമങ്ങളിലാകട്ടെ, ബങ്കാളഭൂമിയുടെ സസ്യശാമളവും മലയജശീതളവുമായ ഉടലിലാകട്ടെ അജയസിംഹൻ ആശ്രയം പ്രാപിച്ചിട്ടില്ല ആയാൾ ജനകോലാഹലശൂന്യമായ വിന്ധ്യഗിരിയുടെ ശിലാതലത്തെ സങ്കേതംപ്രാപിച്ചു്, ഹൃദയം അതുപോലെ ഉറപ്പുള്ളതാക്കിത്തീൎക്കുവാൻ തീൎച്ചപ്പെടുത്തുകയാണു ചെയ്തതു്. ആ മാമലയിൽ പൂത്തും തളിൎത്തും നില്ക്കുന്ന തരുലതകൾ പുഞ്ചിരിതൂകിക്കൊണ്ടിരുന്നു തളിരുകളുടെ ഇടയിൽ തത്തിക്കളിക്കുന്ന കിളികളുടെ കാകളി എങ്ങും മുഴങ്ങുന്നുണ്ടായിരുന്നു. കല്ലുകളും കട്ടകളും തട്ടിയുടച്ചു് പുളച്ചൊഴുകി ചെറുകല്ലോലിനികൾ ആ കുലഗിരിയുടെ വിശാലവക്ഷസ്സിൽ കളിയാടിക്കൊണ്ടിരിക്കുന്നുണ്ടു്. ആ സ്ഥലത്തും പ്രലോഭിനിയായ പ്രകൃതിദേവി നാനാവിധവിലാസങ്ങളോടുകൂടി വിഹരിച്ചുകൊണ്ടിരിക്കുന്നു. എവിടെ നോക്കിയാലും തൻെറ ബാല്യസഹചരിയായ ഹിരണ്മയിയുടെ മനോമോഹനരൂപത്തിൻെറ സ്മരണയെ ഉദ്ദീപിപ്പിക്കുന്നതായിട്ടേ കാണുന്നുള്ളു. എവിടേയ്ക്കാണു് ഇനി പോകുന്നതു്? എങ്ങുചെന്നാലാണു് പ്രകൃതിയുടെ പ്രലോഭനമായ കൈയിൽനിന്നു് തെററിപ്പോകുവാൻ കഴിയുക? ആ വിശാലശൈലത്തിലെവിടെയാണു് മനസ്സിനു കലക്കവും കലുഷവും കൂടാതെ ശാന്തി ലഭിക്കാവുന്നതു്? അജയൻ ചഞ്ചലചരണത്തോടും കലങ്ങിമറിഞ്ഞ കരളോടുംകൂടി അവിടെനിന്നു തിരിച്ചു് അന്ധകാരഭരിതമായ ഗിരിഗുഹകളെ തേടി

പ്പിടിക്കുവാൻതുടങ്ങി വളരെദൂരം നടന്നുതളൎന്ന്, ഒടുവിൽ ഒരുനിശ്ശബ്ദമായ പ്രദേശം കണ്ടു. അവിടെ നാലുപാടും പാറക്കൂട്ടം. പുഴകളുടെ പ്രവാഹശബ്ദം ഇല്ല, കിളികളുടെ കളനാദങ്ങളും ഇല്ല. ആ പ്രദേശത്ത് ഏകാകിയായിരുന്നു ഹിരണ്മയിയുടെ സ്മരണ ഹൃദയത്തിൽനിന്നു തേഞ്ഞുമാഞ്ഞുപോകുന്നതുവരെ കഠിനമായ തപസ്സുചെയ്യുവാനുറച്ചു.

പകൽ അവസാനിച്ചു; പ്രദോഷത്തിൻെറ പ്രാരംഭമായി. നിശ്ശബ്ദമായ ആ ശൈലതലം അപ്പോൾ പത്തിരട്ടി നിശ്ശബ്ദമായി. എങ്ങും ഭയങ്കരമായ കൂരിരുട്ടു പടൎന്നുപിടിച്ചു. നാലുപാടും യാതൊന്നും കാണാതായി. മേൽഭാഗത്തു തമോരാശിയാൽ ആവൃതമായ ആകാശം! ആ ആകാശത്തിൽ കറുത്തിരുണ്ട മുകിൽമാലകൾ ഘോരഗൎജ്ജിതം പുറപ്പെടുവിച്ച് വാരിധാര വൎഷിച്ചു. ജീവജാലങ്ങളില്ലാത്ത പ്രദേശത്ത്, ആ ജലപ്രവാഹമദ്ധ്യത്തിൽ, അജയസിംഹൻെറ ദേഹം ക്രമേണ അവശമായി; രക്തപരിവാഹം മന്ദീഭവിച്ചു. മനസ്സിൽ ഒരുമാതിരി പേടിയും കടന്നുകൂടി. ആ ഏകാന്തദശയിൽ മനസ്സിൽ ഹിരണ്മയിയുടെ ഛായ മറന്നുകളയുന്നതുപോയിട്ട് ഉജ്ജ്വലവൎണ്ണത്തിൽ പ്രശോഭിതമായി. "വെള്ളത്തിൻവേഗമേറുംഗതി മണലണയെത്തട്ടിനീക്കുന്നപോലെ" വലുതായുള്ള ചേതോവികാരം തള്ളിത്തള്ളിപ്പുറന്നു. "ഹാ! അജയസിംഹ! ഹിരണ്മയെ ഇജ്ജന്മത്തിൽ മറന്നുകളയുവാൻ സാധിക്കുമോ?" എന്നു തന്നെത്താൻ പറഞ്ഞുപോയി. പാൎശ്വത്തിൽ ആരോ "ഇവിടെനിന്നു പോകുന്നതാണു നല്ലത്. കോരിച്ചൊരിയുന്ന മഴ! ഭയങ്കരമായ ഇരുട്ട്!" എന്നു പറഞ്ഞതുപോലെ തോന്നി.

ഇതെന്ത്? മനുഷ്യശബ്ദമോ? ഒരു ജീവിപോലുമില്ലാത്ത ഈ ശൈലതലത്തിൽ ഭയങ്കരമായ ഈ നട്ടക്കൊണ്ടരാവിൽ, മനുഷ്യനുണ്ടോ വരുന്നു? പക്ഷെ ഇതു് അജയൻെറ മനോവേദന കണ്ടു കരളലിഞ്ഞു സഹായിക്കുവാൻ ആരെങ്കിലും വന്നതായിരിക്കുമോ? "ആരാണതു്? മനുഷ്യനോ അഥവാ വല്ല ദേവതയോ?" എന്നു വിവിധവികാരങ്ങളോടുകൂടിച്ചോദിച്ചു.

പാൎശ്വത്തിൽനിന്നു് ഉത്തരം: "ഞാനും അങ്ങയെപ്പോലെ ഭഗ്നഹൃദയനായ ഒരു സന്ന്യാസി. അങ്ങയെപ്പോലെതന്നെ മനോവേദനയാൽ സമാധാനമില്ലാതെ ഞാനും ശാന്തി ലഭിക്കുവാൻ അന്ധകാരത്തെ അഭയംപ്രാപിച്ചിരിക്കയാണു്."

അജയൻെറ മനസ്സിൽ ഒരുവിധം സമാധാനമുണ്ടായി. ഹാ! ഹാ! ഈ ജഗത്തിൽ എന്നെപ്പോലെ ദൈവഹതനായ മറെറാരുവൻകൂടിയുണ്ടോ? വരൂ പ്രിയസഹോദര! ഏക ഹൃദയത്തോടുകൂടി നമുക്കു് അന്യോന്യം ആലിംഗനംചെയ്യുക

അജയൻ ആഗതനെ ആശ്ലേഷിപ്പാൻ കൈ നീട്ടി. പക്ഷേ, ആ ദേഹം പിന്നോക്കം മാറി. "ഇന്നത്തെരാത്രി വളരെ ഭയങ്കരമായിരിക്കുന്നു." എന്നു പറഞ്ഞു.

അജയൻ: ശരിയാണു് ഭയങ്കരമായ രാത്രിതന്നെ.

ആഗതൻ: എന്നാൽ നമുക്കിരുവർക്കും ഇവിടെനിന്നു് എങ്ങോട്ടെങ്കിലും പോവുക.

അജ: എവിടേക്കു്, പറയൂ!

ആഗ: —നഗരത്തിലേക്കു് — ജനകോലാഹലമദ്ധ്യത്തിലേക്കു്. അന്ധകാരം വർദ്ധിച്ച സ്മരണയെ പതിന്മടങ്ങു പ്രകാശിപ്പിക്കുന്നു! ചിതാതുല്യമായ ചിന്തയ്ക്കു് നിർജ്ജനപ്രദേശത്താണു് അത്യധികമായ ദാഹകശക്തി.

സമദുഃഖന്മാർ സമാഗമയോഗം ലഭിച്ചാൽ നിശിതമായ നൈരാശ്യം പൊട്ടന്നനവെ ആനന്ദമായി പരിണമിക്കുന്നു. അജയസിംഹൻ — "ഹേ! നിരാശനായ താപസ! നിങ്ങൾ പറഞ്ഞതു യഥാർത്ഥമാണു്. ഏകാന്തമായ അന്ധകാരത്തിൽ ചിന്താഗ്നി അധികം ജ്വലിക്കുന്നു. ഭഗ്നമനോരഥരായ നാമിരുവരും ജനസങ്കുലമായ ഏതെങ്കിലും സ്ഥലത്തേക്കു പോവുക. ആ പരിസരം നമ്മുടെ മനോഗതിക്കു് എന്തു മാററമാണുണ്ടാക്കുക എന്നുനോക്കി അനന്തരകരണീയത്തിലേക്കു പ്രവേശിക്കാം. അതല്ലേ നല്ലതു്?" എന്നു ചോദിച്ചു.

അജയൻ ഏഴുന്നേററു മെല്ലെ മെല്ലെ നടന്നു; ആ അപരിചിതനും പിന്തുടർന്നു. ആ കൂരിരുട്ടത്തു പർവ്വതപ്രദേശത്തിലെ ഉൽഗമാർഗ്ഗം കണ്ടുപിടിക്കുവാൻ പ്രയാസം. വളരെനേരം കഴിഞ്ഞപ്പോൾ ഉഷസ്സിൻെറ കിരീടകാന്തി ഉജ്ജ്വലിക്കുവാൻതുടങ്ങി. ആ പ്രഭാപ്രസരത്തിൽ അനായാസം ആ പർവ്വതത്തിൽ നിന്നിറങ്ങാമെന്നു കരുതി അജയൻ മുമ്പിട്ടു നടന്നു. എന്നാൽ പോകേണ്ട സ്ഥലവും വഴിയും മനസ്സിലാകാതെ ആഗതനോട്ടു്

"എവിടേക്ക്, ഏതുവഴിക്കു പോകുവാനാണു വിചാരിക്കുന്നതു്?" എന്നു ചോദിച്ചു.

ആ അപരിചിതന്റെ ഉത്തരമൊന്നും കേൾക്കാഞ്ഞതുകൊണ്ടു് അജയൻ പിന്തിരിഞ്ഞു നോക്കി; അയാളെ കാൺമാനില്ല. ക്ഷീണിച്ചു് അയാൾ വഴിയിൽ തങ്ങിയിരിക്കാമെന്നു കരുതി പല പ്രാവശ്യം ഉറക്കെ വിളിച്ചുനോക്കി; ഉത്തരമില്ല. വളരെ ദൂരം പിന്നോക്കം പോയി അന്വേഷിച്ചിട്ടും കണ്ടെത്തിയില്ല. വളരെ നേരം കാത്തുനിന്നു. ഭഗ്നമനോരഥനായ ആ സന്യാസി തിരിച്ചുവന്നതേയില്ല.

---

## രണ്ടാം അദ്ധ്യായം

---

### ഗിരിറാണി

കാലം ഒന്നു പകന്നു. സൂര്യൻ "നിറകതിർവീശിന നീല പുഷ്കരത്തിൽ" ഇതാ ഒരു വെളുത്ത മേഘശകലം ഒഴുകിക്കൊണ്ടിരിക്കുന്നു. വെള്ളിത്തകിടുപോലെ വിളങ്ങുന്ന ആ മേഘഖണ്ഡത്തിന്റെ പൂർണ്ണപ്രതിബിംബം നദീവക്ഷസ്സിൽ ഓടിക്കളിച്ചുകൊണ്ടിരുന്നു. തടങ്ങളെയലങ്കരിച്ചിരുന്ന തരുനിരകളുടെ അന്തരാളങ്ങളിലും മയൂഖമാലകൾ ഒളിച്ചുകളിച്ചു അവിടെനിന്നു് അല്പം അകലെയായി സമനിരപ്പുള്ള ഒരു കുന്നിന്മുകളിൽ ഒതുങ്ങിയതും ഉയരം കുറഞ്ഞതുമായി ഒരു കൊട്ടാരം ഗിരിശൃംഗം പോലെ നയനാനന്ദകരമായു് കാണുന്നുണ്ടു്. അജയസിംഹൻ നടന്നു തളന്നു നദീതീരത്തു് ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങി. അല്പം കഴിഞ്ഞപ്പോൾ ഒരു വേണുനാദം അയാളുടെ നിദ്രയ്ക്കു ഭംഗംവരുത്തി. ആശ്ചര്യപ്പെട്ടു തിരിഞ്ഞുനോക്കിയപ്പോൾ, "ചേലൊത്ത ചിത്രമൊരുഴിച്ചിൽ കഴിച്ചപോലെ, ചെന്താക്കിടം വെയിലണഞ്ഞു വിരിഞ്ഞപോലെ" നവയൌവനസംഗത്താൽ നയനാഭിരാമയായ ഒരു രമണി തോഴിമാരോടുകൂടി, മധുരമായ വേണുനാദത്താൽ നിശ്ശബ്ദമായ ആ കാനനപ്രദേശത്തെ ശബ്ദ

പൂൎണ്ണമാക്കി, അടുത്തുള്ള കുന്നിൽനിന്നിറങ്ങി, അയാളുടെ അരികെ വന്നുനിന്നു. കനകകാന്തി കുതിച്ചു ചാടുന്ന അവളുടെ കുളേബരം നവവികസിതമായ നാനാകുസുമദാമങ്ങളാൽ അതിമനോഹരമായി അലങ്കരിക്കപ്പെട്ടിരുന്നു. കഴുത്തിൽ ഉണ്ടമല്ലിയുടെ മാല; കൈയിൽ ചെമ്പകവള; നെററിത്തടത്തിൽ മാതളപുഷ്പതിലകം; ഇങ്ങനെ പ്രത്യംഗം പുഷ്പതിലകം. ഇങ്ങനെ പ്രത്യംഗം പുഷ്പാഭരണങ്ങളാണു് അണിഞ്ഞിരിക്കുന്നതു്. വേണുനാദം പെട്ടെന്നു നിന്നു. ആ വനസുന്ദരി ഇളക്കമില്ലാത്ത ഇടിമിന്നൽ പോലെ നിന്നു്, വിശാലവിലോചനങ്ങളാൽ അജയനെ ആപാദചൂഡം ഒന്നു് ഉഴിഞ്ഞു. അവളുടെ മോഹനമുഖത്തു് ആശ്ചൎയ്യചിഹ്നങ്ങൾ കാണപ്പെട്ടു. ചരണങ്ങളെ ചുംബനം ചെയ്യുന്ന നീണ്ടുചുരുണ്ട നീലവേണീലത അല്പം കമ്പിതമായി; ഗണ്ഡമണ്ഡലം പുലർകാലത്തുപൂത്ത കമലംപോലെ ചുവന്നു; പാടലപേലവമായ അധരപുടം കുറച്ചൊന്നു വിറച്ചു. ഇളംകാറേററു് ഇളകിക്കളിയ്ക്കുന്ന താമരത്തണ്ടുപോലെ ബാഹുയുഗളം വലിച്ചു് ആ സുകുമാരി പശ്ചാത്തിൽ നില്ക്കുന്ന തോഴിയുടെ തോളിൽ പിടിച്ചു മൃദുസ്വരത്തിൽ "സഖി! ഇയ്യാളാരായിരിക്കും!" എന്നു ചോദിച്ചു.

സഖി:—ഒരു വഴിപോക്കൻ. വഴിതെററി നമ്മുടെ വനവസതിയിലേക്കു് വന്നതായിരിക്കാമെന്നു തോന്നുന്നു.

ഗിരിറാണി:—ആരാണെന്നു ചോദിക്കൂ! അറിയാമല്ലോ.

സഖി: നിങ്ങൾക്കുതന്നെ ചോദിച്ചാലെന്താ?

ഗിരി:—എനിക്കു ലജ്ജയാകുന്നു. നീതന്നെ ചോദിച്ചുനോക്കൂ!

സഖി:—(അല്പം ചിരിച്ചു് മുന്നോട്ടു ചെന്നു് അജയസിംഹനോടു്) "ഞങ്ങളുടെ ഗിരിറാണിക്കു് അവിടുത്തെ വിവരം അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്." എന്നുപറഞ്ഞു.

അജയൻ:—ഞാനൊരു വഴിപോക്കൻ. നടന്നു ക്ഷീണിച്ചു് ഇവിടെ ഇരുന്നു് അല്പം വിശ്രമിച്ചതാണു്.

ഗിരി: സഖി! നമ്മുടെ അതിഥിശാലയിൽ വന്നു വിശ്രമിച്ചു കൊള്ളാമെന്നു് അദ്ദേഹത്തോടു പറയൂ.

ഇതിനൊന്നും അനുകൂലിക്കരുതെന്നു് അജയൻ മനസ്സിൽ കരുതി. സൌന്ദൎയ്യമകരന്ദം ഒഴുകുന്ന അവളുടെ അംഗ

ലതികയെ അജയൻ നോക്കി; ആ നയനസരോജങ്ങളെ ദൃഷ്ടി പറിക്കാതെ നോക്കി. ആ കണ്ണുകൾ മനസ്സിലാവാത്ത ശബ്ദ ശൂന്യഭാഷയിൽ "നിങ്ങളെന്റെ ശാസനയെ ആദരിക്കയില്ല യോ?" എന്നു പറയുമ്പോലെ തോന്നി. അജയൻ നാലു ദിക്കി ലേക്കും ദൃഷ്ടിയോടിച്ചു. ഒരു ഭാഗത്തു തരംഗതരളമായ നദി പു ളച്ചൊഴുകുന്നു. മറെറാരിടത്തു് പല്ലവഭാരംകൊണ്ടു് നമ്രമായ പൂങ്കുലകളാൽ പ്രശോഭിതമായ ദ്രുമശ്രേണി മന്ദമാരുതനിൽ നട നംചെയ്തുകൊണ്ടിരിക്കുന്നു. മേലേ ആകാശം ചന്ദ്രനെ വക്ഷ സ്സിനോടുചേർത്തു് ആലിംഗനംചെയ്യുന്നുണ്ടു്. അജയസിംഹൻ "എന്നാൽ പോവുക. നിങ്ങളുടെ ഗിരിറാണിയുടെ ഗൃഹമെവി ടെ?" എന്നു ചോദിച്ചു.

ഗിരിറാണി സഖിമാരൊന്നിച്ചു് അജയനെ കൊട്ടാരത്തി ലേക്കു് കൂട്ടിക്കൊണ്ടുപോയി. ഒരു സഖി, "റാണി! ഒരിക്കൽ കൂടി ഈ വേണുവിൽ വസന്തഭൈരവി ആലാപിച്ചുകൂടേ?" എ ന്നു ചോദിച്ചു. ഗിരിറാണിയുടെ മുഖത്തു് ഒരു "ചെറുപുഞ്ചിരി സഞ്ചരിച്ചു." ഓടക്കുഴലെടുത്തു് രാഗാലാപനം തുടങ്ങി. മുര ളിയിൽ ശരിയായ രാഗം പുറപ്പെടുന്നില്ല വസന്തഭൈരവി ആലാപിച്ചാൽ നീലാംബരിയാണു പുറപ്പെടുന്നതു് നീലാം ബരി ശരിപ്പെടുത്തുവാൻ തുടങ്ങിയാൽ കല്യാണിയായ്പ്പോകുന്നു. അതുകൊണ്ടു്, ഗിരിറാണി അന്നു രാഗാലാപം ചെയ്തതേയില്ല.

---

## മൂന്നാം അദ്ധ്യായം

---

### ഗോകുലദാസൻ

അജയസിംഹൻ ഗിരിറാണിയോടുകൂടി കൊട്ടാരത്തിൽ കടന്നു. ആ രാജമന്ദിരം കല്ലുകൊണ്ടു കെട്ടിപ്പടുത്തതും ഒരുനില യുള്ളതും ആയിരുന്നു. ചുററും ഉയൎന്ന മതിൽക്കെട്ടു്, നടുവിൽ ഗിരിറാണിക്കും സഖിമാൎക്കും കൂടിയുള്ള ഗൃഹം; അതിന്റെ മുമ്പിൽ വിസ്തീൎണ്ണമായ ഒരു നടുമുററവും അതോടുതൊട്ടു് ഒരു

പൂങ്കാവനവും; അടുത്തു ഭടവേശ്മവും ആയുധശാലയും; ആകപ്പാടെ അതു് ഒരു ചെറിയ ദുർഗ്ഗംതന്നെയെന്നു് പറയാം.

അജയസിംഹനു വിശ്രമിക്കുവാൻ ആയുധശാലയ്ക്കടുത്തുള്ള ഒരു മുറി ഏൎപ്പാടുചെയ്തു കൊടുത്തു. രാത്രി അജയൻ ജാലകത്തിന്നരികേനിന്നു് ആററിലെ അലകളിൽ പൂൎണ്ണചന്ദ്രൻ വിഹരിക്കുന്നതു നോക്കിക്കൊണ്ടിരിയ്ക്കേ, ഗിരിറാണി സഖീസമേതം ആ മുറിയിലേക്കു കടന്നുവന്നു്, "അങ്ങയ്ക്കിവിടെ അസുഖമൊന്നുമില്ലല്ലോ?" എന്നു് അന്വേഷിച്ചു.

ആ യുവതിയുടെ കമനീയമായ കണ്ഠസ്വരം അമൃതധാരപോലെ അജയന്റെ ശ്രുതിപുടത്തിൽ പതിച്ചു. എന്തുത്തരമാണു പറയേണ്ടതെന്നു് ആലോചിക്കുന്നതിന്നിടയ്ക്കു് വീണ്ടും അവൾ "ഇന്നിവിടെ അച്ഛൻ ഉണ്ടായിരുന്നെങ്കിൽ അങ്ങയെ കണ്ടു വളരെ പ്രീതിപ്പെട്ടുമായിരുന്നു" എന്നു തുടൎന്നു:

അജയൻ:—അച്ഛനെവിടെ?

ഗിരിറാണി: അച്ഛൻ യോഗാഭ്യാസത്തിനു് പുഷ്കരതീൎത്ഥത്തിലേക്കുപോയിട്ടു രണ്ടുമാസമായി. പോകുമ്പോൾ, രണ്ടു മാസത്തിനുള്ളിൽ തിരിച്ചുവരാത്തപക്ഷം, ഗോകുലദാസനോടു് ചോദിച്ചു തന്റെ വിവരമെല്ലാം അറിഞ്ഞുകൊള്ളണമെന്നു പറഞ്ഞിരുന്നു. ഇന്നേയ്ക്കു രണ്ടുമാസം തികഞ്ഞു.

അജ:—ഗോകുലദാസനാരാണു്?

ഗിരി:—അദ്ദേഹം എന്റെ പ്രധാനസേനാപതി. അച്ഛന്റെ ചെറുപ്പകാലംമുതൽക്കുള്ള ചങ്ങാതി. പരിമളേ! നീ പോയി ഗോകുലദാസനോടു് ഒന്നു് ഇവിടുത്തോളം വരാൻ പറയു. അച്ഛന്റെ വൎത്തമാനം ചോദിക്കട്ടെ

പരിമള ഗോകുലദാസനെ വിളിച്ചുകൊണ്ടുവരുവാൻ പോയി. അനന്തരം ഗിരിറാണി ഭയപ്പെട്ടു ജനലിന്റെ അടുക്കലേക്കു ചൂണ്ടിക്കാണിച്ചു്, "വീണ്ടും അതാ! നോക്കൂ" എന്നു് പറഞ്ഞു. അജയൻ അങ്ങോട്ടു നോക്കി. ജനലിന്റെ പിൻപുറത്തു നീണ്ട രോമരാശിയിൽ പകുതി മറഞ്ഞ താടിയുള്ള ഒരു മുസൽമാന്റെ മുഖം ഭയങ്കരദൃഷ്ടിയോടുകൂടി മുറിക്കുള്ളിലെത്തി നോക്കുന്നതും, ഉത്തരക്ഷണത്തിൽ അന്തൎദ്ധാനം ചെയ്യുന്നതും കണ്ടു. അജയസിംഹൻ എഴുന്നേററു വാളൂരിപ്പിടിച്ചു പുറത്തി

റങ്ങി നാലുദിക്കിലും അന്വേഷിച്ചു. ആരെയും കാണ്മാനില്ല. അല്പം കഴിഞ്ഞപ്പോൾ സമീപത്തു കുതിരയുടെ കുളമ്പടിശബ്ദം കേൾക്കാറായി. ആ അശ്വാരൂഢനെ പിന്തുടൎന്നു പോകണമെന്നു് അയാൾ കരുതി. പക്ഷേ കുതിര കുതിച്ചുപായുന്ന ശബ്ദം കേട്ടതുകൊണ്ടു വ്യൎത്ഥമെന്നു വിചാരിച്ചു പിന്തിരിഞ്ഞു് മുറിയിലേക്കുതന്നെ വന്നു. അപ്പോൾ അവിടെ ഗിരിറാണിയാകട്ടെ തോഴിമാരാകട്ടെ ഇല്ലായിരുന്നു. വിളക്കിന്നരികെ ഒരു വയസ്സൻ നില്ക്കുന്നുണ്ടു്. അയാൾ കുറേനേരം കണ്ണെടുക്കാതെ അജയനെ നോക്കി, "ഇതെന്തു്, സ്വപ്നമോ" എന്നു തന്നെത്താൻപറഞ്ഞു് വിളക്കെടുത്തു് അജയൻെറ അരികെച്ചെന്നു മുഖത്തു് ഉററുനോക്കി. വിളക്കു് അവിടെത്തന്നെ വച്ചു് അജയനെ സാഷ്ടാംഗം നമസ്കരിച്ചു. വൃദ്ധനു ചിത്തഭ്രമമുണ്ടോ എന്നു ശങ്കിച്ചു് അജയൻ "എന്താണിതു്? ഈ നമസ്കാരവും മററും എന്തിനു്?" എന്നു ചോദിച്ചു.

വയസ്സൻ: ഞാൻ അവിടുത്തെ നല്ലപോലെ അറിയും; അങ്ങു് പൂജ്യനായ പ്രതാപസിംഹമഹാരാജാവു്തിരുമനസ്സിലെ പുത്രൻ അജയസിംഹരാജകുമാരൻ.

അജയൻ: (ആശ്ചൎയ്യപ്പെട്ടു്) നിങ്ങളാരു്?

വയസ്സൻ: ഈ ഭൃത്യൻെറ പേരു് ഗോകുലദാസൻ.

---

## നാലാം അദ്ധ്യായം

### യോഗീശ്വരൻ

ഗോകുലദാസൻ: അങ്ങു് തക്ക അവസരത്തിലാണു് ഇവിടെ വന്നുചേൎന്നതു്. ഈ രാജധാനി ഇപ്പോൾ അനാഥമായി അരക്ഷിതമായി കിടക്കുന്നു. അനിവാൎയ്യമായ ആപൽക്കാലമാണിപ്പോൾ. ഈ ദുൎഘടഘട്ടത്തിൽ ജഗദീശ്വരൻ ഗിരിറാണിയേയും ഞങ്ങളേയും ശത്രുബാധയിൽനിന്നു മോചനം ചെയ്യുവാൻ വീരകുമാരനായ അങ്ങയെ സദയം ഇങ്ങോട്ടുതിരിച്ചുവിട്ടതായിരിക്കണം.

അജയ: നിങ്ങളുടെ രാജകുമാരിയുടെ അച്ഛനെവിടെ?

ഗോകുല: ഹാ! ആ കുട്ടിയുടെ അച്ഛനോ? ആ വീരക്ഷത്രിയരാജാവു് രാജപുത്താനയിലെ രണാങ്കണത്തിൽ വീരോചിതമാകുംവണ്ണം പോരാടി സ്വർഗ്ഗലോകം പ്രാപിച്ചു. എന്നാൽ ആ വർത്തമാനമൊന്നും അംബിപ്പോൾ അറിഞ്ഞിട്ടു് ആവശ്യമില്ല. ക്രമേണ എല്ലാം മനസ്സിലാവും. ആ കുട്ടി ആരെ അച്ഛനെന്നു വിളിക്കുന്നുവോ അദ്ദേഹത്തെപ്പററി കേട്ടാലും. ഈ ദുർഗ്ഗത്തിൻെറ നാഥൻ ഒരു യോഗീശ്വരനാണു്. ആ മഹാത്മാവു് രാജപുത്താനയിലെ വിഖ്യാതവംശത്തിൽ ജനിച്ച ആളാണു്. അംബയുടെ അച്ഛനു വലിയ ഒരു സഹായിയുമായിരുന്നു. പതിനഞ്ചു വർഷത്തോളമായി അദ്ദേഹം സംഗതിവശാൽ വീരഖഡ്ഗത്തിനുപകരം യോഗദണ്ഡം സ്വീകരിച്ചിരിക്കയാണു്. അന്നു് എന്തോ ഒരു വിശേഷകാരണവശാൽ ഈ കുമാരിയുടെ അച്ഛനായ ക്ഷത്രിയരാജാവു് സ്വപുത്രിയെ ഈ രജപുത്രയോഗിയുടെ കൈയിലേല്പിച്ചു. അദ്ദേഹത്തിൻെറ ആഗ്രഹംപോലെ, അദ്ദേഹം കൊടുത്ത പണംകൊണ്ടു്, ഈ കോട്ട കെട്ടിച്ചു് ഇവിടെ യോഗം അഭ്യസിച്ചുകൊണ്ടിരുന്നതിനുപുറമേ, ഈ കുട്ടിയെ സംരക്ഷിച്ചുപോരികയും ചെയ്തിരുന്നു. രണ്ടുമാസംമുമ്പു് ഒരു രാത്രി അദ്ദേഹം ഞാൻ കിടന്നിരുന്ന മുറിയിൽവന്നു് എന്നെ വിളിച്ചുണർത്തി ഇങ്ങനെ പറഞ്ഞു: "ഗോകുലദാസ! ഞാൻ ഭവാനീപതിയുടെ ധ്യാനത്തിൽ നിമഗ്നനായിരിക്കുമ്പോൾ, അതിഭയങ്കരമായ ഒരു ഭവിഷ്യത്തു് എനിക്കു മനോഗോചരമായി. അല്പകാലത്തിനുള്ളിൽ ഈ ഗിരിദുർഗ്ഗത്തിന്നു ഘോരമായ ഒരു അനർത്ഥം ഉണ്ടാവാൻപോകുന്നു. ഏകാന്തമായ ഈ സ്ഥലത്തു മനുഷ്യരക്തം പ്രവഹിച്ചു് എൻെറ പുത്രീസമാനയായ ഗിരിറാണിക്കു വലിയ വിപത്തു സംഭവിക്കും. അവളുടെ തലയിലെഴുതിയ ഈ ആപത്തറിഞ്ഞു് എൻെറ ഉറപ്പുള്ള കരളുംകൂടി കലങ്ങിപ്പോകുന്നു. എങ്ങനെയാണു് ഈ അനർത്ഥം കണ്ടു സഹിക്കുന്നതു്? അവളെ അതിൽനിന്നു് ഉദ്ധരിക്കുവാൻ എനിക്കു് സാദ്ധ്യമല്ല. അതുകൊണ്ടു് ഞാനിപ്പോൾ പുഷ്കരതീർത്ഥത്തിൽ പോയി ആ ഭാവിയായ അമംഗളത്തെ നിവാരണംചെയ്യാൻ തപോനിഷ്ഠയിലിരിക്കാം. കാര്യസിദ്ധിയാ

യാൽ രണ്ടുമാസത്തിനകം തിരിച്ചുവരാം. ഇല്ലെങ്കിൽ എന്നെ ആരും എന്നും കാണുകയില്ല. അപകടം ഉണ്ടാകുന്ന അവസരത്തിൽ നിങ്ങൾ കുട്ടിയെ രക്ഷിക്കുവാൻ കഴിയുന്നപോലെ പ്രയത്നിക്കു. അതിന്റെ മേൽ ബ്രഹ്മസങ്കല്പംപോലെ വരട്ടെ." യോഗി ഇങ്ങനെ പറഞ്ഞു് ദുർഗ്ഗത്തിൽനിന്നു പുറപ്പെട്ടുപോയി. അതുമുതല്ക്കു ദുർഗ്ഗത്തിൽ ഭയങ്കരമായ ദുർലക്ഷണങ്ങൾ കണ്ടുവരുന്നു. നിശ്ശബ്ദമായ അർദ്ധരാത്രി കാനനപ്രദേശത്തു കുതിരകളുടെ കുളമ്പടിനാദം കേൾക്കുന്നു; ജാലകങ്ങളിൽക്കൂടെ ഭയങ്കരമായ മുസൽമാൻതല കാണുകയും തൽക്ഷണം മറയുകയും ചെയ്യുന്നു; നദീതീരത്തു് എന്തോ ഒരസ്ഫുടമായ ധ്വനി കേൾക്കുന്നു; ഇങ്ങനെയൊക്കെ ഇരിക്കുന്നതുകൊണ്ടുതന്നെയാണു്, ധീരനായ അങ്ങയെ ഈശ്വരൻ ഈ കാലക്കേടിൽ ഇങ്ങോട്ടു തിരിച്ചുവിട്ടതെന്നു ഞാൻ ആദ്യംതന്നെ പറഞ്ഞതു്. അങ്ങു മാർഗ്ഗക്ലേശംകൊണ്ടു ക്ഷീണിച്ചിരിക്കുന്നതിനാൽ ഇപ്പോൾ വിശ്രമിച്ചാലും. നാളെ വെളുപ്പാൻകാലത്തു കർത്തവ്യത്തെക്കുറിച്ചു നമുക്കാലോചിക്കാം.

ഇങ്ങനെ പറഞ്ഞു് ഗോകുലദാസൻ അജയനെ വന്ദിച്ചു് അവിടെനിന്നു പോയി. അജയനാകട്ടെ ഏകാകിയായിക്കിടന്നു ഓരോന്നാലോചിച്ചുതുടങ്ങി. അനാഥയായ ഗിരിറാണിക്കു പൊട്ടുന്നനവെ ആപത്തുണ്ടാകുമെന്നു കേട്ടു് അയാളുടെ വീരഹൃദയം വിഗളിതമായി. അങ്ങനെയുള്ള അപായത്തിൽനിന്നു് അവളെ ഉദ്ധാരണം ചെയ്യുയെന്നതു തനിക്കു സാധ്യമാണെങ്കിൽ, ക്ഷത്രധർമ്മത്തെ പരിപാലിക്കാതിരിക്കാമോ? എന്തു് അനർത്ഥമാണു ഗിരിറാണിക്കു ഉണ്ടാവാൻപോകുന്നതു്? അതു് എത്ര നാളുകൾക്കുള്ളിൽ സംഭവിക്കുമായിരിക്കും? താൻ അതുവരെ ആ ദുർഗ്ഗത്തിൽത്തന്നെ വസിക്കയോ? ആ ഭൂലോകമേനകയുടെ അമൃതപൂർണ്ണമായ വേണുനാദംകേട്ടു ചഞ്ചലമായ ചേതസ്സിന്നു ദൃഢത ലഭിക്കുമോ? അജയനാകട്ടെ, ഹൃദയതടത്തിൽനിന്നു ഹിരണ്മയിയുടെ സ്മരണയെ വേരോടെ പറിച്ചുകളയുവാൻ ഭാവിക്കയാണു്. അതിന്നുവേണ്ടി താപസധർമ്മം അവലംബിച്ചു് ഏകാന്തപ്രദേശത്തിരുന്നു്, തപോനിഷ്ഠയാൽ മനഃസംയമനം ചെയ്യണമെന്നു് സങ്കല്പിച്ചുകൊണ്ടിരിക്കുന്നു. ഇതു് ആ യോഗാഭ്യാസമോ? ഇതു ആ കഠോരവ്രതത്തിന്നു തക്ക അനുഷ്ഠാനമോ? നേരേമറിച്ചു് വാ

സന്തീലതയോടൊത്ത വപുസ്സും, കിലികിഞ്ജിതംപോലെയുള്ള കണ്ഠസ്വരവും, വിലോഭനീയങ്ങളായ വിലോചനങ്ങളും, കർണ്ണാമൃതമായ വേണുനാദവും എല്ലാംകൂടി അജയന്റെ മനസ്സിനെ ഇളക്കിമറിച്ചു. "പടയുംപേടിച്ചു പന്തളത്തൊട്ടുചെന്നപ്പോൾ അവിടെ പന്തവുംകൊളുത്തിപ്പട" എന്നു കണക്കായി. വീരരാജകുമാരനായ അജയൻ അനാഥയും അതിമൃദുലശീലയുമായ ആ ബാലികയെ രക്ഷിക്കുവാൻ സാഹസപ്പെടാതിരിക്കുമോ? അധികം നേരം ആയാൾ ആലോചനയിൽ മുഴുകിക്കിടന്നു. മനസ്സിൽ കൂടി പല ചിന്തകളും പാഞ്ഞു. അങ്ങനെ വളരെസമയം കഴിഞ്ഞപ്പോൾ നിദ്രാധീനനാകയും ചെയ്തു.

അജയൻ അരുണോദയത്തിനുമുമ്പ് ഉണൎന്നു ഗോകുലദാസനെ അന്വേഷിച്ചു. ആ വയസ്സൻ അടുത്ത ഉദ്യാനത്തിൽ ദേവാരാധനത്തിനു പൂവിറുത്തുകൊണ്ടിരിക്കയായിരുന്നു. അജയൻ അയാളെ നോക്കി, "ഗോകുലദാസ! ഞാനിതാ ഇവിടെനിന്നു പോകുന്നു."

ഗോ-ദാ: (ആശ്ചര്യപ്പെട്ടു മിഴിച്ചുനോക്കി) എന്തു്? പ്രതാപസിംഹരാജാവിന്റെ വീരകുമാരൻ അഭിപ്രാൎത്ഥനയെ അലക്ഷ്യമാക്കി ഇവിടെനിന്നു പിന്തിരിയുകയോ? അത്ഭുതം!

അജ: (പരിഭ്രമത്തോടെ) ഗോകുലദാസ! ഞാൻ നിങ്ങളുടെ റാണിക്കു സൎവ്വസഹായവും ചെയ്വാൻ സന്നദ്ധനാണു്. ഞാനൊരുദ്ദേശസിദ്ധിക്കുവേണ്ടി രണ്ടുവൎഷത്തോളം ജനശൂന്യമായ പ്രദേശത്തിരുന്നു കഠിനമായ വ്രതം അനുഷ്ഠിക്കുവാൻ സങ്കല്പിച്ചിരിക്കയാണു്. നിങ്ങളുടെ ദുൎഗ്ഗത്തിലിരുന്നാൽ, എന്റെ വ്രതത്തിനു വിഘാതമുണ്ടാകും. അല്പകാലം ഇതിന്നടുത്ത കാട്ടിൽ കഴിച്ചുകൂട്ടണമെന്നു കരുതിയിരിക്കുന്നു. അനൎത്ഥമുണ്ടാകുമെന്നു ശങ്കതോന്നിയ ഉടനെ കോട്ടപ്പുറത്തുള്ള ഭേരിയടിച്ചാൽ ശബ്ദംകേട്ട ക്ഷണത്തിൽ ഞാൻ ഇവിടെ എത്തിക്കൊള്ളാം.

ഗോ-കു — അവിടുത്തെ ഇഷ്ടംപോലെ; കല്പിച്ചപോലെചെയ്യാം.

അജയൻ അസ്വസ്ഥചിത്തനായി അവിടെനിന്നു സാവധാനം നടന്നുപോയി. ഗോകുലദാസൻ നോക്കിയിരിക്കെ അല്പം കഴിഞ്ഞപ്പോൾ ഗിരിറാണി ഏകാകിനിയായി തന്റെ അരികിലേക്കു പതുക്കെപ്പതുക്കെ വരുന്നതു കണ്ടു. ആ ബാലിക

യുടെ സുപ്രസന്നമായ മുഖാംബുജം വല്ലാതെ വാടിയിരിക്കുന്നു. എന്തോ ഒരു ചിന്ത അവളുടെ ഹൃദയത്തെ കലക്കിമറിക്കുന്നതു പോലെ തോന്നി. പുത്രീനിർവിശേഷമായ വാത്സല്യത്തോടുകൂടി യാണു് ആ വയസ്സൻ കുമാരിയെ നോക്കിപ്പോരുന്നതു്. ഭാവി യായ അനൎത്ഥത്തെക്കുറിച്ചാലോചിച്ച വൃദ്ധൻെറ മനസ്സു് തീരെ വിവശമായി. രാപ്പകൽ ആ വിശ്വസ്തഭൃത്യൻെറ ചിന്ത അതു തന്നെയായിരുന്നു. രാജൎഷി പുഷ്കരതീൎത്ഥത്തിലേക്കു പോയ പ്പോൾ പറഞ്ഞ വൎത്തമാനമൊന്നും ആ കുട്ടി അറികയില്ല. അവളെ ശോകാകുലയാക്കിത്തീൎക്കരുതെന്നു കരുതി രാജൎഷി ഉട നെ തിരിച്ചുവരുമെന്നും മററും പറഞ്ഞു സമാധാനപ്പെടുത്തുക യാണു ഗോകുലദാസൻ ചെയ്തിരുന്നതു്. പക്ഷെ, അവളുടെ മു ഖമണ്ഡലം കൂടെക്കൂടെ വിവൎണ്ണമായിത്തീരുന്നതെന്താണു്? ത നിക്കു ഭാവിയിലിരിക്കുന്ന അനൎത്ഥം കാണേണ്ടെന്നു കരുതി അച്ഛൻ പുറപ്പെട്ടുപോയതാണെന്നു് അവൾ അറിഞ്ഞിരിക്കാ മോ? ഗോകുലദാസൻ 'റാണി! അകാരണമായി നിങ്ങൾ വിചാ രപ്പെടേണ്ട! അച്ഛൻ കാൎയ്യസിദ്ധിയായാൽ ഉടനെ തിരിച്ചുവരും' എന്നു സമാധാനിപ്പിക്കാൻ ശ്രമിച്ചു.

ഗിരിറാണി: ഇന്നലെ രാത്രി നിങ്ങൾ എന്നോടു പറഞ്ഞതു് അച്ഛൻ തീൎത്ഥയാത്ര കഴിഞ്ഞ ഉടനേ തിരിച്ചുവരുമെന്നാണ ല്ലൊ; അതുകൊണ്ടു ഞാൻ അതിനെപ്പററി ഒട്ടും ചിന്തിച്ചി ട്ടില്ല.

ഗോ-ദാസൻ: എന്നാൽപിന്നെ നിങ്ങളുടെ മുഖം എന്താണു വല്ലാതെ വാടിയിരിക്കുന്നതു്?

ഗി-റാണി: ഒന്നുമില്ല. നിങ്ങളോടു് ഒരു സംഗതിയെക്കുറിച്ചു ചോദിക്കണമെന്നു കരുതിവന്നതാണു്. ഇന്നലെ രാത്രിയി ലെ അതിഥിഎവിടെ? കിടന്നമുറിയിൽ ഇല്ലല്ലൊ. നിങ്ങളു ടെ അടുത്തുണ്ടായിരിക്കുമെന്നു കരുതിവന്നുനോക്കിയപ്പോൾ ഇവിടേയും കാണുന്നില്ല. അയാൾ പോയിരിക്കാമോ?

ഗോ-ദാസൻ: നമ്മുടെ ദുൎഗ്ഗത്തിലിരിക്കുന്നതു് അദ്ദേഹത്തിൻെറ സ്ഥിതിഗതികൾക്കു് അനുകൂലമല്ലാത്തതിനാൽ അടുത്ത വനത്തിൽ വസിക്കുന്നതാണെന്നു പറഞ്ഞുപോയി. വീണ്ടും കാണാമെന്നുപറഞ്ഞിട്ടുണ്ടു്.

ഗി-റാണി: (വ്യസനഭാവത്തിൽ) അയാൾ തനിച്ചു കാട്ടിലിരു ന്നാൽ വല്ല അപായവും സംഭവിക്കുകയില്ലയോ?

ഗോ—ദാസൻ: അദ്ദേഹം ഒരു ക്ഷത്രിയവീരൻ, കൈയിൽ ഖഡ്ഗമുണ്ട്. ആ യുവാവ് ആപത്തിനെ ഭയപ്പെടുന്ന ആളല്ല.

ഗിരിറാണി മൌനമായിനിന്നു, ഗോകുലദാസൻ ശേഖരിച്ചുകൊണ്ടുവന്ന പുഷ്പങ്ങൾ നോക്കിക്കൊണ്ടു വീണ്ടും "ഗോകുലദാസ, ആയാൾ ഇനി എപ്പോഴാണ് ഇവിടെ വരിക?"

ഗോ-ദാസൻ: അക്കാര്യം ഖണ്ഡിതമായി പറയുവാൻ തരമില്ല.

ഗിരിറാണിയുടെ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞതു് ആ വയസ്സൻ കണ്ടില്ല.

---

## അഞ്ചാം അദ്ധ്യായം.

---

### താപസകുമാരൻ

സന്ധ്യാസമയം. ഗിരിറാണി സഖിമാരോടുകൂടി പൂർണ്ണാനദീതീരത്തു് വളരെനേരം ലാത്തിക്കൊണ്ടിരുന്നു വേണൂവിൽ അവൾ നാനാരാഗങ്ങളെ നാനാതാളങ്ങളിൽ പ്രയോഗിച്ചു. ആ വിദേശീയനായ യുവാവ് അന്നു വരാതിരിക്കയില്ലെന്നു് അവൾ വിചാരിച്ചിരുന്നു. ക്രമേണ നിശാന്ധകാരം പരന്നു; അപ്പോൾ നിരാശയായി നെടുവീർപ്പിട്ടു് ആ യുവതി കോട്ടയിലേയ്ക്കു മടങ്ങി

ഉദയഗിരി ചുവന്നതോടുകൂടി ഗിരിറാണി അരികെക്കിടന്നിരുന്ന സഖിയെ വിളിച്ചുണർത്തി, "പരിമളേ! നമ്മുടെ കാനനം ശരൽക്കാലവിലാസത്താൽ ഫലപുഷ്പങ്ങൾനിറഞ്ഞു രമണീയമായിരിക്കുന്നുവെന്നു നീ പറഞ്ഞല്ലോ. ഇന്നുനമുക്കു അവിടെ പ്പോയി നോക്കിവരാം."

പരിമള — നിർജ്ജനവനത്തിൽ നമുക്കെന്തെങ്കിലും അനർത്ഥം അകപ്പെട്ടാൽ നാമെന്തുചെയ്യും?

ഗി. റാണി അന്നു് ഇവിടെവന്ന യുവാവ് ആ കാട്ടിലുണ്ടെന്നാണ് ഗോകുലദാസൻ പറഞ്ഞതു്. ആയാൾ ക്ഷത്രിയവീര

നാണത്രെ! കൈവശം ഖഡ്ഗവുമുണ്ടത്രെ! ആ സ്ഥിതിക്കു നമുക്കു വല്ല വിപത്തും ഉണ്ടായാൽ അദ്ദേഹം രക്ഷിക്കാതിരിക്കുമോ?

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കെ ആ കുമാരിയുടെ മൃദുല കപോലം അല്പം പാടലമായി. ഗിരിറാണിയേക്കാൾ പരിമള രണ്ടുമൂന്നു വയസ്സിനു മൂത്തവളാണു്. സഖി സ്വാമിനിയുടെ മുഖത്തുനോക്കി ഒന്നു മന്ദസ്മിതം ചെയ്തു് 'എന്നാൽ വേണുക്കൂടെ കൈയിലിരിക്കട്ടെ. ഞാൻ മററുള്ളവരെ വിളിച്ചുകൊണ്ടുവരാം' എന്നു പറഞ്ഞു.

പരിമള സഖിമാരെ കൂട്ടിക്കൊണ്ടുവരുവാൻ പോയി. പോകുമ്പോൾ അവൾ തന്നെത്താൻ 'ഒരൊററദിവസം കാണുമ്പോഴേയ്ക്കും ഇങ്ങനെ പ്രാണൻ കളയുന്ന കൂട്ടത്തിലാണെന്നു ഞാൻ കരുതിയിരുന്നില്ല' എന്നു പറഞ്ഞു.

അല്പം കഴിഞ്ഞപ്പോൾ കാട്ടിൽ അതിലളിതമായി കരുണസ്വരത്തിലുള്ള ഗിരിറാണിയുടെ മുരളീരവം കേൾക്കാറായി. ഹൃദയംഗമങ്ങളായ പല രാഗങ്ങളും ആലാപിച്ചു് ആ ജനശൂന്യപ്രദേശത്തെ ശബ്ദായമാനമാക്കി. ഇന്നു വേണുവിനു വിരാമമില്ല, ഗിരിറാണിക്കു ശ്രമവും തോന്നുന്നില്ല ഒടുവിൽ പരിമള സ്വാമിനിയുടെ കൈപിടിച്ചു "റാണി! ഇന്നു വേണു മടിച്ചുപോയിരിക്കുന്നു. അതിന്നു പൂർണ്ണവിരാമം കൊടുക്കണേ! ആകാശത്തേക്കു നോക്കൂ! നേരം എത്രയായി! വെയിലേററു മുഖം വല്ലാതെ വാടിയിരിക്കുന്നു. വരൂ! നാം കേവിലകത്തേക്കു മടങ്ങുക" എന്നു പറഞ്ഞു.

ഗിരിറാണി അധരപുടത്തിൽനിന്നു് ഓടക്കുഴലെടുത്തു് ഒരു ദീർഘനിശ്വാസംചെയ്തു് 'എന്നാൽ പുറപ്പെടുക" എന്നായി.

ഗിരിറാണിയും സഖിമാരും ഗൃഹാഭിമുഖമായി നടന്നു. ആ സമയം ഒരു യുവയോഗി അവരുടെ മുമ്പാകെ വന്നുനിന്നു അഭിവാദ്യംചെയ്തു. എല്ലാവരും അങ്ങോട്ടു നോക്കി. ജടകൊണ്ടു മൂടിയ ആയാളുടെ മുഖപടത്തിൽനിന്നു് അസാമാന്യമായ അഴകൊഴുകുന്നുണ്ടായിരുന്നു. യുവസന്യാസി ഗിരിറാണിയെ നോക്കി "ദേവി! അജയസിംഹനെ കാട്ടിൽ കണ്ടില്ലേ?"

ആ ചോദ്യം കേട്ടു റാണി ആശ്ചര്യപ്പെട്ടു. അജയസിംഹനാരു്? വിദേശിയനായ ആ ക്ഷത്രിയയുവാവിനെക്കുറിച്ചാണു പറയുന്നതെന്നു തോന്നുന്നു. ആയാളുടെ പേരു് അജയസിംഹനെന്നോ? നിങ്ങളായാളെ അറിയും അല്ലേ?, എന്നു ചോദിച്ചു.

താപസകുമാരൻ മൃദുസ്വരത്തിൽ, 'ഉവ്വ്, ദേവി! ഞാനയാളെ അറിയും' എന്നു് ഉത്തരം പറഞ്ഞു.

ഗിരിറാണി: അയാളെവിടെ?

താ: കുമാരൻ: ആയാളിക്കാട്ടിൽത്തന്നെയുണ്ടു്. ഒരു പ്രത്യേക സംഗതിമൂലം നിങ്ങളുടെ കോവിലകത്തുവന്നു വസിക്കുന്നതിനു് ആയാൾക്കു ഇഷ്ടമില്ല അതിരിക്കട്ടെ, ആയാൾ വിജനപ്രദേശംവിട്ടു നിങ്ങളുടെ രാജഗൃഹത്തിലെ ആതിഥ്യം സ്വീകരിക്കുമാറാക്കിത്തീർക്കുവാൻ ഞാൻ ഉത്സാഹിക്കാം. ഉടനെ നിങ്ങൾക്കു് ആയാളെ കാണാനിടവരും. അന്നുവൈകുന്നേരം ആയാൾ നിങ്ങളുടെ ദൃഷ്ടിമാർഗ്ഗത്തിൽ പെട്ട സമയം, അകലെനിന്നു ഞാൻ എല്ലാം നോക്കിക്കൊണ്ടിരിക്കുന്നു. ദേവി അനുവദിക്കുന്നപക്ഷം, മറെറാരു സംഗതികൂടി അറിയിക്കാം.

ഗി: റാണി: എന്താണു പറയൂ!

താ: കുമാരൻ ആയാളുമായി പരിചയപ്പെട്ടാൽ നിങ്ങൾക്കെല്ലാം അറിയാറാവും. ആ യുവാവു് ജഗൽപൂജിതമായ ഒരു രാജവംശത്തിൽ പിറന്ന ആളാണു്. ത്രിലോകദുർല്ലഭമായ ആ മോഹനരൂപത്തിനു് അനുഗുണമായി അയാളുടെ ഹൃദയവും സർവ്വഗുണസമ്പന്നമായിത്തന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നിങ്ങളാണെങ്കിൽ, സാക്ഷാൽ ലക്ഷ്മിയുടെ അവതാരം. ആ രാജകുമാരനും നിങ്ങളും കൂടിയാൽ 'രത്നകനകങ്ങളുടെ ഘടനയേ ഘടന!'

കുമാരിയുടെ കവിൾത്തടം ലജ്ജകൊണ്ടു പെട്ടെന്നു ചുവന്നു. തോഴിമാരെല്ലാം ഉറക്കെച്ചിരിച്ചു. സന്യാസി തുടർന്നു പറഞ്ഞു: എന്നാൽ, നിങ്ങളോടു് എനിക്കു് ഒരു അപേക്ഷയുണ്ടു്. നിങ്ങൾക്കതു വലിയൊരു കാര്യമല്ല. ഒന്നു ദയവിചാരിച്ചാൽ അതു് എളുപ്പത്തിൽ സാധിക്കും. ഞാൻ വളരെ ദേശങ്ങളിലൊക്കെ ചുററിത്തിരിഞ്ഞു് വല്ലാതെ പരവശനായിരിക്കുന്നു. ശക്തി

യൊക്കെ ക്ഷയിച്ചു. ഈ പ്രദേശം വിട്ടുപോകുവാൻ വയ്യാതായിരിക്കുന്നു നിങ്ങളുടെയും അജയസിംഹൻെറയും തമ്മിലുള്ള വിവാഹം കഴിഞ്ഞശേഷം. ഈ ദിക്കിൽ കൊട്ടാരത്തിൻെറ മുമ്പിലുള്ള ഏകാന്തകാന്താരത്തിൽ ഒരു പർണ്ണകുടീരം കെട്ടി ആജീവനാന്തം അതിലിരിക്കുന്നതിനു് സദയം അനുവദിക്കുമാറാകണം. ഞാൻ ദൂരത്തുനിന്നു ദമ്പതികളായ നിങ്ങളുടെ പ്രേമവികസിതമായ വദനയുഗളം നോക്കിക്കൊണ്ടിരിക്കാം. അമൃതധാര ചൊരിയുന്ന നിങ്ങളുടെ വേണുനാദവും കേട്ടുകൊണ്ടിരിക്കാം. അകലെനിന്നു നിങ്ങളുടെ പ്രണയകേളികളെ നോക്കി ഈ ഭക്തൻെറ ചരണങ്ങൾ ആനന്ദാശ്രുക്കൾകൊണ്ടു് നനച്ചു് അവിടെ നിർബാധം നിവസിച്ചുകൊള്ളാം.

താപസകുമാരൻ വീണ്ടും ഇടറിയ സ്വരത്തിൽ; "ദേവി! എൻെറ ഈ അപേക്ഷയെ സാധിപ്പിക്കുകയില്ലയോ?" എന്നു കഷ്ടിച്ചു് പറയുമ്പോഴേയ്ക്കും എന്തോശബ്ദംപുറപ്പെടാതായി. രണ്ടു കണ്ണുകളേയും ഭേദിച്ചു് ജലം പ്രവഹിച്ചു. "ഇനിയൊരിക്കൽ നിങ്ങളെവന്നു കണ്ടുകൊള്ളാം" എന്നു സഗൽഗദം പറഞ്ഞു്, പ്രത്യുത്തരം കേൾക്കാൻ നില്ക്കാതെ അവിടെനിന്നു തിരിച്ചു.

ഒരു സഖി: ഈ സന്യാസി നിശ്ചയമായും ഒരു ഭ്രാന്തനാണു്. അയാളിതേവരെ പറഞ്ഞതിനൊന്നും അർത്ഥമില്ല

മറെറാരു സഖി: ഭ്രാന്തനെന്നു പറയുന്നതിനു സന്ദേഹമോ? ഭ്രാന്തനല്ലെങ്കിൽ, ഇങ്ങനെയുള്ള മോഹനമുഖം മുഴുവനും ഭസ്മംതേച്ചു് ജടയും ധരിച്ചു് ഇങ്ങനെ സന്യാസിയായി അലഞ്ഞുനടക്കുമോ?

"ഭ്രാന്തനാണെങ്കിലും, ആ കണ്ണുകളും ചുണ്ടുകളും അതികമനീയം."

പരിമള: – അയാളൊരിക്കലും ആണല്ല. അതുപോലെ ഒരു കുററവും കുറവുമില്ലാത്ത അഴകൊഴുകുന്ന മുഖം ആണുങ്ങൾക്കുണ്ടോ കാണുന്നു? ഇനിയൊരിക്കൽക്കൂടി കണ്ടെങ്കിൽ, എനിക്കു് ആദ്യംതന്നെ അയാളുടെ ആ ജടയൊന്നു് അഴിച്ചുനോക്കണം.

ഗിരിറാണി യാതൊന്നും മിണ്ടാതെ സഖിമാരോടുകൂടി മുറ്റത്തിലേക്കു മടങ്ങി.

# ആറാം അദ്ധ്യായം

---

## ഒരു ഉപദേശം

മാസം രണ്ടുകഴിഞ്ഞു. ചന്ദ്രികയില്ലാത്ത രാത്രി. ഉദയസിംഹൻ പൂർണ്ണാനദീതീരത്തു് ഏകാകിയായിരുന്നു് തമോമയമായ ആകാശത്തിലേക്കു് നോക്കി ആലോചനയിൽ മുഴുകി. ഈ രണ്ടുമാസത്തിനുള്ളിൽ അജയൻ അനേകം തവണ ദുർഗ്ഗത്തിലേക്കു് പോകാറുണ്ടായിരുന്നു. ചെല്ലുമ്പോഴൊക്കെ ശോകലഭാസനോടുകൂടി ഗിരിറാണിക്കുണ്ടാകാവുന്ന വിപത്തിനെപ്പറ്റി സംസാരിക്കയും പതിവായിരുന്നു. റാണി അയാളെക്കണ്ട ക്ഷണം ഹർഷത്തോടുകൂടി അരികെ ഓടിവരും. ആ യുവാവു് അവിടെനിന്നു പോകുന്നതുവരെ ആ വീരകൌമാരകാന്തിയെ "ആനന്ദഭാരംകൊണ്ടു് നിഷ്പന്ദമായ കണ്ണാൽ പാനംചെയ്തു" സരസസല്ലാപം കേട്ടുകൊണ്ടിരിക്കും. അയാൾ പുറപ്പെടാറായി എന്നു കണ്ടാൽ ആ ബാലയുടെ നീലവിലോചനങ്ങൾ ചുവന്നു് ബാഷ്പപര്യാകുലമായ്ത്തീരും. ഇതെന്തു്, പ്രേമമോ? ഗിരിറാണി അജയനിൽ അനുരക്തയായിത്തീർന്നുവോ? ആ യുവാവു് വരാറുള്ള സമയം തെറ്റിപ്പോയാൽ, അയാളെ കൂട്ടിക്കൊണ്ടുവരുവാൻ ആളയയ്ക്കും. പലപ്പോഴും സഖീസമേതം കാട്ടിൽചെന്നു് ഓടക്കുഴലൂതിക്കൊണ്ടിരിക്കും. അയാളെക്കാണാഞ്ഞാൽ ആ തന്വിയുടെ ഹൃദയം തപിക്കുന്നുണ്ടായിരിക്കുമോ? അന്യൂനാനുരാഗം അങ്കുരിതമായ് കഴിഞ്ഞുവോ? അല്ലെങ്കിൽ, അതു കേവലം ബാല്യസുലഭമായ ചാപല്യമോ? ആയാളടുത്തുള്ളപ്പോൾ അവളുടെ മുരളിയിൽനിന്നു് നിർഗ്ഗളിക്കുന്നതു് ആഹ്ലാദജനകങ്ങളായ രാഗാവലികളാണു്! അതല്ല അയാൾ അകലെക്കാട്ടിലാണെങ്കിൽ കരുണസ്വരത്തിൽ മർമ്മഭേദകമായ മട്ടിലാണു് ആലാപനം. ഇതൊക്കെ സ്പഷ്ടമായ പ്രേമലക്ഷണങ്ങൾതന്നെയാണെന്നു തോന്നുന്നു! അഥവാ, കുറഞ്ഞൊരു രണ്ടുമാസത്തിനകം ആ ബാലയുടെ മൃദുലഹൃദയത്തിൽ പ്രേമം മുളച്ചിട്ടുണ്ടാവില്ലെന്നു് എങ്ങനെ പറയാം? എന്നാൽ ആ പ്രേമാങ്കുരം സമൂലം പറിച്ചുകളയാതിരുന്നാൽ അതു തഴച്ചു വളർന്നു പ്രബലമായി വേരുറച്ചുപോകുവാൻ ഇടയുണ്ടു്. അങ്ങനെയായാൽ, അജയൻ ആ അനാഥകുമാരിയെ ആയുഷ്കാലംമുഴുവൻ നിരാശപ്രേമത്തിന്റെ നിശിതവേദനയ്ക്കു പാത്രമാക്കുവാൻ ഹേതുവാ

യ്തീരാമോ? നല്ലവാക്കു പറഞ്ഞു് അവളുടെ ആ ഭ്രമം ഇല്ലാതെയാക്കണമെന്നു് അജയൻ മനസ്സിൽ വിചാരിക്കാറുണ്ടു്. പക്ഷേ, അവളുടെ അരികെച്ചെന്നുനിന്നു്, ആ സുപ്രസന്നമായ വദനം നോക്കി ശ്രവണാമൃതമായ വേണുനാദം കേൾക്കുമ്പോൾ ഒന്നുംതന്നെ പറയുവാൻ തോന്നാതെ മൌനം അവലംബിച്ചുപോകുന്നു! അങ്ങനെയുള്ള അവസരത്തിൽ ഈ ക്രൂരവാക്ശരം കൊണ്ടു് ആ സരളഹൃദയയുടെമർമ്മം തുളയ്ക്കാമോ? എന്നു് അജയൻ തന്നെത്താൻ ചോദിക്കും. എന്നാൽ, ഒന്നും പറയാതെ അവളുടെ സഹവാസംവിട്ടു്, ദർശനാഭിലാഷംതന്നെ അടക്കിയൊതുക്കി, പെട്ടെന്നു ദൂരദേശത്തിലേയ്ക്കു പോകുന്നതാണോ ഉചിതം? ഇങ്ങനെ ആലോചിക്കുമ്പോൾ മനസ്സു വല്ലാതെ വ്യാകുലപ്പെടുന്നു. അച്ഛനില്ലാതെ അശരണയായ ആ കോമളകുമാരിയെ ഈ വിപൽകാലത്തിൽ 'കണ്ണീരും കൈയുമായിക്കഴിയണമിനിമേൽ' എന്ന നിലയിൽ ഇട്ടെറിഞ്ഞു പോകുന്നതു പരമദുഷ്ടത! എന്നാൽ താനും പ്രേമം പ്രദർശിപ്പിക്കുകയോ? എന്ന ഈ ചോദ്യം പെട്ടെന്നു മിന്നൽപിണർപോലെ മനസ്സിൽ ജ്വലിച്ചു! മനോവൃത്തിയെപ്പരിശോധിച്ചുനോക്കുവാൻ കണ്ണടച്ചിരുന്നു. പ്രാണനുള്ളിൽ, അന്ധകാരഭരിതമായ ഹൃദയാന്തർഭാഗത്തിൽ, ചിരപ്രേമമയിയായ ദേവിയുടെ മൂർത്തിയൊന്നുമാത്രം തെളിഞ്ഞു കണ്ടു. ചെറുപ്പംമുതൽക്കേ ഉറക്കത്തിലും ഉണർച്ചയിലും സന്തോഷത്തിലും സന്താപത്തിലും ഉത്സവത്തിലും മത്സരത്തിലും യാതൊരു സ്വരൂപം മനസ്സിൽ വിരാജമാനമായിരുന്നുവോ, അതേസ്വരൂപം തന്നെ ഇപ്പോഴും പ്രകാശിച്ചുകണ്ടു. ഏതു പ്രതിമയെ വിസർജ്ജനംചെയ്യുവാനായിരുന്നു അജയൻ നാടും വീടും വിട്ടു് എത്രയോ കാതംവഴി ദൂരെപ്പാഞ്ഞു വന്നു ഗിരിഗുഹകളിലും ഘോരാന്ധകാരത്തിലും സന്യാസിയെപ്പോലെ അലഞ്ഞുകൊണ്ടിരുന്നതു്, അതേ പ്രതിമ ഇപ്പോഴും അതേ ഗൌരവത്തിലും സൌന്ദര്യത്തിലും മനോമധ്യത്തിൽ പ്രശോഭിച്ചു. ഗിരിറാണിയാണെങ്കിലോ! ആ തേജോമയമായ ഹിരണ്മയീവിഗ്രഹത്തിൻെറ ചരണതലത്തിൽ അസ്പഷ്ടമായി അലക്ഷ്യമായി ഒരു നിഴലടിച്ചതുപോലെ കാണപ്പെടുന്നു. നിഴലിനെ പിടിച്ചു ബിംബമാക്കി പൂർണ്ണഗൌരവമുള്ള യഥാർത്ഥപ്രതിമ ഇരിക്കുന്ന പീഠത്തിന്മേൽ സ്ഥാപിച്ചു പ്രാണപ്രതിഷ്ഠ ചെയ്കയെന്നതുണ്ടാകുമോ? ഇതിന്നുവേണ്ടിയാണോ ദൈവം അജയനെ ഗിരിറാണിയുടെ അടുക്കലേക്കു തിരിച്ചുവിട്ടതു്?

ഈ സമയം ആരോ പിന്നിൽനിന്നു് "അജയസിംഹ!" എന്നു വിളിച്ചതായിത്തോന്നി; പിന്തിരിഞ്ഞുനോക്കി. ഒരു താപസകുമാരൻ അരികെ നിൽക്കുന്നതു കണ്ടു. അജയൻ "എന്തു് എനിക്കു് ഹിരണ്മയിയെ മറക്കുവാൻ കഴികയില്ലന്നോ? ഈ അപരിചിതസന്ന്യാസിയുടെ ശബ്ദംകേട്ടു് ഹിരണ്മയിയുടേതാണെന്നു് ഞാൻ ഭ്രമിച്ചുപോയ!" എന്നു മനോഗതം ചെയ്തു.

താ-കുമാരൻ:—അജയസിംഹ! നിങ്ങൾ വളരെ നിർദ്ദയൻ! ആ സരളശീലയായ ഗിരിറാണി നിങ്ങളെക്കാണാതെ അത്യന്തസന്തപ്തയായിത്ത്ന്നിരിക്കുന്നു. നിങ്ങളാകട്ടെ മനഃപൂർവ്വമായി ആ ബാലികയെ പീഡിപ്പിക്കയും ചെയ്യുന്നു.

അജയ:—അങ്ങാരാണു്? വളരെദിവസംമുമ്പു് വിന്ധ്യപർവ്വതത്തിൽ ഭീഷണാന്ധകാരംപരന്ന ഒരു ഗുഹയിൽവെച്ചു് ഒരു സന്ന്യാസിയെ ഞാൻ കണ്ടിരുന്നു. അതു് അങ്ങായിരിക്കുമോ?

"ഈ സാധുവിന്റെ സംഗതി ഇരിക്കട്ടെ! എനിക്കു് നിങ്ങളോടു് പറഞ്ഞറിയിക്കാനുള്ള വിവരം ആദ്യം കേൾക്കൂ. ഗിരിറാണിക്കു ബഹുഭയങ്കരമായ ആപത്തു് അത്യാസന്നമായിരിക്കുന്നു; ആ സുശീലയ്ക്കു മാത്രമല്ല നിങ്ങൾക്കും അതു നേരിടും."

"എങ്ങനെ? എന്നെപ്പററി അവിടയ്ക്കറിയാമോ?"

ആവക വിവരങ്ങളൊക്കെ സംസാരിക്കുവാനുള്ള അവസരമല്ലാ ഇതെന്നു് ഞാനിപ്പോൾതന്നെ പറഞ്ഞില്ലേ? ഒരു അഭീഷ്ടസിദ്ധിക്കായി ഞാനീ വനത്തിൽ ഭവാനീപതിയെ ആരാധിച്ചു ധ്യാനമഗ്നനായിരിക്കയായിരുന്നു. അപ്പോൾ കുറേ മുസൽമാൻഭടന്മാർ ഒന്നായിച്ചേർന്നു് അന്യോന്യം ചിലതു് ആലോചിച്ചുകൊണ്ടിരിക്കുന്നതു കേട്ടു് സർവ്വാംഗകമ്പാദ്ഭയത്തോടുകൂടി നിങ്ങളുടെ അടുക്കലേക്കു് ഓടിവന്നതാണു്. അവരിലൊരുത്തൻ—"ഇപ്പോൾ നിങ്ങളുടെ അഭിപ്രായമെന്താണു്? എന്നെസ്സഹായിക്കുമോ ഇല്ലയോ?" എന്നു ചോദിച്ചതിനു്, വേറൊരുത്തൻ—"എനിക്കു് മററൊരു ആഗ്രഹവും ഇല്ല ആ ഗിരിറാണിയെ ബലാല്ക്കാരേണ പിടിച്ചുകൊണ്ടുപോകണമെന്നുള്ള ഒരേ ഒരു ആശ. എനിക്കു തുണയ്ക്കു് ആളുകൾ ധാരാളമുണ്ടു്. അതുകൊണ്ടു് നിങ്ങളുടെ വീരഭടന്മാർ ഒന്നു സഹായിച്ചാൽ ഈകാര്യം

എളുപ്പത്തിൽ നിറവേറും!" എന്നു ഞാൻ പറഞ്ഞു. ഒന്നാമത്തവൻ—"അജയസിംഹനെ ഉപായത്തിൽ പിടിച്ചൊതുക്കിത്തടവിലിടുകയാണു് ആദ്യം ആവശ്യം. അവനെക്കൊന്നുകളയരുതു്. ഗിരിറാണിയുടെ കോട്ടകാവൽക്കാർ അവനു പിന്തുണയ്ക്കു് എത്തിയാൽ നിങ്ങളുടെ സൈന്യസഹായം അത്യാവശ്യമായ്ത്തീരും" എന്ന് പറഞ്ഞു. ഇതാ ഈ വാക്കുകേട്ട ഉടനെ ഞാൻ നിങ്ങളെ അന്വേഷിച്ച് ഓടിവന്നിരിക്കുന്നു. ഇപ്പോഴെന്താണു് കർത്തവ്യമെന്നു തീർച്ചപ്പെടുത്തി, ഉടനെ ഗിരിറാണിയുടെ അരികെപ്പോയി ആ കുമാരിയെക്കാത്തു രക്ഷിക്കുവാൻ വേണ്ടതു ചെയ്യു."

അ-സിംഹൻ: ഗിരിറാണിക്കു് അനർത്ഥമുണ്ടാകുമെന്നു ഞാൻ മുമ്പുതന്നെ അറിഞ്ഞിരിക്കുന്നു. ആ യുവതിക്കു് യഥാശക്തി സഹായം ചെയ്യണമെന്നു കരുതിത്തന്നെയാണു് ഇതുവരെ ഇവിടെത്താമസിച്ചതു്; അല്ലെങ്കിൽ ഈ സമയംകൊണ്ടു് എത്രയോ ദൂരെച്ചെന്നെത്തുമായിരുന്നു.

താ-കുമാരൻ: അങ്ങനെ വിചാരമുള്ള ആളാണെങ്കിൽ ഗിരിറാണിയുടെ ദുർഗ്ഗത്തിൽ താമസിക്കാതെ ഇങ്ങനെ കാട്ടിൽ കഴിച്ചുകൂട്ടുന്നതെന്താണു്?

അജയസിംഹൻ ആ ചോദ്യത്തിനു് ഉത്തരം പറഞ്ഞില്ല. സന്യാസി "ശരി, ശരി മനസ്സിലായി; നിങ്ങൾക്കൊരു പേടി തോന്നിയിട്ടുണ്ടു്. ആ ദുർഗ്ഗത്തിൽ താമസിക്കുന്നതായാൽ ചേതോഹരയായ ആ ബാലഹരിണീസഹവാസത്താൽ മോഹിതനായി വീണ്ടും സംസാരിയായിത്തീരുമെന്നുള്ള ഭയംകൊണ്ടല്ലേ അകന്നിരിക്കുന്നതു്?" എന്നു ചോദിച്ചു.

അജയസിംഹൻ പരിഭ്രമിച്ചു്, "ത്രികാലജ്ഞനായ തീർത്ഥപാദരേ! അങ്ങു പറഞ്ഞതു യഥാർത്ഥമാണു്. ആ യുവതിയുടെ സവിധവാസത്തിൽ ആസക്തിയില്ലാതെ, അഭ്യർത്ഥനകളൊന്നും കൂട്ടാക്കാതെ പോന്നു് ഈ ജനശൂന്യവനത്തിൽ വസിക്കയാണു്! ഈ വ്രതം എൻെറ ജീവകാലത്തിൽ വിട്ടുകളയുവാൻ ഞാൻ വിചാരിക്കുന്നില്ല."

താ-കുമാ: നിങ്ങളുടെ ഹൃദയം വിഷയഭ്രമത്തിൽ ഊഞ്ഞാലാടുന്നതായി തോന്നുന്നു. നിങ്ങളൊരു ക്ഷത്രിയവീരൻ; പോരെങ്കിൽ ഇളംപ്രായം. എൻെറ മനസ്സിൽ തോന്നുന്നതു ശരി

യാണെങ്കിൽ, നിങ്ങളേതോ ഒരു ഉന്നതവും വിഖ്യാതവുമായ രാജവംശത്തിൽ ജനിച്ച ആളാണു്. ഈ സന്ന്യാസം നിങ്ങൾക്കു ഭൂഷണമോ? യവനരാൽ ദളിതമായി ദാസ്യത്തിൽ കിടന്നു കേഴുന്ന ഭാരതമാതാവു നിങ്ങളെപ്പോലെയുള്ള വീരതരുണന്മാരുടെ സാഹായ്യത്തെ അപേക്ഷിച്ചുകൊണ്ടാണിരിക്കുന്നതു്. യവനരുടെ കരാളഗ്രാസത്തിൽനിന്നു് പുണ്യഭൂമിയായ ആൎയ്യാവൎത്തത്തെ ഇപ്പോഴും ഉദ്ധരിക്കാമല്ലോ. നിങ്ങളുടെ ജന്മഭൂമി അധഃപതിച്ചു് അലമുറയിടുന്നതുകണ്ടു് നിങ്ങളുടെ വീരഹൃദയം വിഗളിതമാകാതെ പോയോ? ഏതു സൌഭാഗ്യവതിയായ യുവതി നിങ്ങളെ ഈ ബ്രഹ്മചാരിവ്രതത്തിൽനിന്നു മോചിപ്പിക്കുമോ, അങ്ങനെയുള്ള മഹിളാമണിയെ ഞാൻ ദേവിയെന്നു ഭാവിച്ചു് അവരുടെ പാദാരവിന്ദങ്ങളെപ്പൂജിക്കും.

അ-സിംഹൻ:—ഇവിടുന്നു് എന്റെ ഹൃദയത്തിലെ അവസ്ഥ നന്നായി അറിഞ്ഞിരുന്നെങ്കിൽ, എന്നെ ഇങ്ങനെ നിന്ദിക്കയില്ലായിരുന്നു.

താ-കുമാരൻ:—അജയസിംഹ! ഗിരിറാണി ഗുണത്തിലും രൂപത്തിലും സാക്ഷാൽ ലക്ഷ്മി! നിങ്ങൾക്കാണെങ്കിൽ യൌവനകാലം; കമനീയകാന്തിയുള്ള രൂപം,—ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയ്ക്കു് പെട്ടെന്നു സന്ന്യാസിയുടെ കണ്ഠസ്വരം ഏതോ ഒരു അവിഭാവ്യമായ ചിത്തവൃത്തിയുടെ വേഗത്താൽ കമ്പിതമായതുപോലെ കാണപ്പെട്ടു. ആ താപസകുമാരന്റെ കണ്ണുകൾ വാരിധാര ചൊരിഞ്ഞിരുന്നതു് അന്ധകാരത്തിൽ അജയൻ കണ്ടില്ല. യുവസന്ന്യാസി വീണ്ടും പറയാൻ തുടങ്ങി: കമനീയകാന്തിയുള്ള രൂപം... ഗിരിറാണിയോടു കൂടിച്ചേൎന്നാൽ എത്ര സുന്ദരതരമായിരിക്കും! അതുകൊണ്ടു് ഗിരിറാണിയും നിങ്ങളും ദമ്പതികളായിത്തീരട്ടെ എന്നു ഭവാനീപതിയോടു ഞാൻ നിത്യവും പ്രാൎത്ഥിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ഈ ബ്രഹ്മചൎയ്യം വിട്ടു് രാജധൎമ്മദീക്ഷിതനാകുക. ജഗന്മോഹിനിയായ ഗിരിറാണിയെ പാണിഗ്രഹണംചെയ്തു് യവനപീഡിതമായ പുണ്യഭൂമിയുടെ ഭാവിശ്രേയസ്സിനു ശ്രമിക്കുക. നിഷ്കാമധൎമ്മചാരിയായ ഞാൻ ഈ കാട്ടിലിരുന്നു്, ഭവാനീപതിയോടു നവദമ്പതികൾക്കു പ്രതിദിനം മംഗളം പ്രാൎത്ഥിച്ചു് അവശിഷ്ടകാലം കഴിച്ചുകൊള്ളാം.

അജയസിംഹൻ വിസ്മയാകുലനായി സന്ന്യാസിയുടെ മുഖമണ്ഡലം സൂക്ഷിച്ചുനോക്കി. ആ സമയം ഗിരിദുർഗ്ഗത്തിൽ അപ്രതീക്ഷിതമായി ഒരു പ്രതാപപ്രളയം കണ്ടു; അനേകം ജനങ്ങളുടെ കോലാഹലം കേട്ടു. അതോടുകൂടെ ദുർഗ്ഗദ്വാരത്തിൽനിന്നു ഭേരീനാദവും മുഴങ്ങി. അജയസിംഹൻ വാളൂരിപ്പിടിച്ചു ദുർഗ്ഗാഭിമുഖമായ് പാഞ്ഞുപോയി. താപസകുമാരനും അയാളെ അനുഗമിച്ചു.

---

## ഏഴാം അദ്ധ്യായം.

---

### ഒരു രണരംഗം

അജയസിംഹൻ കോട്ടയിൽചെന്നു നോക്കിയപ്പോൾ, ദ്വാരത്തിന്നരികെ ചില ഭടന്മാരുടെ മൃതശരീരങ്ങൾ കിടക്കുന്നു. കൊള്ളക്കാർ ഉള്ളിലുണ്ടായിരിക്കുമെന്നു കരുതി, അവിടെച്ചെന്നു ഗിരിറാണിയെത്തിരഞ്ഞു നോക്കി. കോട്ടയെ ആക്രമിച്ച അടയാളങ്ങളൊന്നും കണ്ടില്ല. സ്ത്രീകൾമാത്രം അകത്തു മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഗിരിറാണി അവിടെയില്ല. എന്തോ ഒരു കോലാഹലം കേട്ടിടത്തേക്ക് അജയൻ ഓടിച്ചെന്നുനോക്കിയപ്പോൾ അവിടെക്കണ്ട കാഴ്ച എന്തായിരുന്നു? ഇരുപത്തഞ്ചു കാലാൾസൈന്യം നൂറു കുതിരപ്പടയാളികളോട് എതിർത്തു നില്ക്കുന്നുണ്ട്. വൃദ്ധനായ ഗോകുലദാസൻ ഉന്മത്തനെപ്പോലെ സാഹസപ്പെട്ടു വാൾ വീശിക്കൊണ്ടിരിക്കയാണ്. ഗിരിറാണിയോ, ഒരു അശ്വഭടൻ കുതിരപ്പുറത്തു പിടിച്ചിരുത്തിയ ഉടനെ മൂർച്ഛിച്ചുപോയിരിക്കുന്നു. ഒരു നിമിഷത്തിനുള്ളിൽ അജയൻ പോയി ഗോകുലദാസൻെറ ദക്ഷിണപാർശ്വത്തിൽ നിന്നു. ആ യുവാവിൻെറ ഖഡ്ഗപ്രഹാരമേററു പന്ത്രണ്ടു കുതിരച്ചേവകർ നിലത്തു പതിച്ചു. അജയൻ ഒരു കുതിരപ്പുറത്തു ചാടിക്കയറി. ആ യുവാവിൻെറ ബാഹുബലവും, തട്ടും തടവും സുപ്രസന്നമായ ധീരമുഖകാന്തിയുംകണ്ടു്, ആ മുസൽ

മാൻകള്ളന്മാൎക്കു് അയാളോടു പോരാടിജ്ജയിക്കുന്നതു പ്രയാസമാണെന്നു തോന്നി. ബോധശൂന്യയായ ഗിരിറാണിയെ പിടിച്ചിരിക്കുന്ന അശ്വാരൂഢൻ ഉച്ചസ്വരത്തിൽ "നിങ്ങളെല്ലാം ആ കാഫറെ എതിൎത്തുനിൎത്തിയാൽ ഞാൻ പത്തു് അശ്വഭടന്മാരോടുകൂടി വേഗം ഇവിടെനിന്നു തിരിക്കുന്നുണ്ടു്." ഇങ്ങനെ പറഞ്ഞു് ആ അശ്വവാഹൻ ഒരു കൈകൊണ്ടു ഗിരിറാണിയെയും മറേറക്കൈകൊണ്ടു കടിഞ്ഞാണും പിടിച്ചു കുതിരയെ ദ്രുതഗതിയിൽ വിട്ടു. ബാക്കിയുള്ള കുതിരപ്പടയാളികൾ അജയസിംഹനേയും ദുൎഗ്ഗഭടന്മാരേയും ആക്രമിച്ചു. ഓടിപ്പൊയ്ക്കൊണ്ടിരിക്കുന്ന അശ്വസേനയെപ്പിന്തുടൎന്നു്, ഗിരിറാണിയെ വീണ്ടുകൊണ്ടുവരാത്തപക്ഷം, രക്തപാതം വ്യൎത്ഥമെന്നാലോചിച്ചു്, അജയൻ അവിടെയുള്ള മുസൽമാന്മാരോടു പോരാടുന്നതിനു ഗോകുലദാസനെ ഏല്പിച്ചു്, പുറപ്പെടുവാൻ പിന്തിരിഞ്ഞു നോക്കി. ഗോകുലദാസൻ മൃതനായി 'വീണിതല്ലോ കിടക്കുന്നു ധരണിയിൽ!' ആ വൃദ്ധൻ ഗിരിറാണിയെത്തട്ടിക്കൊണ്ടുപോകുന്ന ശത്രുസംഘത്തെ എതിൎത്തു നിൎത്തുവാൻ നോക്കിയപ്പോൾ, അവരുടെ വാളിന്നിരയായ്ത്തീൎന്നു. അജയസിംഹൻ വ്യാകുലചിത്തനായി, ഇനി ആരുടെ കൈയിലാണു യുദ്ധഭാരം ഏല്പിച്ചുപോകേണ്ടതെന്നുകരുതി നാലുപാടും നോക്കുകയായിരുന്നു. ഒരു പാൎശ്വസ്ഥിതൻ "അജയസിംഹ! ഞാനിവിടെ നോക്കിക്കൊള്ളാം. അങ്ങു ഗിരിറാണിയെ പിന്തുടൎന്നുപോയാലും! ഈ രണരംഗത്തിൽ ഞാൻ നായകത്വം വഹിച്ചുകൊള്ളാം" എന്നു സധൈൎയ്യം വിളിച്ചുപറഞ്ഞു.

ഗോകുലദാസൻ പതിച്ച ഉടനെ, നമ്മുടെ താപസകുമാരൻ ഒരു അശ്വഭടനെ പ്രഹരിച്ചു മറിച്ചിട്ടു്, അവന്റെ വാൾ വശത്താക്കി, ആ കുതിരമേലേറി അജയന്റെ പാൎശ്വത്തിൽ ചെന്നു നില്ക്കുന്നതു് ആയാൾ കണ്ടില്ല. ശബ്ദംകേട്ടു് ആശ്ചൎയ്യപ്പെട്ടു തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു്, "ഉൽഫുല്ലബാലരവിപോലെ കാന്തിമാൻ" ആയ ആ യുവയോഗിയേയാണു്. ജടാജാലത്താൽ മുഖം മുഴുവൻ മൂടിയിരുന്നതിനാൽ, കണ്ണു രണ്ടും മാത്രമേ ലക്ഷ്യമായിരുന്നുള്ളു. ആ കണ്ണുകൾ അജയൻ കാണാത്ത കണ്ണുകളോ? ആ മോഹനനയനങ്ങൾ മററാൎക്കാണുണ്ടാവുക? പ്രേമപ്രകാശം ഒഴുകുന്ന അമൃതശീതളമായ കടാക്ഷങ്ങളും അവയുടെ അലോകലാവണ്യലഹരിയും അന്യത്ര ദുൎല്ലഭം!

യോഗി വീണ്ടും:—"അജയസിംഹ! വേഗം ചെല്ലൂ, ഗിരിറാണിയെ വീണ്ടുകൊണ്ടു വരൂ!" എന്നു പറഞ്ഞു.

വീണ്ടും അതേ മധുരമധുരമായ, അതേ മാനസോന്മാദകമായ കണ്ഠസ്വരം! അജയസിംഹൻ എതിരാളികളെ പ്രചണ്ഡമായി വെട്ടിവീഴ്ത്തി, കുതിരപ്പുറത്തു് ഒരു ഭ്രാന്തനെപ്പോലെ ഇരുന്നു കടിഞ്ഞാൺ പിടിച്ചു വലിച്ചു കുതിരയെ ചമ്മട്ടികൊണ്ടു് അടിച്ചു് "അങ്ങു വാസ്തവത്തിൽ ഒരു അപരിചിതസന്യാസിയാകട്ടെ; അഥവാ ഞാൻ ചെറുപ്പംമുതല്ക്കു് ആരാധിച്ചുവരുന്ന ആ ദേവിയുടെ ദിവ്യവിഗ്രഹമാകട്ടേ; എന്തായാലും എന്റെ ഹൃദയത്തിൽ പീയൂഷവർഷം ചെയ്തുപോലെ തോന്നുന്നു. ഇതാ! നോക്കൂ! അങ്ങയുടെ കല്പനപ്രകാരം ആയിരം യവനന്മാരെ എന്റെ കാലിന്റെ ചുവട്ടിലിട്ടു ചവിട്ടിത്തേക്കുന്നതു് അജയനു് അത്രയ്ക്കു വലിയ ഒരു കാര്യമല്ല" എന്നായിരുന്നു പ്രത്യുത്തരം.

ചമ്മട്ടികൊണ്ടുള്ള അടിയുടെ കാഠിന്യത്താൽ കുതിര കുതിച്ചുപാഞ്ഞു. അജയസിംഹന്റെ വാൾ ഇടവിടാതെ വിദ്യുല്ലതപോലെ ചലിച്ചു. അമൃതപാനത്താൽ മതിമറന്ന ആ സേനാപതിയുടെ മാർഗ്ഗം തടയുവാൻ ആർക്കാണു സാധിക്കുക! ഒരു നിമിഷത്തിനുള്ളിൽ ആ വീരകുമാരൻ മാർഗ്ഗനിരോധം ചെയ്ത ഭടന്മാരെ ഭസ്മമാക്കി തന്നിയെ ഗിരിറാണിയെപ്പിന്തുടർന്നു. കുണ്ടും കുന്നും ഗണിക്കാതെ ആ കുതിര വായുവേഗം കുതിച്ചു. അല്പം ദൂരത്തായി ആ അശ്വഭടന്മാർ ദൃഷ്ടിമാർഗ്ഗത്തിൽപെട്ടു; അജയൻ അവരുടെ മുമ്പിൽ പാഞ്ഞെത്തി അവരെത്തടഞ്ഞു. ഏകാകിയായ അജയനെനോക്കി പടയാളികൾക്കു് അശേഷം കൂസലുണ്ടായില്ല. ഗിരിറാണിയെ പിടിച്ചുകൊണ്ടിരുന്ന ഒരു വൃദ്ധഭടൻ പൊട്ടിച്ചിരിച്ചു്, 'സാധു! രണശൂരന്മാരായ ഈ പത്തുപേരോടു് എതിർത്തു് എന്തിനു ഈ യുവാവു് വൃഥാ പ്രാണൻ കളയുവാൻ തുനിഞ്ഞു' എന്നു നിന്ദിച്ചു.

അജയസിംഹൻ:—"ജീവനിൽ കൊതിയുണ്ടെങ്കിൽ ഗിരിറാണിയെവിട്ടു വേഗം പോവുക! അല്ലെങ്കിൽ നിങ്ങളെപ്പോലെയുള്ള നൂറുപേർ വന്നാലും എന്റെ ഘോരഖഡ്ഗത്തിന്റെ മുമ്പിൽ നില്ക്കുകയില്ല."

പത്തുപേരും ഒരേസമയം അജയന്റെ നേരേ വാൾ വീശി. ധനുർവേദം കലക്കിക്കുടിച്ച ആ ആര്യയുവാവിനുണ്ടോ

കലുക്കം? ഒരൊററ വാളെങ്കിലും അജയന്റെമേൽ തട്ടിയില്ല.
അയാളുടെ നീണ്ടവാൾ ഝനഝനശബ്ദത്തിൽ വീശുന്ന വേഗ
ത്താൽ അവയെല്ലാം പ്രതിഹതമായി. രണ്ടുപേരുടെ ഖഡ്ഗം
തെറിച്ചു ദൂരെപ്പോയിവീണു; മററൊരുത്തന്റെ ഒരു കൈ വാ
ളോടുകൂടി നിലത്തുപതിച്ചു; നീണ്ട താടികൊണ്ടുമൂടിയ ഒരു തല
വേർവിട്ടു ദൂരെവീണുരുണ്ടു. എന്നാൽ ആ സമയം മററൊരു
ളളം ശത്രുസൈന്യം വന്നുചേർന്ന് അജയനെ എതിർത്തു. അവരി
ലൊരുവന്റെ വെട്ടേററു കുതിര വീണുപോയി. അജയൻ
അതൊന്നും കൂട്ടാക്കാതെ, നിലത്തുനിന്ന് ഊക്കിൽ വാൾ വീശി
ത്തുടങ്ങി. ഭടശിരസ്സുകൾ അററുവീണു; രക്തം പ്രവഹിച്ചു.
എന്നിട്ടും യുദ്ധം ഇടവിടാതെ നടന്നുകൊണ്ടിരുന്നു. നാലുപാടും
യവനസേന! ശരീരത്തിൽ യവനന്മാരുടെ രുധിരധാര! പദതല
ത്തിൽ യവനദേഹം, യവനശിരസ്സ്! എന്നാൽ എത്രനേരം
ഇങ്ങനെ ഒററയ്ക്കു് എതിർത്തുനില്ക്കും? അജയൻ ഇന്ന് അന്ത്യദി
നമാണെന്നു സങ്കല്പിച്ചുകൊണ്ടുതന്നെയാണ് നിരാശനായിപ്പോ
രാടുന്നതു്. ക്രമേണ ബാഹുബലം ക്ഷയിച്ചുതുടങ്ങി; മുറിവുകളിൽ
നിന്നു രക്തം ഒഴുകി ശരീരം ക്ഷീണിച്ചു; ഖഡ്ഗം കമ്പിതമായി!
തല തിരിഞ്ഞു്, ബോധക്ഷയമായിത്തുടങ്ങി! അപ്പോൾ ശത്രു
സൈന്യത്തിൽനിന്ന് "യുദ്ധം നിർത്തുവിൻ! രജപുത്രയുവാവിനെ
ജീവനോടെ തടവുകാരനാക്കിപ്പിടിക്കുവിൻ!" എന്ന് ആരോ
ഉറക്കെപ്പറയുന്നതു കേട്ടു.

ദൂരത്തുനിന്നു മററൊരാൾ മേഘഗർജ്ജിതംപോലെ, "ഭാര
തചക്രവർത്തിയായ അക്ബർക്കു് പുത്രാധികപ്രിയനായ അജയ
സിംഹന്റെ ദേഹം തൊടുവാനാർക്കാണു് ധൈര്യം!" എന്നു്
ശബ്ദിച്ചുകഴിയുമ്പോഴേക്കും വേറൊരു ധ്വനി അജയന്റെ ശ്രവ
ണപുടത്തിൽ പതിച്ചു. അതുനിമിത്തം അജയന്റെ ക്ഷതമായ
ഹൃദയത്തിൽ അമൃതധാര ചൊരിഞ്ഞതുപോലെയായി, തളർന്ന
തനുവിൽ ചൈതന്യം പ്രകാശിച്ചു. "ജയ! മഹാറാണാ പ്രതാ
പസിംഹ, വീരകുമാര അജയസിംഹ ജയ" എന്ന് അത്യുച്ച
ത്തിൽ ഉച്ചരിക്കുന്ന ആ ഗംഭീരമധുരസ്വരം അജയന്റെ കർണ്ണ
പുടങ്ങളെ കുളുർപ്പിച്ചു. ഈ രണ്ടു ധ്വനികളും ഗഗനത്തിൽ മുട്ടി
ആ സ്ഥലമെങ്ങും മാറെറാലിക്കൊണ്ടു. അജയൻ തിരിഞ്ഞു
നോക്കിയപ്പോൾ, ചക്രവർത്തിയും ആ താപസകുമാരനും അരി
കെ നില്ക്കുന്നതാണ് കണ്ടതു്! ആ യുവയോഗിയുടെ മെയ്യെല്ലാം

രക്തമയം! കൈയിലുള്ള അളിശ്യാമളമായ അസിലത ചോരപുരണ്ടു ചുവന്നിരിക്കുന്നു!

അക്ബർ, "വത്സ! അജയസിംഹ! വീരാരാധകനായ സ്നേഹിതൻ അക്ബർ അരികേ ഉണ്ടു്. വളരെയൊക്കെ തേടി നടന്നശേഷം, നിങ്ങൾ ഇവിടെയുണ്ടെന്നറിഞ്ഞു് ഒന്നു കാണുവാൻ, ദൂരെ പഞ്ചാബ്ദേശത്തുനിന്നാണു് ഞാൻ വരുന്നതു്."

താപസകുമാരൻ:— "ഞാനൊരു താപസൻ; വീരനായ അജയസിംഹൻെറ മംഗളകാംക്ഷിയായി, തദർത്ഥം പ്രാണസമർപ്പണം ചെയ്യുവാൻകൂടി സന്നദ്ധനായിരിക്കയാണു്. കേൾക്കൂ! അജയസിംഹ! ഞാനിന്നുവഹിച്ച യുദ്ധഭാരത്തിൽ ഈ മഹാരഥൻെറ പിന്തുണയാൽ ജയം നേടി" എന്നു പറഞ്ഞു.

വീണ്ടും അതേ മനോമോഹനമായ കണ്ഠസ്വരം! അജയൻ താപസകുമാരൻെറ മുഖത്തു ബദ്ധദൃഷ്ടിയായി നോക്കി. ജടാകലാപത്തിനിടയിൽ, അതേ കാന്തികല്ലോലിതമായ, അമൃതവർഷിയായ വിശാലവിലോചനങ്ങൾ! അജയൻ നിർജ്ജീവനെപ്പോലെ സന്യാസിയുടെ ചരണതലത്തിൽ പതിച്ചുപോയി!

---

## എട്ടാം അദ്ധ്യായം

### ഒരു പ്രാർത്ഥന.

അക്ബർ യുദ്ധരംഗത്തിൽ നാലുപാടും നോക്കി, പിന്നിൽ നിന്നിരുന്ന ഒരു ഭടനോടു് 'ഹേ! മൂർഖ! സെലിം! വേഷപ്രച്ഛന്നനായ നിന്നെ തിരിച്ചറിയില്ലെന്നാണോ വിചാരിച്ചതു്?' എന്നു ചോദിച്ചു.

യുവരാജസെലിം ഉത്തരമൊന്നും പറയാതെ തലതാഴ്ത്തി നിശ്ചേഷ്ടനായി നിന്നു. അക്ബർ വീണ്ടും പറഞ്ഞു:— "ഇന്നത്തെ യുദ്ധത്തിൻെറ പരിണാമം ഭാരതസാമ്രാജ്യത്തിൻെറ ഭവിഷ്യൽപതിയുടെ സ്ഥിതിക്കു് വളരെ അനുരൂപമായിരിക്കുന്നു!

പോക്കളം ഒന്നു കണ്ണുതുറന്നു നോക്കു! ഒരു ഹിന്ദുയുവാവിന്റെ ഖഡ്ഗം ഇരുപത്തഞ്ചു മുസൽമാൻകള്ളന്മാരുടെ തലകളം കൊയ്തിട്ടതു് ഇതാ നിലത്തു കിടന്നുരുളുന്നു; ഒരു സമയം ഞാനിവിടെ എത്തിയിരുന്നില്ലെങ്കിൽ നിന്റെയും നിന്റെ നീചസ്നേഹിതന്മാരുടെയും ഗതി ഇതുതന്നെ ആകുമായിരുന്നു. ഇന്നുമുതൽക്കു്, കൈയൂക്കും കരളുറപ്പുമുള്ള ഈ രജപുത്രയുവാവിനെ ആദശ്ശരൂപനായി ഗണിച്ചു പൂജിക്കേണ്ടതായിട്ടാണിരിക്കുന്നതു്. നീ ഈ കള്ളന്മാരുടെ തലവനായി ഗിരിറാണിയുടെ അന്തഃപുരം പ്രവേശിച്ചു് ആ കുമാരിയെ അപഹരിച്ചതെന്തിനു്? വേഗം പറയൂ." സെലിം, "ഞാൻ ഗിരിറാണിയെ ഹരണംചെയ്യുവാനല്ലാ, അവിടുന്നു് ആരെ വീരനെന്നു് ആരാധിക്കുന്നുവോ, ആ രജപുത്രചോരനു തക്കശിക്ഷ കൊടുക്കുവാനാണു് ഇവിടെ വന്നതു്. എന്നു് ആ കാഫർ കള്ളനെപ്പോലെ മൊഗൾചക്രവർത്തിയുടെ അന്തഃപുരത്തിൽ കടന്നുവോ; അന്നുതന്നെ അബലാശയനായ ഡില്ലീചക്രവർത്തി ഒരു തടസ്സമായി തീരാതിരുന്നെങ്കിൽ, തീച്ചയായും ഞാൻ അതിന്റെ ഫലം കാണിച്ചുകൊടുക്കുമായിരുന്നു. അനന്തരം പെരുംകള്ളനായ ആ രജപുത്രൻ അങ്ങയുടെ അടുക്കെ സന്ന്യാസിവേഷം പൂണ്ടുവന്നു് ഡില്ലീരാജാന്തഃപുരത്തിൽനിന്നു ഹിരണ്മയിയെ അപഹരിച്ചുകൊണ്ടു് ഇങ്ങോട്ടോടിപ്പോന്നു"

ആ സമയം, മൂർച്ഛിച്ചുകിടക്കുന്ന അജയസിംഹനെ ഉപചരിച്ചുകൊണ്ടിരിക്കുന്ന താപസകുമാരൻ; "ശുദ്ധമേ അസത്യം! അസംബന്ധം! വീരനായ അജയസിംഹന്റെമേൽ ദോഷാരോപണംചെയ്യുന്നവനാണു ചോരൻ. യവനസ്പർശത്താൽ കളങ്കിതയും ദുർഭഗയുമായ ഹിരണ്മയിയുടെ സ്മരണ മനസ്സിൽനിന്നു മാർജ്ജനം ചെയ്യുവാൻ അജയസിംഹൻ ഗിരിഗുഹകളിലും വിജനവനങ്ങളിലും പോയി വാസംചെയ്തിരുന്നതായി എനിക്കു നല്ലപോലെയറിയാം" എന്നു തടഞ്ഞു പറഞ്ഞു.

സന്ന്യാസിയെ നോക്കി അയാളുടെ മുമ്പിലേക്കു സെലിം അടുത്തുവരുന്നതായി കണ്ടു്, ചക്രവർത്തി തടുത്തു്, "ശരി, അതു കളവാണെന്നു് എനിക്കും അറിയാം; വേഗം പറയൂ. എന്തിനു നീ ആ കുമാരിയെ അപഹരിച്ചു?"

സെലിം: ഗിരിറാണിയെ കട്ടുകൊണ്ടുപോകുവാൻ വന്നു കോട്ടയെ ആക്രമിച്ചവർ അവളേയുംകൊണ്ടു് ഇതാ ഇപ്പോഴം തന്നെ ഓടിപ്പോയിട്ടേ ഉള്ളു.

താപസകുമാരൻ: പ്രഭോ! ആരെ രക്ഷിക്കുവാൻവേണ്ടിയാണു് ഈ രക്തപ്രവാഹമുണ്ടായതു്, അജയസിംഹൻ സ്വന്താ ചോരചൊരിഞ്ഞു നിശ്ചേതനനായി നിലത്തുപതിച്ചതു് ആർക്കുവേണ്ടിയാണു്, അങ്ങനെയുള്ള ആ അബലാരത്നത്തെ അങ്ങുന്നു ദയചെയ്തു രക്ഷിക്കുവാൻ നോക്കണേ!

ഈ സമയം കോട്ടയിലെ ശേഷിച്ചിട്ടുള്ള ഭടന്മാർ അവിടേക്കു വന്നു അക്ബർ അവരോടു്, "നിങ്ങൾ ഇവിടെയിരുന്നു അജയസിംഹനെ വേണ്ടവിധം ശുശ്രൂഷിക്കുക. ഞാൻ പോയി നിങ്ങളുടെ ഗിരിറാണിയെ അന്വേഷിച്ചുവരാം സെലിം! നീ നിന്റെ തസ്കരസംഘത്തോടുകൂടി എന്റെ പിന്നാലെ വരണം" എന്നു ശാസിച്ചു്, ഉടനെ അവിടെനിന്നു പുറപ്പെട്ടു. സെലിം കൂട്ടുകാരൊന്നിച്ചു "മങ്ങിനമുഖത്തോടും മാനവിപ്ലവത്തോടും" കൂടി അക്ബറെ അനുഗമിച്ചു. താപസകുമാരൻ ദുർഗ്ഗഭടന്മാരെ നോക്കി. "നിങ്ങൾ പോയി കോട്ടയിൽനിന്നു് ഒരു പല്ലക്കു കൊണ്ടുവരുവിൻ! ഞാനിവിടെ ഇരുന്നു് ശുശ്രൂഷിച്ചുകൊള്ളാം" എന്നു തല്പര്യപ്പെട്ടു.

താപസകുമാരൻ അജയന്റെ അചേതനമായ ശരീരം മടിയിൽവെച്ചു് ഉപചരിച്ചുകൊണ്ടിരുന്നു. അയാളുടെ കണ്ണുകളെ ഭേദിച്ചു് അജസ്രമായി അശ്രുധാര പുറപ്പെട്ടു് അജയന്റെ ക്ഷതമായ ദേഹം ക്ഷാളിതമായി! ആ അമൃതധാരയാൽതന്നെയെന്നപോലെ അജയസിംഹന്റെ ഉടലിൽ ക്രമേണ ഉയിരും ഉണർച്ചയും ഉണ്ടായിത്തുടങ്ങി.

പ്രഭാതത്തിൽ താപസകുമാരൻ പുഴയിൽപോയി മെയ്യിൽപുരണ്ട രക്തം കഴുകിക്കളിച്ചു് കൃത്രിമജടയും കാഷായാംബരവും വെള്ളത്തിൽ ഒഴുക്കിക്കളഞ്ഞു. നിലത്തുകിടന്നിഴയുന്ന നീണ്ടുനിബിഡമായ കുന്തളഭാരം മെടഞ്ഞു ചുററിക്കെട്ടി, അതു് ഒരു അരുണാംശുകംകൊണ്ടു് ആച്ഛാദനംചെയ്തു. കഴുത്തുമുതൽ കാലുവരെ ഒരു കുപ്പായവും അഴഞ്ഞ കാലുറയും ധരിച്ചു് ഇങ്ങനെ വേഷംമാറി. നീലജലത്തിൽ തന്റെ മുഖംനോക്കി പുഴയിലെ മണ്ണെടുത്തു് കണ്ണെഴുതി വെള്ളത്തിൽ കരി അരച്ചു് ചുണ്ടിലും തേച്ചു. ഹാ! കല്പിതവേഷധാരിയായ താപസകുമാര! അമൃതാധാരമായ ഓഷ്ഠാധരവും ഭുവനവിജയികളായ ആ നയനസരോജങ്ങളും ഈ ഉപായത്താൽ അല്പംപോലും സൌന്ദര്യഹീനങ്ങളായിത്തീരുമെന്നാണോ കരുതിയതു്? ഹിരണ്മയി വീണ്ടും

നദിയിലെ സ്വച്ഛജലത്തിൽ തന്റെ പ്രതിബിംബം നോക്കി, "ഇപ്പോൾ ഒരുമാതിരി ആയെന്നു തോന്നുന്നു; ഇരുട്ടത്തു് ആരും അത്രവേഗം തിരിച്ചറിയില്ല. പക്ഷേ, കണ്ഠസ്വരം മാറുവാൻ സാദ്ധ്യമല്ലല്ലോ! ഈശ്വര! അജയൻ ഗിരിറാണിയെ വിവാഹംചെയ്തു് ആ പ്രേമപ്രവാഹത്തിൽ മുഴുകി നിർഭാഗ്യയായ ഹിരണ്മയിയുടെ നിഷ്പ്രഭമായ സ്മരണ ആ ദൃഹത്തിന്റെ ഹൃദയത്തിൽനിന്നു മങ്ങിനീങ്ങിപ്പോകുന്ന ഒരു ദിവസം വരുമല്ലോ. ഇതെന്തു്? അജയസിംഹന്റെ നാമം ഉച്ചരിച്ചമാത്രയിൽ മനസ്സു കലങ്ങിമറിയുന്നു? അംബരകുമാരിയുടെ സാഹായ്യത്താൽ മുസൽമാൻ ദുർഗ്ഗത്തിൽനിന്നു് വേഷപ്രച്ഛന്നയായി നിർഗ്ഗമിച്ചു് പ്രാണപ്രിയനായ അജയനെ കാട്ടിലും മലയിലുംവെച്ചു് അടുത്തും അകലെയുമായി കണ്ണുകൾക്കു തൃപ്തിയാകുന്നതുവരെ ഞാൻ നോക്കിക്കണ്ടിരിക്കുന്നു. അതുമുതല്ക്കു് ഇതുവരെ മനസ്സിനു് ഇത്ര ഒരു ഇളക്കമുണ്ടായിട്ടില്ല ദേവ! ഭവാനീപതേ! എന്റെ ജീവനായ അജയനെ എന്നിൽനിന്നു വേർപെടുത്തി, ഗിരിറാണിയോടു് സംയോജിപ്പിക്കുന്ന സന്ദർഭത്തിൽ, ഈ മൃദുലഹൃദയം കാതരമാകാതിരിക്കേണമേ. എന്റെ അജയനെ ശൈശവത്തിലെ സഖാവായും, കൌമാരത്തിലെ സഹചരനായും യൌവ്വനത്തിലെ പ്രേമസർവ്വസ്വമായും, എന്റെ അന്ധകാരമയമായ ജീവിതത്തിനു് പൂർണ്ണചന്ദ്രനായും, സന്താപസാഗരത്തിനു തരണിയായും എന്റെ ഉപാസനാമൂർത്തിയായുമുള്ള പ്രിയഅജയനെ— നിർമ്മലവും നിരാകുലവും നിർഭയവുമായ ഹൃദയത്തോടുകൂടി ഗുണവതിയായ ഗിരിറാണിയോടു് സംഘടിപ്പിക്കുവാനുള്ള എന്റെ ശ്രമത്തിൽ, എന്നെ സഹായിക്കേണമേ!" എന്നു പ്രാർത്ഥിച്ചു.

ഹിരണ്മയി വളരെനേരം കൈകൂപ്പി, കണ്ണടച്ചു്, ഉന്മുഖിയായി നിന്നു. അനന്തരം രണ്ടുകൈയും മാറത്തുവെച്ചു് മൌനമായിരുന്നു. പ്രസന്നസലിലയായ ആ നദി മൃദുകല്ലോലമാലകളിൽ ഹിരണ്മയിയുടെ അശ്രുധാരയെ വഹിച്ചൊഴുകി.

---

## ഒമ്പതാം അദ്ധ്യായം

---

### രജപുത്രഭടൻ.

അദ്ദരാത്രി. ഗിരിദുൎഗ്ഗത്തിലെ ഒരു ഏകാന്തമായ മുറിയിൽ അജയസിംഹൻ കിടന്നുറങ്ങുകയാണു്. പാദാന്തികത്തിൽ ഒരു രജപുത്രഭടൻവന്നു് മൗനമായിരിക്കുന്നുണ്ടു്. അജയസിംഹൻ മുസൽമാൻയുദ്ധത്തിൽ മുറിവേററുകിടന്നിട്ടു് ഇന്നയ്ക്കു് മൂന്നുദിവസമായി. കുറേ സുഖപ്പെട്ടു് ഇന്നു നിദ്രാദേവിയുടെ ആലിംഗനസുഖം അനുഭവിക്കുകയാണു്. ഈ ഭടൻ രാത്രിതോറും ഉറക്കമൊഴിച്ചു് ആയാളെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു. പകൽ അവിടുത്തെ പരിചാരകന്മാരാണു് ശുശ്രൂഷക്കാർ. ഭൃത്യന്മാരുടെ അനുവാദംവാങ്ങി, രാത്രി താൻതന്നെ ആ ഭാരം വഹിക്കുന്നതിൽ തല്പരനാണു് ഈ ഭടൻ. നിദ്രയില്ല; ആലസ്യമില്ല! പ്രദോഷംമുതൽ പ്രഭാതംവരെ അനന്യമനസ്കനായി ആ സൈനികൻ ദീനശയ്യാഗതനായ അജയസിംഹൻെറ പാദസവിധത്തിൽ വസിച്ചു് ആയാളുടെ മുഖബിംബം നയനങ്ങളാൽ നുകൎന്നുകൊണ്ടിരിക്കും. ആ രജപുത്രഭടൻ ആരാണെന്നു് വായനക്കാരെ പറഞ്ഞറിയിക്കണമെന്നില്ല.

നേരം പുലരുന്നതിനുമുമ്പു് അജയൻ കണ്ണുതുറന്നു നോക്കി; ലോകമെല്ലാം നിദ്രയിൽപ്പെട്ടു് 'കല്ലോലമില്ലാതെഴമാഴിപോലെ' കിടക്കുന്നു. മുറിയിൽ ഒരു ചെറിയ വിളക്കു് മങ്ങിമങ്ങി കത്തുന്നുണ്ടു് അജയസിംഹൻ ആ ദീപത്തിനരികെ നോക്കി തലപൊക്കി ഉൽക്കണ്ഠയോടെ 'ആരാണതു്?' എന്നു ചോദിച്ചു.

'ഒരു രജപുത്രഭടനാണു്.'

അജയസിംഹൻെറ തല വീണ്ടും ഉപധാനത്തിന്മേൽതന്നെ ചാഞ്ഞു. ഭടൻ അതു താങ്ങി മടിയിൽവെച്ചു. രാജകുമാരൻ നൈരാശ്യഗൎഭമായ നയനങ്ങളാൽ ആ ഭടനെ വീക്ഷിച്ചു് "അന്നത്തെ യുദ്ധത്തിലുണ്ടായിരുന്ന യുവസന്ന്യാസിയെ നിങ്ങളാരും പിന്നെ കാണുകയുണ്ടായില്ലേ?" എന്നു ചോദിച്ചു.

"ആ സന്ന്യാസി യുദ്ധംകഴിഞ്ഞശേഷം എവിടെയ്ക്കോ പോയി. പിന്നെ ആരും ആയാളെ കണ്ടില്ല."

ജയസിംഹൻ: ഞാനൊരു സ്വപ്നംകണ്ടു. മുസൽമാൻകളുമായി ഏറ്റുകൂടി പോരാടിക്കൊണ്ടിരിക്കുമ്പോൾ, ഞാൻ നിശ്ചേഷ്ടനായി നിലത്തുപതിച്ചു. അപ്പോൾ ആ താപസകുമാരൻ എന്റെ ദേഹം മടിയിൽവെച്ച് ചുംബനംചെയ്തു. ആയാളുടെ അമൃതമയമായ അധരസ്പർശംകൊണ്ട് ശീതളമായ എന്റെ ജഡദേഹത്തിൽ രക്തസഞ്ചാരം ഉണ്ടായി. അനന്തരം ആ താപസകുമാരന്റെ കണ്ണുകളിൽനിന്ന് എന്റെ കവിൾത്തടത്തിൽ സുധാബിന്ദുക്കൾ പൊഴിച്ചു. ആ സുധാസേചനത്താൽ എന്റെ നിർജ്ജീവദേഹത്തിൽ പ്രാണൻ വീണു. ആ സന്ന്യാസി മനോന്മാദകമായ സ്വരത്തിൽ എന്നെ 'അജയ' എന്നു സംബോധനംചെയ്തപ്പോൾ, എന്റെ ശൂന്യഹൃദയം തെളിഞ്ഞു് തളച്ചതിനു ഞാനെണീററ് ആയാളെ അവലോകനംചെയ്തു. സന്ന്യാസിയുടെ ജടാഭാരം അഴിഞ്ഞുവീണ്, നീണ്ടു ചുരുണ്ട വാർകുന്തളം നിലത്തുകിടന്നിഴഞ്ഞിരുന്നു. താപസകുമാരൻ എന്റെ ബാല്യബന്ധുവും മനോമന്ദിരത്തിലെ മണിദീപവുമായ ആ സുരസുന്ദരിയുടെ സുകുമാരസ്വരൂപം ധരിച്ച് എന്റെ മുമ്പിൽ നിന്നു. ഞാൻ പരിഭ്രാന്തചിത്തനായി പ്രാണപ്രിയയെ പരിരംഭണംചെയ്യുവാൻ കൈ നീട്ടി. ഹിരണ്മയി ചടുലകടാക്ഷലക്ഷങ്ങൾക്ക് എന്നെ ലക്ഷ്യമാക്കി തന്നെ തൊടേണ്ടെന്നു സംജ്ഞകാണിച്ച് ദയാർദ്രസ്വരത്തിൽ, "ഹാ! വീര അജയ! ഇത്രനാളായിട്ടും, കളങ്കിതയായ ഈ നാരിയെ വിസ്മരിക്കാൻ കഴിഞ്ഞില്ലെന്നോ? ഞാൻ പറയുന്നതു കേൾക്കണേ! എന്നെ മറന്നുകളയൂ! മനസ്സിനെ സ്വാധീനപ്പെടുത്തുവാൻ ശ്രമിക്കൂ. ഗിരിറാണിയെ പ്രണയിക്കുവാൻ നോക്കിയാലും!" എന്നു പറഞ്ഞു് എന്നെ ഘോരാന്ധകാരത്തിൽ വിട്ട് അന്തർദ്ധാനംചെയ്തു.

അജയന്റെ ദുർബ്ബലദേഹം കിടുകിടെ വിറച്ചു. ഭടൻ എഴുന്നേററ് ആയാളുടെ കാലിന്നരികെച്ചെന്നിരുന്നു. അജയന്റെ കാലിന്മേൽ ഒരു ചുടുനീർക്കണം വീണു. 'എന്തിനാണു നീ കരയുന്നതു്?' എന്ന് അജയൻ ചോദിച്ചു.

ആ യുവഭടൻ രണ്ടു കൈകൊണ്ടും അജയന്റെ കാൽ പിടിച്ച് 'അങ്ങയോട് ഒരു അപേക്ഷയുണ്ട്' എന്ന് അറിയിച്ചു.

'എന്നാലാകുന്നതാണെങ്കിൽ, യഥാശക്തി ഉത്സാഹിച്ചു സാധിക്കാൻ നോക്കാം; പറയൂ'

ഭടൻ: ഞാൻ ഗിരിറാണിയുടെ ഭൃത്യനാണ്. അവരുടെ സുഖംതന്നെ എൻെറ സുഖം! ഭാഗ്യംകെട്ട ആ സുശീല, അല്ലനില്ലാതെ അശരണയായിരിക്കുന്നു. അവരുടെ വിശ്വസ്തബന്ധുവായിരുന്ന ഗോകുലദാസനും അവരെ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞു! അവരെ കണ്ടാലാരും 'കരയുമലിയും കല്ലിനൊത്തോരുഹൃത്തും.' അങ്ങയുടെ കൃപാകടാക്ഷം അവരുടെ നേരേ ഉണ്ടായിരിക്കില്ലേ?

അജയ: എന്നെക്കൊണ്ടാകുന്നതിലധികം സഹായം ചെയ്യാൻ ഞാനൊരുക്കമാണ്.

ഭടൻ: ഗിരിറാണി ഉടനെ തിരിച്ചുവരും. വന്ന ഉടനെ അവരെ പാണിഗ്രഹണംചെയ്തു് എൻെറ അഭീഷ്ടം സഫലമാക്കണേ!

അ-സിംഹ: ഹേ! രജപുത്രഭട! ഞാനിക്കാര്യം സ്വീകരിക്കയെന്നതു് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണെന്നു നിനക്കറിഞ്ഞുകൂടാ. എൻെറ ഉള്ളു പൊളിച്ചുകാട്ടുവാൻ കഴിഞ്ഞിരുന്നെങ്കിൽ നിനക്കു കാണാമായിരുന്നു: ഈ ഹൃദയത്തിൽ ഗിരിറാണിക്കു് എള്ളോളം ഇടമില്ല. ബാല്യത്തിൽ ബുദ്ധിയുറച്ചമുതൽക്കു്, സൗന്ദര്യസമ്പന്നമായ ഒരു പ്രതിമ എൻെറ അന്തരംഗത്തിൽ പ്രതിഷ്ഠിതമായി. ആ ദേവിയുടെ പ്രേമാമൃതലഹരിയിലും, കമനീയകടാക്ഷങ്ങളിലും, നാനാസുഖാനുഭൂതിയിലും ലയിച്ചു് ബാല്യം കഴിഞ്ഞു ക്രമേണ യൗവനവും വന്നടിച്ചു അങ്ങനെയിരിക്കെ പെട്ടെന്നു് ഒരുദിവസം നിർമ്മേഘമായ നഭസ്സിൽ ഇടിനാദംപോലെ 'ഭഗ്നനായ അജയസിംഹ! നിൻെറ പ്രാണേശ്വരിയുടെ പ്രതിമയെ ഹൃദയത്തിൽനിന്നു് നീക്കിക്കളയൂ!' എന്നു് ഒരശരീരിവാക്യം എൻെറ കർണ്ണപുടങ്ങളിൽ ശല്യസമാനം പതിച്ചു. അതു് ഈശ്വരശാസനമാണെന്നു സങ്കല്പിച്ചു് അപ്രകാരം പ്രവർത്തിക്കുവാൻ ഞാൻ പ്രതിജ്ഞയുംചെയ്തു. മററാരുടെ ശിരസ്സിലും വരയ്ക്കാത്ത ഈ ഭയങ്കരപ്പോരാട്ടത്തിൽ ഹൃദയം ക്ഷതവിക്ഷതമായിപ്പിളർന്നുപോയാലും ആ ഹൃദയാന്തർഭാഗത്തിൽ രക്തംപരത്തുന്ന ഓരോ ധമനിയി

ലും എന്റെ പ്രണയസവ്സ്വത്തിന്റെ പ്രതിമ പൂർണ്ണഗൗരവത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു നിന്റെ ഗിരിറാണിക്കു് ഈ ഹൃദയത്തിൽ എള്ളോളം ഇടമില്ല.

'മനസ്വിമാർമനസ്സൊഴിവതശക്യമൊരാളിലൂന്നിയാൽ'

അജയന്റെ കാലിന്മേൽ പിന്നെയും ഉഷ്ണോദകം വീണു. ഇത്തവണ തുള്ളിതുള്ളിയായിട്ടല്ല വീണതു്; അജസ്രധാരമായി പ്രബലപ്രവാഹമായിട്ടാണു് രജപുത്രഭടന്റെ നേത്രസേതുവെ ഭേദിച്ചു ജലം പുറപ്പെട്ടതു്!

ഈ സമയം കോട്ടയുടെ പുറത്തു് അനേകം കുതിരകളുടെ ഘോരനാദവും ബഹുജനങ്ങളുടെ ആർപ്പും വിളിയും കേൾക്കാറായി. പുറത്തൊരാൾ ഗംഭീരസ്വരത്തിൽ, "ഗിരിദുർഗ്ഗത്തിലെ ഭടന്മാരെ നോക്കുവിൻ! നിങ്ങളുടെ ഗിരിറാണി ഇതാ തിരിച്ചെത്തിയിരിക്കുന്നു!" എന്നു വിളിച്ചു പറയുന്നതായി കേട്ടു.

ഭടന്മാരെഴുന്നേററു പുറത്തുവന്നു് ആ വക്താവിനെ വന്ദിച്ചു. അദ്ദേഹം, "ഏതു് വീരപുരുഷൻ കാരണമാണു് നിങ്ങൾക്കു നിങ്ങളുടെ ഗിരിറാണിയെ ലഭിച്ചതു്, ആ ക്ഷത്രിയതിലകനായ അജയസിംഹനെ വന്ദിക്കുവിൻ! ആയാൾ എവിടെയാണു്, എങ്ങനെയിരിക്കുന്നു? അതു് ആദ്യം കേൾക്കട്ടെ"

ഉത്തരം:— അവിടുത്തേക്കു് നല്ല സുഖമായിരിക്കുന്നു; അകത്തു് ഉണ്ടു്.

ആഗതൻ:— ഭടന്മാരെ! ഗിരിറാണിയുടെ സഖിമാരെ! മററു് മംഗളകാംക്ഷികളെ! കേൾക്കുവിൻ! നിങ്ങളുടെ ഗിരിറാണി അഭിജാതകുലത്തിൽ ജനിച്ച ഒരു രാജന്യരമണിയാണെന്നു് നിങ്ങൾക്കെല്ലാം നല്ലപോലെ അറിവുള്ള സംഗതിയാണല്ലോ. പക്ഷെ അജയസിംഹന്റെ ചരിത്രമൊന്നും നിങ്ങളറിഞ്ഞിരിക്കയില്ല. ആയാൾ ക്ഷത്രിയകുലതിലകനും വിശ്വവിഖ്യാതനുമായ പ്രതാപസിംഹന്റെ പുത്രനാണു്; ആര്യാവർത്തത്തിലെ അഭിമാനപതാകയാണു് ആ കുമാരൻ; ഭാരതചക്രവർത്തിയുടെ ദക്ഷിണബാഹുവും പ്രാണസുഹൃത്തുമാണു് അജയസിംഹൻ. എന്നെ നിങ്ങൾ മനസ്സിലാക്കിയിരിക്കയില്ല. ഞാൻ തന്നെ ആ അക്ബർ. ഞാൻ പറയുവാൻ പോകുന്നതു മനസ്സിരുത്തി കേൾക്കുവിൻ! ഇന്നു മുതൽ രണ്ടാഴ്ചക്കുള്ളിൽ നിങ്ങൾ ഒരു ശുഭദിവസം നോ

ക്കി നിശ്ചയിക്കണം. ആ ശുഭമുഹൂർത്തത്തിൽ ഡില്ലീരാജഭണ്ഡാരംവക ചെലവായി, എൻെറ സമക്ഷം ഗിരിറാണിയെ അജയസിംഹനു വിവാഹം ചെയ്തുകൊടുക്കുന്ന മഹോത്സവം നടക്കും. നവദമ്പതികൾക്കു പരിണയപാരിതോഷികമായി ഇരുപതിനായിരം വരാഹൻ വിലയുള്ള പണ്ടങ്ങളും വിസ്തീർണ്ണമായ ഒരു ഭൂഖണ്ഡവും ഞാൻ കൊടുക്കുന്നതായിരിക്കും. ഇന്നുമുതൽ ഉത്സവത്തിനുവേണ്ട ചടങ്ങുകൾ എല്ലാം തുടങ്ങണം! ഈ ശുഭവർത്തമാനം നാടെങ്ങും വിളംബരപ്പെടുത്തുകയും ചെയ്യണം.

എല്ലാവരും ഹർഷഭാരത്താൽ ഹസ്തതാഡനംചെയ്തു് "അക്ബർചക്രവർത്തി ജയിക്കട്ടെ! നവദമ്പതികളാകുവാൻപോകുന്ന ഗിരിറാണിയും അജയസിംഹകുമാരനും ജയിക്കട്ടെ!" എന്നു് അത്യുച്ചത്തിൽ ആർത്തുവിളിച്ചു

ആ രാത്രിസമയം ആകാശഭേദിയായ ആ ജയധ്വനി ദീനശയ്യയിൽ കിടക്കുന്ന അജയസിംഹൻെറയും അരികെ ഉപചരിച്ചുകൊണ്ടിരിക്കുന്ന രജപുത്രഭടൻെറയും കർണ്ണപുടങ്ങളിൽ പതിച്ചു. അജയൻെറ നയനങ്ങൾ നിമീലിതങ്ങളായി; തല ഉപധാനത്തിൽനിന്നു നീങ്ങി നിലത്തു വീണു, രജപുത്രഭടൻ നടുങ്ങി; കൈകൊണ്ടു മാവിടം അമർത്തിപ്പിടിച്ചു.

---

## പത്താം അദ്ധ്യായം

---

അരുണകിരണങ്ങൾ നാലുപാടും പരന്നു; പ്രകൃതിസ്തുതിപാഠകനായ ഇളംകാററു പുതുതായി വിരിഞ്ഞ പൂങ്കുലകളുടെ പരിമളസർവ്വസ്വത്തെ അപഹരിച്ചു സഞ്ചരിച്ചുതുടങ്ങി അജയസിംഹൻ കണ്ണുതുറന്നു നോക്കി; രജപുത്രഭടനെ അവിടെയെങ്ങും കാണാനില്ല. ഗിരിറാണിയും സഖി പരിമളയും തലയ്ക്കുസമീപം നില്ക്കുന്നുണ്ടു്. യുവാവു് ആ മോഹനാംഗിയെ നഖശിഖാന്തം ഒന്നു നോക്കി. അവളുടെ വദനാരവിന്ദത്തിൽ പുതുതായ ഒരു പ്രസാദവും പുതുതായ ഒരു ചൈതന്യവും കളിയാടുന്നുണ്ടായിരു

ന്നു. ആ കുമാരി അജയന്റെ അരികേ ഇരുന്നു ശരീരം സ്പർശിച്ചു "അജയസിംഹ! നിങ്ങൾ ഇയ്യുള്ളവളെ രക്ഷിക്കാൻവേണ്ടി രക്തം ചൊരിഞ്ഞിട്ടാണല്ലോ ഈ ദീനശയ്യയിൽ ഇങ്ങനെ കിടക്കാറായതു്! ഞാൻ ഇജ്ജന്മത്തിൽ അതിനു് ഒരു പ്രത്യുപകാരവും ചെയ്യാൻ കാണുന്നില്ല".

അജയൻ: ഞാൻ ഭവതിയെ പരിത്രാണംചെയ്യുതു ക്ഷത്രിയ ധമ്മാചരണമെന്നല്ലാതെ, മാറുവിധത്തിൽ ചിന്തിച്ചിട്ടില്ല.

ഗിരിറാണി: (അശ്രുകലുഷയായി) ഹാ! അജയസിംഹാ! നിങ്ങളറിയുന്നില്ല. ഞാൻ എന്തു മഹാസമുദ്രത്തിലാണു വീണതെന്നു പറയാൻ പ്രയാസം. നിങ്ങളില്ലെങ്കിൽ എന്താകുമായിരുന്നു എന്റെ ഗതി! മുസൽമാൻകള്ളന്റെ കുതിരമേൽ ഞാൻ ബോധരഹിതയായിരിക്കെ രണകോലാഹലത്തിനിടയിൽ പെട്ടെന്നു നിങ്ങളുടെ കണ്ഠസ്വരംകേട്ടു്; അല്പം ബോധംവീണു് കണ്ണുമിഴിച്ചു നോക്കിയപ്പോൾ, നിങ്ങൾ എതിരാളികളെ തട്ടുത്തുനിറുത്തുവാൻ വാൾ വീശിക്കൊണ്ടിരിക്കുന്നതു കണ്ടു. അതേസമയത്തു്, കള്ളൻ എന്നെയുംകൊണ്ടു രണരംഗം വിട്ടുകളഞ്ഞു. പിന്നെ നിങ്ങളെ കാണുകയുണ്ടായില്ല. വീണ്ടും ഞാൻ മോഹാലസ്യപ്പെട്ടു ആ മൂർഛിതാവസ്ഥയിൽ, ഒരു സ്വപ്നത്തിൽ നിങ്ങളുടെ മുഖമണ്ഡലം എന്റെ ഹൃദയത്തിൽ തെളിഞ്ഞു കണ്ടു. അല്ലെങ്കിൽ ഞാൻ ജീവിച്ചിരിക്കയില്ലായിരുന്നു.

പരിമള: — ഈ സുഖദിവസം ആ ദുഃഖവർത്തമാനം എന്തിനാണു്? ഡില്ലീചക്രവർത്തിയുടെ മുഖത്തുനിന്നുകേട്ട സംഗതി അദ്ദേഹത്തോടു് പറയൂ! ഇതാ നോക്കൂ! പാദക്ഷതന്നെ ഇങ്ങോട്ടു് എഴുന്നള്ളുന്നുണ്ടെന്നു തോന്നുന്നു!

ഗി-റാണി:—സഖീ! വരൂ! നമുക്കിവിടെനിന്നു പോവുക. ചക്രവർത്തിതന്നെ ഇന്നലെരാത്രി കഴിഞ്ഞ സംഗതി അറിയിച്ചോളും.

ഗിരിറാണി സഖിയോടൊന്നിച്ചു് പുറത്തേക്കുപോന്നു.

പരിമള: "റാണി ഇങ്ങോട്ടുവരൂ. ഈ മറവിൽനിന്നു് അവരുടെ സംഭാഷണം കേൾക്കാം."

ഗി-റാണി: വേണ്ട! ഏന്തോ എന്റെ മനസ്സിൽ ഒരു ഭയവികാരം കടന്നുകൂടിയിരിക്കുന്നു. എന്റെ ഒനാഞ്ഞു് ഒന്നു

തെട്ടുനോക്കു; എന്താണിങ്ങനെ കലശലായി ഇടിക്കുന്നതു്!

പരിമള: എന്തുഭയം?

ഗിരിറാണി മ്ലാനവദനയായി സഖിയെ നോക്കി "പരിമളെ! അജയസിംഹൻ ഒരുസമയം ചക്രവത്തിയുടെ അഭിപ്രായത്തോടു് യോജിച്ചില്ലെങ്കിലോ!" എന്നു ശങ്കിച്ചു.

പരിമള: അങ്ങനെയുള്ള വിഡ്ഢികളുണ്ടോ? കടലിൽനിന്നു വില പിടിച്ച ഒരു രത്നം കിട്ടിയിട്ടു് അതു വെറും ചിപ്പിയാണെന്നു ഭാവിച്ചു് ഉപേക്ഷിക്കുന്നതാരാണു്?

ഗി-റാണി: നീ പരിഹസിക്കുകയാണു്. എന്നാൽ എനിയ്ക്കോ പേടിയാകുന്നു. അജയസിംഹൻ ജഗൽപൂജിതനായ റാണാപ്രതാപസിംഹന്റെ പുത്രനാണെന്നു് നീ കേട്ടില്ലേ? ഞാൻ ഏതുപ്രകാരത്തിൽ നോക്കിയാലും, അദ്ദേഹത്തിന്റെ ദാസിയാകുവാൻകൂടി യോഗ്യതയുള്ളവളല്ല.

ഗിരിറാണി പരിമളയുടെ കൈയുംപിടിച്ചു് ദൂരെയുള്ള തന്റെ മുറിയിലേക്കു പോയി.

അജയസിംഹൻ ചക്രവത്തിയെ അഭിവാദിച്ചു. അക്ബർ അയാളെ ആലിംഗനംചെയ്തു് മന്ദസ്മിതത്തോടുകൂടി "അജയസിംഹ! വീരജനസുഹൃത്തായ അക്ബർ നിങ്ങളുടെ വീരത്വത്തെ അഭിനന്ദിക്കുവാൻ ആഗ്രഹിച്ചിരിക്കുകയാണു്."

അജയൻ: ക്ഷത്രിയയോദ്ധാക്കൾ ധമ്മാനുസൃതമായി പോരിൽ പരാക്രമം കാണിച്ചാൽ അതിനു് ഒരു അഭിനന്ദനം അപേക്ഷിക്കാറില്ല.

അക്ബർ: വീരപുരുഷന്മാർ കീത്തിലോലുപന്മാരല്ലെങ്കിലും, അവരെ യഥാവിധി മാനിക്കേണ്ടതു് രാജധമ്മമാണു്. ഞാൻ നിങ്ങളോടൊരിക്കൽ, ഒരു സമ്മാനദാനത്തെപ്പററി പറഞ്ഞിരുന്നതു് ഓർക്കുന്നുണ്ടോ?

അജയസിംഹന്റെ മുഖം വിവണ്ണമായി. അക്ബർ തുടന്നുപറഞ്ഞു:—"അജയസിംഹ! കേൾക്കു. ഞാൻ വളരെയൊക്കെ പരീക്ഷിച്ചുനോക്കി. സരളശീലയായ ഗിരിറാണിയാണു് അജയസിംഹന്റെ വീരത്വത്തിനു് അനുരൂപമായ സംഭാവന. അതുനിമിത്തം, ഇന്നലെ രാത്രി ഞാൻ ഇവിടെവന്ന ഉട

ന്നെ, രണ്ടാഴ്ചയ്ക്കുള്ളിൽ ഗിരിറാണിയെ രത്നാഭരണവിഭൂഷിതയാക്കി എന്റെ പ്രിയസേനാപതിയുടെ പാർശ്വത്തിൽ, വിസ്തീർണ്ണഭൂഖണ്ഡത്തിലെ സിംഹാസനത്തിൽ ഇരുത്തി അഭിഷേകം ചെയ്യുവാൻ ആജ്ഞാപിച്ചിരിക്കുന്നു.”

അജ: പ്രഭോ! എന്തു കഠിനാപരാധം നിമിത്തമാണു് ഇന്നു് ഈ ബ്രഹ്മചര്യാവലംബിയായ എനിക്കു് ഇത്ര നിഷ്ഠുരമായ ശിക്ഷ വിധിച്ചതു്!

അക്ബറുടെ മുഖത്തു് വിരസഭാവം സ്ഫുരിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—“പ്രതാപസിംഹന്റെ പുത്രൻ കൃതജ്ഞതയെന്തെന്നു് അറിയാത്ത ദേഹമാണു്. ശരി. കൊള്ളാം, ഹിരണ്മയിയുടെ സ്മരണ ഇനിയും നിങ്ങളുടെ മനസ്സിൽനിന്നു് മാഞ്ഞുപോയിട്ടില്ല. കേൾക്കു അജയസിംഹ! നിങ്ങളൊരു ക്ഷത്രിയവീരൻ! സ്വമനോവികാരങ്ങളോടു മല്ലിട്ടു് തോററുപോകുന്നതു കേവലം ലജ്ജാവഹം! നിരാലംബയായ ഗിരിറാണി നിങ്ങളുടെ നേരേ പ്രണയപരവശയായിരിക്കുന്നുവെന്നു നിങ്ങളറിയുന്നില്ലേ? നിങ്ങളുടെ സഹവാസസുഖത്തിന്നു് അവൾ എത്ര താല്പര്യപ്പെടുന്നു? അവളെ ഇട്ടെറിഞ്ഞുപോകുന്നതായാൽ ആ സുശീലയുടെ ഗതി എന്തായിരിക്കും? രണ്ടുവർഷം മുമ്പു് നിങ്ങൾ അച്ഛനോടുചെയ്ത ശപഥം മറന്നുവോ? ഇപ്പോൾ ഈശ്വരൻ ആ പ്രതിജ്ഞ നിറവേററുവാൻ ഒരു വഴി കാണിച്ചുതന്നിരിക്കുന്നു. പിതൃനിയോഗപ്രകാരം നടക്കണമെന്നുണ്ടെങ്കിൽ ഞാനിപ്പറയുന്നതു് ശ്രദ്ധിക്കു. നിങ്ങളുടെ പ്രാണസുഹൃത്തും ഗുണകാംക്ഷിയുമായ അക്ബറുടെ ഉപദേശം കേൾക്കു. ഗിരിറാണിയെ സനാഥയാക്കി ക്ഷത്രിയധർമ്മം പരിപാലിക്കുകയാണു വേണ്ടതു്!”

അജയസിംഹൻ അക്ബറുടെ മുഖത്തു് ഉററുനോക്കി കുറേനേരം മൌനമായിരുന്നു് ആലോചിച്ചു. അയാളുടെ കണ്ണുരണ്ടും കലങ്ങി, ബാഷ്പബിന്ദുക്കളിൽ കുളിച്ചു. അജയൻ കണ്ണുതുടച്ചു് എണീററുനിന്നു് ഇടറിയ സ്വരത്തിൽ:—“ഈശ്വര! സമസ്തജഗത്തും എന്റെ നേരേ ദ്രോഹത്തിന്നു പുറപ്പെട്ടിരിക്കുന്നു— അച്ഛന്റെ ആജ്ഞ—ഭാരതചക്രവർത്തിയുടെ പ്രേരണ—രജപുത്രഭടന്റെ കണ്ണീരു്—സന്യാസിയുടെ ഉപദേശം—ഇതെല്ലാം ഒത്തുചേർന്നു് എന്നെ ഉന്മത്തനാക്കിത്തീർക്കുവാൻ ക്ഷുദ്രപ്രയോഗം ചെയ്യുന്നതുപോലെ തോന്നുന്നു. ഡില്ലീശ്വര! അങ്ങയു

ടെ ആഗ്രഹത്തോട്ട് ഞാൻ ഇപ്പോൾ യോജിച്ചിരിക്കുന്നു. ഹാ! ലാവണ്യലതികേ ഹിരണ്മയി! ഇന്നു കരിങ്കല്ലുപോലെ കഠിനമനസ്സുള്ള അജയസിംഹന് ചിരകാലപ്രതിഷ്ഠിതമായ നിന്റെ പാവനപ്രതിമയെ ഇതാ പാപകലുഷിതമായ ഈ അന്തരംഗത്തിൽനിന്നു് ഇപ്പോൾ നീക്കിക്കളയേണ്ടതായി വന്നിരിക്കുന്നു."

അതുവരെ ഗവാക്ഷത്തിന്റെ പാർശ്വത്തിൽ തനിയേ നിന്ന ആ രജപുത്രഭടൻ അവരുടെ സംസാരം മനസ്സിരുത്തിക്കേട്ടുകൊണ്ടിരുന്നു. അജയസിംഹൻ പറഞ്ഞുകഴിഞ്ഞ ഉടനെ, ആ ഭടൻ മർമ്മാഹതഹൃദയനായി ഉറക്കെ ഒരു ദീർഘനിശ്വാസം ചെയ്തു. അതു് ആരും കേട്ടില്ല. കാരണം, മുറിയുടെ മറ്റൊരു ഭാഗത്തുനിന്നു് ഇവരുടെ സംഭാഷണം ശ്രദ്ധിച്ചിരുന്ന പരിമള ചക്രവർത്തിയുടെ അഭിപ്രായത്തോട്ട് അജയൻ യോജിച്ചിരിക്കുന്നു എന്നു സൂചിപ്പിച്ച ഉടനെ കൈയിലുണ്ടായിരുന്ന ശംഖു വിളിച്ചു് മംഗളധ്വനി പുറപ്പെടുവിച്ചു. രജപുത്രഭടന്റെ ഗംഭീരവും മർമ്മഭേദിയുമായ നെടുവീർപ്പു് ആ ശംഖനാദത്തിൽ വിലീനമായിപ്പോയി.

## പതിനൊന്നാമദ്ധ്യായം

### ഒരു അത്ഭുതരഹസ്യം.

അക്ബർചക്രവർത്തി നദീതീരത്തു് അടിച്ചിട്ടുള്ള കൂടാരത്തിൽ ഏകാകിയായി ഒരു ഛായാപടം സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. കുറേനേരം നോക്കിയശേഷം സ്വയമേവ "ഇതെന്തു് ആശ്ചര്യകരമായ സാദൃശ്യം! ഇതിൽ അല്പവും ആശങ്കയ്ക്കു വഴി കാണുന്നില്ലല്ലോ. ഇതേവരെ ഈ അത്ഭുതസംഗതി തീരെ വിസ്മരിച്ചതു് അതിലും അത്ഭുതമായ് തോന്നുന്നു" എന്നു പറഞ്ഞു.

ആ സമയം ഒരു ദ്വാരപാലൻ തിടുക്കപ്പെട്ടുവന്നു് നമസ്കരിച്ചു്, "മൂടുപടം ധരിച്ച ഒരു സ്ത്രീ തിരുമുമ്പിലേക്കു് ഇതാ മുഖംകാണിപ്പാൻ ബദ്ധപ്പെട്ടു് കടന്നുവരുന്നു. എത്ര തടുത്തുപറഞ്ഞിട്ടും കേൾക്കാൻ ഭാവമില്ല" എന്നുണർത്തിച്ചു.

ചക്രവൎത്തി അല്പം സംഭ്രമിച്ചെഴുന്നേററു്, ആ സ്ത്രീയെ ആദരപൂൎവ്വം കൂട്ടിക്കൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

ചക്രവൎത്തി കല്പിച്ചുകഴിയുമ്പോഴയ്ക്കും ഉന്മാദിനി കടന്നുവന്നു മൂടുപടം നീക്കി; ക്ഷണമാത്രം നിശ്ശബ്ദമായ്നിന്നു് പിന്നെ ഇങ്ങനെ അറിയിച്ചു: "മഹാപ്രഭോ! അങ്ങുന്നു് ഔദാൎയ്യത്തിൻെറ അവതാരമാണല്ലോ. അങ്ങയുടെ അനല്പഗുണംകൊണ്ടാണു് ഈ വിസ്തീൎണ്ണസാമ്രാജ്യം മന്ത്രബദ്ധമായതുപോലെകാണുന്നതു്. അങ്ങനെയിരിക്കുന്നേ അങ്ങു് ഒരു മനുഷ്യാധമനെപ്പോലെ, കേവലം സ്വാൎത്ഥപരനെപ്പോലെ ഒരുസ്ത്രീയുടെ ദീനപ്രലാപത്തിൽ അശേഷം അനുകമ്പ തോന്നാതെ, ഉദാസീനനായിരിക്കുന്നതു് എന്താണു്? കഷ്ടം! ഇങ്ങനെയാണെന്നറിഞ്ഞിരുന്നെങ്കിൽ, ബീറാർദേശം മോഗൾചക്രവൎത്തിക്കു വിട്ടുകൊടുക്കുമായിരുന്നോ? എൻെറ ശതനാരീസൈന്യം സഹസ്രാധികം മൊഗൾപ്പട്ടാളത്തെപ്പൊടിതുള്ളിച്ചു് ലോകമൊട്ടുക്കു് കിടുകിടെ വിറപ്പിക്കാതിരിക്കുമോ?"

"ഹ! ഞാനിതാദ്യം അറിഞ്ഞിരുന്നെങ്കിൽ, രക്തദാഹമുള്ള എൻെറ വാൾ അങ്ങയുടെ പുതിയ സേനാപതിയെ വെറുതേ വിട്ടയയ്ക്കുമായിരുന്നോ? എന്നെ സഹായിക്കുന്ന സംഗതി ഇരിക്കട്ടെ; എൻെറ ഉള്ളുതുറന്നുകാണിച്ചിട്ടും കനിവു തോന്നാതെ അങ്ങുതന്നെ എൻെറ നേരേ വൈരിയെപ്പോലെ ആചരിക്കുകയാണോ വേണ്ടതു്? ഞാൻ എന്തു് അപരാധം ചെയ്തിട്ടാണു് അങ്ങു് ഇങ്ങനെ വൈരനിൎയ്യാതനത്തിനു് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നതു?"

ചക്ര: രാജ്ഞി! നിങ്ങൾക്കിത്ര പരിഭ്രമിക്കാനൊന്നുമില്ല. നിങ്ങളുടെ ആഗ്രഹം അചിരേണ സാധിക്കും. ഈ ഛായാപടത്തിൽ കാണുന്ന ബാലാംഗനയെ ഞാൻ ഇതേവരെ കണ്ടിട്ടില്ല.

ഇങ്ങനെ പറഞ്ഞു് അക്ബർ കൈയിലിരിക്കുന്ന പടമെടുത്തു് ഉന്മാദിനിക്കു് കൊടുത്തു. ആ സ്ത്രീ അതു വലിച്ചെറിഞ്ഞു് പൊട്ടിച്ചിരിച്ചു് ഇങ്ങനെ പറയാൻ തുടങ്ങി: "എനിക്കു് പടം നോക്കി സാദൃശ്യം മനസ്സിലാക്കണമോ? ഈ കരിങ്കല്ലുപോലെയുള്ള ഹൃദയത്തിൽ ഭുവനമോഹനമായ ആ വിഗ്രഹം ഉജ്ജ്വലവൎണ്ണത്തിൽ പതിഞ്ഞുകിടക്കുന്നുണ്ടു്. എൻെറ പ്രാണധനത്തെ മാറോടണച്ചു് ഒന്നു ചുംബനംചെയ്യാൻവേണ്ടി ഇതു

വരെത്തിരഞ്ഞുനടന്നു. എന്റെ ഓമനയുള്ള സ്ഥലം കണ്ടുപിടിച്ചു് എന്റെ അടുക്കൽ കൂട്ടിക്കൊണ്ടുവരുവാൻ ചാദഷാസുൽത്താന സപ്രസൈന്യങ്ങളെ പല ദിക്കിലേക്കും അയച്ചു. അങ്ങനെയാണെങ്കിൽ, ഉപായത്തിൽ എന്റെ ജീവിതസർവ്വസ്വത്തെ തട്ടിക്കൊണ്ടുപോരികയാണു ചെയ്തിരിക്കുന്നതു്. ഇതാ ഉന്മാദിനി മുംതാജ്ബീഗം അങ്ങയുടെ മുമ്പാകെ വന്നുനില്ക്കുന്നു. അങ്ങയ്ക്കു ധൈര്യമുണ്ടെങ്കിൽ അധികാരം ഒന്നു പ്രവർത്തിക്കൂ! കാണട്ടെ."

അക്ബർ കുലുക്കംകൂടാതെ ഇങ്ങനെ പറഞ്ഞു:— "നിങ്ങൾ അകാരണമായി എന്റെനേരേ കോപംഭാവിച്ചിരിക്കയാണു്. ഈ ഛായാപടം നോക്കി ആ കുമാരിയുടെ ആകൃതിസാമ്യം മനസ്സിലാക്കി ഇക്കാര്യത്തിലെന്താണു പ്രവർത്തിക്കേണ്ടതെന്നു് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണു് നിങ്ങൾ കടന്നുവന്നതു്. പക്ഷേ, ഈ രഹസ്യത്തിന്റെ മർമ്മം കണ്ടുപിടിക്കുവാൻ എനിക്കു കഴിയുന്നില്ല. ഗിരിറാണി ഉയർന്ന വംശത്തിൽ പിറന്ന ഒരു രജപുത്രിയാണു്. അവർക്കും ഈ ഛായയ്ക്കുംതമ്മിൽ സാദൃശ്യം ഉണ്ടെങ്കിലും, നിങ്ങൾ അന്വേഷിച്ചുനടക്കുന്ന കുട്ടി വേറെയായിരിക്കണമെന്നാണു് എനിക്കു തോന്നുന്നതു്."

ഉന്മാദിനി:—(കൂസൽകൂടാതെ) "ഹാ! ഇതിൽ ഒട്ടുംതന്നെ ശങ്കിക്കാൻ വഴിയില്ല. ഈ ജഗന്മോഹനസ്വരൂപം മററാർക്കുണ്ടാകും? കേൾക്കൂ! നാരീഹൃദയത്തിലെ രഹസ്യം കാലാന്തരത്തിൽ വെളിപ്പെടുമെന്നു ഞാൻ അങ്ങയോടു് ഒരിക്കൽ പറഞ്ഞിട്ടുള്ളതു് ഓർക്കുന്നുണ്ടായിരിക്കാം. ഗിരിറാണി ഒരു രജപുത്രരാജാവിന്റെ പുത്രിയേ? അതേ. പക്ഷേ മുംതാജയുടെ ഉദരത്തിലാണു പിറന്നതു്. എന്റെ നവയൗവനത്തിലെ ആ സന്താനവല്ലിയെ ഒന്നു് ആലിംഗനം ചെയ്യണമെന്നു് ആശിച്ചു വേഷംമാറി ദേശദേശാന്തരം അലഞ്ഞുനടന്നു. അരാവലിമലയുടെ അടിവാരത്തിൽ ഉന്മാദിനിവേഷം ധരിച്ചു ചുററിത്തിരിഞ്ഞു. ആ രാക്ഷസിയുടെ — ദുഷ്ടയായ എന്റെ സപത്നിയുടെ — മകളായ ഹിരണ്മയിയെ അവിടെവച്ചു കണ്ടു. പ്രതാപസിംഹന്റെ മകനൊന്നിച്ചു് ആ കുട്ടി വിഹരിച്ചുകൊണ്ടിരിക്കയായിരുന്നു. അവളെക്കണ്ടു് എന്റെ മനസ്സിലെ അഗ്നി അധികം ജ്വലിച്ചു. അവർക്കു സർവ്വനാശവും ചെയ്തു് അവളുടെ അമ്മയുടെ നേരേയുള്ള പക വീട്ടണമെന്നു ഞാൻ പ്രതിജ്ഞയുംചെയ്തു.

"അവളുടെ അമ്മ എന്നെ മുസൽമാൻസ്ത്രീയെന്നുനിനച്ച്, എന്റെ പ്രാണകാന്തനെ വഴിതെററിച്ച് എന്നിൽനിന്ന് അപഹരിച്ചെടുത്തവളാണെന്നുള്ള സ്മരണ വീണ്ടും ഉണ്ടായി. അവളുടെ മകളെ നീചകുലജാതനായ ഒരു മുസൽമാനെക്കൊണ്ടു കല്യാണം കഴിപ്പിക്കണമെന്ന് ആലോചിച്ചു പല മറിമായങ്ങളും പ്രവർത്തിച്ച് ഒടുവിൽ എന്റെ ആശ സഫലമാകുമെന്ന നിലയിലായി. അനന്തരം അങ്ങു അവിചാരിതമായി ഇടയിൽ കടന്നുകൂടി ഹിരണ്മയിയുടെ വിവാഹത്തിനു വിഘ്നംവരുത്തിക്കൂട്ടിയതു് അങ്ങു് ഓർക്കുന്നില്ലേ? അതെല്ലാം അങ്ങനെ ഇരിക്കട്ടെ! നാളുകളെത്ര വർഷങ്ങളായി മാറിപ്പോയി. എന്റെ ആ പൊന്നോമനയെ കണ്ടുകിട്ടാൻ കഴിഞ്ഞില്ല. ഗത്യന്തരമില്ലാതെ എന്റെ എളയച്ഛന്റെ മകളായ ചാന്ദസുൽത്താനയെ ശരണം പ്രാപിച്ചു. എന്റെ അപേക്ഷാനുസരണമാണു് റാണി ബീറാർ വിട്ടുതന്നു് അങ്ങയോടു സന്ധിചെയ്തതു്. സുൽത്താനയുടെ വാക്കു പ്രകാരംതന്നെയാണു് അങ്ങയുടെ കത്തിൽ ഛായാപടം അടക്കം ചെയ്തതും."

ഇങ്ങനെ പറഞ്ഞു് അവൾ ഭ്രാന്തത്തിയെപ്പോലെ പൊട്ടിച്ചിരിച്ചു സംഭാഷണം തുടൎന്നു. "ഇന്നാണു് എന്റെ ആശ സഫലമാകുന്നതു്. അങ്ങു് ഒന്നു് അനുവദിച്ചാൽ, ഇപ്പോൾതന്നെ ചെന്നു് എന്റെ കോമളത്താമരപ്പൂവിനെ ഒന്നു ചുംബിക്കാമായിരുന്നു. ഈ തപ്തഹൃദയം ഒന്നു തണുപ്പിക്കട്ടെ,"

അക്ബർ:—ഇത്ര പരിഭ്രമിക്കുന്നതു് എന്തിനാണു്? ഇതിനെപ്പററി നിങ്ങളോടു ചിലതൊക്കെ ആലോചിക്കാനുണ്ടു്.

ഉന്മാദിനി:—(പല്ലുകടിച്ചു്) പറയാനുള്ളതു് വേഗം പറയണം. താമസിക്കണ്ട.

അക്ബർ: ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കണം. നിങ്ങളുടെ മകളുടെ മംഗളത്തിനായി—അവളുടെ ഭാവിസുഖത്തിനുവേണ്ടി—ഞാൻ പല വഴികളും ആലോചിച്ചുനോക്കി. ദൈവഗത്യാ റാണാപ്രതാപസിംഹന്റെ മകനായ അജയസിംഹനും ഗിരിറാണിക്കും പരസ്പരം അനുരാഗം അങ്കുരിച്ചിരിക്കുന്നു. അതുകാരണം എന്റെ ഇഷ്ടപ്രകാരം അവരുടെ വിവാഹം ഇന്നുരാത്രി നടക്കാൻപോകുന്നു. മകൾക്കു

മംഗളകരമായ ഒന്നാണു് ഇതെന്നു് നിങ്ങൾക്കും അറിയാമല്ലോ. എന്നാൽ. ഗിരിറാണിയെ ഒരു ഹിന്ദുസ്ത്രീയെന്നാണു് എല്ലാവരും ധരിച്ചിരിക്കുന്നതു്. ഒരു മുസൽമാൻ സ്ത്രീയാണു് അമ്മയെന്നു് ആരുംതന്നെ അറിയില്ല. ഞാനും ഇതുവരെ അറിഞ്ഞിട്ടില്ല. നിങ്ങൾ ഇപ്പോൾ ആ രഹസ്യം പരസ്യമാക്കയാൽ അഭിമാനിയായ ഹിന്ദുരാജാവിന്റെ പുത്രൻ ഈ വിവാഹത്തിനു സമ്മതിക്കയില്ല. അപ്പോൾ നിങ്ങൾതന്നെ നിങ്ങളുടെ മകളുടെ ഭാവിസുഖത്തെ വിഘ്നപ്പെടുത്തുന്നതായിരിക്കും. അതുകൊണ്ടു്, നിങ്ങൾ ഈ വിവാഹം കഴിയുന്നതുവരെ മകളെ കാണരുതെന്നു് അപേക്ഷിക്കുന്നു.

ഉന്മാദിനി:—(വീണ്ടും പല്ലുകടിച്ചു്) ഞാൻ ഇനി അഹമ്മദുനഗരത്തിലേക്കു തിരിച്ചുപോകണമെന്നാണു് അങ്ങയുടെ ഇഷ്ടം അല്ലേ? ഒന്നാംതരം ആലോചന!

അക്ബർ:—വിവാഹം കഴിയുന്നതുവരെ കാണരുതു്. അനന്തരം ഇഷ്ടംപോലെ ആയിക്കോളു!

ഉന്മാദിനി: (ഉറക്കെച്ചിരിച്ചു) അക്ബർഷാ! അങ്ങു ഇതുവരെ ഭാരതഖണ്ഡത്തിന്റെ ചെങ്കോൽ ധരിച്ചിരുന്നാലും നാരീഹൃദയം അറിയാത്ത ആളാണു്! ഈ മാതൃഹൃദയത്തിലെരിയുന്ന ജ്വാലയുടെ ശക്തി അങ്ങേയ്ക്കറിയാമോ? അങ്ങു് അപേക്ഷിച്ചാലും, പേടിപ്പെടുത്തിയാലും, ഈ ഉന്മാദിനിയുടെ പ്രാണൻ ഇപ്പോൾത്തന്നെ പോയാലും ഞാൻ ഈ വാക്കു കേൾക്കുന്നവളല്ല. ഇതാ ഞാൻ പോകുന്നു ഈ നിമിഷം ചെന്നു് എന്റെ തങ്കത്തെ കെട്ടിപ്പിടിച്ചിട്ടേ ഇരിക്കൂ. ധൈര്യമുണ്ടെങ്കിൽ എന്നെ ഒന്നു തടുത്തു നിറുത്തു!

"പൈതലേ വേർവിട്ടുപോയ പശുവിന്റെ—
യാധിപറഞ്ഞറിയിച്ചീടരുതല്ലോ."

ഉന്മാദിനി വീണ്ടും മൂടുപടം തലയിലിട്ടു് അവിടെനിന്നു ബദ്ധപ്പെട്ടുപോയി. അക്ബർ നിശ്ചേഷ്ടനായി നിന്നു.

# പന്ത്രണ്ടാം അദ്ധ്യായം

---

**കണ്ടുപിടിച്ചു.**

ഇന്നു വസന്തപൌൎണ്ണമി, നിലാരാത്രികാലം, ദുൎഗ്ഗത്തിലെങ്ങും മഹോത്സവമുള്ള ദിവസം. ഗിരിറാണിയെ അജയനു വിവാഹംചെയ്തുകൊടുക്കുന്ന ശുഭകൎമ്മം നടക്കുവാൻപോകുന്നു. എല്ലാവരുടെ മുഖത്തും ഉന്മേഷവും ഉത്സാഹവും സ്ഫുരിച്ചു. സമീപപ്രദേശത്തുള്ള ക്ഷത്രിയമഹാനുഭാവന്മാർ പലരും ക്ഷണാനുസരണം സന്നിഹിതരായിട്ടുണ്ടു്. കോട്ടയുടെ പുരോഭാഗമെങ്ങും തോരണങ്ങളും, പൂമാലകളും കൊടിക്കൂറകളുംകൊണ്ടു് അലംകൃതമായിരിക്കുന്നു. ഗായികാഗായകന്മാരുടെ സംഗീതശബ്ദവും, വിവിധവാദ്യഘോഷങ്ങളും വസന്തമന്ദമാരുതനിൽക്കൂടെ അന്തരീക്ഷത്തിലും, പൂൎണ്ണാനദിയുടെ ലീലാതരംഗങ്ങളിലും മാറെറാലിക്കൊണ്ടു. സമീപത്തു ചക്രവൎത്തിയുടെ ശിബിരം കാണുന്നു; അരനാഴികയോളം അകലെയായി അജയൻെറ കൂടാരം അടിച്ചിട്ടുണ്ടു്.

രാത്രി രണ്ടാം യാമമായി. വസന്തസമാഗമത്താൽ കുളിൎത്തുതളിൎത്തുനില്ക്കുന്ന തരുലതകളാൽ അടുത്തുള്ള ആരാമം അഭിരാമമായിരുന്നു. പരിമളവാഹിയായ ഇളങ്കാററു് കല്ലോലിനിയിലെ കുളിർനീററിൽ കുളിച്ചു പുതുതായിവിരിഞ്ഞ പൂങ്കുലകളെ പുണൎന്നു് ആ പുഷ്പവാടിയെ പുളകിതമാക്കിക്കൊണ്ടിരുന്നു. കിളികളുടെ കളകൂജിതങ്ങളാലും ഫുല്ലകുസുമങ്ങളാലും ചേതോഹരമായി തലയുലച്ചുകൊണ്ടുനിൽക്കുന്ന ഒരു കദംബതരുവിൻെറ ചുവട്ടിൽ പുഷ്പാലങ്കാരധാരിണിയായി ഗിരിറാണി ഇരിക്കുന്നുണ്ടു്. പരിമള ഗിരിറാണിയുടെ ചരണങ്ങളിൽ ചെമ്പഞ്ഞിച്ചാറു് പൂശിക്കൊണ്ടിരിക്കയാണു്. മററു സഖിമാർ ഓരോരുത്തരും ഓരോ പ്രവൃത്തിയിൽ വ്യാപൃതകളായിരുന്നു. ഒരുത്തി വീണാവാദനത്തിലാണു് ഏൎപ്പെട്ടിരിക്കുന്നതു്; ചിലർ പൂവറുത്തുകൊണ്ടിരിക്കയാണു്. വേറേചിലർ പൂമാല കെട്ടുന്നു. കുറേ തോഴിമാർ അന്നു രാത്രിയിലെ നവദമ്പതികൾക്കു ശയനഗൃഹത്തിലേക്കു പൂമെത്ത തയ്യാറാക്കുന്ന തിടുക്കമാണു്.

ആ സമയം ഒരു രജപുത്രഭടൻ മെല്ലെ മെല്ലെ കടന്നു വന്നു ഗിരിറാണിയെ നമസ്കരിച്ചു റാണി പരിഭ്രമിച്ചു്; നിംങ്ങളാരാണു് എന്നു ചോദിച്ചു.

രാജഭടൻ:—ഇന്നു ഇവിടെ സന്തോഷകോലാഹലം. ലോകൈകസുന്ദരിയായ ഗിരിറാണിക്കും ഞങ്ങളുടെ അജയസിംഹരാജകുമാരനും തമ്മിൽ വിവാഹം നടക്കുവാൻ പോകുന്നുവെന്നറിഞ്ഞു; അതിദൂരമായ മിവാരദേശത്തുനിന്നു ഈ രജപുത്രഭടൻ ആ മഹോത്സവംകാണുവാൻ കാംക്ഷിച്ചുവന്നതാണു്. ദേവി! ഇന്നു ഈ സാധുവിൻെറ ആഹ്ലാദത്തിനു അതിരില്ല. നവദമ്പതികൾക്കു പരിണയപാരതോഷികമായി ഈ പുഷ്പാലങ്കാരങ്ങൾ കൊണ്ടുവന്നിരിക്കുന്നു. അവിടുന്നു ദയാപൂർവം ഈ നിസ്സാരസമ്മാനം സ്വീകരിക്കണേ!

ആ യുവാവു് ഒരു കെട്ടിൽനിന്നു രണ്ടു പുഷ്പകിരീടം എടുത്തു ഗിരിറാണിയുടെ പാദാന്തികത്തിൽവെച്ചു്, "ഇവൻ വളരെ കഷ്ടപ്പെട്ടു്, രാത്രിയിൽ മുഴുവൻ ഉറക്കമൊഴിച്ചു് തയ്യാറാക്കിയതാണു് ഇതു രണ്ടും. അവിടുന്നു ഈ സാധുവിൻെറ തിരുമുൽക്കാഴ്ചയെ കൈക്കൊള്ളുന്നപക്ഷം ഇവൻെറ ശ്രമം സഫലമായി" എന്നു അറിയിച്ചു.

അതിവിചിത്രമായി പണിചെയ്ത ആ കിരീടങ്ങൾ നോക്കി ഗിരിറാണിയും പരിമളയും പകച്ചുനിന്നുപോയി. കുസുമസമൂഹത്താൽ ഇത്ര കമനീയമായ ഒരു അലങ്കാരം ഉണ്ടാക്കാമെന്നു് അവർ വിചാരിച്ചിരുന്നില്ല പുഷ്പങ്ങളുടെ വിചിത്രവർണ്ണംകൊണ്ടും വിവിധസൌരഭ്യംകൊണ്ടും കണ്ണും കരളും കവരുന്ന ആ കിരീടം രണ്ടും ഗിരിറാണിയുടെ ചരണാന്തികത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നു

ഗിരി:—എവിടെനിന്നാണു് ഇത്ര മനോഹരങ്ങളായ പുഷ്പങ്ങൾ കിട്ടിയതു്?

ഭട—ഞാൻ ഇന്നലെ രാത്രി ഇക്കാട്ടിൽ ഓരോ മരവും ഓരോ വള്ളിയും തേടിപ്പിടിച്ചു സമ്പാദിച്ചതാണു്.

പരി. ഇങ്ങനെ കെട്ടിയുണ്ടാക്കിയതാരാണു്?

ഭട: ഇതു് എൻെറ സ്വന്തംകൈകൊണ്ടുതന്നെ പണിചെയ്തതാണു്. പുഷ്പസമൃദ്ധിക്കു പ്രസിദ്ധപ്പെട്ട എൻെറ ജന്മഭൂമി

യായ മീവാരത്തുവെച്ച് ചെറുപ്പകാലത്ത് ഞാൻ പുഷ്പാലങ്കാരങ്ങൾ ഉണ്ടാക്കിപ്പരിശീലിച്ചിട്ടുണ്ട്. അന്നു പഠിച്ചതു് ഇന്നാണു ഫലിച്ചതു്.

പരിമള കുറേനേരം ഭടന്റെ മുഖത്തു സൂക്ഷിച്ചുനോക്കി ഒന്നു ചിരിച്ചു്, "പുരുഷന്മാർക്കുണ്ടോ പൂക്കൾകൊണ്ടു ഇങ്ങനെയൊക്കെ കെട്ടിയുണ്ടാക്കാൻ പരിചയം? നിങ്ങളെ എവിടെയോ വെച്ചു കണ്ടതുപോലെ തോന്നുന്നു. ഇതിനുമുമ്പ് നിങ്ങളീരാജ്യത്തു വരികയുണ്ടായിട്ടില്ലേ?" എന്നു ചോദിച്ചു.

ആ ഭടൻ സഖിയുടെ ചോദ്യത്തിന്നു് ഉത്തരം ഒന്നും പറയാതെ, "ദേവി! പോവാൻ കല്പനതരണം. രാത്രി വീണ്ടും വന്നുകൊള്ളാം" എന്നു അറിയിച്ചു.

പരിമള പെട്ടെന്നു അടുത്തുവന്നു് ആ യുവാവിന്റെ കൈപിടിച്ചു ചിരിച്ചുകൊണ്ടു്, "എവിടേയ്ക്കാണു പോകുന്നതു്? ഞാൻ ചോദിച്ചതിനു സമാധാനംതന്നിട്ടു പോവു" എന്നു തടഞ്ഞു.

ഗിരിറാണി ഒട്ടും രസിക്കാത്ത ഭാവത്തിൽ സഖിയോടു്, "ഛീ! നിനക്കു് അശേഷം ലജ്ജയില്ലല്ലോ. ഒരു ചെറുപ്പക്കാരനോടുകൂടി ഇങ്ങനെ കളിക്കാനും ചിരിക്കാനും" എന്നു പറഞ്ഞു.

പരിമള ആ യുവഭടന്റെ കൈപിടിച്ചു വീണ്ടും ചിരിച്ചു "താടിയും മീശയും കണ്ടുകൂടുമ്പോഴേയ്ക്കും ആണാണെല്ലായോ? ആ വേഷം പെണ്ണുങ്ങൾക്കുമാവാം. നിങ്ങൾക്കോർമ്മയുണ്ടോ മുമ്പൊരിക്കൽ നാം ഒരു യുവയോഗിയെ കാണുകയുണ്ടായില്ലേ? അയാൾക്കു ജടയുംകൂടെ ഉണ്ടായിരുന്നു പക്ഷെ, അയാൾക്കും ഇതുമാതിരി നീലപത്മം പോലെയുള്ള നീണ്ട കണ്ണുകളും മനോഹരമായ കടാക്ഷവിക്ഷേപങ്ങളും ബന്ധുരമായ അധരവും, കനകലതപോലെയുള്ള കളേബരവും നിങ്ങളുടെ മുരളിയിൽനിന്നു നിർഗ്ഗളിക്കുന്ന ലളിതനാദംപോലെയുള്ള കണ്ഠസ്വരവും ഉണ്ടായിരുന്നു. അതിനു ലക്ഷ്യം വേണമെങ്കിൽ നോക്കൂ" എന്നു പറഞ്ഞു് ഭടന്റെ താടിയും മീശയും ബലമായി പിടിച്ചുവലിച്ചു.

അയാളുടെ കൃത്രിമമായ താടിയും മീശയും അഴിഞ്ഞുവീണു. ഉപായത്തിൽ ഒതുക്കിക്കെട്ടിവച്ചിരുന്ന നീണ്ടുചുരുണ്ട പൂഞ്ചായൽ നിലത്തുകിടന്നിഴഞ്ഞു. ഉന്നതമായ ഉരസ്സ് തിരമാല

യാൽ മേല്പോട്ടു തള്ളപ്പെട്ട കമലകോരകംപോലെ കമ്പിതമായി. കാർമ്മേഘപടലത്തിൽനിന്നു നിർമ്മുക്തമായ പൂർണ്ണേന്ദുപോലെ മുഖമണ്ഡലം ദിവ്യകാന്തിയാൽ ദീപ്തമായി. ആ രജപുത്രഭടൻ അമാനുഷികസൗഷമയോടുകൂടിയ ഒരു തരുണിയായി രൂപാന്തരപ്പെട്ടു.

ഗിരിറാണി പരിമളയെക്കാൾ പതിന്മടങ്ങു് അമ്പരന്നുപോയി. സഖി ആ സൗന്ദര്യരാശിയെ കുറേനേരം മിഴിച്ചുനോക്കി റാണിയോടു്, "റാണി, കണ്ടില്ലേ? ഞാൻ പറഞ്ഞതിപ്പോൾ നേരോ കളവോ? ഈ യുവതിയെ എന്നു ഞാൻ സന്യാസിവേഷത്തിൽ കണ്ടുവോ അന്നുതന്നെ ഒരു പുരുഷനല്ലെന്നു് മനസ്സിലാക്കിയിരിക്കുന്നു. കവിഞ്ഞൊഴുകുന്ന ഈ കാമിനീകാന്തിയുണ്ടോ പുരുഷവേഷം കെട്ടിയാൽ മാഞ്ഞുപോകുന്നു?"

ഗിരിറാണി ആശ്ചര്യപ്പെട്ടു് "ഇതെന്തു കഥ? എനിക്കൊന്നും മനസ്സിലാവുന്നില്ല. സംഗതിയൊക്കെ ചോദിച്ചുനോക്കു! പരിമളേ! കേൾക്കാൻ വളരെ കൌതുകമായിരിക്കുന്നു".

പരിമള ആ വനിതാരത്നത്തിന്റെ കൈപിടിച്ചു 'സ്വാമികളെ അവിടത്തെ ആശ്രമം എവിടെയാണാവോ?'

ഗിരി:—പരിമളേ! ദുശ്ശ്രോദംവിട്ടു വിവരമൊക്കെ ചോദിച്ചു് അറിയൂ.

പരി:—(കൈകൂപ്പി) സ്വാമിതൃപ്പാദങ്ങളേ! അവിടത്തെ ഉപാസനാമൂർത്തി ഏതാണു്? എന്നാണു നിർവ്വികല്പസമാധി? ഏതു രാജസിംഹാസനം കൈവശമാക്കുവാൻ കാംക്ഷിച്ചിട്ടാണു് ഈ മോഹനവദനം ജടയും താടിയുംകൊണ്ടു് വികൃതമാക്കി താപസവേഷംപൂണ്ടു് അലഞ്ഞിരുന്നതു്? ഈ കമനീയമായ മേനി കാവിവസ്ത്രംകൊണ്ടു മറച്ചു നടന്നിരുന്നതെന്തിനാണു്? ഇപ്പോഴത്തെ ഈ വേഷഭേദത്തിന്റെ സാരമെന്താണു്?

ഹിരണ്മയി പരിമളയുടെ ചോദ്യത്തിനു് ഉത്തരമൊന്നും പറയാതെ, ഗിരിറാണിയുടെ അരികെ ചെന്നുനിന്നു. പരിമള വീണ്ടു ഹിരണ്മയിയുടെ ചാരത്തുചെന്നു് ഒരു കൈ അവളുടെ ചുമലിൽവെച്ചു മറേറ കൈകൊണ്ടു് കവിൾത്തടം തടവി നില്പായി.

ഹിരണ്മയി ഗിരിറാണിയോടു്, "കല്പിച്ചാൽ പോകാമായിരുന്നു" എന്നു പറഞ്ഞു. ഗിരിറാണി എഴുന്നേറ്റു് അവളുടെ കൈപിടിച്ചു് "നിങ്ങളാരാണു്? പറയൂ, വിവരമറിയാൻ വളരെ ആഗ്രഹമുണ്ടു്"

ഹിരണ്മയി റാണിയെ ആലിംഗനംചെയ്തു്, "ദേവി! ക്ഷമിക്കണം. എന്റെ ഊരും പേരും മറ്റും പറയാനുള്ള അവസരമല്ലാ ഇതു്. ഈ ശുഭദിവസം എന്റെ ദുഃഖവൃത്താന്തം പറഞ്ഞറിയിച്ചു്, നിങ്ങളുടെ മൃദുലഹൃദയത്തിൽ എന്തിനു് വിഷാദമുണ്ടാക്കിത്തീർക്കുന്നു? ശുഭവിവാഹകർമ്മം കഴിയട്ടെ! അജയസിംഹന്റെയും ഗിരിറാണിയുടെയും മനസ്സു് പരസ്പരം ഇണങ്ങി ദാമ്പത്യസുഖത്തിൽ ലയിക്കട്ടെ! അനന്തരം ആനന്ദഭരിതമായ അന്തരംഗത്തോടുകൂടി ഞാൻ അരികേവന്നു് എല്ലാ സംഗതികളും സവിസ്തരം പറഞ്ഞുകേൾപ്പിച്ചേക്കാം. അപ്പോൾ എല്ലാം വ്യക്തമാവും" എന്നു പറഞ്ഞു.

പാർശ്വത്തിൽ അശോകവൃക്ഷത്തിന്റെ അന്തരാളത്തിൽനിന്നു്, ആരോ ഉറക്കെ, "എല്ലാം മനസ്സിലായി, എല്ലാം അറിഞ്ഞു" ഇങ്ങനെ ഒരു ശബ്ദവും അതോടുകൂടി കൈത്താളവും മുഴങ്ങി. എല്ലാവരും പരിഭ്രമിച്ചു് ആ ഭാഗത്തേക്കു നോക്കി; ഒരു ഭ്രാന്തത്തിയുടെ വരവാണു് കണ്ടതു്. ഹിരണ്മയി ഉന്മാദിനിയെ മിഴിച്ചുനോക്കി, മാറത്തു കൈവച്ചു തലതിരിഞ്ഞു നിലത്തിരുന്നുപോയി. ഗിരിറാണിയും സഖിയും പേടിച്ചുവിറച്ചു് അന്യോന്യം കെട്ടിപ്പിടിച്ചു് ആ വികൃതവേഷത്തെ നിഷ്പന്ദമായ്നോക്കിക്കൊണ്ടു നിന്നു. ഉന്മാദിനി പരിമളയെ വേർപെടുത്തി നിലത്തു മറിച്ചിട്ടു് ഗിരിറാണിയെ കെട്ടിപ്പിടിച്ചു്, "എന്റെ പൊന്നോമനെ! എന്നെ ഒന്നു് മുറുകെപ്പുണർന്നു് ഉരുകുന്ന ഈ ഉന്മത്തഹൃദയം ഒന്നു തണുപ്പിക്കു. ഞാൻ നിന്റെ അമ്മ മുംതാജ്ബീഗം. നിന്നെക്കണ്ടു് ഒന്നു് ആലിംഗനംചെയ്യാൻ വേണ്ടി, ഈ പതിനാറുവർഷം ഒരു ഉന്മാദിനിയുടെ വേഷത്തിൽ ദേശദേശാന്തരം അലഞ്ഞുനടന്നു, മകളേ" എന്നുപറഞ്ഞു പൊട്ടിക്കരഞ്ഞു.

# പതിമൂന്നാം അദ്ധ്യായം

---

## ഒരു ഗീതം.

സന്ധ്യാരാഗം ക്രമേണ മങ്ങി. ചന്ദ്രന്റെ മൃദുലകരങ്ങൾ പൂണ്ണാനദിയുടെ ശീതളവും തരളവുമായ വക്ഷസ്സിൽ പെരുമാറിക്കൊണ്ടിരുന്നു. അമരനന്ദിനിയായ ആ നദി പ്രേമോല്ലാസങ്ങളെ തരംഗങ്ങളെപ്പോലെ പുറത്തേക്കുതള്ളി, നമുക്കറിയാൻ വയ്യാത്ത ഏതോ സ്വർഗ്ഗീയഭാഷയിൽ ചന്ദ്രനോടുകൂടി സല്ലാലാപം ചെയ്തുകൊണ്ടിരുന്നു.

പൂനിലാവിൽ ആറാടിയ ആ നിർജ്ജനപ്രദേശത്തു്, ആ നദീതടത്തിൽ, ഹിരണ്മയി ഏകാകിനിയായി വിലപിച്ചുകൊണ്ടിരിക്കുന്നു. ബാല്യംമുതല്ക്കു് തന്റെ ജീവിതകാലത്തിൽ സംഭവിച്ച സംഗതികളെല്ലാം ഓരോന്നായി പലകുറി അവളുടെ ഹൃദയത്തിൽ നിഴലാടിത്തുടങ്ങി. കുറേക്കഴിഞ്ഞപ്പോൾ ആ സുകുമാരി ഉത്തരീയംകൊണ്ടു് കണ്ണീർ തുടച്ചു് ഇങ്ങനെ മനോഗതം ചെയ്തു: "ഇന്നു ഗിരിറാണിക്കും അജയസിംഹനും തമ്മിലുള്ള വിവാഹം നടക്കും. എന്റെ അജയന്റെയും ഗിരിറാണിയുടേയും നിർമ്മലഹൃദയങ്ങൾ ഇന്നു പ്രേമപാശത്താൽ എന്നെന്നേയ്ക്കുമായി ദൃഢബദ്ധമാകാൻപോകുന്നു. ഈ ദിവസം, ഹാ! ചെറുപ്പകാലംമുതല്ക്കേ ജീവിതദൈവതമായ അജയന്റെ മനോരംഗത്തിൽനിന്നു് ദുർഭഗയായ ഹിരണ്മയിയുടെ പ്രതിഛായ മാഞ്ഞുമറഞ്ഞുപോകും. എന്നാൽ പിന്നെ എന്തിനാണു് ഈ ശുഭദിവസം, ഈ ഉത്സവസമയം ദൈവഹതയായ ഈ ഹിരണ്മയിയുടെ നയനജലംകൊണ്ടു് പൂണ്ണാനദിയിലെ പുണ്യസലിലത്തെ കലുഷിതമാക്കുന്നതു്? എന്റെ അജയൻ—എന്റെ ആരാധനാമൂർത്തി—എന്നിൽനിന്നകന്നു ഗിരിറാണിയുടെ പ്രാണധനമാവാൻപോകുന്നുവെന്നുകരുതി ദുരിതപൂരിതമായ ഈ ഹൃദയം ഇത്ര ഇളകിമറിയുന്നതെന്തിനു്? ഇല്ല, ജഗദീശ്വരാ! സത്യസ്വരൂപ! എല്ലാം അവിടേയ്ക്കറിയാം. അജയന്റെ ഒരു നിമിഷനേരത്തെ സുഖത്തിന്നുവേണ്ടി ഈയുള്ളവളുടെ തുച്ഛമായ ജീവനെ നൂറുകുറിവേണമെങ്കിലും അർപ്പിക്കുവാൻ ഞാനൊരുക്കമാണു്. പക്ഷെ, ഹാ ദൈവമേ! ഇന്നു് ഉന്മാദിനിയുടെ മുഖ

ത്തുനിന്നു കേട്ടതെന്താണു്? ഗിരിറാണി ഒരു മുസൽമാൻസ്ത്രീയായ മുംതാജ്ബീഗത്തിന്റെ മകളാണെന്നോ? ഒടുവിൽ ഹിന്ദുവീരനായ റാണാ പ്രതാപസിംഹന്റെ മകൻ ഒരു യവനരാജ്ഞിയുടെ മകളെ വിവാഹം ചെയ്യുമെന്നോ? സാധു അജയൻ ഇതൊന്നുംതന്നെ അറികയില്ല. പക്ഷെ വിവാഹശേഷം ഈ രഹസ്യം പരസ്യമായിത്തീരും; ആനന്ദാതിരേകം അതിരററ അനൎത്ഥമായി പരിണമിക്കും. ഈശ്വരാ! അമൃതപൂൎണ്ണകുംഭത്തിൽ എന്തിനു കട്ടകോളം കാകോളംകലൎത്തി! 'ഈശ്വരവിലാസങ്ങളാൎക്കുപോലറിയാവൂ'

ഹിരണ്മയി അവിടെത്തന്നെ ഇരുന്നു് ഇങ്ങനെ വളരെനേരം ഓരോന്നാലോചിച്ചു. "അജയന്റെ അരികെച്ചെന്നു് ഈ ഭയങ്കരരഹസ്യം അറിയിച്ചാലോ? വേണ്ട; ഈ ഭാഗ്യഹീനയുടെ സ്മരണ രണ്ടുവർഷത്തിന്നുള്ളിൽ മനസ്സിൽനിന്നു മാൎജ്ജനംചെയ്യാൻ കഴിയാത്തപക്ഷം താൻ പ്രാണപരിത്യാഗം ചെയ്യുന്നതാണെന്നു് അജയൻ അച്ഛനോടു ശപഥംചെയ്തിട്ടുണ്ടു്. ഈ വിവാഹം നടക്കാത്തപക്ഷം, ഈ ഭാഗ്യംകെട്ടവളുടെ പ്രതിച്ഛായ അജയന്റെ അന്തരംഗത്തിൽ പതിഞ്ഞുനില്ക്കുന്നതായാൽ സത്യവ്രതനായ അജയൻ സ്വപ്രതിജ്ഞ നിറവേററാതിരിക്കയില്ല." ഈയവസരത്തിൽ എന്താണു് ചെയ്യേണ്ടതെന്നു് ഹിരണ്മയിക്കു തോന്നിയില്ല. അശ്രുപ്രവാഹത്താൽ പ്രക്ഷാളിതമായ അവളുടെ കണ്ണിനുമുമ്പാകെ, ചൈവൃതിരമാലകളുടെ ചേതോഹരമായ നടനത്താലും നാനാവിധതാളമേളങ്ങളാലും ആ തരംഗിണി പൂൎണ്ണനിശാകരനോടുകൂടി പ്രേമനാടകം അഭിനയിച്ചുകൊണ്ടിരുന്നു. ആ കാഴ്ച കണ്ടിരുന്ന ഹിരണ്മയിയുടെ ഹൃദയത്തിൽ പണ്ടൊരിക്കലും അനുഭൂതമാകാത്ത ഒരു വികാരസംരംഭം പെട്ടെന്നു് അങ്കുരിച്ചു. ജാഗ്രദവസ്ഥയിൽ അവൾ സ്വപ്നം കണ്ടു. വസന്തകാലത്തിലെ വെളുത്തവാവുദിവസം ചന്ദ്രികാപുളകിതമായ രാത്രിയിൽ അവൾ രാജധാനിയുടെ പാൎശ്വത്തിലുള്ള പൂങ്കാവനത്തിൽ അജയനോടുകൂടി ഊഞ്ഞാലാടിക്കൊണ്ടിരുന്നതായും; അജയൻ തന്നെപ്പിടിക്കുവാൻ ചിരിച്ചോടിവരുന്നതായും, താൻ അകലെനിന്നു് അജയന്റെനേരെ അശോകപ്പൂക്കൾ പറിച്ചെറിഞ്ഞു് പാട്ടുപാടി ഓടിപ്പോയതായും തോന്നി. ഹിരണ്മയി ഹൃദയത്തിന്റെ ഈ വികൃതാവസ്ഥയിൽ താനേ മറന്നു് ഉച്ചകണ്ഠത്തിൽ ഇങ്ങനെ പാട്ടുവാൻ തുടങ്ങി:

ജീവിതദൈവതമേ! പൂ-
ങ്കാവിലണിപ്പൂനിലാവെഴും രാവിൽ
നാം വിഹരിച്ചിടിന നാൾ
ഭാവിയിതാണെന്നതാരു ഭാവിച്ചു ?

പെട്ടെന്ന്, പൂങ്ങ്നിറ്റുവിൻെറ കിരണധോരണിയിൽ മുങ്ങിക്കിടന്നിരുന്ന നഭോമണ്ഡലം മദ്ധ്യാഹ്നസൂര്യനാലെന്നപോലെ ദീപ്തമായിത്തീൎന്നു. നദിയുടെ പ്രവാഹശബ്ദത്തെ അധഃകരിക്കുന്ന ഒരു വാദ്യഘോഷം കേൾക്കാറായി. ഇന്നു രാത്രി രണ്ടാംയാമത്തിലാണു് വിവാഹമുഹൂൎത്തം അക്ബർ അജയനെ അകമ്പടിയോടും അനേകം ദീപമാലകളോടും വിവിധ വാദ്യഘോഷങ്ങളോടുംകൂടി വിവാഹമണ്ഡപത്തിലേക്കു കൂട്ടിക്കൊണ്ടുവരികയാണു്. മുമ്പിൽ ചക്രവൎത്തി; പാൎശ്വത്തിൽ ദാനവദമനൻ എന്ന ശ്വേതാശ്വത്തിൻെറ പുറത്തു് അജയൻ. അയാൾക്കു് അതിപ്രിയപ്പെട്ട ഈ കുതിരയെ ആഗ്രായിൽനിന്നു് അക്ബർ ആളയച്ചു വരുത്തിയതാണു്. അജയൻെറ മുഖം വാടിയിരിക്കുന്നു. മനസ്സു് മൎമ്മവേദനയാൽ പീഡിതമായതുപോലെ തോന്നുന്നു. അക്ബർ അജയനെ വാത്സല്യമസൃണമായ വിലോചനങ്ങളാൽ നിരാജനംചെയ്തു് "അജയകുമാര! ഈ സന്തോഷകരമായ സന്ദൎഭത്തിൽ നിങ്ങളെ മ്ലാനമുഖനായിക്കണ്ടിട്ടു് എനിക്കു് മനസ്സിനു് ഒരു വല്ലായ്മ തോന്നുന്നു" എന്നു പറഞ്ഞു.

അജയൻ തൊണ്ടയിടറി "പ്രഭോ, ഈ വാദ്യങ്ങളുടെ സാന്ദ്രശബ്ദത്താൽ ഹൃദയാന്തരാളത്തിൽ ശൂലം തറച്ചതുപോലെ തോന്നുന്നു. സംഗതി മനസ്സിലാവുന്നില്ല. ആ ശബ്ദമൊക്കെ ഒന്നു നിൎത്തുവാൻ കല്പിച്ചാൽ കൊള്ളാം" എന്നപേക്ഷിച്ചു.

ചക്രവൎത്തിയുടെ കല്പനപ്രകാരം വാദ്യഘോഷങ്ങളെല്ലാം തൽക്ഷണം നിലച്ചു.

അജയസിംഹൻ വീണ്ടും തീക്ഷ്ണദൃഷ്ടിയോടെ നോക്കി: "ഇത്ര വിളക്കുകൾ എന്തിനാണു്? ഉടനെ ഇതെല്ലാം ഒന്നായി നിശ്ശബ്ദമായ അന്ധകാരത്തിൽ ലയിച്ചുപോകട്ടെ എന്നാണു് എൻെറ ആശയും അൎത്ഥനയും"

ചക്രവൎത്തി, "കുമാര! ഞാനൊന്നപേക്ഷിക്കുന്നു, ഈ ശുഭാവസരത്തിൽ പ്രസന്നവദനനായി പ്രശാന്തഹൃദയനായി

എല്ലാവരേയും ആശ്വസിപ്പിക്കൂ! നിങ്ങളും ആഹ്ലാദിതനായി എന്റെ അഭിലാഷം സഫലമാക്കിത്തീർക്കണേ; ഗിരിറാണിയുടെ പ്രണയപ്രകർഷത്തിന്നു തക്ക പ്രതിഫലം നൽകാൻ മടിക്കരുതേ!"

ഇങ്ങനെപറഞ്ഞു് അക്ബർ വീണ്ടും വാദ്യഘോഷങ്ങൾ ആരംഭിക്കുവാനാജ്ഞാപിച്ചു. അജയൻ പെട്ടെന്നു പരിഭ്രാന്തനായി ഇടറിയ സ്വരത്തിൽ ഉറക്കെ "വേണ്ട! വേണ്ട! വരട്ടെ, എല്ലാവരും നിശ്ശബ്ദമായി ശ്രദ്ധിക്കുവിൻ. അവിടുന്നും കേൾക്കണേ" എന്നു ശബ്ദിച്ചു.

ചക്രവർത്തി:—എന്തു്, എന്താണു് കേൾക്കുന്നതു്?

അജയസിംഹൻ:—പൂർണ്ണാനദീതീരത്തു് ആരാണു് പാടുന്നതു്? അറിയാമോ?

അക്ബർ മനസ്സിരുത്തിക്കേട്ടു. നദീതീരത്തിരുന്നു് ആരോ അമൃതമധുരമായി ഉച്ചസ്വരത്തിൽ പാടുന്നതു കേൾക്കാറായി. അജയസിംഹൻ ചക്രവർത്തിയോടു് "അവിടുന്നു സമയം കുറച്ചു് ഇട തരണം. ഉടനെ തിരിച്ചു വന്നേക്കാം. എന്റെ ഇഷ്ടജനം ആരോ ഇവിടേക്കുവരുവാൻ ധൈര്യമില്ലാതെ ദൂരത്തിരിക്കുന്നതായ്തോന്നുന്നു. ആ പാടുന്നതു് ആരാണെന്നു പോയിനോക്കിവരട്ടെ"

---

# പതിനാലാം അദ്ധ്യായം

## പവിത്രജലഗർഭം

അജയസിംഹൻെറ വെള്ളക്കുതിര ഒരു നിമിഷത്തിനകം നദീതീരത്തു കുതിച്ചെത്തി. വകഞ്ഞുകെട്ടാതെ ചിന്നിച്ചിതറി ചേരുപുരണ്ട ചികുരഭാരമുള്ള ഒരു യുവതി ഏകാകിനിയായി കൈത്താളം പിടിച്ചു പാടിക്കൊണ്ടിരിക്കുന്നു. അജയൻ കുതിരപ്പുറത്തുനിന്നിറങ്ങി അവളുടെ മുമ്പാകെ ചെന്നു. അവളാകട്ടെ പെട്ടെന്നു പരിഭ്രമിച്ചെഴുന്നേററു. അജയൻ ബാല്യകാലം മുതല്ക്കേ ഏതു ദേവിയുടെ വിഗ്രഹത്തെ തൻെറ മനോമന്ദിരത്തിൽ വെച്ചു പൂജിച്ചിരുന്നുവോ, ഏതിനെ ആ സ്ഥാനത്തുനിന്നു നീക്കിക്കളഞ്ഞു മറെറാന്നിനെ പ്രതിഷ്ഠിക്കാൻ പ്രേരിതനായിരിക്കുന്നുവോ ആ അതുലമോഹനമൂർത്തി ഇതാ സജീവമായി അജയസമക്ഷം പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ദേവാംഗനയായ ഹിരണ്മയിക്കും മനുഷ്യലോകാബലയായ ഗിരിറാണിക്കും സാമ്യമോ?

അജയൻ ഹിരണ്മയിയുടെ ചരണതലത്തിൽ വീണു "ഹിരണ്മേ! ദേവി! പ്രേമസർവ്വസ്വമേ! സർവ്വാപരാധം ക്ഷമിക്കണമേ! ഭവതിയുടെ അമൃതമയമൂർത്തിയെ ഒന്നു ആലിംഗനം ചെയ്തു എൻെറ താപാനലജ്ജ്വാലയെ ഒന്നു ശമിപ്പിക്കട്ടെ" എന്നു പറഞ്ഞു.

ഹിര: — ഇതെന്താണു് അജയ? ഗിരിറാണിയെ പാണിഗ്രഹണം ചെയ്യുന്ന ഈ സുദിനത്തിൽ ദുർഭഗയായ എന്നെ എന്തിനാണു് സ്മരിക്കുന്നതു്?

അജയൻ: — ഹാ! ഹിരണ്മേ! നിനക്കറിഞ്ഞുകൂടാ. നിൻെറ സിംഹാസനത്തെ നിന്നിൽനിന്നു അപഹരിച്ചു മറെറാരുത്തിക്കു കൊടുക്കത്തക്ക കൃതഘ്നനല്ല അജയൻ. എൻെറ മനസ്സിൽ കത്തിയെരിയുന്ന കഠോരവഹ്നിയുടെ ചൂടു നീയുണ്ടോ അറിയുന്നു? ഈ ഹൃദയാസനത്തിൽനിന്നു നിന്നെ ബഹിഷ്കരിക്കുവാൻ കമലാസനനുംകൂടി കഴികയില്ല.

ഹിര:—(തേങ്ങിക്കരഞ്ഞു) "എന്തുചെയ്യട്ടെ! അങ്ങയുടെ പവിത്രമായ സിംഹാസനത്തിന്നു കളങ്കിതയായ ഇവൾ യോഗ്യയല്ലല്ലോ.

അജയൻ ഹിരണ്മയിയെ കണ്ടാലിംഗനംചെയ്തു് "ഇന്നു വസന്തപൗർണ്ണമി. വരൂ, ഹിരണെ! ഈ വെള്ളിച്ചാറു പൂശുന്ന വെണ്ണിലാവിൽ കളനാദമുള്ള ഈ കല്ലോലിനിയുടെ തീരത്തു ചെറുപ്പത്തിൽ നാം ഇരിക്കാറുള്ളപോലെ ആക്കാലത്തെ മൃദുലശാന്തചേതസ്സോടുകൂടി യഥേഷ്ടം വിഹരിക്കുക" എന്നു പറഞ്ഞു ബാഹുക്കൾ നീട്ടി.

ഹിരണ്മയി പരാങ്മുഖയായി; "വേണ്ട, അജയ! എന്റെ സുഖകാലമൊക്കെ അസ്തമിച്ചു ആ സുഖസ്വപ്നം അവസാനത്തെക്കുറി കണ്ടുകഴിഞ്ഞു. ഞാൻ സവിനയം അപേക്ഷിക്കുന്നു; ഇപ്പോൾ പോകണം. ഇങ്ങനെ ഗിരിറാണിയൊന്നിച്ചു നവദമ്പതികൾക്കു സാധാരണമായ സരസസല്ലാപം ചെയ്യൂ. ഹതഭാഗധേയയായ ഈയുള്ളവൾ ഈ കരുത്തിരുണ്ട ജലഗർത്തിൽ തപിക്കുന്ന പ്രാണനെ ഒന്നു തണുപ്പിക്കുവാൻ അങ്ങു് അനുവദിക്കണേ."

അജയന്റെ നാഡികളിൽ രക്തസഞ്ചാരം ശക്തിയായിത്തുടങ്ങി. പെട്ടെന്നു ഒരു ഭയങ്കരസ്മരണ - രണ്ടു വർഷത്തിന്നുള്ളിൽ ഹിരണ്മയിയെ മറന്നുകളയാത്തപക്ഷം മാറിടംപിളർന്നു യമുന, ഗംഗ, ഗോദാവരി, നർമ്മദ ഈ നദികളിലേതിലെങ്കിലും ഒഴുക്കിക്കളയുന്നതാണെന്നു താൻ അച്ഛനോടു ചെയ്ത ശപഥം—ഉള്ളിൽ ഉദിച്ചു.

അജയൻ നടുങ്ങി. തള്ളിയലയ്ക്കുന്ന തിരമാലകളുടെ നേരെ നോക്കി കൈകൊട്ടിച്ചിരിച്ചു, "ഹാ ഹിരണേ! ശരിയാണു പറഞ്ഞതു്. അതേ, ഈ ജലാന്തരത്തിൽ എന്റെ താപഭൂയിഷ്ഠമായ ഈ ഹൃദയം പിളർന്നിട്ടു നിക്ഷേപിക്കണമെന്നു് അച്ഛൻ ആജ്ഞാപിച്ചിരിക്കുന്നു. ഇന്നേയ്ക്കു രണ്ടുവർഷമായി," എന്നു പറഞ്ഞു.

ഹിരണ്മയി (പൊട്ടിച്ചിരിച്ചു) "ശരി! ശരി! ഞാനും ഈ നദിയിൽ വീണു മുങ്ങിപ്പോകുമെന്നു പന്തിരാണ്ടുമുമ്പു് അരാവലിമലയുടെ അടിവാരത്തിൽവെച്ചു ആ ഉന്മാദിനി പറകയുണ്ടായിട്ടുണ്ടു്."

ഇരുവരും ഇങ്ങനെ പറഞ്ഞു് പൊട്ടിച്ചിരിച്ചു പരസ്പരം പരിരംഭണംചെയ്തു. സമീപത്തു ദാനവദമനൻ അനങ്ങാതെ നിന്ന അവരെ നോക്കി ഘോഷാരവം പുറപ്പെടുവിച്ചു് അവരുടെ അപ്പോഴത്തെ മനോഭാവത്തിൽ അതിനുള്ള സഹാനുഭൂതിയെ സൂചിപ്പിച്ചു. അജയൻ ഹിരണ്മയിയെ എടുത്തു കുതിരപ്പുറത്തു കയററി, താനും ചാടിക്കയറി. എങ്ങോട്ടാണു പോകേണ്ടതെന്നറിയാതെ കുതിര ആദ്യം പുഴയിലേയ്ക്കും പിന്നെ അജയന്റെ നേർക്കും നോക്കി.

അജയസിംഹൻ "ദാനവദമന! ഈ ആററിലെ കുളുർനീററിൽ മുഴുകിയാൽ മനസ്സിലെ മഹാഗ്നി കെട്ടുപോകുമെന്നു നിനക്കു മനസ്സിലായിട്ടുണ്ടോ?" എന്നു ചോദിച്ചു.

ഈ സമയത്തു് അക്ബറും അനുചരരും അജയൻ വളരെനേരം കഴിഞ്ഞിട്ടും വരായ്കയാൽ അന്വേഷിച്ചു് ആ സ്ഥലത്തേയ്ക്കു വന്നു അജയസിംഹനേയും ഹിരണ്മയിയേയും അശ്വാരൂഢരായി കണ്ടു് എല്ലാവരും "കുലവെട്ടിയിടിന കുററിവാഴപോലെ" നിന്നുപോയി. ചക്രവർത്തി, "ഇതെന്തു കഥ! അജയസിംഹ! നിങ്ങളുടെ ബുദ്ധി ഭ്രമിച്ചുവോ?" എന്നു ചോദിച്ചു.

അജയൻ അക്ബറുടെ ചോദ്യം ശ്രദ്ധിക്കാതെ ഗദ്ഗദസ്വരത്തിൽ ഉറക്കെ "പൂർണ്ണമായി പുളച്ചൊഴുകുന്ന ഈ പുഴ പാവനിയായ ഗോദാവരിയുടെ ശാഖയല്ലേ? നിങ്ങൾക്കു അറിഞ്ഞുകൂടേ" എന്നു ചോദിച്ചു.

അക്ബർ അജയന്റെ കുതിരയുടെ കടിഞ്ഞാൺ പിടിക്കുവാൻ മുന്നോട്ടു ചെന്നു. അജയസിംഹൻ, "സൂക്ഷിച്ചോളു; ഒരിക്കൽ മുസൽമാൻ ഹിരണ്മയിയെ തൊട്ടതു ക്ഷമിച്ചിരിക്കയാണു്" എന്നു പറഞ്ഞു.

അക്ബർ: അജയസിംഹ! നിങ്ങൾക്കെന്താ ഭ്രാന്തുണ്ടോ?

അജയ: (പൊട്ടിച്ചിരിച്ചു്) ശരി! എനിക്കു ഭ്രാന്തോ? ഈ ലോകത്തിലുള്ളവർക്കൊക്കെയും അക്ബർചക്രവർത്തിക്കും ഭ്രാന്തു്! ഈ ഹിരണ്മയിക്കു തീറുകൊടുത്ത സ്ഥലത്തു ഗിരിറാണിക്കു ഇരിപ്പാനവകാശമുണ്ടോ? അതിന്നു യോഗ്യതയുണ്ടോ?

അജയൻ അല്പനേരം മൌനമവലംബിച്ചു് വീണ്ടും തുടന്നു: "പ്രഭോ! കേട്ടാലും. ഈ ദുരിതപൂരിതമായ ലോകത്തു ന

ശപരമായ നരജീവിതം എന്തു്? ക്ഷണപ്രഭാചഞ്ചലം! ഹിരണ്മയി! ഇങ്ങനെ ഒന്നു് ആശ്ലേഷിക്കാൻവേണ്ടി നൂറുകുറി വേണമെങ്കിൽ പ്രാണനുപേക്ഷിക്കാനോ, നാകത്തിൽനിന്നു നരകത്തിലേക്കു പോകാനോ എനിക്കു മടിയില്ല. അച്ഛനെ അറിയിച്ചാലും! എന്റെ ഈ ഒടുവിലത്തെ ദേവദാനവയുദ്ധം കണ്ടുവെന്നും, ജന്മാന്തരങ്ങളിലും ഹിരണ്മയിയെ മറക്കുവാൻ കഴികയില്ലെന്നും അതുകാരണം അച്ഛന്റെ കഠോരശാസനത്തെ അണുപോലും തെറ്റാതെ അനുഷ്ഠിക്കുവാൻ ഇതാ നോക്കു! മിവാരരാജവംശത്തിലെ പാവനമായ ഈ ഖഡ്ഗംകൊണ്ടു ഈ തുച്ഛമായ ഹൃദയം പൂർണ്ണാനദിയുടെ വിശുദ്ധതോയത്തിൽ നിക്ഷേപിച്ചിരിക്കുന്നുവെന്നും അറിയിക്കണേ?" എന്നു പറഞ്ഞുകൊണ്ടു് ഹിരണ്മയിയെപ്പിടിച്ചു് പെട്ടെന്നു കുതിരയെ മുന്നോട്ടുപോകുവാൻ കാൽകൊണ്ടമർത്തി ഉറയിൽനിന്നൂരിയെടുത്ത നീണ്ടുരുണ്ട വാൾ തന്റെ മാറിടത്തിൽ പിടിവരെ താഴ്ത്തി. ദാനവദമനൻ ഹേഷാരവത്താൽ ആടിക്കളിച്ചു് ഈ കാമിനീകാമുകന്മാരോടുകൂടി നദീഗർഭത്തിലേക്കു ചാടി. ആ ശീതളജലത്തിൽ രണ്ടു ദിവ്യദേഹികളുടെ താപാഗ്നി കെട്ടുപോയി!

എല്ലാവരും കൂട്ടംകൂട്ടമായി കോലാഹലത്തോടുകൂടി ആ സ്ഥലത്തേക്കു ഓടിവന്നു. അക്ബറുടെ കല്പനപ്രകാരം പലരും പുഴയിൽചാടി തപ്പി. ദൂരത്തുനിന്നു സ്ത്രീകൾ രോദനംചെയ്തു തുടങ്ങി. അനേകം പ്രേക്ഷകരിൽ ഒരു സ്ത്രീമാത്രം സ്ഥിരഗംഭീരഭാവത്തിൽ മൌനമായി നില്ക്കുന്നുണ്ടു്. അക്ബർ ഭയങ്കരമായ ആ രംഗഭൂമിയിൽ വ്യാകുലചിത്തനായി നാലുദിക്കിലേക്കും നോക്കിക്കൊണ്ടിരിക്കെ അല്പം അകലെയായി, "നിവാതനിഷ്കമ്പപ്രദീപം" പോലെ നില്ക്കുന്ന ഒരു യുവതിയുടെ സുകുമാരസ്വരൂപം തന്റെ ദൃഷ്ടിയെ ആകർഷിച്ചു. ഗിരിറാണി നിഷ്പന്ദനയനങ്ങളാൽ ആ ഭീഷണാഭിനയം നോക്കിക്കൊണ്ടുനിന്നു.

"വിലയമൊഴുമനുരാഗമത്തലാൽ
തുലയുവതല്ല; മറിച്ചുമേൽക്കുമേൽ
വിലസിടുമഴിയാറ വെള്ളിപോൽ;
ഉലയതിലുരുകിയ പൊന്നുപോലെയും."

എൻ. കുമാരനാശാൻ.

# ഉപസംഹാരം

ഏഴുവർഷത്തിനുശേഷം ഒരു ദിവസം അക്ബർ സൈന്യസമേതം ആഗ്രായിൽനിന്നു പുറപ്പെട്ടു് ദക്ഷിണദേശാഭിമുഖമായി അതേമാർഗ്ഗത്തിൽക്കൂടി പോവുകയായിരുന്നു. പൂർണ്ണാനദീതീരത്തുനിന്നു് ശ്രുതിമധുരമായ ഒരു വേണുനാദം കേട്ടു സൈന്യത്തോടു് മുമ്പിട്ടുപോകുവാൻ കല്പിച്ചു് അക്ബർ ഏകാകിയായി ആ സ്ഥലത്തേക്കുചെന്നു, ഗിരിദുർഗ്ഗം നിലത്തോടടിഞ്ഞു് കല്ലിൻകൂട്ടമായി പരിണമിച്ചിരിക്കുന്നു. ആ നദീതീരത്തു്—ഹിരണ്മയിയുടെയും അജയസിംഹന്റെയും ദിവ്യാനുരാഗം ജലസമാധി പ്രാപിച്ച സ്ഥലത്തു്—ചെറുതായ ഒരു പർണ്ണകുടീരം കാണ്മാനുണ്ടു്. അതിന്നരികെ, ഏകാകിനിയായി പൂനിലാവത്തിരുന്നു്, കാഷായവസ്ത്രധാരിണിയായ ഒരു താപസകുമാരി കർണ്ണാമൃതമായി ഓടക്കുഴലൂതിക്കൊണ്ടിരിക്കുന്നു. ആ താപസകുമാരി ആരായിരിക്കാം? മററാരുമല്ല, നമ്മുടെ ഗിരിറാണി! ആ യുവതിയുടെ കണ്ഠത്തിൽ ഒരു വജ്രഹാരം ചന്ദ്രകിരണത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്നതു് അക്ബറുടെ ദൃഷ്ടിയിൽ പെട്ടു. അതിന്മേൽ ഉജ്ജ്വലമായ അക്ഷരത്തിൽ "മേവാരരാജകുമാരൻ അജയസിംഹൻ" എന്നു് അങ്കിതമായിരിക്കുന്നു. ആ താപസിയുടെ അമൃതനിഷ്യന്ദിയായ മുരളീരവം പൂർണ്ണചന്ദ്രന്റെ അമൃതകിരണങ്ങളിലും ആ ആററിലെ അലകളിലും പ്രസരിച്ചു. പ്രകൃതിയുടെ പ്രശാന്തരമണീയതയിൽ ഹിരണ്മയിയുടെയും അജയസിംഹന്റെയും പ്രേമാമൃതത്തിന്റെ ശക്തി അക്ബറുടെ സ്മൃതിപഥത്തിൽ പ്രവേശിച്ചു. മർത്ത്യലോകത്തിൽ ഇത്രമാത്രം അമൃതമുണ്ടെന്നു് ഭാരതചക്രവർത്തി അറിഞ്ഞിരുന്നില്ല. അന്നു കണ്ട കാഴ്ച അദ്ദേഹത്തിന്റെ ഹൃദയത്തിൽ ജീവപര്യന്തം കെടാതെ നിന്നിരുന്നു.

ആ താപസകുമാരി അമരലോകം പ്രാപിച്ചിട്ടു് ഇപ്പോൾ കാലം കുറേയായി. ആ മോഹനമുരളീരവം അവിടെ പിന്നെ ആരുംതന്നെ കേട്ടിട്ടില്ല. എന്നാൽ ആ പൂർണ്ണാനദി അതേസ്ഥ

ലത്തു് അതേവിധം ശാന്തമൃദുലശബ്ദത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. മുന്നൂറുവർഷംമുമ്പു് ആ പാവനജലത്തിൽ അഭിനയിക്കപ്പെട്ട സംഗീതനാടകം ഇന്നും അതിൻെറ ഓരോ ചെറുതിരമാലയും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇന്നു് ആ ഗിരിദുർഗ്ഗവും ഇല്ല; ആ പർണ്ണകുടീരവും ഇല്ല. അവിടെ ഇപ്പോൾ ഒരു ചെറിയ ഗ്രാമം ഉണ്ടു്. അതിൻെറ പേരു് 'അമൃതപുളിനം.'

---

Monday :- Test
Tuesday :- അന്ധ്യാവുത്തിനം, [illegible]
Wednesday :- ഉദാഹരണം
Thursday :- [illegible] പാഠാവലി
Friday :- ഭേ.ബോസിൻ്റ ഗ[illegible]ലേ[illegible]

Ammuttapulinun

# അമൃതപുളിനം



വില
1 രൂ. 1 ണ.

Indic Digital Archive Foundation
gpura.org